K 08
N 12

# സ്നേഹസായൂജ്യം



K 08
N 12

J. M. J.

# സ്നേഹസായുജ്യം

രചയിതാക്കൾ

ഫാദർ മാത്യു നടയ്ക്കൽ,
ഫാദർ മാത്യു കണിപ്പിള്ളിൽ.

70292
K08
N12

പ്രസാധകൻ

ഫാ. മാത്യു വടക്കേൽ.

DHARMARAM COLLEGE LIBRARY, BANGALORE

രണ്ടാം പതിപ്പ്

വില 1 രൂ. 2 ണ. — കോപ്പി 1500.

(പകർപ്പവകാശം പ്രസാധകന്)

Printed at the
Mar Thoma Sleeha Press,
Alwaye. 1950.

1—ാം പതിപ്പ് 1947. കോപ്പി 1000.
2—ാം " 1950. " 1500.

Reimprimatur.

Mgr. J. Kallarakel,
*Vicar Capitular.*

*Changanacherry,*
*24—1—1950.*

# അവതാരിക

മനുഷ്യൻ ഒരു അത്ഭുതകരസൃഷ്ടിയാണ്. പ്രപഞ്ചത്തിലെ അത്ഭുതങ്ങളുടെ ഒരു സംഗ്രഹമാണ് അവൻ. അവൻ ഒരു ചെറുലോകംതന്നെയാണ്. മനുഷ്യൻ, സസ്യങ്ങളെപ്പോലെ ആഹരിക്കുകയും, വളരുകയും, പെരുകുകയും ചെയ്യുന്നു; മൃഗങ്ങളെപ്പോലെ ഇന്ദ്രിയഗോചരമായ വസ്തുക്കളെ അറിയുകയും ഐന്ദ്രിയവാസനകളാൽ നയിക്കപ്പെടുകയും സ്വയമേവ സഞ്ചരിക്കുകയും ചെയ്യുന്നു; അശരീരികളായ ദൈവദൂതന്മാരെപ്പോലെ ഇന്ദ്രിയാതീതമായ വിഷയങ്ങളെ അവൻ ബുദ്ധികൊണ്ടു ഗ്രഹിക്കുന്നു; അങ്ങനെ ഗ്രഹിച്ച കാര്യങ്ങളെ മനസ്സുകൊണ്ടു യഥേഷ്ടം സ്വീകരിക്കുകയോ, ത്യജിക്കുകയോ ചെയ്യുന്നു. ഇപ്രകാരം സസ്യജീവനും, മൃഗജീവനും, മാനസികജീവനും ഏററം വിചിത്രമായി മനുഷ്യനിൽ ഒരുമിച്ചു പ്രവർത്തിച്ചുവരുന്നു.

എന്നാൽ പ്രകൃത്യനുസൃതമായ ഈ ജീവസമുച്ചയത്തിൽനിന്നു തുലോം വ്യത്യസ്തവും അത്രമാത്രം ഉൽകൃഷ്ടവുമായ ഒരു പ്രകൃത്യതീതജീവൻകൂടി മനുഷ്യനിൽ പ്രവർത്തിക്കുന്നുണ്ട്. സ്വാഭാവികസ്ഥിതിയിൽനിന്ന് ഉയർത്തപ്പെട്ട്, ദൈവത്തിന്റെ പുത്രനും, സ്വർഗ്ഗരാജ്യത്തിനവകാശിയും എന്ന ഉന്നതസ്ഥാനത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മനുഷ്യനു ദൈവികജീവനിൽ സിദ്ധിക്കുന്ന ഭാഗഭാഗിത്വമത്രേ പ്രകൃത്യതീതമായ പ്രസ്തുത ജീവൻ. "അവിടുന്നു (ദൈവം) നമ്മെ പുത്രന്മാരെന്നു വിളിക്കുകയും നമ്മെ അങ്ങനെ ആക്കിത്തീർക്കുകയും ചെയ്തുവല്ലോ" (1 യോഹ., 3: 1). ഇതു ശരിയായ ഭാഗഭാഗിത്വമാണെങ്കിലും ഇതുമൂലം നാം ദൈവങ്ങളാകുന്നില്ല; ദൈവികജീവനു സദൃശവും ദൈവത്തോടു ദൃഢബന്ധവുമായ ഒരു ജീവനിലേക്കു നമ്മുടെ സ്വാഭാവികജീവൻ ഉയർത്തപ്പെടുന്നുവെന്നു മാത്രമേയുള്ളു.

ഈ അതിസ്വാഭാവികജീവന്റെ അടിസ്ഥാനവും കേന്ദ്രവുമായി നില്ക്കുന്നതു സ്ഥിരവരപ്രസാദമാകുന്നു. ഈ ദാനം വഴിയാണു ദൈവികജീവിതത്തിലേയ്ക്കുള്ള ഒരു പുനർജനനം നമുക്കു ലഭിക്കുന്നതു്. ഇതേത്തുടന്നു വിശ്വാസം, ശരണം ഉപവി, വിവേകം, നീതി തുടങ്ങിയ നിവേശിതപുണ്യങ്ങളും ആലോചന, ബുദ്ധിശക്തി, അറിവു് മുതലായ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും നമ്മിൽ ഉൽഭൂതമാകുന്നു. അതിസ്വാഭാവിക ജീവിതത്തിന്റെ പ്രവത്തനശക്തികളായ (faculties) ഇവ നമ്മുടെ സ്വാഭാവികകഴിവുകൾക്കു പൂണ്ണത നല്കുകയും ദൈവികവും സ്വഭാവാതീതവും നിത്യസമ്മാനാർഹവുമായ പ്രവൃത്തികൾ ചെയ്യുവാൻ ആവശ്യകമായ പ്രാപ്തി നമുക്കു തരികയും ചെയ്യുന്നു. ദൈവം യഥാവസരം പ്രദാനംചെയ്യുന്ന പ്രവത്തക പ്രസാദവരത്തിന്റെ (actual grace) സഹായത്തോടുകൂടി ഈ അതിസ്വാഭാവികശക്തികൾ പ്രവത്തനം നടത്തുന്നു.

ഇപ്രകാരം സ്ഥിരവരപ്രസാദത്തിൽ അടിസ്ഥാനമുറപ്പിച്ചുകൊണ്ടു നിവേശിതപുണ്യങ്ങളിലും, ദാനങ്ങളിലും വികാസം പ്രാപിച്ചു പ്രവത്തകപ്രസാദവരത്തിന്റെ സഹകരണത്തിൽ പ്രത്യക്ഷപ്പെട്ടു നമ്മിൽ പ്രവത്തിക്കുന്ന ഈ അതിസ്വാഭാവിക ജീവിതഘടനയുടെ (spiritual organism) സാരഥ്യം വഹിക്കുവാനായി അതിന്റെ ആരംഭവും അന്ത്യവുമായ പരിശുദ്ധതമത്രിത്വംതന്നെ നമ്മിൽ എഴുന്നള്ളിവസിക്കുന്നു. "ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" (1 യോഹ. 4: 16).

ദൈവത്തിന്റെ പൈതൃകവും സ്നേഹസമ്പന്നവും വിശുദ്ധീകരണം സാധിക്കുന്നതുമായ സഹായത്തിൽ ഈ സ്നേഹബന്ധം അഭിവൃദ്ധിപ്പെടുകയും ഒടുവിൽ സ്വഗ്ഗം പ്രവേശിച്ചു ദൈവദശ്നം സാധിച്ചുകൊണ്ടു് അതു പരിപൂണ്ണയോജിപ്പിൽ കലാശിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണു നമ്മുടെ ജീവിത സാഫല്യമായ സ്നേഹസായൂജ്യവും.

ഇത്ര ശ്രേഷ്ഠവും സർവ്വപ്രധാനവുമായ അതിസ്വാഭാവിക ജീവൻ, ആദിപാപംമൂലം അധഃപതിച്ച മനുഷ്യവംശത്തിനു നഷ്ടപ്പെടുകയുണ്ടായി. അങ്ങനെ ദൈവപുത്രസ്ഥാനവും സ്വർഗ്ഗഭാഗ്യത്തിനുള്ള അവകാശവും നമുക്ക് ഇല്ലാതായി. എങ്കിലും ദൈവസുതനായ മിശിഹാ മനുഷ്യനായി അവതരിച്ചുകൊണ്ടു നമുക്കു നഷ്ടപ്പെട്ട ദൈവികജീവൻ വീണ്ടും നേടിത്തന്നു. അവിടുന്നു നമ്മുടെ പാപങ്ങളെ പരിഹരിച്ചു; നമുക്കായി പുണ്യയോഗ്യത സമ്പാദിച്ചു; നമ്മുടെ സ്വർഗ്ഗയാത്രയ്ക്ക് ഒരു വഴിയും മാതൃകയും സജ്ജീകരിച്ചു; സർവ്വോപരി, നമുക്ക് ആദ്ധ്യാത്മിക ജീവനെ നിരന്തരം നല്കുന്നതിനായി തൻെറ മൗതികശരീരത്തിൻെറ അംഗങ്ങളായി നമ്മെ സ്വീകരിക്കുകയും ചെയ്തു; അതിൻെറ ശിരസ്സായി അവിടുന്നു സദാ വർത്തിക്കുകയും ചെയ്യുന്നു. തന്നിമിത്തം നമ്മുടെ സ്വാഭാവാതീതജീവനു് "ക്രിസ്തീയജീവൻ" — ക്രിസ്തുവഴി ലഭിച്ചതും പുലരുന്നതുമായ ജീവൻ — എന്നുകൂടി പേർ സിദ്ധിച്ചിരിക്കുന്നു.

ഈ ക്രിസ്തീയജീവൻ നാം പ്രാപിക്കുകയും അതിനെ പുലർത്തുകയും ചെയ്യുവാനായി ദിവ്യരക്ഷകനായ ക്രിസ്തുവിനോടു നമുക്ക് ഒരു ദൃഢബന്ധം സദാ ഉണ്ടായിരിക്കണം. ദൈവമാതാവായ പരി. മറിയത്തിൽനിന്നു് അവിടുന്നു സ്വീകരിച്ച മനുഷ്യത്വം അവിടുത്തെ വ്യക്തിത്വത്തിൽ യോജിച്ചു നിലനില്ക്കുന്നതുപോലെ (Hypostatic union) ഓരോ മനുഷ്യനും മിശിഹായോടു യോജിച്ചു വർത്തിക്കണം. നമ്മുടെ മനുഷ്യത്വവും ക്രിസ്തുവും തമ്മിൽ ഈ യോജിപ്പ് ഉണ്ടാകുന്നതു പ്രസാദവരം വഴിയാണെന്നുള്ള വ്യത്യാസമേയുള്ളു. (Physico moral union) ഈ സ്നേഹബന്ധത്തെപ്പററി "ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും" എന്നു നമ്മുടെ ദിവ്യരക്ഷകനും "ഞാൻ ജീവിക്കുന്നു; എന്നാൽ ഞാനല്ലാ പ്രത്യുത ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു പൗലോസ്ശ്ലീഹായും വ്യവഹരിച്ചിരിക്കുന്നു.

പ്രസ്തുത സ്നേഹബന്ധത്തിൻെറ സ്വഭാവത്തേയും പ്രായോഗികവശങ്ങളേയുംപററി ഏററം സുന്ദരമായും സുഗ്രഹ

മായും പ്രതിപാദിച്ചിട്ടുള്ള ഒരു ഉത്തമഗ്രന്ഥമാണ "സ്നേഹ സായുജ്യം" എന്ന പേരിൽ ഇപ്പോഠം പ്രസാധനം ചെയ്യപ്പെട്ടതു്. പദദാരിദ്ര്യത്തിന്ന പ്രസിദ്ധിനേടിയിട്ടുള്ള മലയാളഭാഷയിൽ, ആദ്ധ്യാത്മികജീവിതത്തിലേ അതിഗഹനങ്ങളും, വിവരിക്കുവാൻ വളരെ വിഷമമുള്ളവയുമായ നിഗൂഢാനുഭവങ്ങളെ ഇത്ര വ്യക്തവും ഹൃദ്യവുമായി ചച്ചചെയ്യുവാൻ സാധിച്ചിട്ടുള്ളതിൽ ഗ്രന്ഥകത്താക്കന്മാർ തികച്ചും അനുമോദനാർഹരത്രെ.

പ്രശസ്തന്മാരായ അനേകം ആദ്ധ്യാത്മികഗ്രന്ഥകാരന്മാരുടേയും, പുണ്യവാന്മാരുടേയും അനുഭവങ്ങളും അഭിപ്രായങ്ങളും ധാരാളമായി ഈ കൃതിയിൽ ഉദ്ധരിച്ചിട്ടുള്ളതുമൂലം ഒട്ടുവളരെ മഹാഗ്രന്ഥങ്ങഠം പഠിച്ച പ്രയോജനം ഇതിൻെറ അനുവാചകന്മാക്കും ലഭിക്കുന്നതാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അക്രൈസ്തവക്ക മാത്രമല്ലാ ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷത്തിനുതന്നെയും ക്രൈസ്തവജീവിതത്തിൻെറ ആന്തരികവും, സാരവത്തും, അതിപ്രധാനവുമായ കാര്യങ്ങളെപ്പററി അധികമൊന്നും അറിവില്ലെന്നുള്ളതു് ഒരു പരമാത്ഥം മാത്രമാണ്. നമ്മുടെ ഇടയിൽ ഇന്നു് ഏതാണ്ടു സാധാരണമായിത്തീന്നിട്ടുള്ള ഏകാന്തധ്യാനാവസരങ്ങളിൽപ്പോലും ജീവിതസാഫല്യത്തിന് അവശ്യാവശ്യകമായ ഈദൃശവിഷയങ്ങളെപ്പററി പഠിക്കുവാൻ വേണ്ടത്ര സൗകര്യം ഉണ്ടാകാറില്ല. ആകയാൽ, സ്നേഹസായുജ്യത്തിൻെറ പ്രകാശനം ഈ വലിയ കുറവിനെ കുറെയെങ്കിലും പരിഹരിക്കുന്നതാണ്. ആദ്ധ്യാത്മികജീവിതത്തിൻെറ ആസ്വാദ്യത അനുഭവിക്കുവാനും അതിൽ അഭിവൃദ്ധി പ്രാപിക്കുവാനും ആഗ്രഹിക്കുന്നവർ ഈ ഗ്രന്ഥത്തിലേ വിഷയങ്ങളെ പ്രതിദിന ധ്യാനത്തിനായി സ്വീകരിക്കുന്നതു് ഏററം നന്നായിരിക്കും.

ലോകപരിത്രാതാവായ ക്രിസ്തുവിനോടുള്ള ബന്ധത്തേയും, അങ്ങനെ ക്രിസ്തീയജീവിതത്തേയും അകററിനിറുത്തിക്കൊണ്ടു്, ആധുനികലോകത്തിൽ ക്രിസ്തുമതം പരാജയം അടഞ്ഞുവെന്നു ജല്പിക്കുന്ന ഇന്നത്തേ ചില ചിന്തകന്മാരുടേയും അവരെ അനുകരിച്ചു വഴിതെററിപ്പോകുന്ന സാമാന്യജനങ്ങളു

ടേയും കണ്ണു തുറപ്പിക്കുവാൻ "സ്നേഹസായുജ്യ"പഠനം പ്രയോജനപ്പെടും. വൈദ്യനെ സമീപിക്കുകയോ, ഔഷധം സേവിക്കുകയോ ചെയ്യുവാൻ ശ്രമിക്കാതെ, തങ്ങാംക്കു രോഗശാന്തി നല്കുവാൻ ആർക്കും സാധ്യമല്ലെന്നു ബഹളം കൂട്ടുന്നവരുടെ കൂട്ടത്തിൽപ്പെടുന്ന ഇവർ ക്രിസ്തീയജീവിതത്തിൻെറ സാക്ഷാത്തായ സ്വഭാവം പഠിക്കുകയും, പരിശീലിക്കുകയുമാണല്ലോ വേണ്ടതു്.

കൈരളിയും കത്തോലിക്കാസഭയും ഒന്നുപോലെ അഭിമാനംകൊള്ളുന്ന മംഗലപ്പുഴ സെമ്മിനാരിയിലേ തിരുഹൃദയലീഗിനെ കരുപ്പിടിപ്പിച്ച ദിവ്യശ്രീ ഫാദർ മാത്യൂ വടക്കേൽ അവർകളുടെ കരുത്തേറിയ കൈകരാംതന്നെ ഈ വിശിഷ്ട കൃതിയേയും പ്രസാധനം ചെയ്യുന്നതു് അതിമാത്രം സമീചീനമായിരിക്കുന്നു. സകല സൽക്കാര്യപ്രസക്തനായ അദ്ദേഹം ഭാഷാപ്രണയികളും പണ്ഡിതന്മാരുമായ തൻെറ വൈദികശിഷ്യന്മാരുടെ സഹകരണത്തോടുകൂടി ഇതിനകം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "ആ കുരുക്കുവഴി" "ഫാദർ ഡാമിയൻ" "തെയോഫിൻ വെനാർഡു്" തുടങ്ങിയ ഉത്തമഗ്രന്ഥങ്ങളുടെ ഗണത്തിൽ "സ്നേഹസായുജ്യ"ത്തിനു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നു തൽക്കർത്താക്കാംക്കു് അഭിമാനം കൊള്ളാവുന്നതാണു്. ഈയുള്ളവൻെറ പേരുംകൂടി ഇതിനോടു ബന്ധിക്കുവാൻ അവസരം ലഭിച്ചതിലുള്ള ചാരിതാൎത്ഥ്യവും, കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് "സ്നേഹസായുജ്യത്തെ" മഹാജനസമക്ഷം സാദരം അവതരിപ്പിച്ചുകൊള്ളുന്നു. നിത്യസ്നേഹസായുജ്യത്തിലേയ്ക്കു് അതു സകലരേയും ആനയിക്കുമാറാകട്ടെ.

Archbishop's house,
Ernakulam,
8—3—1947.

ഫാ. മാത്യു ജെ. മങ്കുഴിക്കരി.

# പ്രസ്താവന

ആബെ മൊക്കറാങ്ങിനാൽ വിരചിതമായ 'The Life of Union with our Divine Lord' എന്ന കൃതിയുടെ ഒരു അനുകരണമാണ് 'സ്നേഹസായുജ്യം.' സന്യാസികൾക്കും സന്യാസിനികൾക്കും, വൈദികർക്കും, അവൈദികർക്കും, എന്നല്ല, ഏതൊരു ജീവിതാവസ്ഥയിൽപ്പെട്ടവർക്കും, ആദ്ധ്യാത്മികോൽകർഷത്തിനും പുണ്യപരിപൂർണ്ണതയ്ക്കും ഈ ലഘുഗ്രന്ഥം സഹായകമായിരിക്കുമെന്നാണു ഞങ്ങളുടെ പ്രതീക്ഷ. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" എന്നുള്ള നമ്മുടെ ദിവ്യരക്ഷകൻെറ അനുശാസനത്തെ അനുദിനജീവിതത്തിൽ പ്രായോഗികമാക്കുന്നതിന് അസന്നിഗ്ദ്ധമായ ഒരു കടമ ഏതൊരു വിശ്വാസിക്കുമുണ്ടെന്നുള്ള വസ്തുത അനുവാചകരെ അനുസ്മരിപ്പിക്കുകയാണ് ഇതിലേ ഓരോ വാചകത്തിൻേറയും ഉദ്ദേശ്യം. ഞങ്ങളുടെ പൗരോഹിത്യസ്വീകരണത്തിൻെറ സ്മാരകമായി ഇങ്ങനെയൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഈ കൃതിയുടെ പ്രസാധകത്വം സസന്തോഷം ഏറ്റെടുത്ത പെ. ബ. വടക്കേൽ മത്തായിഅച്ചനോടും ഞങ്ങളുടെ പരിശ്രമം വിജയലക്ഷ്യത്തിലെത്തിക്കുവാൻ നിസ്സ്വാർത്ഥമായി പല ത്യാഗങ്ങളും സഹിച്ച വിദ്വാൻ കുന്നപ്പ്ള്ളിൽ ബ. ജോണച്ചനോടും ഞങ്ങൾക്കുള്ള കൃതജ്ഞത എങ്ങനെയാണു പറഞ്ഞറിയിക്കുക? അഭിവന്ദ്യന്മാരായ ഈ ഗുരുഭൂതന്മാരുടെനേർക്ക് ഇതാ ഈ വിനീതശിഷ്യന്മാരുടെ കൂപ്പുകൈ.

ചുരുങ്ങിയ ഒരു കാലത്തിനിടകൊണ്ട് കേരളത്തിലേ 'മത്തേയോ ക്രൗളി' എന്ന അപരനാമം സമാർജ്ജിച്ചുകഴിഞ്ഞിരിക്കുന്ന അനുഗൃഹീതവാഗ്മിയായ ബ. ഫാ. മാത്യു മങ്കുഴിക്കരി

അവർകളിൽനിന്നു വിശിഷ്ടമായ ഒരവതാരിക ലഭിച്ചതു ഞങ്ങളുടെ വലിയ ഭാഗ്യമാണ്; അദ്ദേഹത്തോടു ഞങ്ങളുടെ കടപ്പാടോ നിസ്സീമവും.

ഈ ഉദ്യമത്തിന് ആദ്യന്തം ഞങ്ങൾക്കു പ്രചോദനം നല്കിയ ആ വന്ദ്യവൈദികന്റെ — റവ. ഫാ. മാത്യു ആലക്കുളം അവർകളുടെ — നാമം ഭക്തിനിർഭരമായ ഹൃദയത്തോടെ ഞങ്ങൾ സ്മരിക്കുന്നു. ഈ കൃതിയുടെ നിർമ്മാണത്തിൽ ഉള്ളഴിഞ്ഞു സഹായിച്ച ഞങ്ങളുടെ ഒരു പൂർവ്വസഹപാഠി, ഇപ്പോൾ സർവ്വകലാശാലാവിദ്യാഭ്യാസാർത്ഥം വിദേശത്തു താമസിക്കുന്ന, പാലമറ്റത്തിൽ ബ. മത്തായി ശമ്മാശനോടു ഞങ്ങൾക്കുള്ള അകൈതവമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അവസാനമായി ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ ഏതെങ്കിലും വിധത്തിൽ ഞങ്ങളെ സഹായിച്ചിട്ടുള്ള എല്ലാവരോടും ഞങ്ങളുടെ ഹൃദയംഗമമായ നന്ദിയെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

എന്ന്,

മംഗലപ്പുഴ സെമ്മിനാരി,<br>ആലുവാ,<br>18—3—1947.

രചയിതാക്കൾ.

# സ്നേഹസായൂജ്യം

## അദ്ധ്യായം 1.

### ക്രിസ്തുവുമായുള്ള ജീവിതൈക്യം.

ഈശോ ആത്മാക്കളുടെ മണവാളനാണ്; സമാകൎഷക നാണ്; സൗന്ദൎയ്യധാമമാണ്. സ്വൎഗ്ഗീയ ഗാനങ്ങളാലപിച്ചു നമ്മുടെ ആത്മാക്കളെ ആനന്ദിപ്പിക്കുന്നതിനു നിത്യപിതാവു തൻെറ ദൈവസ്വഭാവത്തിനു സ്വായത്തമായ ശാന്തിയുടേയും ജ്ഞാനത്തിൻേറയും സൗന്ദൎയ്യത്തിൻേറയും മോഹനവരങ്ങൾ നല്കിക്കൊണ്ടു സ്വസുതനെ നമ്മുടെ പക്കലേയ്ക്കയച്ചു. വിണ്ണിൽ നിന്നു് മണ്ണിലേയ്ക്കുവന്ന പുത്രനാകട്ടെ, നമ്മുടെ സ്നേഹം യാചിക്കുന്ന ഒരു ദിവ്യഭിക്ഷുവിൻെറ വേഷമണിഞ്ഞു. അവിടുത്തെ ജീവിതം, മരണം എന്നുവേണ്ടാ, സകല പ്രവൃത്തികളും ഉത്തമമാംവിധം നിൎവ്വഹിക്കപ്പെട്ടു. അവ ഈശോയുടെ സ്നേഹമസൃണമായ ഹൃദയാഭിലാഷങ്ങളെ നമ്മെ അനുസ്മരിപ്പിക്കുന്നു. "എൻെറ പിതാവു് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എൻെറ സ്നേഹത്തിൽ വസിപ്പിൻ" (യോഹ. 15: 9). അതായതു്, എന്നോടു് ഐക്യപ്പെട്ടിരിക്കുവിൻ. ഹാ! എത്ര അധികമായി അവിടുത്തെ നന്മയും കരുണയും നമ്മിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നു! ആദ്യമായി ക്രിസ്തുവുമായുള്ള ഐക്യം എന്താകുന്നുവെന്നും, അനന്തരം ഏതുതരത്തിലുള്ള ആത്മാക്കളാണ് അതിനു വിളിക്കപ്പെട്ടിരിക്കുന്നതെന്നും നമുക്കു ചിന്തിക്കാം.

ഐക്യം എന്നു പറഞ്ഞാൽ സ്നേഹകനും സ്നേഹിതനും ഏകീഭവിക്കത്തക്കവിധം വിചാരത്തിലും വികാരത്തിലും പ്രവൃത്തിയിലും അവർ തമ്മിലുള്ള പരിപൂൎണ്ണസാദൃശ്യമാണ്. ഇപ്ര

കാരമുള്ള ഒരൈക്യം സാധ്യമെന്നു മാത്രമല്ല, "നിങ്ങൾ എന്നിൽ വസിപ്പിൻ" എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്ത സമയം മുതൽ, അതു നമ്മുടെ സാക്ഷാൽ ജീവിതലക്ഷ്യം കൂടിയായിത്തീന്നിരിക്കുന്നു.

## I വിചാരത്തിലുള്ള ഐക്യം.

ദൈവം ചിന്തിക്കുന്നതുപോലെ നാമും ചിന്തിക്കണമെങ്കിൽ നമ്മുടെ വിചാരങ്ങൾ നല്ലവയായിരിക്കണം. ദൈവം സ്നേഹമാണെന്നു നാം പറയുന്നു. അപ്രകാരംതന്നെ ദൈവം ജ്ഞാനവുമാകുന്നു: അനന്തമായ ജ്ഞാനം — അസൃഷ്ടമായ ജ്ഞാനം. "ദൈവത്തിൻെറ വദനത്തിൽനിന്നു പുറപ്പെട്ടുകയും നമ്മുടെമേൽ അടയാളപ്പെട്ടുത്തപ്പെട്ടുകയും ചെയ്തിരിക്കുന്ന ഒരു പ്രകാശമാകുന്നു നമ്മുടെ മനസ്സ്" (സങ്കീ. 4:7). ഈ ഭൂമിയിലേയ്ക്കു വരുന്ന എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യമായ പ്രകാശം" (യോഹ. 1:9) എന്നു വി. യോഹന്നാൻ ഈശോയെ അഭിസംബോധനം ചെയ്യുന്നു. ജന്മപാപത്തിൻെറ ഇരുളടഞ്ഞ നിഴലുകൾ ആദത്തിൻെറ പരിനിർമ്മലമായ ആത്മാവിനെ സമാവരണം ചെയ്തതുവരെ എത്ര മഹത്തായ ദിവ്യദീപ്തിയാണ് അതിൽ പ്രകാശിച്ചിരുന്നത്! ദൈവത്തിൻെറ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട ഈശോയുടെ — രണ്ടാമത്തെ ആദത്തിൻെറ — പരിശുദ്ധതമമായ ആത്മാവിൽ എത്ര അലോകസുന്ദരമായ തേജസ്സാണു പ്രകാശിച്ചിരുന്നത്! ഇഹലോകത്തിൽ ജീവിച്ചിരുന്നപ്പോൾത്തന്നെ ദൈവത്തിൻെറ മഹാരഹസ്യങ്ങളിലേയ്ക്കു് ആഴമായി ചുഴിഞ്ഞിറങ്ങുന്നതിനുള്ള ഭാഗധേയം സിദ്ധിച്ച വിശുദ്ധരുടെ മുഖത്തുനിന്നു് എത്ര നിസ്സീമമായ ദീപ്തിയാണു പ്രസരിക്കുന്നത്! ആത്മാർത്ഥതയോടും തീക്ഷ്ണതയോടുംകൂടി ഞാൻ ഈ ധ്യാനങ്ങൾ കഴിക്കുന്നപക്ഷം, ദൈവത്തേയും ദൈവവചനമായ ഈശോയേയും പററി നവനവങ്ങളായ അറിവുകൾ എനിക്കു ലഭിക്കുകയും തദ്വാരാ എൻെറ ചേതോവികാരങ്ങളെ നിയന്ത്രിക്കേണ്ടതു് എങ്ങനെയെന്നു ഞാൻ പഠിക്കുകയും ചെയ്യും. സർവ്വോപരി, "എനിക്കു

വേണ്ടി മനുഷ്യാവതാരം ചെയ്ത കർത്താവിനെ കൂടുതൽ ഹൃദയ പൂർവം സ്നേഹിക്കുന്നതിനും അദ്ദേഹത്തെ സംബന്ധിച്ച ഗാഢ മായ ജ്ഞാനം ലഭിക്കുന്നതിനുമുള്ള അനുഗ്രഹം ഞാൻ പ്രാർത്ഥി ക്കുകയും ചെയ്യും." (വി. ഇഗ്നേഷ്യസ്)

## II വികാരത്തിലുള്ള ഐക്യം.

വി. അപ്പസ്തോലൻ പറയുന്നു: "ഈശോമിശിഹായിൽ ഉണ്ടായിരുന്ന ഈ മനസ്സ നിങ്ങളിലുമുണ്ടായിരിക്കട്ടെ" (ഫിലി. 2:5). "അങ്ങുന്ന് എന്നെ സ്നേഹിച്ച സ്നേഹം അവരിൽ ഉണ്ടാ കുവാനും ഞാനും അവരിൽ ഉണ്ടായിരിക്കുവാനും ആയിട്ട്, അങ്ങയുടെ നാമത്തെ ഞാൻ അവർക്കറിയിച്ചു" (യോഹ. 17:26) എന്നു നമ്മുടെ ദിവ്യരക്ഷകൻ സ്വപിതാവിനോടു പറയുക യിൽ, നമ്മുടെ ഹൃദയങ്ങൾതന്നെ തൻെറ ദിവ്യഹൃദയംപോലെ ആയിത്തീരുന്നതിനുവേണ്ടി അവിടുന്നു അവയെ സ്വന്തമാക്കു കയും പവിത്രീകരിക്കയും ചെയ്തു. ഇതിനാലത്രേ അവിടുന്നു നമ്മെ സ്നേഹിതന്മാരെന്നും ദൈവത്തിൻെറ ഉററമിത്രങ്ങളെന്നും "വിശുദ്ധരുടെ സഹപൗരന്മാരെന്നും ദൈവഭവനത്തിലേ അംഗങ്ങ"ളെന്നും (എഫേ. 2:19) വിളിക്കുന്നത്. നമ്മുടെ ആത്മാക്കളുടെ മണവാളനായി ഈശോ തന്നെത്തന്നെ പരി ഗണിക്കുന്നു. "മകുടാലംകൃതനായ ഒരു മണവാളനെ"പ്പോലെ "ഞാൻ നിന്നെ എന്നേയ്ക്കും എൻെറ മണവാട്ടിയായി സ്വീക രിക്കും" (ഓസി. 2:19). ആത്മാക്കളുടെ മണവാളനോട് ഈശോ തന്നെത്തന്നെ ഉപമിക്കുമ്പോൾ ആ ഉപമയിൽ നമ്മുടെ പരിമി തമായ കല്പനാശക്തിയെ അതിശയിക്കുന്ന എത്ര ഗഹനങ്ങ ളായ ആശയങ്ങൾ അവിടുന്ന് സമാഹരിച്ചിട്ടുണ്ട്! അമേയ മായ മാധുര്യവും ഐക്യവും അതിൽ അടങ്ങിയിരിക്കുന്നു. ദൈവ ത്തേയും മനുഷ്യാത്മാവിനേയും, പരസ്പരബന്ധിതരും വിശ്വസ്ത രുമായ രണ്ടു മിത്രങ്ങളായി പരിഗണിക്കുന്നതിലത്രേ യഥാർത്ഥ മായ ഭക്തി അടങ്ങിയിരിക്കുന്നത്. ഇപ്രകാരമുള്ള ഒരു ചിന്താ ഗതി, അവിടുത്തെ നന്നായി അറിഞ്ഞു സ്നേഹിക്കുന്നതിനു നമ്മെ പഠിപ്പിക്കുകയും, സാക്ഷാത്തായ ആനന്ദത്താൽ നമ്മെ

നിറയ്ക്കുകയും ചെയ്യും. എന്നാൽ നാം ദൈവത്തെക്കുറിച്ചു ചിന്തിക്കുകയൊ സംസാരിക്കുകയൊ ചെയ്യുന്ന അവസരങ്ങളിലെല്ലാം "ഇനിയും അപ്പുറത്തു കൂടുതൽ ഗഹനവും അഗാധവും ഒരുനാളും ഗ്രാഹ്യമല്ലാത്തതുമായ എന്തോ ഒന്നു മറഞ്ഞു കിടപ്പുണ്ട്" എന്നു നമുക്കു അനുഭവപ്പെടാറില്ലേ? (Ven- M. Marie de sales chappuis.)

## I പ്രവൃത്തിയിലുള്ള ഐക്യം.

ഈശോ നമ്മുടെ ഉത്തമമാതൃകയാകുന്നു. അവിടുത്തെ സ്നേഹംപോലെ നമ്മുടെ സ്നേഹവും പ്രവൃത്തിപരമായിരിക്കട്ടെ. ഏതുസമയത്തും എന്തുജോലിയിൽ ഏപ്പെട്ടിരുന്നാലുംശരി, മിശിഹായോടുകൂടി ഇപ്രകാരം പറയുവാൻ നമ്മളും ശ്രമിക്കണം. "ഞാൻ എൻെറ പിതാവിൻെറ ജോലിയിൽ ഉത്സുകനായിരിക്കണം" (ലൂക്കാ 2: 49). അപ്പോൾ നാം മുഴുവനായി ദൈവീക കാര്യത്തിൽ വ്യാപൃതരാകും. ഈശോ നമ്മിൽക്കൂടിയും ദൈവം നമ്മോടു സഹകരിച്ചും പ്രവൃത്തിക്കും. അങ്ങനെ വി. ഫ്രാൻസിസ് സാലേസു പറയുംവണ്ണം ഈശോ നമ്മുടെ ശിരസ്സിലും ഹൃദയത്തിലും കരങ്ങളിലും നാവിലും കണ്ണുകളിലും കണ്ണുങ്ങളിലും പാദങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യും. എങ്കിലും ദിവ്യരക്ഷകനുമാത്രം ചെയ്യാവുന്ന പലേ അമാനുഷിക കൃത്യങ്ങൾ —രോഗികളെ സുഖപ്പെടുത്തുക, മരിച്ചവരെ ഉയിപ്പിക്കുക ഇത്യാദി അത്ഭുതകൃത്യങ്ങൾ — നമ്മുടെ ശക്തിക്ക് അതീതമായി അവശേഷിക്കുന്നുണ്ട്. എന്നാൽ "എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ ചെയ്യും. അവയെക്കാൾ ഉപരിയായവയും അവൻ ചെയ്യുമെന്നു സത്യംസത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ പിതാവിൻെറ പക്കലേയ്ക്കു പോകുന്നു". (യോഹ. IV-12) നമ്മുടെ ദിവ്യഗുരുവിൻെറ ഈ വാക്കുകളെ നമുക്കു വിസ്മരിക്കുവാൻ കഴിയുമോ? ഇന്നു ലോകത്തിൽ അത്ഭുതങ്ങൾ തുലോം വിരളമെങ്കിൽ, അതിനുള്ള കാരണം, ദൈവത്തിൻെറ ഉപകരണമായിത്തീരുവാനും ദൈവത്തിൻെറ വേലചെയ്യ

വാനും സന്നദ്ധതയുള്ളവരുടെ അഭാവമാണ്. നമ്മുടെ ജീവിതം മുരടിച്ച ഫലശൂന്യമായിത്തീരുന്നെങ്കിൽ അതിനുള്ള ഹേതു നമ്മുടെ സ്വാർത്ഥതൽപരതയാകുന്നു. "എല്ലാ ജോലികളിലും നമ്മോടു സഹകരിച്ചു പ്രവർത്തിക്കുവാൻ ദൈവം അഭിലഷിക്കുന്നുവെന്ന് എപ്പോഴം നാം മനസ്സിലാക്കുന്നുവോ അപ്പോഴം വിശുദ്ധന്മാർ പ്രവർത്തിച്ചതുപോലെ നാമും പ്രവർത്തിക്കും" (Chappuis)

## II ഈശോയുടെ ജീവിതൈക്യത്തിനു വിളിക്കപ്പെടുന്നവർ.

പുരോഹിതന്മാർക്കും സന്യാസികൾക്കും വിശുദ്ധർക്കും, വിശേഷവരങ്ങൾ ലഭിക്കാൻ ഭാഗ്യം സിദ്ധിച്ചവർക്കും, ദൈവവുമായി ബന്ധത്തിൽ ലയിച്ച് അസാധാരണമായ തപോനിഷ്ഠയിൽ ജീവിതം നയിക്കുന്നവർക്കും മാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു പ്രത്യേക ദൈവവിളിയാണോ ഇത്? ഒരിക്കലുമല്ല. വിശ്വസ്തവും സ്നേഹമസൃണവുമായ ഈ ഐക്യബന്ധം ക്രിസ്തുമതത്തിൻെറ സാക്ഷാൽ അസ്ഥിവാരം തന്നെയാണ്. "എൻെറ പക്കൽ വരുവിൻ" (മത്താ. 11:28). എന്ന ദിവ്യരക്ഷകൻെറ ആ ആഹ്വാനത്തിൽനിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. ഈലോകജീവിതത്തിലെ ബുദ്ധിമുട്ടുകളും, കൃത്യബഹുലതകളും ക്ലേശങ്ങളും തങ്ങളുടെ മുമ്പിൽ വിലങ്ങടിച്ചു നിന്നേക്കുമെന്നു ഭയപ്പെടുന്നവരോട് അവിടുന്നു വീണ്ടും പറയുന്നു: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങൾ എൻെറ പക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11:28). നാമെല്ലാം ദൈവവുമായി നിഗൂഢബന്ധത്തിൽ വർത്തിക്കുന്ന സന്ദർഭങ്ങളുണ്ട്. ദുഃഖങ്ങളും അനർത്ഥങ്ങളും "ദൈവത്തിൻെറ പ്രഹര"മെന്നോണം (കുരി. വി. യോഹന്നാൻ) നമ്മെ പീഡിപ്പിക്കുമ്പോൾ എന്തോ ആന്തരികവാസനയാൽ പ്രചോദിതരായി നാം ഈശോയുടെ തിരുഹൃദയത്തിൽ ആശ്രയം തേടുന്നു. നമ്മുടെ സന്തോഷങ്ങളെ ഭദ്രമായ ഒരഭയസ്ഥാനത്തെത്തിക്കുവാൻ നാം ആഗ്രഹിക്കുമ്പോഴും ഇപ്രകാരം ചെയ്യാറുണ്ട്.

സർവ്വസംഗപരിത്യാഗികളായ മുനീന്ദ്രന്മാരുടെ അസാ

ധാരണവും ക്ലേശകരവുമായ ജീവിതചര്യ ദൈവം നമ്മോട് ആവശ്യപ്പെടുന്നില്ല. എല്ലാ സമുദായത്തിലും വിവിധ ജീവിതാവസ്ഥകളിൽപ്പെട്ടവരുടെയിടയിലും വിശുദ്ധരുണ്ടായിട്ടുണ്ട്. വി. ഫ്രാൻസിസ് സാലെസ് പറയുന്നു: "രാജകുമാരനും, കൂലിക്കാരനും വിധവയും കന്യകയും വിവാഹിതയും ഭിന്നരീതികളിലാണ പുണ്യം അഭ്യസിക്കേണ്ടത്. ഓരോ വ്യക്തിയുടേയും പുണ്യാഭ്യാസം അവൻെറ ശാരീരികശക്തിക്കും, ജീവിതകത്തവ്യങ്ങൾക്കും അനുസൃതമായി വേണം നിയന്ത്രിക്കപ്പെടുവാൻ. എന്നാൽ നാം ഏതു ജീവിതാവസ്ഥയിൽപ്പെട്ടവരായാലും ശരി, പുണ്യപൂർണ്ണത പ്രാപിക്കാൻ നമുക്കേവക്കും കഴിയുന്നതും, അതിനായി നാമേവരും യത്നിക്കേണ്ടതുമാകുന്നു."

സീയന്നായിലേ വി. കത്രീനാ തൻെറ അനിതരസാധാരണമായ ക്ഷമാശീലത്താലും, ആദ്ധ്യാത്മികപാരവശ്യങ്ങളാലും പ്രണിധാനങ്ങളാലും തൻെറ സ്വഗ്ഗീയ മണവാളനെ പ്രീണിപ്പിച്ചിരുന്നു. എന്നാൽ, വി. കത്രീനായെ തപസ്വിനിയായി ദശിക്കുന്നതിൽ ഒട്ടും കുറയാത്ത ഒരാനന്ദമാണ്, തൻെറ പിതാവിൻെറ അടുക്കളയിൽ തീ ഊതുകയും മാംസം പാകം ചെയ്യുകയും അപ്പം ചുടുകയും ദാസോചിതമായ മററു ഗൃഹജോലികൾ അനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു ബാലികയായി അവളെ ദശിക്കുമ്പോൾ നമുക്ക് അനുഭവപ്പെടുന്നത്. അവൾക്കു പിതാവ് ദിവ്യനാഥനും, മാതാവ് പരിശുദ്ധ കന്യകയും, സഹോദരന്മാർ അപ്പസ്തോലന്മാരുമായിരുന്നു. അവളുടെ ഓരോ പ്രവൃത്തിയും ദൈവസന്നിധിയിലും സ്വഗ്ഗീയ ഭവനത്തിലും അപ്പിക്കപ്പെട്ട ഓരോ ശുശ്രൂഷയായിരുന്നു.

ആകയാൽ, ദൈവത്തോട് ഐക്യപ്പെട്ടുള്ള ജീവിതം നയിക്കുന്നതിനു പ്രായമോ ജീവിതാവസ്ഥയോ അനാരോഗ്യമോ ഏതെങ്കിലും കടമയോ ഒരിക്കലും ഒരാൾക്കു പ്രതിബന്ധമായിത്തീരുന്നില്ല. വിശിഷ്യ, പുണ്യപൂർണ്ണതയിൽ എത്തിച്ചേരുവാൻ കടപ്പെട്ടവരായ സന്യാസികൾക്ക് ഇതു് ഒഴിച്ചുക്കൂടുവാൻ പാടില്ലാത്ത ഒരു ചുമതലക്കൂടിയാണ്. മനുഷ്യബലഹീനതയുടെ പരിധികളുള്ളിൽ, പാടുള്ളിടത്തോളം ഈശോയെ അനുകരിച്ചു ജീവിതം നയിക്കുന്നതിലാണ ജീവിതപരിപൂർണ്ണത അടങ്ങിയിരിക്കു

ന്നതു്. ഈ ആശയംവച്ചുകൊണ്ടാണു നമ്മുടെ കർത്താവു തന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടു് "എന്നെ അനുഗമിക്കുവിൻ" (മർക്കോ. 10:21) എന്നു പറയുന്നതു്. ഈശോയുടെ മാധുര്യമുള്ള ഈ ക്ഷണം സ്വീകരിച്ചു്, അവർ ലോകത്തേയും ലോകപാശങ്ങളേയും—മാതാപിതാക്കന്മാരേയും സഹോദരീസഹോദരന്മാരേയും—വിട്ടുപേക്ഷിച്ചു്, തങ്ങളുടെ പ്രാണാധികപ്രിയനായ ആത്മനാഥനെ പ്രാപിക്കുന്നു. തങ്ങളുടെ ആത്മാക്കളേയും ഹൃദയങ്ങളേയും തങ്ങളെത്തന്നെയും ഈശോയ്ക്കു സമർപ്പിക്കുന്നതിനുവേണ്ടി സകല ഭൗമികബന്ധങ്ങളേയും അവർ സസന്തോഷം പരിത്യജിക്കുന്നു. "ഓരോ ആത്മാവും ക്രിസ്തുവിന്റെ മണവാട്ടി ആകുന്നു, അഥവാ ആയേക്കാം; എങ്കിലും ആ പേരിനു കൂടുതൽ അർഹതയും അവകാശവും ഉള്ളതു കന്യകാജനങ്ങൾക്കത്രേ" (പാദുവായിലെ വി. അന്തോനീസ്).

പുണ്യപൂർണ്ണതയ്ക്കു പല പദവികളുണ്ടു്. മറിയം ധ്യാനനിരതയെങ്കിൽ മർത്താ കൃത്യാന്തരങ്ങളിൽ വ്യാപൃതയാകുന്നു. ഒരുവൻ വഹിക്കുന്ന ഉദ്യോഗം, അനുസരിക്കേണ്ട നിയമങ്ങൾ, നിർവഹിക്കേണ്ട ചുമതലകൾ മുതലായവയല്ല പുണ്യസമ്പാദനത്തെ സംബന്ധിക്കുന്ന പ്രധാന മാനദണ്ഡങ്ങൾ. ഒരാൾ പ്രാർത്ഥനാപരമായ ജീവിതം നയിക്കുന്നെങ്കിൽ മറ്റൊരാൾ ബാഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഒരുവൻ ഭരണാധികാരിയെങ്കിൽ അപരൻ ഭരണീയനായിരിക്കും. ഇങ്ങനെ പലതരത്തിലുള്ള ജോലികളാണു് ഓരോരുത്തർ അനുഷ്ഠിക്കേണ്ടിയിരിക്കുന്നതു്. എങ്കിലും ഓരോ ആത്മാവും എപ്പോഴും ഈശോയുടെ മണവാട്ടിയാണു്; അതു് അവിടുത്തോടു് ഒന്നിച്ചു വസിക്കേണ്ടതത്രേ. അതാണു് അതിന്റെ ജീവിതധർമ്മം.

"ഏററം പരിശുദ്ധനും കരുണാനിധിയുമായ എന്റെ ദിവ്യപിതാവേ, എന്നെപ്പററിയുള്ള അങ്ങേ പാവനോദ്ദേശ്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള ബോധജ്ഞാനവും നിന്റെ ഹൃദയവികാരങ്ങളിൽ പങ്കുകൊള്ളുന്നതിനു് ഒരു ഹൃദയവും നിന്നെ മാത്രം തേടുന്നതിനുള്ള ധൈര്യവും നിന്റെ മഹത്വം വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു ജീവിതരീതിയും എനിക്കു തന്നരുളേണമേ. എന്റെ ദൈവമേ, നിന്നെമാത്രം ദർശിക്കുന്ന

കണ്ണുകളേയും നിന്നെക്കുറിച്ചുമാത്രം സംസാരിക്കുന്ന ഒരു നാവിനേയും നിൻെറ തിരുമനസ്സിനു പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ജീവിതത്തേയും എനിക്കു പ്രദാനം ചെയ്യണമേ. അവസാനമായി, എൻെറ രക്ഷകാ, നിൻെറ വിശുദ്ധരൊക്കെയോടുംകൂടി നിത്യമഹിമയിൽ നിന്നെ ഒരിക്കൽ അഭിമുഖമായി ദർശിക്കുവാനുള്ള ഭാഗ്യവും എനിക്കു തന്നരുളേണമേ" (വി. ബനദിക്തോസ്)

# അദ്ധ്യായം 2.

## സൃഷ്ടി.

"ദൈവത്തോടുള്ള യഥാർത്ഥമായ സ്നേഹം ലഭിക്കുന്നതിനുവേണ്ടി അങ്ങിൽനിന്നു സ്വീകരിച്ചിട്ടുള്ള എല്ലാ നന്മകളേയും ഞാൻ അനുസ്മരിക്കും. സൃഷ്ടി, മനുഷ്യോദ്ധാരണം മുതലായി മനുഷ്യവംശത്തിനു പൊതുവായുള്ള ദാനങ്ങളേയും ദൈവം എനിക്കായിമാത്രം ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ നിരവധി അനുഗ്രഹങ്ങളേയുംപററി ഞാൻ സ്മരിക്കും" (വി. ഇഗ്നേഷ്യസ്) സച്ചിദാനന്ദസ്വരൂപനായ ദൈവത്തെ സൃഷ്ടിസ്ഥിതികർത്താവായും സൃഷ്ടവസ്തുക്കളെ നമ്മുടെ ജീവിതസുഖത്തിൻേറയും ജീവിതലക്ഷ്യത്തിൻേറയും ഉപകരണങ്ങളായും ധ്യാനിക്കുമ്പോൾ "വാക്കുകളിലെന്നതിനെക്കാൾ പ്രവൃത്തികളിൽ അന്തർഭവിച്ചിരിക്കുന്ന" സാക്ഷാത്തായ സ്നേഹത്തിൻെറ ശാസ്ത്രം അഭ്യസിക്കുവാൻ നാം ആരംഭിക്കുന്നു. സ്നേഹത്താൽ ദൈവം നമ്മെ സൃഷ്ടിച്ചുവെന്നതിനെപ്പററി ആദ്യമായി നമുക്കു ചിന്തിക്കാം. രണ്ടാമതായി ദൈവത്തോടുള്ള നമ്മുടെ പ്രാഥമികൈക്യത്തെപ്പററിയും ധ്യാനിക്കാം.

### I ദൈവം സ്നേഹത്താൽ മനുഷ്യനെ സൃഷ്ടിച്ചു.

"ദൈവം സകലത്തേയും തനിക്കുവേണ്ടി സൃഷ്ടിച്ചു" (സുഭാഷി. 16:4). "നമുക്കിവയെല്ലാം ഉണ്ടായിരുന്നിട്ടും നാം

അപൂൎണ്ണസൃഷ്ടികളാകയാൽ, നമുക്കു വേണ്ടവ സമ്പാദിക്കുന്നതിനും നമ്മുടെ ആവശ്യങ്ങൾ നിറവേററുന്നതിനും ആത്മസ്നേഹത്തെ ശമിപ്പിക്കുന്നതിനുമായി ജോലി ചെയ്യുക നമുക്ക് ആവശ്യകമായിരിക്കുന്നു. എന്നാൽ, ദൈവം പരിപൂൎണ്ണനാകകൊണ്ട്, തൻെറ പരിപൂൎണ്ണതയെ പ്രകാശിപ്പിക്കുകയെന്നല്ലാതെ മററു യാതൊരുദ്ദേശ്യവും അവിടുത്തേയ്ക്കില്ല" (വി. തോമ്മാമല്ലാൻ). വി. ആഗസ്തീനോസു പ്രസ്താവിക്കുന്നു: "ദൈവം നിന്നോടുകൂടിയില്ലെങ്കിൽ നീ ദരിദ്രനാകുന്നു. നീ ദൈവത്തോടുകൂടിയാണെങ്കിൽ അവിടുന്നു കൂടുതൽ ധനവാനാകുന്നുമില്ല." ദൈവം സർവ്വഗുണസമ്പൂൎണ്ണനാണ്. അവിടുത്തെ പൂൎണ്ണതയെയോ സൗഭാഗ്യത്തെയോ വൎദ്ധിപ്പിക്കുവാൻ യാതൊന്നിനും സാദ്ധ്യമല്ല.

ആകയാൽ ദൈവത്തിന് ആരേയും ആവശ്യമില്ലെന്നു സിദ്ധിക്കുന്നു. എന്നാൽ, വി. തോമ്മാമല്ലാൻ പറയുന്നു: "ഒരാൾക്കു മററൊരാളിൻെറ ആവശ്യമുണ്ടാകുന്നതു രണ്ടു വിധത്തിലാണ്: സ്വീകരിക്കുവാൻ കരം നീട്ടുന്ന ദരിദ്രൻെറ ആവശ്യവും, നല്കുവാൻ ഹൃദയം തുറക്കുന്ന ധനവാൻെറ ആവശ്യവും." ദൈവം സ്നേഹമാകുന്നു. അവിടുത്തെ പ്രഥമകൃത്യം "ആയിരിക്കുക" എന്നതും രണ്ടാമത്തേതു്, തന്നെത്തന്നെ മനുഷ്യൎക്കു നല്കുക എന്നതുമാണ്. "ദൈവത്തിനു പ്രകൃത്യാ ഉള്ള ചാച്ചിൽ തൻെറ സൃഷ്ടികളുടെനേൎക്കു നല്ലവനായിരിക്കുവാനും, അവൎക്കു തന്നെത്തന്നെ നല്കുവാനുമാകുന്നു" (മരിയെ ദെ സാലെസ്). ഇതു തികച്ചും വാസ്തവമാണെന്നു വി. ത്രേസ്യായുടെ താഴെ ചേൎത്തിരിക്കുന്ന വാക്കുകൾ സ്പഷ്ടമാക്കുന്നുണ്ട്: "സൃഷ്ടിക്കപ്പെട്ട ആത്മാക്കളെല്ലാം അവിടുത്തെ ഉപേക്ഷിക്കുന്നപക്ഷം, അവർ അവിടുത്തെ സന്തോഷങ്ങളിൽ ഒന്നിനെ ഇല്ലാതാക്കുന്നു." "സൗഭാഗ്യപൂൎണ്ണമായ ഒരു ഏകാന്തതയെയോ ഏകാന്തമായ ഒരു സൗഭാഗ്യത്തെയോ അവിടുന്നു് അഭിലഷിക്കുന്നില്ല" (വി. ഗ്രിഗരി നസ്യാൻ:). താൻ എന്തായിരിക്കുന്നുവോ അതു നല്കുവാൻ തനിക്കു നിർവാഹമില്ലാത്തതിനാൽ, തനിക്കുള്ളതെല്ലാം അവിടുന്നു മനുഷ്യൎക്കു നല്കുന്നു. മാനവകുലത്തെ ഒന്നാകെ പിടിച്ചടക്കുന്നതിനും അതിനെ സൗഭാഗ്യത്തിൻെറ ഉന്നതപദവിയിൽ എത്തിക്കുന്നതിനുമായി തൻെറ അനന്തമായ ഈ സ്നേഹ

ത്തെ — അതെ, പിതാവിൽനിന്നു പുത്രനിലേയ്ക്കും പുത്രനിൽനിന്നു പവിത്രാത്മാവിലേയ്ക്കും സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്ന ആനന്ദസരിത്തിനെ — അവിടുന്നു് ഒരിക്കൽ അനുവദിച്ചു. അഗ്രാഹ്യമാംവണ്ണം അത്ഭുതകരമായ ഈ സ്വർലോകബന്ധങ്ങളെപ്പററി വി. ഫ്രാൻസിസ് സാലെസ് സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്. അദ്ദേഹം പറയുന്നു: "മനുഷ്യനു ദാനങ്ങളുടെ വലുതായ ആവശ്യവും അവയെ സ്വീകരിക്കുന്നതിനു വലുതായ കഴിവുമുണ്ടു്. അപ്രകാരംതന്നെ, ദൈവത്തിനു വലുതായ സമൃദ്ധിയും അവയെ നല്കുന്നതിനു നിസ്സീമമായ ആഗ്രഹവുമുണ്ടു്. അനന്താനന്ദമയായ ദൈവത്തിനു ദാനങ്ങൾ നല്കുന്നതിലുള്ള സന്തോഷമോ ദാരിദ്ര്യത്തിന്റെ അഗാധഗർത്തത്തിൽ ഉഴലുന്ന നമുക്ക് അവ സ്വീകരിക്കുന്നതിലുള്ള ആനന്ദമോ ഏതാണു കൂടുതലെന്നു പറയുക നന്നേ വിഷമംതന്നെ. എങ്കിലും വരങ്ങൾ സ്വീകരിക്കുന്നതിലുള്ള നമ്മുടെ സന്തോഷത്തെക്കാൾ അധികമാണു കരുണാനിധിയായ ദൈവത്തിന്നു് അവ നല്കുന്നതിലുള്ള സന്തോഷം." ഈ മഹാതത്വം നന്നായി മനസ്സിലാക്കിക്കൊണ്ടാണു് ഒരു വിസിറേറഷൻസന്യാസിനി "ദൈവത്തിന്റെ സംഭരണശാല" എന്നു തന്നെത്തന്നെ വിളിക്കുന്നതിൽ സന്തോഷം പ്രദർശിപ്പിച്ചിരുന്നതു്. "തന്റെ സ്നേഹം പകർന്നു സൂക്ഷിക്കുന്നതിനുള്ള പാത്രങ്ങളായി നമ്മെ അവിടുന്നു സൃഷ്ടിച്ചു" എന്നു് ആ സുകൃതിനി പ്രസ്താവിക്കുന്നു. നമ്മുടെ കർത്താവു് വി. മാററിൽഡായിക്കു വെളിപ്പെടുത്തിയതു് ഇപ്രകാരമാണു്: "കവിഞ്ഞൊഴുകുവാൻ ആഗ്രഹിക്കുന്ന ഒരു സ്നേഹപ്രവാഹമാണു ഞാൻ. എന്റെ സ്നേഹജലത്താൽ നിറയ്ക്കുവാൻ പാത്രങ്ങൾ നിർമ്മിക്കുന്നതിനു ഞാൻ അഭിലഷിക്കുന്നു." "സ്വന്തം മഹത്വം തനിക്കുവേണ്ടിയല്ല, നമുക്കുവേണ്ടി അന്വേഷിക്കുന്നതിന്നു്" (വി. തോമസ്) "ദൈവത്തെ നിർബന്ധിച്ച ഒരു സ്വേച്ഛാപ്രഭുവാകുന്നു സ്നേഹം" (വി. ഗ്രിഗരി നസ്യാൻസൻ). "ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് അവിടുത്തേയ്ക്കു് അവനെക്കൊണ്ടു് എന്തെങ്കിലും ആവശ്യമുണ്ടായിട്ടല്ല; പ്രത്യുത, തന്റെ ദാനങ്ങൾ നല്കുന്നതിന്നു് ഒരാളെ അവിടുത്തേയ്ക്കു് ആവശ്യമുണ്ടായിട്ടത്രെ" (വി. ഇഗ്നേഷ്യസ്).

നമ്മെ സൃഷ്ടിച്ച അവസരത്തിൽ നമ്മുടെ ദിവ്യരക്ഷകനായ ദൈവം അനുഭവിച്ച ആനന്ദം എത്ര അതിരററതായിരുന്നിരിക്കണം. "മനുഷ്യസന്തതികളോടുകൂടി വസിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന" അനന്തജ്ഞാനമായ അവിടുന്നു് എല്ലാവരേറയും സൃഷ്ടിച്ചു. തൻെറ മിത്രങ്ങളായി തന്നോടുകൂടി വസിക്കേണ്ട ആത്മാക്കളെ ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചതോടുകൂടിയാണു് അവിടുത്തെ ജോലി പൂർത്തിയായതു്. കാലത്തിൻെറ പരിപൂർണ്ണതയിൽ തൻെറ സൃഷ്ടികളിലൊരാളോടു് ആശ്ചര്യകരമായ ഈ വാക്കുകൾ ഒരു ദിവസം അവിടുന്നു് അരുൾചെയ്യും: "നീ ഇല്ലായിരുന്നുവെങ്കിൽ എൻെറ ആനന്ദം പരിപൂർണ്ണമാകയില്ലായിരുന്നു."

## II ദൈവത്തോടുള്ള നമ്മുടെ ആദ്യത്തെ ഐക്യം.

"എല്ലാത്തിൻേറയും മൂലം കരുണയാകുന്നു" എന്നു വി. തോമ്മാമല്ലാൻ പ്രസ്താവിക്കുന്നു. അനന്തമായ സ്നേഹം നീചതമമായ ദാരിദ്ര്യത്തിനു ചെയ്ത പ്രഥമദാനമാകുന്നു സൃഷ്ടി. "നിത്യമായ ഒരു സ്നേഹത്താൽ നിന്നെ ഞാൻ സ്നേഹിച്ചു. ആകയാൽ എന്നിലേക്കു നിന്നെ ഞാൻ വലിച്ചടുപ്പിച്ചു" (ഏറമ്യാ 31:3). നാം എന്തിനായിട്ടാണു സൃഷ്ടിക്കപ്പെട്ടതു്? ദൈവം നമ്മെ ഇത്ര സ്നേഹിക്കുന്നതിൻെറ കാരണമെന്താണു്? വി. ആഗ്സ്തീനോസ് വികാരോത്തേജിതനായി ഈ ചോദ്യങ്ങൾക്കു് ഇപ്രകാരം മറുപടി പറയുന്നു: "ഓ! എൻെറ ദൈവമേ, നിനക്കുവേണ്ടി നീ ഞങ്ങളെ സൃഷ്ടിച്ചു. നിന്നിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം ആശ്വാസം കണ്ടെത്തുന്നില്ല." ദൈവത്തെ നമ്മുടെ സ്വന്തം ദൈവമാക്കുക, അങ്ങയെ മുഴുവനും നമുക്കുള്ളതാക്കുക ഇതാകുന്നു നമ്മെ സൃഷ്ടിച്ചതിൻെറ പരമോദ്ദേശ്യം.

ഈലോകത്തിൽവച്ചുതന്നെ ദൈവം നമുക്കു തന്നെത്തന്നെ തന്നരുളുന്നതു പലവിധത്തിലാണു്. "ദൈവികപരിപൂർണ്ണതയുടെ വിവിധ പകർപ്പുകളാകുന്നു സൃഷ്ടികൾ" എന്നു വി. തോമ്മാമല്ലാൻ പറയുന്നു. അവിടുത്തെ അനുഗൃഹീതനാമത്തി

ൻെറ ലിപികൾ — അവിടുത്തെ നറുമണം വിതറുന്ന കാലടിപ്പാടുകൾ — അവിടുത്തെ തിരുവചനങ്ങളുടെ അർത്ഥപൂർണ്ണമായ പ്രതിധ്വനികൾ — ആ ദിവ്യവദനത്തിൽനിന്നും പ്രതിബിംബിക്കുന്ന കിരണാവലി — അതെ ഇവയാണു സൃഷ്ടികൾ. "ഓ! എൻെറ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കണമെന്നു് ആകാശവും ഭൂമിയും അവയിലുള്ള സമസ്തവസ്തുക്കളും എന്നോടു വിളിച്ചുപറയുന്നു." (വി. ആഗുസ്തീനോസ്) എന്നാൽ നാം ഈലോകത്തിലായിരിക്കുന്നിടത്തോളംകാലം ദൈവത്തെപ്പററിയുള്ള നമ്മുടെ ജ്ഞാനവും അവിടുത്തോടുള്ള നമ്മുടെ സ്നേഹവും അവ്യക്തവും അന്ധകാരവൃതവുമാണ്. നമ്മുടെ ആയിരമായിരം അപാകതകളും അപൂർണ്ണതകളും അവയുടെ മുമ്പിൽ പ്രതിബന്ധങ്ങളായി നില്ക്കുന്നു. നമ്മുടെ ചിന്താഗതിയെ ഉന്നമിപ്പിക്കുന്നതിനും നമ്മുടെ ഹൃദയങ്ങൾക്കു് ആശ്വാസമരുളുന്നതിനും പര്യാപ്തമായവിധത്തിൽ ദൈവത്തെക്കുറിച്ചുള്ള ഒരു ജ്ഞാനമാണു നമുക്കു് ആവശ്യകമായിരിക്കുന്നതു്.

ദൈവത്തിൻെറ അനന്തനന്മ എത്ര മഹത്തായിരിക്കുന്നു എന്നു നോക്കുക! തൻെറ സൃഷ്ടിക്കു് — കേവലം ദാസനായി പിറന്ന മനുഷ്യനു് — എല്ലാവറെറയും പ്രദാനം ചെയ്തതിനുശേഷം "മകനേ" എന്നു വിളിച്ചുകൊണ്ടു് അവനു് ആത്മാർപ്പണം ചെയ്യുന്ന ദൈവത്തിൻെറ സ്നേഹം എത്ര അപരിമേയമാണ്! "ഞാൻ നിൻെറ സംരക്ഷകനും നിനക്കുള്ള സമ്മാനവുമാകുന്നു" (സൃഷ്ടി 15:1). അവിടുന്നു പ്രകൃത്യതീതമായ കഴിവുകൾ നമുക്കു തരുകയും, വീരകൃത്യങ്ങൾ ചെയ്യുവാനുള്ള സാദ്ധ്യത നമ്മിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. നാം അങ്ങിൽനിന്നു ബാഹ്യമായി അകന്നിരിക്കുന്നുവെങ്കിലും സ്നേഹബന്ധംമൂലം നാം വാസ്തവത്തിൽ അങ്ങയോടു് അടുത്തുതന്നെ വർത്തിക്കുന്നു. ഇപ്പോൾ കണ്ണാടിയിൽക്കൂടിയെന്നപോലെ ഉപമയിൽ (ദൈവത്തെ) കാണുന്നു. അപ്പോൾ അഭിമുഖമായി നാം കാണും (കോറ. 12:12) "അവൻ വെളിപ്പെടുമ്പോൾ നാം അവൻെറ സാദൃശ്യത്തിൽ ആകുമെന്നും അവൻ ആയിരിക്കുന്നതുപോലെ അവനെ കാണുമെന്നും നാം അറിയുന്നു" (1. യോഹ. 3:2).

ദൈവവും മനുഷ്യനും തമ്മിലുള്ള ഈ ബന്ധം ആരംഭി

ച്ചപ്പോൾ ആദിമമനുഷ്യനെ അവിടുന്ന് എത്രമാത്രം സ്നേഹിച്ചു! സമ്മാനങ്ങൾ പരസ്പരം കൈമാറുന്നതിലത്രേ സ്നേഹം അടങ്ങിയിരിക്കുന്നതെന്ന് അവിടുന്ന് എത്ര വാത്സല്യപൂർവ്വം അവനെ പഠിപ്പിക്കുകയും ചെയ്തു. ആനന്ദങ്ങളുടെ ആ മോഹനാരാമത്തിൽ മന്ദം മന്ദം നീങ്ങിക്കൊണ്ടിരിക്കുന്ന വൃക്ഷച്ഛായയിൽ സായാഹ്നത്തിന്റെ നിഴൽപ്പരപ്പുകൾ രംഗപ്രവേശം ചെയ്യുമ്പോൾ ആദത്തിന്റെ പക്കൽ പോകുന്നതും അവനെ ദർശിക്കുന്നതും അവനോടു നർമ്മസല്ലാപം ചെയ്യുന്നതും ദൈവത്തിനു സന്തോഷസന്ദായകമായിരുന്നു. അവിടുത്തെ ദിവ്യസാന്നിധ്യവും വീക്ഷണങ്ങളും വചനങ്ങളും ആദത്തിന്റെ ഹൃദയത്തെ സ്നേഹത്താൽ ദ്രവിപ്പിക്കുകതന്നെ ചെയ്തു. ആദത്തെ ദൈവം തന്റെ രാജ്യങ്ങളുടെ അധിപതിയായി നിയമിച്ചു. തന്റെ ദാനങ്ങളുടെ പൂർണ്ണതയാൽ അവന്റെ ഹൃദയത്തെ നിറയ്ക്കുകയും ചെയ്തു. ദൈവം ദാനങ്ങൾ നല്കുന്നതിലും ആദം അവയെ സ്വീകരിക്കുന്നതിലും ആനന്ദം കണ്ടെത്തി. "ആദത്തിന്റെ ശൃംഖലകളാൽ — സ്നേഹശൃംഖലകളാൽ — അവരെ ഞാൻ വലിച്ചടുപ്പിക്കും" (ഹോസി. 11:4). എന്നു പരിശുദ്ധാത്മാവു നമ്മെക്കുറിച്ചു പറഞ്ഞിരിക്കുന്നു. പാപം ഈ സ്നേഹബന്ധങ്ങളെ അറുത്തുകളഞ്ഞു. എങ്കിലും ദൈവത്തിന്റെ ഹൃദയത്തിന് ഒരിക്കലും മാററമുണ്ടായില്ല. മനുഷ്യൻ അവിടുത്തെ ദിവ്യമായ സ്നേഹവാത്സല്യങ്ങളുടെ മുമ്പിൽ എപ്പോൾ തലകുനിക്കുകയും തന്റെ സ്രഷ്ടാവിനെ സ്നേഹിക്കാമെന്നു സമ്മതിക്കുകയും ചെയ്യുന്നുവോ ആ നിമിഷത്തിൽ, കഴിഞ്ഞതെല്ലാം വിസ്മരിച്ച്, സ്നേഹത്തിനു പകരമായി സ്നേഹം നല്കുന്നതിനു തയ്യാറായി കരുണാകരനായ പിതാവ് അവനെ സമീപിക്കുന്നു. അനുഗ്രഹപൂർണ്ണനായ നമ്മുടെ ദിവ്യഗുരു തന്നെത്തന്നെ നമുക്കു തന്നരുളുന്ന ഇപ്രകാരമുള്ള അനർഘസന്ദർഭങ്ങൾ — ഭൂമിയിൽവച്ചുതന്നെ സ്വർഗ്ഗീയസൗഭാഗ്യം നമ്മെ അനുഭവിപ്പിക്കുന്ന നിതാന്തമനോജ്ഞമായ ചില മണിക്കൂറുകൾ — നമ്മുടെ ജീവിതത്തിൽ ഒരിക്കലെങ്കിലും ഉദയം ചെയ്തിട്ടുണ്ടായിരിക്കണം. ഒരുപക്ഷേ ദീർഘകാലത്തെ അസാന്നിദ്ധ്യത്തിനു ശേഷമായിരിക്കാം അവിടുന്ന് ആഗതനാകുന്നത്. നമ്മുടെ പറദീസായുടെ വാതിലുകൾ ചിലപ്പോൾ അട

യ്യപ്പെട്ടിരിക്കാം. എന്നാൽ വലുതായ പശ്ചാത്താപത്തിൻെറയും സ്നേഹത്തിൻെറയും അടയാളമായി നമ്മുടെ ഹൃദയബാഷ്പങ്ങൾ ദിവ്യരക്ഷകൻെറ അശ്രുക്കളോടുചേൎന്ന നമ്മുടെ നയനങ്ങളിലൂടെ പ്രവഹിക്കുന്നപക്ഷം, ഊരിയ വാളുമായി കവാടത്തിങ്കൽ നിലകൊള്ളുന്ന വാനദൂതൻ ഖഡ്ഗം ഉറയിലിടുന്നതിനും നമ്മെ അകത്തു കയററുന്നതിനും സദാ സന്നദ്ധനാണ്.

എൻെറ ദൈവമേ, തന്നാൽത്താനായിരിക്കുന്നവനേ, നിൻെറ സ്നേഹാധിക്യംമൂലം ഞങ്ങളെക്കൊണ്ട് ആവശ്യം നിനക്കുണ്ടാകുന്നതിനു നീ തിരുമനസ്സായി. അമേയമായ വാത്സല്യത്തോടെ ഞങ്ങളുടെ ഹൃദയങ്ങളെ നീ ആവശ്യപ്പെടുന്നു. ഈ അൎത്ഥനയെ നിരസിക്കുന്നതിനുള്ള ഭയാനകമായ ധാർഷ്ട്യം ഞങ്ങൾക്കുണ്ടാകുമെന്നോ? അവയെ പവിത്രീകരിക്കുന്നതിനും ആശീൎവ്വദിക്കുന്നതിനും അവയിൽ അമൂല്യവരങ്ങളേയും സ്നേഹത്തേയും ദിവ്യസൗഭാഗ്യത്തേയും പകരുന്നതിനുമായിട്ടാകുന്നു നീ അവയെ ആവശ്യപ്പെടുന്നത്. ഓ! എല്ലാ സ്നേഹത്തിൻെറയും ആലയമായ ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങൾ നിനക്കുമാത്രമുള്ളവയായിരിക്കട്ടെ!

# അദ്ധ്യായം 3.

## മനുഷ്യാവതാരം.

പാപിയായ മനുഷ്യനുവേണ്ടി സ്വൎഗ്ഗത്തിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്ന അനുഗ്രഹത്തിൻെറ ദൈവദൂതനെ വി. മാററിൽഡാ ദൎശിച്ചു. ഒരുദ്ധാരകനെ ലോകത്തിലേയ്ക്കയയ്ക്കാമെന്നു ദൈവം വാഗ്ദാനം ചെയ്തതുവരെ ശുഭ്രവസ്ത്രധാരിയായി അനുദിനം അങ്ങയെ സമീപിച്ചുകൊണ്ട് ആ വാനാരൂപി മനുഷ്യരുടെ പാപങ്ങളെ അവിടുത്തെ തിരുമുമ്പാകെ സമൎപ്പിച്ചിരുന്നു. മനുഷ്യൻെറ അധഃപതനത്തിനുശേഷം സ്നേഹം നീതിയായിപ്പകൎന്നു. ദൈവത്തിൻെറ പദ്ധതികൾ മനുഷ്യജാതി തിരസ്കരിച്ചെങ്കിലും വിശപ്പത്തിൻെറ അധീശൻ ഹൃദയാലുവായ ഒരു

പിതാവിനെപ്പോലെ വർത്തിച്ചു. ദുർഭഗനായ പാപിയുടെ ദയനീയസ്ഥിതികണ്ടു സഹിച്ചിരിക്കുവാൻ അവിടുത്തേയ്ക്കു കഴിഞ്ഞില്ല. അങ്ങനെ ഒരു രക്ഷകനെ അവിടുന്നു ലോകത്തിനു വാഗ്ദാനം ചെയ്തു. അവിടുന്നു കാലത്തിൻെറ തികവിൽ ലോകത്തിലേയ്ക്കു് ആഗതനായി.

## I ദൈവം മനുഷ്യനെ തേടിപ്പുറപ്പെടുന്നു.

"ദൈവം എന്തു ചെയ്യുന്നതിനായിട്ടാണു ഭൂമിയിലേയ്ക്കു വന്നതു്?" എന്നു മനുഷ്യൻെറ ജ്ഞാനം പലപ്പോഴും ചോദിക്കാറുണ്ടു്. ഈ ചോദ്യത്തിനു് ഒരുത്തരം മാത്രമേയുള്ളു. "തന്നെ സ്നേഹിപ്പാൻ മനുഷ്യരെ പഠിപ്പിക്കുന്നതിനായിട്ടാണു ദൈവം ആഗതനായതു്" (ബോസേ). "ദൈവത്തിൻെറ പ്രധാനമായ ഉദ്ദേശ്യം ഇതാണു്: ഒരു പുതിയ ലോകത്തെ, എല്ലാ ലോകങ്ങൾക്കും ഉപരിയായ ഒരു ലോകത്തെ — രക്ഷകനായ ഈശോയെ — അവിടുന്നു സൃഷ്ടിച്ചു. ഈശോയിൽ ദൈവം സ്നേഹം തന്നെയായി രൂപാന്തരപ്പെട്ടു. അവിടുത്തെ പ്രതാപവും നന്മയും ഉന്നതിയും മഹത്വവുമെല്ലാം സ്നേഹമായിപ്പകർന്നു" (Cardinal de Berulle). "തൻെറ ഏകജാതനായ പുത്രനെ നല്കുവാൻ തക്കവിധം അത്രമാത്രം ദൈവം ലോകത്തെ സ്നേഹിച്ചു" യോഹ. 3:16).

പാപം ലോകത്തിൽ പ്രവേശിച്ചതോടെ മനുഷ്യഹൃദയം ഭയാനുതമായിത്തീർന്നു. ഒരുകാലത്തു ദൈവത്തിൻെറ സ്നേഹിതനും സഖാവുമായിരുന്ന മനുഷ്യൻ തൻെറ സ്രഷ്ടാവിനെ നോക്കുവാൻപോലും ഭയപ്പെട്ടു. അവൻ ഓടിയൊളിച്ചു; എന്തുകൊണ്ടെന്നാൽ, ദൈവദൃഷ്ടിയിൽ അവനെ പ്രിയംകരനാക്കിത്തീർത്ത നിഷ്കളങ്കതയും പരിശുദ്ധിയും അവൻ നഷ്ടപ്പെടുത്തി. ആകയാൽ, അവിടുന്നുതന്നെ ദരിദ്രനും നഷ്ടപ്രതാപനും നിർഭാഗ്യനുമായ മനുഷ്യനെ തേടിപ്പുറപ്പെടുവാൻ തീർച്ചപ്പെടുത്തി. ദൈവ

ദൃഷ്ടിയിൽ നാം ഇത്രമാത്രം വിലയുള്ളവരായിരിക്കുന്നതിൻെറ കാരണം എന്താണെന്നു ഗ്രഹിക്കുക അസാദ്ധ്യമാണ്. എന്തു കൊണ്ടെന്നാൽ, പ്രഥമ മനുഷ്യനുണ്ടായിരുന്ന പ്രഭാവവും പ്രതാപവും ഇന്നു നമുക്കില്ല. മാനവസൗധത്തിൻെറ ഇടിഞ്ഞുതകർന്ന നഷ്ടശിഷ്ടങ്ങൾ മാത്രമാണു നാം. കാലത്തിൻെറ നിശിതമായ ആക്രമണത്താൽ അലങ്കോലപ്പെട്ട വൃദ്ധമുഖങ്ങൾ കാണുമ്പോൾ, ഒരുകാലത്ത് അവയിൽ പ്രസരിച്ചിരുന്ന യൗവനത്തിൻെറ ആകർഷകതയും ചൈതന്യവും മനോമോഹനമായിരുന്നുവെന്ന് ആർ ചിന്തിക്കുന്നു? പാപംനിമിത്തം ചൈതന്യം നശിച്ച നമ്മുടേയും സ്ഥിതി ഇതുതന്നെയാണ്. ആദിയിൽ ദൈവം മനുഷ്യനു നല്കിയ ദാനങ്ങളെല്ലാം തൻെറ പുത്രൻവഴിയായി വീണ്ടും നല്കുന്നതിന് അവിടുന്ന് അഭിലഷിച്ചു. ഇപ്രാവശ്യം അവിടുന്നു തന്നെമുഴുവനും നല്കുകയാണുണ്ടായത്. "മനുഷ്യൻ ദൈവത്തിൻെറതന്നെ ദൈവമായിത്തീരും. എന്നു നാം പറഞ്ഞു പോകത്തക്കവണ്ണം" (വി. ആഗ്സ്തീനോസ്) അത്ര അതുല്യമാണ് അവിടുത്തെ സ്നേഹാതിരേകം. മനുഷ്യാവതാരത്തെക്കുറിച്ച് കുരിശിൻെറ വി. യോഹന്നാൻ അതിസുന്ദരമായ ആലങ്കാരികഭാഷയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "പിതാവു സൃഷ്ടിയെ തൻെറ പുത്രനു മണവാട്ടിയായി നല്കി. എന്നാൽ, ഈ വധു ഇരുമ്പുചങ്ങലകളാൽ ബന്ധിതയായ ഒരടിമയായി ത്തീർന്നു. പിതാവു വചനത്തോടു പറഞ്ഞു: നിൻെറ ഛായയിൽ ഞാൻ സൃഷ്ടിച്ചവളും നീ വളരെയധികം സ്നേഹിച്ചവളുമായ നിൻെറ മണവാട്ടിയെ കണ്ടാലും. അടിമത്തത്തിൽനിന്ന് അവളെ വീണ്ടെടുക്കുവാൻ നീയും അവളെപ്പോലെ ആയിത്തീരണം. എന്തുകൊണ്ടെന്നാൽ, സ്നേഹത്തിൻെറ നിയമം അതാകുന്നു. അവളെപ്പോലെ നീ മാംസം ധരിക്കുക. നിന്നെ ആ വേഷത്തിൽ ദർശിക്കുന്നതു് അവൾക്കു കൂടുതൽ ആനന്ദകരമായിരിക്കും." 'നിൻെറ ഇഷ്ടമാകുന്നു എൻേറയും ഇഷ്ടം' എന്നു വചനം പ്രതിവചിച്ചു. 'ഞാൻ പുറപ്പെട്ടു് എൻെറ' വധുവിനെ കണ്ടുപിടിക്കാം. അവളുടെ ക്ഷീണവും കഷ്ടതകളും എൻെറ തോളുകളിൽ ഞാൻ പേറിക്കൊള്ളാം. അവൾ ജീവിക്കുന്നതിന്, വേണ്ടിവന്നാൽ മരണവും ഞാൻ കൈവരിക്കാം. അങ്ങനെ

അവളെ എൻെറ പിതാവിൻെറപക്കൽ ഞാൻ കൊണ്ടുവരും."

ആകയാൽ, മനുഷ്യാവതാരത്തിൻെറ കാര്യം തീച്ച്പ്പെട്ടുകഴിഞ്ഞു. "ഓ! ആകാശമേ, ഉന്നതങ്ങളിൽനിന്നും തുഷാരബിന്ദുക്കളെ അടത്തിയിടുക. മേഘങ്ങഠം നീതിമാനെ വഷിക്കട്ടെ! ഭൂമി പിളൎന്ന് ഒരു രക്ഷകൻ മുളച്ചുവരട്ടെ!" (ഏശായാ 45: 8). "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു." "മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയെ ഉദ്ദേശിച്ചും അവിടുന്ന് ആകാശത്തിൽനിന്നിറങ്ങി. ദുരിതപൂരിതമായ മാനവകുലത്തിന് ഈശോയിൽ വിശ്വാസപൂൎവ്വം ആശ്രയിക്കയല്ലാതെ ഒന്നും ചെയ്യുവാനില്ല." "താൻ സൃഷ്ടിച്ച മനുഷ്യനെ ദൈവം പുനരുത്ഥാനവേളയിൽ, സ്വൎഗ്ഗത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോകും" (വി. ആഗസ്തീനോസ്). മനുഷ്യനെ സ്വീകരിക്കുവാൻ അവൻെറ പക്കലേയ്ക്കു വരുന്നതിനു ദൈവം തിരുമനസ്സായി. അങ്ങനെ സൃഷ്ടിയെ തൻെറ കരവലയത്തിനുള്ളിലേയ്ക്ക് അവിടുന്നു വീണ്ടെടുക്കുന്നു. "മൈത്രീബന്ധത്തിൻെറ ഒരുടമ്പടിയായും സ്നേഹത്തിൻെറ ഒരുറപ്പുടയാളമായും അവിടുന്നു മനുഷ്യനെ ശരീരികളുടേയും അശരീരികളുടേയും ലോകങ്ങഠംക്കു മദ്ധ്യേ പ്രതിഷ്ഠിച്ചു. ഈ സ്ഥാനം പാപംമൂലം മനുഷ്യനു നഷ്ടമായി. എന്നാൽ, ക്രിസ്തു അത്ഭുതകരമാംവണ്ണം അതു വീണ്ടെടുത്തു. അതുമുതൽ അവിടുന്നു സകല സൃഷ്ടികഠംക്കും മൈത്രീബന്ധത്തിൻെറ ഉടമ്പടിയും, എല്ലാ ലോകങ്ങഠംക്കും കേന്ദ്രസ്ഥാനവും, ദൈവം സമസ്ത സൃഷ്ടികഠംക്കും സമാധാനത്തിൻെറ ചുംബനം നല്കുന്ന വാഴ്ത്തപ്പെട്ട ഭവനവുമാകുന്നു" (വി. ഹിലാരി). വി. ഫ്രാൻസിസ് അസീസി ഇപ്രകാരം പറയുക പതിവായിരുന്നു: "ഓ! എൻെറ ക്രിസ്തുനാഥാ, സ്നേഹത്തിൻെറ ചിത്തഭ്രമത്തിൽനിന്നും രക്ഷപെടുവാൻ നീ അശക്തനായിത്തീൎന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഭൂമിയിലേയ്ക്കു നിന്നെ വലിച്ചിറക്കിയതു സ്നേഹമാണ്." "ക്രിസ്തു മനുഷ്യനായിത്തീൎന്നതുപോലെ മനുഷ്യൻ ദൈവത്തെപ്പോലെ ആയിത്തീരുവാനത്രേ ദൈവം മനുഷ്യനായത്" (വി. ഗ്രിഗരിനസ്യാൻ:). ഇതിലും ഗാഢമായ ഒരൈക്യബന്ധത്തിൽ എത്തിച്ചേരുവാൻ നമുക്കു കഴിയുമോ? ഒരിക്കലുമില്ല.

## II മനുഷ്യൻ രക്ഷകനെ കണ്ടെത്തുന്നു.

രക്ഷകൻ ലോകത്തിനു വാഗ്ദാനം ചെയ്യപ്പെട്ട നാഠം മുതൽ, "കർത്താവേ, അങ്ങു ശ്രവിക്കേണമേ! കർത്താവേ, അങ്ങേ കോപം ശമിപ്പിക്കേണമേ! ഒട്ടും താമസിപ്പിക്കരുതേ" (ദാനി. 9: 19) എന്നിങ്ങനെ മനുഷ്യവർഗ്ഗം ദൈവത്തോടു കേണപേക്ഷിച്ചു. ദൈവത്തെ ലഭിക്കാൻ ലോകം അതിതീക്ഷ്ണമായി ആഗ്രഹിച്ചു. ദൈവമാകട്ടെ മനുഷ്യാവതാരം വഴിയായി ആശ്ചര്യകരമാംവണ്ണം ആ ആഗ്രഹം സാധിച്ചുകൊടുത്തു. "എന്നെ കാണുന്നവൻ എൻെറ പിതാവിനേയും കാണുന്നു" എന്ന് ഈശോ വി. പീലിപ്പോസിനോട് അരുളം ചെയ്യുന്നു. ഈ ദൈവികദാക്ഷിണ്യത്തെ ഒരീജൻ എന്ന വേദശാസ്ത്രപണ്ഡിതൻ സമുക്കായി വർണ്ണിക്കുന്നു: "ലോകത്തോളം വലുതായ ഒരു പ്രതിമ നിർമ്മിക്കപ്പെട്ടുവെന്നു വിചാരിക്കുക. ആ പ്രതിമയുടെ വലിപ്പംമൂലം അതിനെപ്പററി ചിന്തിക്കുകകൂടി നമുക്കു തികച്ചും ദുസ്സാധമായിരിക്കും. അക്കാരണത്താൽ ആ പ്രതിമയെ എല്ലവരും ശരിയായി ദർശിക്കുന്നതിനുവേണ്ടി അതിൻെറ ചെറിയ ഒരു മാതൃക തയ്യാറാക്കപ്പെട്ടുവെന്നിരിക്കട്ടെ. ഏതാണ്ടിപ്രകാരമാണു ദൈവവചനം സ്വയം എളിമപ്പെട്ടത്. താൻ വഴിയായി ദൈവമഹത്വത്തിൻെറ ഒരംശമെങ്കിലും നാം മനസ്സിലാക്കുന്നതിന് അവിടുന്നു ചെറിയവനും നിസ്സാരനുമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷനായിക്കൊണ്ടു തൻെറ പിതാവിൻെറ അത്ഭുതകരമായ ഒരു പകപ്പു നമുക്കു നല്കി." "മറിയം ദൈവവചനത്തെ മാംസത്തിൻെറ വസ്ത്രമണിയിച്ചു. അന്നുമുതൽ ദൈവത്തെ എളുപ്പം കാണുവാൻ നമുക്കു കഴിയുന്നു" (മോൺ. ബട്ടോ).

അങ്ങനെ നമ്മുടെ രക്ഷകനായ ദൈവത്തിൻെറ നന്മയും കരുണയും പ്രത്യക്ഷമായി. നമ്മുടെ രൂപത്തിൽ ഒരു ശിശുവായി തീർന്നിരിക്കുന്ന ഈ ഉണ്ണീയീശോയെപ്പററി നമുക്കു ധ്യാനിക്കാം. "ദൈവമെന്ന നിലയിൽ അവിടുത്തെ മഹത്വം എല്ലാ മഹത്വത്തിലുമുപരിയാകുന്നു. അതു നമ്മുടെ ആരാധനയെ അർഹിക്കുന്നു. ബേത്ലഹേമിലാകട്ടെ നമ്മുടെ സ്നേഹത്തെ അർഹിക്കുന്ന ഒരു പിഞ്ചുപൈതലാണ് അവിടുന്ന്" (വി. ബർണാർഡ്)

കന്യകയായ ഒരു മാതാവ് അവനെ ലോകത്തിനു നല്കി കഴിഞ്ഞതേയുള്ളു. അവരം ആ ദിവ്യവിഗ്രഹത്തെ കരങ്ങളിലേന്തി ആ ഓമനമുഖത്തേയ്ക്കു പുഞ്ചിരി തൂകുന്നു. അവനെ വഹിക്കുന്നതിനും ആ പൂവൽമേനി തടവുന്നതിനും ഒരു വയോവൃദ്ധനു ഭാഗധേയം സിദ്ധിക്കുന്നു. സാധുക്കളായ ആട്ടിടയന്മാർ ഭയലേശമെന്നിയേ അങ്ങയെ സമീപിച്ച് ആ കൊച്ചു കാലുകളേയും കൈകളേയും ചുംബിക്കുന്നു. അവിടുന്നു ദൈവത്തിന്റെ കുഞ്ഞാടാകുന്നു. "അങ്ങയുടെ ജീവിതം സാക്ഷാൽ മാധുര്യസമ്പന്നവും സ്നേഹപൂർണ്ണവുമായ കാരുണ്യത്തിന്റെ പ്രമാണസംഹിതയാണ്" (ഫാ. ബീനെ S. J.). തന്റെ ശിഷ്യന്മാർ കുഞ്ഞാടുകളെപ്പോലെ ആയിരിക്കണമെന്നും, ഹൃദയത്തിൽ എളിമയും ശാന്തതയുമുള്ളവരായിരിപ്പാൻ തന്നിൽനിന്നു പഠിക്കണമെന്നുമത്രേ അവിടുത്തെ അഭിലാഷം. അവിടുന്നു നല്ല ദൈവമാകുന്നു — മനുഷ്യവർഗ്ഗം ചിരകാലം പ്രതീക്ഷിച്ചിരുന്ന ആ നല്ല ദൈവം. ഓ! ഈശോയേ, ദിവ്യരക്ഷകാ, ഞങ്ങളെ നീ എത്രമാത്രം സ്നേഹിച്ചുവെന്നു ലോകം മുഴുവൻ അറിയുന്നു. അല്ല, ലോകം മുഴുവൻ ഉദ്ഘോഷിക്കുക തന്നെ ചെയ്യുന്നു. ദാരിദ്ര്യത്തെ ഉററമിത്രമായി തിരഞ്ഞെടുത്ത നീ ദരിദ്രന്മാരെ അതിയായി സ്നേഹിച്ചു. മഹാപാപികളെ — നിന്ദിതനായ ചുങ്കക്കാരനെ — സമറിയായിലെ പാപിനിയെ — കഠിനപാപങ്ങരം ചെയ്ത മഗ്ദലേനാമറിയത്തെ — നീ ഹൃദയപൂർവ്വം സ്നേഹിച്ചു. നിന്റെ സ്നേഹത്താൽ അവരുടെ ഹൃദയത്തെ മൃദുലമാക്കുന്നതിനുവേണ്ടി അവരോടു സഹവസിക്കുവാൻ നീ ആഗ്രഹിച്ചു. സ്നേഹഭാജനങ്ങളായ ഈ പാപികരംക്കുവേണ്ടിയാണല്ലോ ഹൃദയം കവരുന്ന ഉപമകരം — ധൂർത്തപുത്രന്റേയും നല്ലയിടയന്റേയും നഷ്ടപ്പെട്ടുപോയ ആടിന്റേയും ഉപമകരം — നീ അരുരം ചെയ്തത്. നിരാശാതമസ്സിൽ ആണ്ടിരുന്നവക്ക് അവ ആശ്വാസത്തിന്റെ പൊല്പലരിയായിരുന്നു. നീ നിന്റെ ശത്രുക്കളെ സ്നേഹിച്ചു. നിന്റെ ലോകജീവിതകാലത്തു നിന്റെ സമീപേ വസിക്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചായിരുന്നാലെന്നവണ്ണം ഇന്നു നീ എന്നെ അറിയുന്നു; എന്നെ സ്നേഹിക്കുന്നു; ലോകത്തിൽ ഇന്നോളം ആരിലും കണ്ടിട്ടില്ലാത്തതും

ഇനിമേൽ ആരിലും കാണുകയില്ലാത്തതുമായ ഒരു സ്നേഹത്താൽ എന്നെ സ്നേഹിച്ചു. നിൻെറ പ്രേഷ്ഠശിഷ്യൻെറ വാക്കുകളിൽ ഞ്ഞാൽ "ദൈവം സ്നേഹമാകുന്നു" (യോഹ. 4: 16).

സൗമ്യനായ മിശിഹാ "ദൈവത്വത്തിൻെറ വ്യാഖ്യാതാവായി" (വി. അംബ്രോസ്) ഈ ഭൂമിയിൽ ആഗതനായി. അവിടുത്തെ ആഗമനത്തിനു മുമ്പു മനുഷ്യർ ദൈവത്തിൻെറ അനന്തപ്രതാപത്തേയും അഗാധജ്ഞാനത്തേയും നീതിയുടെ കാർക്കശ്യത്തേയുംപററി അറിഞ്ഞിരുന്നു; എന്നാൽ അവിടുത്തെ കരുണാതിരേകം അവർക്കു കേവലം അജ്ഞാതമായിരുന്നു (വി. ബർണ്ണാർഡ്). രക്ഷകനിൽ നീതിയും സമാധാനവും ഒന്നുപോലെ സമ്മേളിച്ചിരുന്നു. അതുവരെ തൻെറ സ്രഷ്ടാവിനെ ഭയന്നിരുന്ന മനുഷ്യൻ അങ്ങയെ സ്നേഹിക്കുവാൻ തുടങ്ങി. ഭൂമിയിലായിരുന്നപ്പോൾ ക്രിസ്തു സ്നേഹിക്കപ്പെട്ടു. ഇന്നും മററാരും സ്നേഹിക്കപ്പെട്ടിട്ടില്ലാത്തവിധം സ്നേഹിക്കപ്പെടുന്നു. അവിടുന്നു നമ്മുടെ ഹൃദയങ്ങളുടെ ആനന്ദമാകുന്നു. മാതൃകരങ്ങളിൽ വച്ചുതന്നെ ഒരു ശിശു ഈശോയെ സ്നേഹിക്കുവാൻ തുടങ്ങുന്നു. പ്രലോഭനങ്ങളാകുന്ന കൊടുങ്കാററ് ആഞ്ഞടിക്കുമ്പോൾ യുവതീയുവാക്കന്മാർ ആശ്രയം തേടുന്നത് ഈശോയുടെ ഹൃദയത്തിലാകുന്നു. അവർ തങ്ങളുടെ പോരാട്ടങ്ങളേയും പരാജയങ്ങളേയും അവിടുത്തെ അറിയിക്കുന്നു. തങ്ങളെ വിശുദ്ധരാക്കുവാൻ പാപപ്പൊറുതിയും തങ്ങൾക്കു മാർഗ്ഗനിർദ്ദേശം ചെയ്യുവാൻ ഉപദേശവും ആലംബമരുളുവാൻ ശക്തിയും അവർ യാചിക്കുന്നു. മദ്ധ്യവയസ്കർ അവിടുത്തെ തൃക്കാൽച്ചുവട്ടിൽ വിശ്രമിക്കുന്നു. തൻെറ അന്ത്യത്തെ സമീപിക്കുന്ന വയോവൃദ്ധനാകട്ടെ നിരാശതയും കദനഭാരവും നിറഞ്ഞ ഈ ലോകജീവിതത്തിലേക്കു തിരിഞ്ഞു നോക്കിയിട്ട്, തന്നെ ഒരിക്കലും ചതിച്ചിട്ടില്ലാത്ത ആ ഒരേ ഒരു സ്നേഹിതനോട് "ഇതാ ഞാൻ നിൻെറ പക്കലേക്കു വരുന്നു" എന്നു പറയുന്നു. അപ്പസ്തോലന്മാരുടെ തീക്ഷ്ണത, രക്തസാക്ഷികളുടെ ധീരത, കന്യകകളുടെ നിർമ്മലത — ഇവയുടെയെല്ലാം രഹസ്യം, "എൻെറ ഈശോയെ ഞാൻ സ്നേഹിക്കുന്നു" എന്ന വിശുദ്ധ സിസിലിയുടെ വാക്കുകളിൽ നമുക്കു സംക്ഷേപിക്കാം.

"ഓ! സവ്വശക്തനായ ദൈവപുത്രാ, മനുഷ്യർ നിന്നെ സ്നേഹിക്കുവാൻ പഠിക്കുന്നതിനുവേണ്ടി നീ മനുഷ്യനായിത്തീ ൎന്നുവല്ലോ. ഓ! മാധുര്യം നിറഞ്ഞ ഉണ്ണിയീശോയേ, നീ എന്നെ തേടിയാണ് ഈലോകത്തിലേയ്ക്കു് ആഗതനായതു്. .......................എൻെറ നിക്ഷേപവും ജീവനും സ്നേഹവും സവ്വസ്വവുമായ ഈശോയേ, എൻെറ ആത്മാപ്പണമാകുന്ന ഈ തിരുമുൽക്കാഴ്ച, നീ സ്വീകരിച്ചാലും. നിന്നെ സ്നേഹിക്കു ന്നതിനുവേണ്ടി മാത്രം ജീവിപ്പാൻ ഞാനാഗ്രഹിക്കുന്നു. നിന്നെ സ്നേഹിച്ചുകൊണ്ടു മരിപ്പാനും ഞാനഭിലഷിക്കുന്നു" (വി. അൽ ഫൊൻസുലിഗോരി).

# അദ്ധ്യായം 4.

## മനുഷ്യോദ്ധാരണം.

"കാൽവരിമല സാക്ഷാൽ സ്നേഹത്തിൻെറ വിദ്യാലയ മാകുന്നു. ഈശോ മനുഷ്യത്വത്തിൻെറ ഭിത്തിക്കു പിൻപിൽ മറഞ്ഞു നില്ക്കുകയാണ്. അവിടുത്തെ തിരുമുറിവുകൾ പിന്നൽ പ്പണിപോലെയാകുന്നു. അവിടുത്തെ സ്നേഹം അതിൻെറ സുഷി രങ്ങളിലൂടെ നമ്മെ വീക്ഷിക്കുന്നു" (വി. ഫ്രാൻസീസുസാലേസു്). "തൻെറ സ്നേഹിതന്മാക്കുവേണ്ടി സ്വജീവിനെ സമപ്പിക്കുന്ന തിനെക്കാൾ വലിയ സ്നേഹം ആക്കുമില്ല" (യോഹ. 15: 13). ഈ തിരുവാക്കുകളിൽ അവിടുത്തേയ്ക്കു നമ്മോടുള്ള സ്നേഹം എത്ര ഗാഢമാണെന്നു തെളിഞ്ഞുകാണാം. ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നു നമ്മെ അറിയിക്കുവാൻ ഈശോ മനുഷ്യ നായിട്ടു ഭൂമിയിലേയ്ക്കു വന്നു. "നാം വലിയ വിലകൊടുത്തു വാങ്ങപ്പെട്ടവരാണ്" (1. കൊറി. 6: 20).

### I സ്നേഹനിധിയായ നമ്മുടെ ദിവ്യരക്ഷകൻ.

ബോസ്വേ പറയുന്നു: "കരുണയും നീതിയും ദൈവ ത്തിൻെറ രണ്ടു കരങ്ങളാണ്. എന്നാൽ, കരുണയാണ് അവി

ടുത്തേ വലതുകരം. ആദ്യമായി പ്രവൎത്തിക്കവാൻ തുടങ്ങിയതും അതത്രേ." കരുണ എപ്പോഠം പ്രവൃത്ത്യുന്മുഖമായി? നിത്യയുഗങ്ങളിൽ കാലം, അഥവാ, സമയം ഉദയം ചെയ്യുന്നതിനു മുമ്പു തന്നെ അതു പ്രവൎത്തിക്കവാൻ തുടങ്ങി. നിത്യമായ ഒരു സ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചു (ഏറെമി. 31:3) എന്നു് സൎവ്വശക്തനായ ദൈവം തൻെറ ദീൎഘദൎശിവഴി തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളോടു പറഞ്ഞു. അതുകൊണ്ടാണു പ്രകൃതിയുടെ ദാനങ്ങളേയും, അവിടുത്തേ വരപ്രസാദത്തേയും സ്വീകരിക്കവാൻ അനൎഘമായ ഒരു പാത്രമെന്നോണം അവിടുന്നു ജീവനും ഹൃദയവും നമ്മിലോരോരുത്തൎക്കും പ്രദാനം ചെയ്തിരിക്കുന്നതു്. ഈ പാത്രമാകട്ടെ ഒടുവിൽ അങ്ങയുടെ ഏററം വലിയ ദാനമായ മഹിമ പ്രാപിക്കുന്നതിനു യോഗ്യമായിത്തീരേണ്ടിയിരിക്കുന്നു.

എന്നാൽ, കഷ്ടം! മനുഷ്യൻ ദൈവത്തിൻെറ കരുണയുടെ ഹസ്തത്താൽ നയിക്കപ്പെടുന്നതിനു സമ്മതിക്കുന്നില്ല. പ്രകാശത്തിനെതിരായി അവൻ പാപം ചെയ്തു. ദൈവസ്നേഹം അവനെ ആവരണം ചെയ്തിരുന്നിട്ടും അവൻ തിന്മ പ്രവൎത്തിച്ചു. അപ്പോഠം അതാ പാപിയെ ശിക്ഷിക്കവാൻ തൻെറ ഇതര ഹസ്തം — ബോസേ്വയുടെ ഭാഷയിൽ പറഞ്ഞാൽ — ഇടിവെട്ടലുകളെ പുറപ്പെടുവിക്കുന്ന ഹസ്തം — ദൈവം ഉയൎത്തി. നീതിനിഷ്ഠനായ വിധിയാളൻ അപരാധിയെ ശിക്ഷിക്കവാൻ ഒരുങ്ങിനിന്നു. എന്നാൽ, ദൈവം ഒരു പിതാവാകയാൽ, തൻെറ ഓമനസ്സന്താനമായ സൃഷ്ടിയിൽ അവിടുത്തേയ്ക്കു് അലിവുതോന്നി. എങ്കിലും നീതി നടത്തപ്പെടുകതന്നെ ചെയ്തു. പക്ഷെ, ശിക്ഷയുടെ അതികൎശമായ അംശം അനുഭവിച്ചതു പാപിയും ശിക്ഷാൎഹനുമായ മനുഷ്യനല്ല, അപരാധരഹിതനായ ഒരു "കുററക്കാര"നായിരുന്നു. സഹിക്കുന്നതിനു ശക്തനായ ഒരു മനുഷ്യൻ; വേണ്ടുവോളം പരിഹാരം ചെയ്യുവാൻ കഴിവുള്ള ഒരു ദൈവം; ദൈവത്തിൻേറയും മനുഷ്യൻേറയും മദ്ധ്യേ നില്ക്കുന്ന ഒരു നരദൈവം. ദൈവത്തിൻെറ പ്രതീകാരമാകുന്ന മഹാഭാരം ചുമലിൽ താങ്ങിയതു് ആ മഹാത്യാഗിയാണു്. ദൈവനീതി നിറവേറേണ്ടതിനു ക്രിസ്തു നിന്ദിതനായി;

ക്രിസ്തു യാതനയനുഭവിച്ചു; ക്രിസ്തു മരണമടഞ്ഞു; അവിടുന്നു
ദൈവതിരുമുമ്പാകെ ആത്മബലി സമർപ്പിച്ചു. ആകയാൽ ആദ
ത്തിന്റെ അധഃപതനംമുതൽ, ലോകാവസാനത്തോട് ഏററം
അടുത്ത മനുഷ്യൻ ചെയ്യുന്ന ഏററം ഒടുവിലത്തെ പാപം
വരെ, എല്ലാ പാപങ്ങളേയും രക്ഷകൻ ഏറെറടുത്തു. അതേ,
"ദൈവം തന്റെ പുത്രനോടുപോലും ക്ഷമിക്കാതെ നമുക്കേ
വക്കംവേണ്ടി അവനെ ഏല്പിച്ചുകൊടുത്തു. (റോമ്മാ. 8:32).
മുപ്പതു കൊല്ലത്തെ അദ്ധ്വാനംനിറഞ്ഞ അജ്ഞാതജീവിതത്തിനു
ശേഷം, മൂന്നു കൊല്ലത്തെ പ്രസംഗങ്ങറംക്കം, ജീവകാരുണ്യപര
മായ പ്രവൃത്തികറംക്കംശേഷം അതാ, നമ്മുടെ പാപഭാരവും
പേറി, തന്റെ പിതാവിന്റെ നീതിക്കു വിധേയനായി, ഭയവും
വ്യഥയും കലൎന്നവനായി, അങ്ങയെ ഒലിവുതോട്ടത്തിൽ നാം
കാണുന്നു. "അവിടുത്തെ ആത്മാവു മരിക്കുവാൻ തക്കവണ്ണം
ദുഃഖിതമായിരിക്കുന്നു" (മത്തായി 26:38). ഒരു ശിഷ്യൻ അങ്ങ
യെ ഒററിക്കൊടുത്തു; മറെറാരുവൻ അങ്ങയെ നിഷേധിച്ചു.
എല്ലാവരും അവിടുത്തെ ഉപേക്ഷിച്ചു. അവിടുന്നു ക്രൂരമായി
അടിക്കപ്പെട്ടു, നിന്ദിക്കപ്പെട്ടു, മുറംമുടി ധരിപ്പിക്കപ്പെട്ടു. അടിമ
കറംക്കുമാത്രം നല്കപ്പെടാറുള്ള ഒരു ശിക്ഷ ആ പാപഹാരിക്കു
നല്കപ്പെട്ടു. മൃദുലമായ ആ ശരീരം ഒരു വലിയ വ്രണംപോലെ
കാണപ്പെട്ടു. എന്നിട്ടും കരാളമായ കുരിശു ചുമക്കുവാൻ അവി
ടുന്നു നിർബന്ധനാകുന്നു. വൈരിവൃന്ദങ്ങളുടെ അകമ്പടിയോടു
കൂടി ഈശോ കാൽവരിമുകളിലേയ്ക്കു പോകുന്നു. ഹൃദയശൂന്യ
രായ പടയാളികറം അങ്ങയെ നിർദ്ദയം കുരിശിൽ തറയ്ക്കുന്നു.
മരണവേദനയാൽ ഞെളിപിരികൊള്ളുന്ന മനുഷ്യപുത്രൻ ദയ
നീയമായി ഒന്നു നിലവിളിക്കുന്നു. കഷ്ടാലും! അവിടുന്നു മരിച്ചു
കഴിഞ്ഞു. തന്റെ പീഡകളുടെ അവസരങ്ങളിലെല്ലാം അവി
ടുത്തെ ദൈവത്വം ഗോപനം ചെയ്യപ്പെട്ടിരുന്നു. പരിശുദ്ധ
മായ തന്റെ മനുഷ്യത്വത്തെയാകട്ടെ നിഷ്ഠുരമായ പീഡന
ങ്ങറംക്ക് അവിടുന്നു കയ്യാളിച്ചു. "ഈ ദിവ്യരക്തസാക്ഷി
ശരീരത്തിലും ആത്മാവിലും അനുഭവിച്ച വേദനകളെക്കുറിച്ചു
ധ്യാനിക്കുമ്പോറം, നമ്മുടെ കൎത്താവും രക്ഷകനുമായ ഈശോ
മിശിഹായുടെ ചിന്താതീതമായ വ്യാകുലതകളെ മനോനേത്ര

ങ്ങളാൽ ദശിക്കുമ്പോരം, നമ്മുടെ ഹൃദയം ഇളകാതിരിക്കുന്ന തെങ്ങനെ?" (വി. ഇഗ്നേഷ്യസ്). ഈശോ നമുക്കുവേണ്ടി പാപിയാകുവാൻ നിർബന്ധനായി. അതേ, നമുക്കു പ്രതിക്രൂല മായിരുന്ന നമ്മുടെ കടങ്ങളുടെ കൈച്ചീട്ടിനെ അവൻ മായിച്ചു കളഞ്ഞു. നിത്യജീവൻ വീണ്ടും നല്കുകയും ചെയ്തു."

"ഓറിയോറം" എന്നു പേരായ ഒരുതരം പക്ഷിയുടെ ഹൃദയസ്പൃക്കമായ കഥ വി. ഫ്രാൻസിസ്സുസാലേസു വർണ്ണിക്കുന്നുണ്ട്. അതിനെ ഒരു മരത്തിൽ ബന്ധിച്ചാൽ, മഞ്ഞപ്പിത്തം എന്ന രോഗം ശമിക്കുമെന്നു വിശ്വസിക്കപ്പെടുന്നു. ഈ സുഖക്കേടു ബാധിച്ചിട്ടുള്ള ആളിൻെറമേൽ അതു് ഉററുനോക്കിക്കൊണ്ടിരിക്കും. രോഗിയോടുള്ള അതിൻെറ അനുകമ്പ ഒന്നിനൊന്നു വദ്ധിച്ചുവരുകയും ക്രമേണ അതിൻെറ ചെറിയ ശരീരം മുഴുവൻ മഞ്ഞനിറം വ്യാപിക്കുകയും, രോഗിയുടെ ശരീരത്തിലെ മഞ്ഞനിറം കുറഞ്ഞു കുറഞ്ഞു് അവസാനം അയാരം പരിപൂർണ്ണസുഖം പ്രാപിക്കുകയും ചെയ്യുന്നു. തൻെറ സ്നേഹിതനുവേണ്ടി പ്രാണത്യാഗം ചെയ്യുവാൻ അവസരം ലഭിച്ചതിൽ അതിയായ ചാരിതാത്ഥ്യത്തോടേ സാധുവായ ആ ചെറുപക്ഷി മധുരമായ ഒരു സംഗീതം ആലപിച്ചുകൊണ്ടു് അന്തരീക്ഷത്തിൻെറ അനന്തതയിൽ പറന്നു മറയുന്നു. വിശുദ്ധൻ ഇപ്രകാരം ഉപസംഹരിക്കുന്നു. "പറുദീസായിലേ ഈ ദിവ്യപക്ഷി നമ്മുടെ കത്താവാകുന്നു. നിഷ്കളങ്കനായ അവിടുന്നു നമ്മുടെ പാപഭാരം ചുമക്കുകയും നാം സുഖം പ്രാപിച്ചതിലുള്ള സംതൃപ്തിയോടെ മരണമടയുകയും ചെയ്യുന്നു." "നമുക്കുവേണ്ടി സ്വജീവൻ വെടിഞ്ഞുകൊണ്ടു നമ്മുടെ കത്താവു തൻെറ സ്നേഹത്തിൻെറ അനേകം തെളിവുകരം ഇതാ നമുക്കു നല്കുന്നു" (വി. ത്രേസ്യാ). "നമ്മെ സൃഷ്ടിച്ചതിനു നാം അങ്ങയുടെനേക്കു് അതിയായ കൃതജ്ഞത പ്രകടിപ്പിക്കണമെങ്കിൽ അത്ഭുതകരമായവിധം നമ്മെ രക്ഷിച്ചതിന് എത്രയോമടങ്ങു കൂടുതൽ കൃതജ്ഞത അങ്ങേ നേക്കു പ്രദശിപ്പിക്കേണ്ടിയിരിക്കുന്നു" (വി. ബർണാർഡ്).

## II ഉദ്ധരിക്കപ്പെട്ട സൗഭാഗ്യവാനായ മനുഷ്യൻ.

നമ്മുടെ കർത്താവു സ്നേഹത്തെപ്രതി മരിച്ചു. വി. ഫ്രാൻസിസ് സാലേസ് പറയുന്നു: "ഒരു രാജകുമാരൻ പെട്ടെന്നു നാടുനീങ്ങിയാൽ മരണഹേതുവെന്തെന്നറിയുന്നതിന് അദ്ദേഹത്തിൻെറ ശരീരം പിളർന്നുനോക്കുക പതിവാണ്. ദുസ്സഹമായ വേദനമൂലമാണ്, നമ്മുടെനേർക്കുള്ള തൻെറ തിരുഹൃദയത്തിൻെറ സ്നേഹാതിരേകംമൂലമാണ്, ന. കർത്താവു മൃതിയടഞ്ഞതെന്നു നാമേവരും മനസ്സിലാക്കുന്നതിനു തൻെറ ഹൃദയം സ്ഥിതിചെയ്തിരുന്ന വിലാവിൻെറ ഭാഗം തുറക്കപ്പെട്ടു." കണ്ടാലും! നമ്മുടെ കടമെല്ലാം ഈശോ വീട്ടിയിരിക്കുന്നു. അതിനുവേണ്ടി അവിടുന്നു് എത്രമാത്രം പീഡകൾ സഹിച്ചു! എത്രമാത്രം നിന്ദാപമാനങ്ങൾക്ക് അവിടുന്നു പാത്രമായി. താൻ ചെയ്ത പ്രവൃത്തികളിൽ ഏററം ചെറിയതുകൊണ്ടുമാത്രം മനുഷ്യപരിത്രാണം നിവ്വഹിക്കുവാൻ ദിവ്യരക്ഷകനു കഴിയുമായിരുന്നു. എന്തുകൊണ്ടെന്നാൽ, അവിടുത്തെ പ്രവൃത്തികളെല്ലാം അനന്തമാംവണ്ണം വിലതീരാത്തവയാണ്. "തൻെറ സഹോദരന്മാരെപ്പോലെ" ആയിത്തീരുന്നതിന് ഇതു മതിയാകയില്ലെന്നു് അവിടുത്തേയ്ക്കു് അറിയാമായിരുന്നു. ആകയാൽ, "അവരുടെ ഹൃദയങ്ങളെ സ്പർശിക്കുന്നതിന് ഏററം പര്യാപ്തമെന്നു താൻ മനസ്സിലാക്കിയ ഒരു മർത്ത്യരക്ഷാപദ്ധതി ദൈവം തിരഞ്ഞെടുത്തു" (കാർഡിനൽ ബെല്ലാർമിൻ). രാജകീയവസ്ത്രങ്ങളണിഞ്ഞ് ഫറവോൻ രാജാക്കന്മാരുടെ ആഡംബരങ്ങളോടെ യൗസേപ്പു തൻെറ സഹോദരന്മാരുടെ മുമ്പിൽ നിന്നപ്പോൾ പ്രതാപവാനും എന്നാൽ അപരിചിതനുമായ ഒരു പ്രഭു മാത്രമായി അയാൾ അവൎക്കു കാണപ്പെട്ടു. എന്നാൽ, അശ്രുപൂൎണ്ണമായ നയനങ്ങളോടെ "നിങ്ങളുടെ സഹോദരനായ യൗസേപ്പാകുന്നു ഞാൻ" എന്നു പറഞ്ഞു് അവരെ ആലിംഗനം ചെയ്തപ്പോൾ, അവൻ തങ്ങളുടെ സ്വന്തം സഹോദരനാണെന്നു് അവർ മനസ്സിലാക്കി. ഇപ്രകാരംതന്നെയാണു കേവലം മർത്ത്യരായ നാമും നമ്മുടെ സഹോദരനായ ഈശോയെ തിരിച്ചറിയുന്നതു്. നമ്മൾ പ്രകൃത്യാ ബലഹീനരാണ്; നിസ്സാരന്മാരാണ്. നമ്മുടെ കര

വലയങ്ങളിലമരുവാൻ അവിടുന്നു സ്വയം സന്നദ്ധനാകുന്നു, തണുത്തു മരവിച്ച ആ കൊച്ചുകരങ്ങളെ നാം ചുംബിക്കുമ്പോഠം, ആ ദിവ്യശിശു വളൎന്നു ശക്തിപ്രാപിക്കുന്നതും ഒരു സാധാരണ മനുഷ്യനെപ്പോലെ ജീവിക്കുന്നതും വികാരാധീനനാകുന്നതും കരയുന്നതും ദുഃഖമനുഭവിക്കുന്നതും മനോനേത്രങ്ങളാൽ ദൎശിക്കുമ്പോഠം, അവിടുത്തെ തിരുമുറിവുകളേയും തിരുരക്തത്തേയും ദേഹിയെ വെടിഞ്ഞ ദേഹത്തേയുംകുറിച്ചു ധ്യാനിക്കുമ്പോഠം, ദൈവത്തെ നമ്മുടെ സഹോദരനാക്കിത്തീൎത്ത ഈ രഹസ്യങ്ങളുടെ യാഥാൎത്ഥ്യത്തെ സംശയിക്കുക നമുക്ക് അസാധ്യമാണ്" (Pere Monsabre)

എന്നാൽ നമ്മുടെ രക്ഷയ്ക്കായി അവിടുന്ന് എന്തെല്ലാം കഷ്ടതകഠം സഹിച്ചു! സ്നേഹത്തിൻെറ പ്രചോദനങ്ങഠംക്കു വശംവദനായി പ്രവൎത്തിക്കുന്നതിന് ഒരുങ്ങിക്കഴിഞ്ഞപ്പോഠം താൻ ദൈവമാണെന്നുള്ള വസ്തുത അവിടുന്നു വിസ്മരിച്ചുവോ എന്നുപോലും നമുക്കു തോന്നിപ്പോകുന്നു. നാമും തൻെറ അനന്ത സൗഭാഗ്യത്തിൻെറ പങ്കുകാരാകുന്നതിന് അവിടുന്ന് ആ സൗഭാഗ്യത്തെ പരിത്യജിച്ചു. മാത്രമല്ല, നമ്മുടെ ക്ലേശഭാരം ലഘൂകരിക്കുന്നതിന് അവിടുന്ന് അതിനെ ഏറെറടുത്തു; നമ്മെ വീണ്ടെടുക്കുന്നതിനു തന്നെത്തന്നെ ഒരടിമയായി ശത്രുക്കഠംക്കു സമൎപ്പിച്ചു. നാം മഹത്വം പ്രാപിക്കുന്നതിന് അവിടുന്നു നിന്ദാപമാനങ്ങഠം സഹിച്ചു. നാം സ്വൎഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതിന് അവിടുന്നു കുററക്കാരനെപ്പോലെ പാടുപെട്ടു നിന്ദ്യമായ മരണം കൈവരിച്ചു. "ഇവയെല്ലാം ഈശോ ചെയ്തിട്ടും, അചഞ്ചലനായി, അനുകമ്പാരഹിതനായി, ഒരുവൻ വൎത്തിക്കുന്നുവെങ്കിൽ, അവിടുത്തെ മഹത്വത്തിനും ബഹുമാനത്തിനുമായി ആത്മസമൎപ്പണം ചെയ്യുക സ്വജീവിതധൎമ്മമെന്നു മനസ്സിലാക്കുന്നില്ലെങ്കിൽ, തീൎച്ചയായും അവൻ ഊഹാതീതമാംവണ്ണം കൃതഘ്നനത്രേ; അവൻെറ ഹൃദയം കഠിനതമമെന്നേ പറയേണ്ടു" (വി. ഇഗ്നേഷ്യസ്). നമ്മുടെ ദിവ്യരക്ഷകൻെറ കഷ്ടാനുഭവങ്ങളേയും തിരുമുറിവുകളേയും കുരിശുമരണത്തേയും പററിയുള്ള സ്മരണയാണ് അവിടുത്തേനേക്ക് അപരിമിതമായ സ്നേഹം വിശുദ്ധന്മാൎക്കു പ്രദാനം ചെയ്തത്. വി. ത്രേസ്യാ കൎത്താവിൻെറ

കുരിശുരൂപത്തെ ദശിച്ച അവസരങ്ങളിലെല്ലാം ഹൃദയപാര വശ്യത്തോടേ സ്നേഹമസൃണമായ വാക്കുകറം ഉച്ചരിച്ചിരുന്നു. വി. മഗ്ഗരീത്താമറിയം പറഞ്ഞിരിക്കുന്നതുപോലെ ക്രൂശിക്കപ്പെട്ട സ്നേഹത്തേയും, സ്നേഹംമൂലം ക്രൂശിക്കപ്പെട്ട ആത്മാക്കളെയുമാണു മനുഷ്യോദ്ധാരണകമ്മത്തിൽ നാം ദശിക്കുന്നതു്.

ഓ! എൻെറ ആത്മാവേ, നിനക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട ഈ നരദൈവത്തെ നീ കണ്ടാലും. . . . . . നിനക്കു സ്വാഗതമരുളാനായി അവിടുത്തേ തൃക്കരങ്ങറം നിൻെറനേക്കു നീട്ടുന്നതു നോക്കുക. ശാന്തിയുടെ ഒരു ദിവ്യചുംബനത്താൽ നിന്നെ അനുഗ്രഹിക്കുന്നതിനു് അതാ അവിടുന്നു തല ചായ്ക്കുന്നു. നിന്നെ സ്വീകരിക്കുവാൻ ആ തിരുവിലാവു തുറക്കപ്പെട്ടിരിക്കുന്നു. നീ എന്തുപറയുന്നു? "ഞങ്ങളോടുള്ള അത്യധികമായ സ്നേഹംനിമിത്തം പീഡകറം സഹിച്ച ഈശോയേ, നിന്നെപ്പററിയുള്ള മധുരസ്മരണകറം എൻെറ ഹൃദയത്തിൽ എന്നേയ്ക്കും സജീവമായിരിക്കട്ടെ" (വി. അൽഫോൻസുലിഗോരി).

# അദ്ധ്യായം 5.

## പരിശുദ്ധ ത്രിത്വവുമായുള്ള നമ്മുടെ സ്നേഹസംസഗ്ഗം.

"അപ്പസ്തോലനായ വി. പൗലോസ് ദൈവത്തിൻെറ പ്രതാപത്തെക്കുറിച്ചു് എന്നതിനെക്കാറം അവിടുത്തേ നന്മയെക്കുറിച്ചു സംസാരിക്കുവാൻ അഭിലഷിക്കുന്നു"വെന്നു വി. യോഹന്നാൻ ക്രിസോസ്തോമോസ് പറയുന്നു. നമ്മുടെ ദിവ്യരക്ഷകൻ എന്നു ഭൂമിയിലേയ്ക്കു വരികയും ദൈവം മിശിഹാമൂലം നമ്മെ തന്നോടു രമ്യപ്പെടുത്തുകയും ചെയ്തുവോ അന്നു ദൈവവും തൻെറ പ്രത്യേകവരങ്ങറക്കു പാത്രമായ സൃഷ്ടികളും തമ്മിലുള്ള സ്നേഹബന്ധം നവീകരിക്കപ്പെട്ടു. വാഴ്ത്തപ്പെട്ട ത്രിത്വത്തിലേ

ഓരോ ആളിനോടുമുള്ള നമ്മുടെ ഉററബന്ധം പുനഃസ്ഥാപിതമായി. പരസ്പരസ്നേഹത്തിൻെറ ഈ സംസൎഗ്ഗത്തെ വി. ബൊനവെന്തുരാ ചുരുങ്ങിയ ഏതാനും വാക്കുകളിൽ വൎണ്ണിച്ചിരിക്കുന്നു: "പ്രസാദവരംവഴി നമ്മുടെ ആത്മാവു് ആദ്യം പിതാവിൻെറ പുത്രിയും രണ്ടാമതു ഈശോയുടെ മണവാട്ടിയും മൂന്നാമതു പരിശുദ്ധാത്മാവിൻെറ ആലയവുമായിത്തീൎന്നിരിക്കുന്നു."

## I നിത്യപിതാവുമായുള്ള നമ്മുടെ സ്നേഹസംസൎഗ്ഗം.

"പിതാവിനു നമ്മോടുള്ള സ്നേഹം എത്രയധികമെന്നു നോക്കുവിൻ. അവൻ നമ്മെ പുത്രന്മാരെന്നു വിളിക്കുകയും, നമ്മെ അങ്ങനെ ആക്കിത്തീക്കുകയും ചെയ്തുവല്ലോ" (യോഹന്നാൻ 3:1). പ്രകൃതിസിദ്ധമായ നമ്മുടെ ജീവിതത്തെക്കാൾ അനേകമടങ്ങു് ഉൽകൃഷ്ടമായ ഒരു ജീവിതത്തിനുള്ള നമ്മുടെ ജന്മാവകാശം ഈ വാക്കുകൾ സ്പഷ്ടമാക്കുന്നു. ദൈവത്തിൻെറ അപാരമായ സ്നേഹംമൂലമാണു നാം ഉണ്ടായിട്ടുള്ളതു്. സൃഷ്ടികളെന്നനിലയിൽ നാം അവനെ സേവിക്കണമെന്നു മാത്രമല്ലാ മക്കൾ പിതാവിനെ എന്നവണ്ണം നാം സ്നേഹിക്കണമെന്നുകൂടി അവൻ ആവശ്യപ്പെടുന്നു. നമ്മുടെ കത്താവു് ഈ അഭിലാഷത്തെക്കുറിച്ചു തുടൎച്ചയായി തൻെറ ശിഷ്യന്മാരോടു സംസാരിച്ചിട്ടുണ്ടു്. "അന്നോളം ലോകത്തിനു് അജ്ഞാതമായിരുന്ന നിത്യപിതാവിൻെറ തിരുനാമത്തെ" (ബോസ്വേ) വീണ്ടും വീണ്ടും ആവൎത്തിക്കുന്നതു് അവിടുത്തേയ്ക്കു് ആനന്ദകരമായിരുന്നു. "നിങ്ങൾക്കു് ഒരു പിതാവു മാത്രമേയുള്ളു — സ്വൎഗ്ഗസ്ഥനായ നിത്യപിതാവു്. 'ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ,' എന്നു നിങ്ങൾ പ്രാൎത്ഥിക്കുവിൻ. നിങ്ങളുടേയും എൻേറയും പിതാവിൻെറ പക്കലേയ്ക്കു ഞാൻ പോകുന്നു." "ദൈവം നമ്മുടെ പിതാവാണെങ്കിൽ, അവിടുന്നു ലോകത്തിലേ എല്ലാ പിതാക്കന്മാരെക്കാൾ നല്ലവനായിരിക്കണം" എന്നു വി. ത്രേസ്യാ പറയുന്നു. "അവിടുത്തെപ്പോലുള്ള ഒരു പിതാവായിരിക്കാൻ യഥാൎത്ഥത്തിൽ ആൎക്കും സാധിക്കുകയില്ല"

എന്നും "എല്ലാ പിതൃത്വത്തിന്റേയും മാതൃത്വത്തിന്റേയും മാതൃക" അവനിൽ നമുക്കു കാണുവാൻ കഴിയും എന്നും വി. ആഗുസ്തീനോസു പ്രസ്താവിക്കുന്നു. ഒരുവനെ അവന്റെ മാതാവു താലോലിക്കുന്നതുപോലെ നിന്നെ ഞാൻ ആശ്വസിപ്പിക്കും" (ഏശാ 66: 13).

## II പ്രസാദവരംവഴി മിശിഹായുമായുള്ള നമ്മുടെ സ്നേഹസംസർഗ്ഗം.

വി. പൗലോസ് ഈശോയെ "വളരെ സഹോദരന്മാരിൽ ഏകജാതൻ" (റോമ്മാ 8: 29) എന്നു വിളിക്കുന്നു. തന്റെ ശിഷ്യന്മാരെ സഹോദരന്മാരെന്നു വിളിച്ചപ്പോഴം നമ്മെത്തന്നെയാണു ദിവ്യരക്ഷകൻ സഹോദരന്മാരെന്നു വിളിച്ചതു്. ശവകുടീരത്തിങ്കൽവച്ചു വിശുദ്ധ സ്ത്രീകളോട് അവിടുന്നു് അരുളിച്ചെയ്തു: "നിങ്ങൾപോയി, മരിച്ചവരിൽനിന്നു ഞാൻ ഉയിർത്തുവെന്നു് എന്റെ സഹോദരന്മാരോടു പറയുവിൻ." "നാം ദൈവത്തിന്റെ പുത്രന്മാരാകയാൽ പിതാവുവഴിയും മാതാവുവഴിയും ക്രിസ്തു നമ്മുടെ സഹോദരനാണു്" (വി. ആഗുസ്തീനോസ്). അവിടുത്തെ തിരുവചനങ്ങൾ ഇതിനെ ബലപ്പെടുത്തുന്നു: "ആകയാൽ നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ; ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ . . . ." തന്നെയുമല്ല, തന്റെ മാതാവായ മറിയത്തെ നമുക്കു തന്നു കൊണ്ടു് എല്ലാ ക്രിസ്ത്യാനികളുടേയും പ്രാതിനിധ്യം വഹിച്ച വി. യോഹന്നാനോട് അവിടുന്നു പറയുന്നു: 'ഇതാ നിന്റെ അമ്മ'. ആകയാൽ തനിക്കും നമുക്കും സകലതും പൊതുവായിരിക്കണമെന്നു് ഈശോ ആഗ്രഹിക്കുന്നു.

ദിവ്യപ്രസാദവരത്തിന്റെ മഹാരഹസ്യത്തിലേയ്ക്കു നമുക്കല്പം കടന്നുനോക്കാം. നമ്മുടെ കുടുംബജീവിതത്തിലുള്ള എല്ലാ സ്നേഹബന്ധങ്ങളും താനും നാമും തമ്മിലുണ്ടായിരിക്കണമെന്നു ദൈവം ആഗ്രഹിച്ചു. ബോസ്വേ ഇപ്രകാരം പ്രസ്താവിക്കുന്നു: "ഈശോ ആത്മാക്കളുടെ മണവാളനാണെന്ന വസ്തുത ആദ്യമായി നമ്മെ ഗ്രഹിപ്പിക്കുന്നതു് വി. യോഹന്നാനാണു്.

ക്രിസ്തുനാഥൻ ആത്മാക്കളെ മണവാട്ടികളായി സ്വീകരിക്കുന്നു; പാരിതോഷികങ്ങൾകൊണ്ടും, നിഷ്കന്മഷമായ ആനന്ദംകൊണ്ടും അവരെ നിറയ്ക്കുന്നു. അവരിൽ അവിടുന്നു് ആനന്ദം കണ്ടെത്തുകയും അവർക്കു തന്നെത്തന്നെ അർപ്പിക്കുകയും ചെയ്യുന്നു." സുവിശേഷത്തിൽ പല സ്ഥലങ്ങളിലും മിശിഹാ തന്നെത്തന്നെ മണവാളൻ എന്നു വിളിക്കുന്നുണ്ടു്. "മററു നാമങ്ങൾ അങ്ങയുടെനേർക്കു ഭയം അല്ലെങ്കിൽ വിസ്മയം ആണു് എന്നിൽ ഉളവാക്കുന്നതു്. അവയുടെ മഹത്വം എന്നെ ഭയവിഹ്വലനാക്കുന്നു; അവയുടെ പ്രതാപം എന്നെ സംഭ്രമിപ്പിക്കുന്നു. എന്നാൽ, മണാളൻ എന്ന നാമധേയം എൻെറ ഹൃദയത്തെ വശീകരിക്കുന്നു. എൻെറ ആത്മാവിൻെറ സകല ശക്തിവിശേഷങ്ങളേയും ആകർഷിക്കുന്നു" (ഫാദർ ബിനെ എസ്. ജെ.). ഈ നാമം നമുക്കു് അത്യധികം ആശ്വാസപ്രദവും തനിക്കു് അത്യധികം മധുരകരവുമാകയാൽ, തൻെറ തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്കു് ആത്മാക്കളുടെ മണാളനായി പ്രത്യക്ഷപ്പെടുന്നതിൽ രക്ഷകൻ പലപ്പോഴും ആനന്ദം പ്രദർശിപ്പിച്ചിട്ടുണ്ടു്. "എന്നോടുകൂടി ആനന്ദിക്കുന്നതിനു് — സ്നേഹപൂർണ്ണനായ ഒരു ഭർത്താവു സ്വർഗ്ഗത്തിൽ ഭാര്യയുടെ സാന്നിദ്ധ്യത്തിൽ അനുഭവിക്കുന്ന എല്ലാ മധുരിമയും ആസ്വദിക്കുന്നതിനു് — എൻെറ ആത്മാവിൻെറ ഉള്ളറകളിലേയ്ക്കു് അവിടുന്നു് ആഗതനാകുന്നു" എന്നു വി. ജർത്രൂദ് പറയുന്നു. കൊർട്ടോണായിലെ വി. മർഗ്ഗരീത്തായോടു് അവിടുന്നു് ഒരിക്കൽ ഇപ്രകാരം അരുൾ ചെയ്തു: "നീ എൻെറ മണവാട്ടിയാകുന്നു; എന്തുകൊണ്ടെന്നാൽ എന്നെയല്ലാതെ മററാരെയും നീ സ്നേഹിക്കുന്നില്ല."

"ക്രിസ്തു നമ്മുടെ മണാളനാണു്; സ്നേഹിക്കപ്പെടുവാൻ അവിടുന്നു് ആഗ്രഹിക്കുകയും ചെയ്യുന്നു" (ബോസ്വേ). യഥാർത്ഥത്തിൽ അവിടുത്തെ മണവാട്ടിയായിരിക്കുന്ന ഒരാത്മാവിനു തൻെറ പ്രവൃത്തികളിലെല്ലാം ഒരേ ഒരു വിചാരവും ഒരേ ഒരു ലക്ഷ്യവുമേയുള്ളു — അതായതു്, ഈശോമാത്രം. "അവിടുന്നു് അപാരമായ സ്നേഹതീക്ഷ്ണതയോടേ നമ്മെ സ്നേഹിക്കുവാനും, നമ്മാൽ സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നു. മണാളൻ എന്ന നാമത്തിൻെറ മാധുര്യംകൊണ്ടു മാത്രമേ, ആ സ്നേഹത്തെ

നിവ്ചിക്കുവാൻ നമുക്കു നിവൃത്തിയുള്ളൂ. നമ്മുടെ സ്നേഹം മുഴുവനേയും, നമ്മുടെ ഹൃദയം മുഴുവനേയും അവിടുന്ന് ആവശ്യപ്പെടുന്നു" (വി. ത്രേസ്യാ).

## III പ്രസാദവരംവഴി പരിശുദ്ധാത്മാവിനോടുള്ള സ്നേഹസംസർഗ്ഗം.

"ഞാൻ എൻെറ പിതാവിനോടു ചോദിക്കും. നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു പാറക്ക്ലേത്തായെ അവൻ നിങ്ങൾക്കു തരും" (യോഹ. 14:16) എന്നു നമ്മുടെ കർത്താവ് അരുൾചെയ്തു. സൃഷ്ടികൾ സൃഷ്ടങ്ങളായ ദാനങ്ങളെ യാചിക്കുന്നു. ഈശോ സൃഷ്ടികൾക്കായി പിതാവിൽനിന്ന് അസൃഷ്ടമായ ഒരു ദാനത്തെ യാചിക്കുന്നു. അവിടുത്തെ പ്രാർത്ഥനയുടെ ഫലമായിട്ടാണു നാം പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ സ്വീകരിക്കുന്നത്. ആകയാൽ, പരിശുദ്ധാത്മാവ് ഈശോയുടെ ദാനമായി നമ്മുടെ പക്കലേയ്ക്ക് എഴുന്നള്ളുന്നു. "ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ചൊരിയുന്നതിനായി" (റോമ്മാ. 5:5) പരിശുദ്ധാത്മാവു സ്വയമായും നമ്മുടെ പക്കലേയ്ക്ക് ആഗതനാകുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, "അവിടുന്നു പിതാവിൻേറയും പുത്രൻേറയും മാധുര്യമാകുന്നു. അവിടുന്ന് ഉദാരവും ഫലദായകവുമായ തൻെറ മഹാദാനങ്ങളെ എല്ലാ സൃഷ്ടികളുടെമേലും ചൊരിയുന്നു" (വി. ആഗുസ്തീനോസ്). സഭാപിതാക്കന്മാരിൽ ഒരാളായ വി. സിറിൽ പറയുന്നതിപ്രകാരമാണ്: "മനുഷ്യൻ ശരീരത്തോടും ആത്മാവോടും കൂടിയവനാണ്. എന്നാൽ, ഒരു ക്രിസ്ത്യാനിയാകട്ടെ ശരീരത്തോടും ആത്മാവോടും പരിശുദ്ധാരൂപിയോടുംകൂടിയവനാകുന്നു."

വി. പൗലോസു പറയുന്നു: "ദൈവത്തിൻെറ അരൂപി നിങ്ങളിൽ വസിക്കുന്നു. നിങ്ങളുടെ ശരീരങ്ങൾ സജീവനായ ദൈവത്തിൻെറ ആലയങ്ങളാണ്." "ദൈവം തൻെറ പ്രസാദവരംവഴി പ്രത്യേകമായവിധത്തിൽ ഏററം ഗാഢമായി നീതിമാൻെറ ആത്മാവിൽ സന്നിഹിതനായിരിക്കുന്നു. ആകയാൽ,

ഒരു സ്നേഹിതനു തൻെറ ഉററമിത്രത്തോടുള്ള സ്നേഹബന്ധത്തെക്കാറം ദൃഢമായ ഒരു സ്നേഹബന്ധം ആത്മാവിനെ ദൈവത്തോടു യോജിപ്പിക്കുന്നു. അങ്ങനെ പ്രസ്തുതാത്മാവു മാധുര്യത്തിൻെറ പൂർണ്ണതയിൽ അങ്ങയെ ആസ്വദിക്കയും ചെയ്യുന്നു" (ലെയോ. 13–ാമൻ). യഥാർത്ഥമായ ഈ സ്നേഹബന്ധം — പരിശുദ്ധ ത്രിത്വം മുഴുവൻേറയും സാന്നിദ്ധ്യത്തോടുകൂടിയുള്ള ഈ പാവനബന്ധം — പരിശുദ്ധാത്മാവുമൂലമാണ് ഉണ്ടാകുന്നതു്. ഈ വിശ്വാസസത്യം ആദിമക്രിസ്ത്യാനികറക്ക് അജ്ഞാതമായിരുന്നില്ല. ലയോനിദസ് തൻെറ ജ്ഞാനസ്നാനം ചെയ്യപ്പെട്ട കുട്ടി കിടന്നിരുന്ന തൊട്ടിയുടെ സമീപം മുട്ടുകുത്തി, പരിശുദ്ധാത്മാവ് എഴുന്നള്ളിവസിക്കുന്ന അതിൻെറ മാറിൽ ചുംബിക്കുക പതിവായിരുന്നു. വിശ്രുതവിശുദ്ധനായ ആർസീലേ വികാരിയുടെ വാക്കുകറം ശ്രദ്ധാർഹങ്ങളാണ്: "റോസപ്പുഷ്പങ്ങളാൽ അലംകൃതമായ ഒരു ശയ്യയിലെന്നവണ്ണം പവിത്രാത്മാവ് ഒരു നിർമ്മലാത്മാവിൽ വിശ്രമിക്കുന്നു. ഈ ദിവ്യാരൂപി നിവസിക്കുന്ന ആത്മാവിൽനിന്ന് അതിമധുരമായ ഒരു പരിമളം, പുഷ്പിതമായ മുന്തിരിച്ചെടിയുടെ സുഗന്ധം എന്നതുപോലെ നിർഗ്ഗളിക്കുന്നു." "ദൈവം നിങ്ങളിൽ സത്യമായി വസിക്കുന്നുവെന്ന് എല്ലാവരും അറിയുന്നതിനുവേണ്ടി, പരിശുദ്ധാത്മാവിൻെറ ആലയമായ ശരീരങ്ങളോടുകൂടിയവക്കു യോജിച്ചവിധം ജീവിക്കുവാൻ നിങ്ങറം പ്രത്യേകം ശ്രദ്ധിക്കുവിൻ" എന്നുള്ള വി. സിപ്രിയാനോസിൻെറ ഉപദേശം ചിന്താർഹമാണ്.

ഇപ്രകാരമുള്ള സത്യങ്ങളെക്കുറിച്ച് ഇക്കാലത്തു ചിന്തിക്കുന്നവർ വളരെ വിരളമല്ലയോ? വിശുദ്ധരെ സൃഷ്ടിക്കുന്ന പരിശുദ്ധാത്മാവു നമുക്കു മിക്കവാറം അജ്ഞാതനായിത്തീന്നിരിക്കുന്നു. പിതാവും പുത്രനും സ്നേഹിക്കുന്നതുപോലെ അവിടുന്നും നമ്മെ വാസ്തവമായി സ്നേഹിക്കുന്നുണ്ട്. അവിടുന്നു തൻെറ ആലയങ്ങളായ നമ്മെ സ്നേഹിക്കുന്നു. തൻെറ വിശുദ്ധരെ അവിടുന്നു വിശേഷവിധം സ്നേഹിക്കുന്നു. ഒരു വിശുദ്ധൻ, അതായതു്, നീതിപൂർവ്വം ജീവിക്കുന്ന ഒരുവൻ, പരിശുദ്ധാത്മാവിൻെറ ഉററസ്നേഹിതനാണ്. ആർസിലേ വികാരിയുടെ വാക്കുകളിൽ പറഞ്ഞാൽ, പവിത്രാത്മാവും നീതിമാനും സ്നേഹബന്ധത്തെ

യാതൊരു കോട്ടവുംതട്ടാതെ പുലത്തുന്ന രണ്ടു് ആപ്തമിത്രങ്ങളാണ്. പരിശുദ്ധാത്മാവു തൻെറ അമേയമായ സ്നേഹത്തെ ചില അവസരങ്ങളിൽ വെളിപ്പെടുത്താറുണ്ടു്. വി. ആഞ്ചെലായോടു് അവിടുന്നു് ഇപ്രകാരമാണു് അരുൾചെയ്തതു്: "എൻെറ വാത്സല്യഭാജനമേ, എൻെറ മകളേ, എൻെറ ആലയമേ, എന്നെ സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ, നീ എന്നെ സ്നേഹിക്കുന്നതിനെക്കാൾ വളരെയധികം ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുകയും നിന്നിൽ എൻെറ വാസമുറപ്പിക്കുകയും ചെയ്യുന്നു. നിന്നിൽ ഞാൻ വിശ്രമമടയുന്നു. ഇതിനു പകരമായി നീ എന്നിൽ വസിക്കുകയും വിശ്രമിക്കുകയും ചെയ്യുക."

ലെയോ പതിമൂന്നാമൻ തിരുമനസ്സുകൊണ്ടു പ്രസ്താവിക്കുന്നു: "നാം പരിശുദ്ധാത്മാവിനെ സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ, അവിടുന്നു ദൈവമാകുന്നു. യുഗങ്ങൾക്കപ്പുറമുള്ള സ്നേഹമാണു് അവിടുന്നു്" — അനന്തമായ, സാരവത്തായ സ്നേഹം. എണ്ണമററ അനുഗ്രഹങ്ങൾ അവിടുന്നു നമ്മുടെമേൽ വർഷിച്ചിരിക്കുന്നതിനാൽ വളരെയധികം അങ്ങയെ സ്നേഹിക്കുവാൻ നമുക്കു കടമയുണ്ടു്. തിരുസ്സഭ ഇമ്പമേറിയ നാമധേയങ്ങളാൽ അവിടുത്തെ അഭിസംബോധന ചെയ്തുകൊണ്ടു് അനുഗ്രഹങ്ങളപേക്ഷിക്കുന്നു: ദരിദ്രരുടെ പിതാവേ, എഴുന്നള്ളി വരിക. എല്ലാ ദാനങ്ങളും നല്കുന്നവനേ, എഴുന്നള്ളി വരിക. ഞങ്ങളുടെ ഹൃദയങ്ങളുടെ പ്രകാശമേ, ഏററം നല്ല ആശ്വാസപ്രദനേ, ആത്മാവിനു മാധുര്യമുള്ള വിരുന്നേ, എഴുന്നള്ളിവരിക. അവൾ സുകൃതങ്ങളുടെ ഫലവും സന്മരണവും അനന്തസൗഭാഗ്യവും അങ്ങയോടു യാചിക്കുന്നു."

"എൻെറ ദിവ്യനാഥാ, ജ്ഞാനസ്നാനം സ്വീകരിച്ച എൻെറ ആത്മാവിൻെറ അവാച്യമായ മാഹാത്മ്യം മനസ്സിലാക്കുന്നതിനു് അങ്ങുന്നു് എന്നെ സഹായിക്കണേ. ദൈവം എന്നിൽ സന്നിഹിതനായിരിക്കുന്നു. ദിവ്യരക്ഷകൻ എന്നിൽ സന്നിഹിതനായിരിക്കുന്നു. പരിശുദ്ധാത്മാവു് എന്നിൽ സന്നി

ഹിതനായിരിക്കുന്നു. സ്നേഹത്തിൻെറ അരൂപീ, വന്നാലും! എൻെറ ഗ്രഹണശക്തിയുടെ ഉള്ളിലേയ്ക്കു നീ പ്രവേശിക്കുക. എന്നിൽ ഈശോയുടെ ദിവ്യവെളിച്ചം വിളങ്ങുമാറാകട്ടെ. ഈശോയുടെ പരിശുദ്ധി എന്നിൽ ഭരണം നടത്തട്ടെ" (മോൺ. സെഗ്ഗൂർ).

# അദ്ധ്യായം 6.

## ദൈവഭയം.

ഒരിക്കൽ ഒരദ്ധ്യാപകൻ ഭക്തിസംവർദ്ധകങ്ങളായ സമ്മാനങ്ങൾ സ്കൂളിൽ വിതരണം ചെയ്തു. ഒരു കൊച്ചുകുട്ടിക്ക് ഒരു കരിശുരൂപം കിട്ടി. അവൻ അതിന്മേൽ സൂക്ഷിച്ചുനോക്കിയിട്ടു പൊടുന്നനവെ വിളിച്ചു പറഞ്ഞു: "സാറേ, 'നല്ല ദൈവത്തി'ൻെറ 'നന്നായി നിർമ്മിക്കപ്പെട്ട' ഒരു രൂപം ഞങ്ങൾക്കു തരിക." ഇപ്രകാരംതന്നെ, "എല്ലാ മനുഷ്യരും ഒരു നല്ലദൈവത്തെ ആഗ്രഹിക്കുന്നു. അതേ, അവിശ്വാസം നമ്മിൽ ഉളവാക്കുന്ന ഒരു ദൈവത്തെയല്ല, ശരണം നമ്മിൽ ഉദ്ദീപിപ്പിക്കുന്ന ഒരു ദൈവത്തെ" (വി. ഇഗ്നേഷ്യസ്). ശത്രുവായ ഒരു മനുഷ്യൻ ദൈവനീതിയുടെ കാക്ശ്യത്തെ പർവ്വതീകരിക്കുന്നു. വി. തോമ്മാമല്ലാൻ ഈ ആശയത്തെ യഥാർഹം വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "ദൈവം നീതിമാനാകയാൽ അങ്ങയെ ഞാൻ ഭയപ്പെടുന്നു; അവിടുന്നു നല്ലവനാകയാൽ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അവിടുത്തെ മാധുര്യത്തെപ്പററിയുള്ള ചിന്തയാൽ എൻെറ ആത്മാവു മതിമറക്കുന്നു." ആകയാൽ, രണ്ടു സംഗതികൾ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകണം: അതായതു്, ആദ്യമായി, നാം ദൈവത്തെ ഭയപ്പെടുകയല്ല വേണ്ടതു്; രണ്ടാമതായി, യഥാൎത്ഥമായ ദൈവഭയം നമ്മെ ദൈവസ്നേഹത്തിലേയ്ക്കു നയിക്കുന്നുവെന്നു നാം ധരിച്ചിരിക്കണം.

## I ദൈവത്തെ നാം ഭയപ്പെടുകയല്ല വേണ്ടതു്.

ബോസ്വേ പ്രസ്താവിക്കുന്നു: "മനുഷ്യന്റെ അധഃപതനംമൂലം നാമെല്ലാവരും ദൈവശാപത്തിനു വിധേയരായിത്തീൎന്നു. അതുമുതൽ ദൈവികകാൎയ്യങ്ങളെക്കുറിച്ച് ഒരു ഭയം മനുഷ്യന്റെ മനസ്സിൽ കടന്നുകൂടിയിട്ടുണ്ടു്. ഈ ഭയം പ്രത്യാശാപൂൎവ്വം ദൈവത്തെ സമീപിക്കാൻ മാത്രമല്ല, പ്രകൃത്യതീതമായ ഏതൊന്നിന്റെയും ശ്രവണംപോലും നമ്മിൽ ഭീതി ജനിപ്പിക്കയും ചെയ്യുന്നു." "ആദമേ, നീ എവിടെ?" എന്ന ചോദ്യം ദൈവം തങ്ങളോടുതന്നെയും ആവൎത്തിക്കുന്നതായി പലരും വിചാരിച്ചുപോകുന്നു. അവർ ഉടനെ ഭയചകിതരായി ഓടിയൊളിക്കുന്നു. ഈ ഭയമാണു ഭക്തികൃത്യങ്ങളിൽ, വിശിഷ്യ, ദിവ്യകാരുണ്യസ്വീകരണത്തിൽ അവരെ പരാങ്മുഖരാക്കുന്നതു്. ഇത്തരം ആത്മാക്കൾ ഭയമാകുന്ന തളൎവാതരോഗത്താൽ ബാധിതരായിരിക്കുന്നുവെന്നു വി. ജർത്രൂദ പറയുന്നു.

"മനുഷ്യൻ എപ്പോഴും തനിക്കെതിരായും ദൈവത്തിന്റെ നന്മക്കെതിരായും ന്യായാന്യായവിവേചനം ചെയ്യുന്നു" (ബോസ്വെ). അമിതമായ ഭയം സ്നേഹത്തിലേക്കല്ല, അകൽച്ചയിലേക്കാണു നമ്മെ നയിക്കുന്നതു്. വി. ഫ്രാൻസിസ് സാലെസ് പറയുന്നു: "സ്നേഹം അടിമകളേയോ ബന്ധിതരേയോ അല്ല ആവശ്യപ്പെടുന്നതു്. ദൈവം കാളകളേയോ പോത്തുകളേയോ എന്നപോലെ ഇരുമ്പുചങ്ങലകൾകൊണ്ടു നമ്മെ തന്റെ പക്കലേക്കു വലിക്കുന്നില്ല; പിന്നെയോ, മനുഷ്യഹൃദയത്തെ ആകൎഷിക്കുന്ന മധുരമായ, സ്നേഹമസൃണമായ, കാരുണ്യനിർഭരമായ ബന്ധങ്ങളാലാണു്." ആത്മാക്കളെ നാം ഇടുങ്ങിയതാക്കാതെ അവയ്ക്കു സ്വതന്ത്രമായ വികാസം നല്കണം. ഭയം ദുഃഖത്തിലും വിശ്വാസരാഹിത്യത്തിലും നിരാശതയിലും അവസാനിക്കുന്നു. സ്നേഹമാകട്ടെ ഹൃദയംഗമമായ ഭക്തിയെ ജനിപ്പിക്കുകയും വീരോചിതമായ ത്യാഗങ്ങൾ അനുഷ്ഠിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. "ഈശോ എല്ലാവസ്തുക്കളെക്കാൾ സ്നേഹിക്കപ്പെടുവാൻ അഭിലഷിക്കുന്നു. അവിടുന്നു് എല്ലാ നന്മകളുടേയും കേന്ദ്രമാണു്. ഭയത്തിന്റെ ലാഞ്ഛനപോലും അങ്ങു്

ഇഷ്ടപ്പെടുന്നില്ല. നാം ധൈര്യമുള്ളവരായിരിക്കുവാനാണ് അങ്ങ് ആഗ്രഹിക്കുന്നത്" (Ven. M. Marie de Sales). "മിശിഹായിലുള്ള പൂർണ്ണവിശ്വാസമാണ് അങ്ങയെ സംബന്ധിച്ചുള്ള മറേറതു മനോഗതങ്ങളേയുംകാൾ അവിടുത്തേയ്ക്കു ബഹുമാനകരം" (Ven. Colombiere).

## II യഥാർത്ഥമായ ദൈവഭയം ദൈവസ്നേഹത്തിലേയ്ക്കു നമ്മെ നയിക്കുന്നു (വി. ഹിലാരി).

"എങ്കിലും അതിപ്രതാപവാനായ ദൈവത്തിൻെറനേർക്കു യഥാർത്ഥമായ ഒരു ഭയം നമുക്കുണ്ടായിരിക്കേണ്ടതാണ്. ഒരുവന് അടിമസ്ഥ്ടുത്ത ഭയംപോലും, അതിലും ഉൽകൃഷ്ടവും ഉപകാരപ്രദവുമായ മറെറാന്നിനും അയാൾ പ്രാപ്തനല്ലാത്ത പക്ഷം, ചാവുദോഷം ചെയ്യാതിരിക്കുന്നതിനു തീർച്ചയായും പ്രേരകമായിരിക്കും. ഇങ്ങനെ ചാവുദോഷത്തിൽനിന്ന് ഒഴിഞ്ഞുകഴിഞ്ഞാൽ പിന്നെ, പുത്രസഹജമായ സ്നേഹം അവനിൽ താനേ ഉണ്ടായിക്കൊള്ളും" (വി. ഇഗ്നേഷ്യസ്). "സ്നേഹം തിന്മയിൽനിന്നു നിന്നെ പിന്തിരിപ്പിക്കുന്നില്ലെങ്കിൽ നരകത്തെപ്പററിയുള്ള ഭയമെങ്കിലും നിന്നെ നിയന്ത്രിക്കുന്നതു നല്ലതാകുന്നു" (ക്രിസ്താനുകരണം). പരിശുദ്ധമായ ഭയത്താൽ കാത്തുരക്ഷിക്കപ്പെടുമ്പോൾ ദൈവസ്നേഹം കൂടുതൽ പരിപുഷ്ടമാകയും, കൂടുതൽവേഗം വളർന്നുവരികയും ചെയ്യുന്നു എന്നു ബോസ്വേപ്രസ്താവിക്കുന്നു.

ആദ്ധ്യാത്മിക ജീവിതമുറകളിൽ അപാരമായ ജ്ഞാനം സമ്പാദിച്ച വിശ്രുതവിശുദ്ധൻ ഇഗ്നേഷ്യസ് പറയുന്നു: "ദൈവത്തിൻെറ കരുണ ശത്രു എനിക്കു കാണിച്ചുതരുമ്പോൾ ദൈവത്തിൻെറ നീതി അവനു ഞാൻ കാണിച്ചുകൊടുക്കും." വിശ്വാസമില്ലായ്മയും ഭയവും നമ്മിൽ പലരേയും ബാധിച്ചിട്ടുണ്ട്. അതിനാൽ, നമുക്ക് ഈ വിദഗ്ദ്ധോപദേശത്തിൻെറ ഇതരഭാഗം കൂടി നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാം: "നേരേമറിച്ചു ദൈവനീതി എൻെറ മുമ്പിൽ ശത്രു പ്രത്യക്ഷപ്പെടുത്തിയാൽ ഉടനെ ദൈവത്തിൻെറ കരുണ അവനു ഞാൻ കാണിച്ചുകൊ

ടുക്കാം." ഈ ഉപദേശം നമുക്ക് ഉത്തേജനം നല്കട്ടെ. ഇങ്ങനെ "ദൈവസ്നേഹത്തോട് അഭേദ്യമായി ബന്ധപ്പെട്ടിട്ടുള്ളതും അങ്ങേയ്ക്കു് ഏററം പ്രിയംകരവുമായ പുത്രന്നടുത്ത ഭയം നമുക്കു സമ്പാദിക്കാം."

മക്കാംക്കടുത്ത ഭയം നമ്മിലുണ്ടെങ്കിൽ, പരിശുദ്ധാത്മാവിൻെറ പ്രത്യേകവരംവഴി നാം നമ്മുടെ പിതാവായ ദൈവത്തോടു ശിശുസഹജമായ ബഹുമാനവും സ്നേഹഭരിതമായ വഴക്കവും ഉള്ളവരായിത്തീരും. പാപം ദൈവത്തിന് അനിഷ്ടമാകയാൽ അതിൽനിന്നു് ഓടിയകലുന്നതിനും ഈ പ്രത്യേകവരം നമ്മെ സഹായിക്കും. ഒരടിമ ശിക്ഷയേയും ഒരു കൂലിക്കാരൻ തൻെറ കൂലിയുടെ നഷ്ടത്തേയും ഭയന്നു് യജമാനനെ സ്നേഹിക്കുന്നു. എന്നാൽ, ഇപ്രകാരമല്ല സ്നേഹപൂർണ്ണനായ നിത്യപിതാവിൻെറ മക്കളായ നാം അങ്ങയോടു പെരുമാറേണ്ടതു്. "നിത്യശിക്ഷയ്ക്കു വിധേയരാകുമെന്നോ പറുദീസാ നഷ്ടപ്പെട്ടേയ്ക്കുമെന്നോ ഉള്ള ഭയമല്ല നമ്മുടേതു്. ഇത്ര കരുണാസമ്പന്നനും മാധുര്യവാനും സ്നേഹനിധിയുമായ നമ്മുടെ പിതാവിന് അപ്രീതിയുണ്ടാകത്തക്കവണ്ണം പ്രവർത്തിച്ചേക്കുമോ എന്നതിലാണു നമ്മുടെ ഭയം. ഈ ഭയമാകട്ടെ അങ്ങയിലുള്ള നമ്മുടെ വിശ്വാസവുമായി സങ്കലിതമായിരിക്കുന്നു. ആകയാൽ, ഇതു വാസ്തവത്തിൽ സന്തോഷപ്രദവുമാണ്" (വി. ഫ്രാൻസീസ് സാലെസ്). "ദൈവഭയം ജ്ഞാനത്തിൻെറ ആരംഭമാകുന്നു" (സങ്കീ. 110: 10). എന്നാൽ, ജ്ഞാനത്തിൻെറ പരിപൂർണ്ണത സ്നേഹത്തിലാണ് അടങ്ങിയിരിക്കുന്നതു്. വി. അപ്പസ്തോലൻെറ വാക്കുകളിൽ പറഞ്ഞാൽ: "നിയമം നിവർത്തിക്കുക എന്നതാകുന്നു സ്നേഹം" (റോമ്മാ 13: 10).

സ്നേഹപൂർണ്ണമായ ഈ ഭയം നമ്മിലുണ്ടെങ്കിൽ നമ്മുടെ നല്ലദൈവത്തിൻെറ ആഗ്രഹങ്ങാംക്കനുസൃതമായി നാം പ്രവർത്തിക്കും. അപ്പോാം നമ്മുടെ രക്ഷയുടെ കാര്യം തീർച്ചയാവും. നമ്മുടെ ദിവ്യനാഥൻെറ തിരുഹൃദയം നമുക്കു ഭദ്രമായ അഭയസ്ഥാനമായിത്തീരും. നമ്മുടെ അന്തരാത്മാവിൽ നാം ദർശിച്ചുകൊണ്ടിരിക്കുന്ന സത്യദൈവം നമുക്ക് ഏററം സുപരിചിതനാണ്. അങ്ങയെ ഭയപ്പെടുക നമുക്ക് ആവശ്യകമത്രേ. അങ്ങ

യെ പാപംമൂലം ഉപദ്രവിക്കുവാൻ നാം ഭയപ്പെടണം. എന്നാൽ, അവിടുത്തെ സ്നേഹദാസന്മാരായിരിക്കുവാൻ നാം ആഗ്രഹിക്കയും വേണം. ഈ സ്നേഹബന്ധം ദൈവത്തിനും നമുക്കും ഒന്നുപോലെ ആനന്ദകരമാണ്. ദൈവത്തിൻെറ സുന്ദരചരായ നമ്മുടെ ആത്മാവാകുന്ന കണ്ണാടിയിൽ പ്രതിഫലിച്ചു നമ്മുടെ ഉൾക്കണ്ണുകൾക്കു ഗോചരീഭവിക്കുന്നു. അതേ, അങ്ങയുടെ പ്രതിരൂപംതന്നെയാണു നമ്മുടെ ആത്മാവിൽ നാം ദർശിക്കുന്നത്. അവിടുന്നു സാക്ഷാൽ നമ്മുടെ ദൈവമാകുന്നു. നാം അങ്ങയെ സ്നേഹിക്കുന്നു. സദാ കരുണാനിരതനായി, സദാ ശാന്തനായി, സദാ സ്നേഹപൂർണ്ണനായി ഇതേ രൂപത്തിൽത്തന്നെ ഈശോ തൻെറ ഭൗമികജീവിതകാലത്തു പരിശുദ്ധ മാതാവിനും ആട്ടിടയന്മാർക്കും വി. യോഹന്നാനും മഗ്ദലേനാമറിയത്തിനും കാണപ്പെട്ടു.

"വാനാരൂപികൾ ദൈവത്തെ അറിയുന്നതുപോലെ നാമും അങ്ങയെ അറിഞ്ഞിരുന്നെങ്കിൽ, അവർ സ്നേഹിക്കുന്നതുപോലെ നാമും അങ്ങയെ സ്നേഹിക്കുമായിരുന്നു" (വി. ഫ്രാൻസിസ് അസീസി). "അനന്തനന്മ എത്ര കൂടുതലായി അറിയപ്പെടുന്നുവോ അത്ര കൂടുതലായി അതു സ്നേഹിക്കപ്പെടുന്നു" (ലെയോ പതിമൂന്നാമൻ). "സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല" എന്നുള്ള വി. യോഹന്നാൻെറ വാക്കുകൾ തികച്ചും അന്വർത്ഥമാണ്. എങ്കിലും അങ്ങയുടെ മാധുര്യം തുളുമ്പുന്ന മോഹനവദനത്തിൻെറ ചില നേരിയ നിഴലുകൾ മാത്രമേ ഈലോകജീവിതത്തിൽ നമുക്കു ദർശിക്കുവാൻ സാധിക്കയുള്ളു. ഒരിക്കൽ ഒരു വലിയ ചിത്രകലാവിദഗ്ദ്ധൻ ഏതോ കഠിനമായ രോഗത്തിനു വിധേയനായി. അന്ത്യകൂദാശകൾ നല്കിയതിനു ശേഷം പുരോഹിതൻ രോഗിയുടെ കൈയിൽ ക്രൂശിതരൂപം ചുംബിക്കുന്നതിനു നല്കി. പെട്ടെന്നു ചിത്രകലാചൈതന്യം അദ്ദേഹത്തിൽ ഉണർന്നു. ക്രൂശിതനായ തൻെറ ദൈവത്തെ നിർനിമേഷനായി കുറേനേരം സൂക്ഷിച്ചു നോക്കിയതിനുശേഷം തല കുനിച്ചുകൊണ്ട് അദ്ദേഹം വിമ്മി വിമ്മിക്കരയുവാൻ തുടങ്ങി. ഇടറിയ സ്വരത്തിൽ അദ്ദേഹം ഇപ്രകാരം നിലവിളിച്ചു. "ഓ അല്ല! അല്ല! അവിടുത്തെ രൂപം ഇപ്രകാരമല്ല. ഹാ, ഞാൻ സുഖംപ്രാപിച്ചിരുന്നെങ്കിൽ!" അദ്ദേഹം സുഖംപ്രാപിക്കുകതന്നെ

ചെയ്തു. രോഗശാന്തി ലഭിച്ചതിൽപ്പിന്നീട് നമ്മുടെ കർത്താവിന്റെ ശിരോഭാഗം അദ്ദേഹം അതിമനോഹരമായി വരച്ചു. ഇന്നു നമുക്കുള്ള ഒന്നാംകിടയിൽപ്പെട്ട ചിത്രങ്ങളിൽ ഒന്നാണതു്. എന്നാൽ, ചിത്രകലാനൈപുണ്യിയുടെ അനർഘമായ ഈ നേട്ടം പോലും ദൈവത്തിന്റെ ശരിയായ ഛായ നമുക്കു നല്കുന്നില്ല. "ദൈവം സ്നേഹമാകുന്നു" (വി. യോഹ.) എന്ന ലോകോത്തരമായ വാക്കുകൾകൊണ്ടു മാത്രമേ അങ്ങയെ നമുക്കു ചിത്രീകരിക്കുവാൻ സാധിക്കയുള്ളൂ.

# അദ്ധ്യായം 7.

## പരിശുദ്ധ കുർബ്ബാന.

സ്നേഹിതരോടൊന്നിച്ചു വസിക്കുന്നതു മൈത്രീബന്ധത്തിന്റെ ഒരു നിയമമാണു് എന്നു വി. തോമ്മാമല്ലാൻ പ്രസ്താവിക്കുന്നു. ഈശൊ തന്റെ ദിവ്യഹൃദയത്തിന്റെ ഈ നിയമത്തെ അനുസരിക്കുന്നതിനുവേണ്ടി പരിശുദ്ധ കുർബാന എന്ന കൂദാശ സ്ഥാപിച്ചു. ഒടുവിലത്തെ അത്താഴം കഴിഞ്ഞതിനു ശേഷം, "ഇതു് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" (ലൂക്കാ 22: 19) എന്നു് ഈശൊ തന്റെ ശിഷ്യന്മാരോടു് അരുൾ ചെയ്തു. നമ്മോടുകൂടി വസിക്കുന്നതിനു്, ഭൂമിയിൽ തന്റെ മർത്ത്യജീവിതം നമ്മുടെയിടയിൽ തുടർന്നുകൊണ്ടുപോകുന്നതിനു്, അവിടുന്നു തീക്ഷ്ണമായി ആഗ്രഹിച്ചു. ആ അന്ത്യമണിക്കൂറുകളിൽ അവിടുത്തെ ഹൃദയത്തിൽ ഓളംവെട്ടിയിരുന്ന ഒരേ ഒരഭിലാഷം ഇതു മാത്രമായിരുന്നു. തന്റെ അപ്പസ്തോലന്മാരോടും ഇതര വിശ്വാസാനുയായികളോടുമുണ്ടായിരുന്ന തന്റെ സ്നേഹസംസർഗ്ഗം നിലനിർത്തുവാൻ സ്നേഹസാക്ഷാൽകാരമായ അവിടുന്നു തീവ്രമായി ആഗ്രഹിച്ചു. ആകയാൽ, അനുമിന്നും പരിശുദ്ധ കുർബ്ബാന ഒന്നാമതായി അനുസ്മരണയുടേയും, രണ്ടാമതായി ഐക്യത്തിന്റേയും ഒരു കൂദാശയാണു്.

## I പരിശുദ്ധ കർബ്ബാന അനുസ്മരണയുടെ ക്രമം.

"മതം മുഴുവനും ബൃഹത്തായ ഒരു ആശയത്തിൽ — മനുഷ്യരുടെയിടയിലുള്ള ദൈവത്തിൻെറ സ്ഥായിയായ സാന്നിദ്ധ്യത്തിൽ — അടങ്ങിയിരിക്കുന്നു. ദൈവം നമ്മോടുകൂടെ — ഇതാണു മതം" (ലക്കോർഡയർ). ദൈവം തൻെറ സ്നേഹാധികുംമൂലം സദാ നന്മചെയ്യുവാൻ ആഗ്രഹിക്കുന്നു. അതിനാലാണ് അവിടുന്നു ലോകത്തേയും മനുഷ്യരായ നമ്മേയും സൃഷ്ടിച്ചതു്. മനുഷ്യർ തന്നെ സേവിച്ചാൽ മതി നിഷ്ഠുരയജമാനനായ പിശാചു തൃപ്തനാകുവാൻ. എന്നാൽ, നമ്മുടെ ദിവ്യരക്ഷകൻ "നല്ല യജമാനൻ" എന്ന അപരാഭിധാനം അർഹിക്കത്തക്കവണ്ണം ഈലോകത്തിൽ തൻെറ ജീവിതം നയിച്ചു. സ്നേഹിക്കപ്പെടുക എന്നതായിരുന്നു അവിടുത്തേയ്ക്കു സർവ്വവും.

അവിടുന്നു മനുഷ്യർക്കു തന്നെത്തന്നെ കാണിച്ചുകൊടുത്തു. അവർ കാരുണ്യവും സൗമ്യതയും ദർശിച്ചു. അവിടുന്നു "ശാന്തനും ഹൃദയത്തിൽ എളിമയുള്ളവനുമായിരുന്നു." അവിടുത്തെ വചനങ്ങൾ ശ്രവിച്ചതിനുശേഷം "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരിക്കലും സംസാരിച്ചിട്ടില്ല" (യോഹ. 7: 46) എന്നു് അവർ പറഞ്ഞു. അവർ അവിടുത്തെ സ്പർശിച്ചു; അതാ, "അങ്ങിൽനിന്നു ശക്തി നിർഗ്ഗമിക്കുകയും അതു് എല്ലാവരേയും സുഖപ്പെടുത്തുകയും ചെയ്തു." ഈലോകത്തെ വിട്ടുപിരിഞ്ഞ അവസരത്തിൽ അവിടുന്നു് ഇപ്രകാരം അരുളിചെയ്തു. "തൻെറ സ്നേഹിതന്മാർക്കുവേണ്ടി സ്വജീവനെ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ആർക്കുമില്ല" (വി. യോഹ. 15: 13). വിസ്മൃതിയാണു നമുക്കുള്ള ഏററം വലിയ ദുർബലതകളിലൊന്നു്. പ്രേമധാമത്തിൻെറ അസാന്നിദ്ധ്യത്തിൽ പ്രേമി ഹൃദയവേദന അനുഭവിക്കുന്നു. എന്നാൽ, "കാണാതിരിക്കുന്നവരെ അധികകാലം നാം ഓർക്കുന്നില്ല" എന്നു ക്രിസ്ത്വാനുകരണം പറയുന്നു. അസാന്നിദ്ധ്യം സ്നേഹവികാരങ്ങളെ ശിഥിലമാക്കുന്നു. മാത്രമല്ല, അതു ദീർഘകാലത്തേയ്ക്കാണെങ്കിൽ, സ്നേഹബന്ധത്തെപ്പോലും പ്രായേണ ഹനിക്കുകയും ചെയ്യുന്നു. ഇക്കാ

രണത്താലാണ് നമ്മുടെ കർത്താവീശോമിശിഹാ തൻെറ സാന്നിദ്ധ്യത്തിൻെറ മഹാരഹസ്യത്തെ ലോകാവസാനംവരെ നിലനിർത്തുവാനും തന്നെപ്പററിയുള്ള സ്മരണ നമ്മിൽ ദൃഢമൂലമാകുവാനും ആഗ്രഹിച്ചത്. തൻെറ ഭൗമികജീവിതത്തിൻെറ കാലടിപ്പാടുകൾ ലോകത്തിൽ മായാത്തവണ്ണം മുദ്രിതമാക്കപ്പെട്ടവെങ്കിലും, തൻെറ ജീവിതം ഓരോ ആത്മാവിനും ആകർഷകവും പ്രിയംകരവുമായിരുന്നുവെങ്കിലും, മനുഷ്യൻ ബലഹീനനാകയാൽ തന്നെ വിസ്മരിച്ചേക്കുമെന്ന് അവിടുന്ന് അറിഞ്ഞിരുന്നു.

"എല്ലാ സ്മരണകളും ഒന്നുപോലെ അനർഘങ്ങളല്ല. സ്മരണ കഴിഞ്ഞകാലത്തെപ്പററിയുള്ള വിചാരങ്ങൾ നമ്മിൽ ഉദ്ദീപിപ്പിക്കുന്നു. നാം അപ്രത്യക്ഷരായി കഴിഞ്ഞാലും അഥവാ, ഇഹലോകവാസം വെടിഞ്ഞുകഴിഞ്ഞാലും നമ്മെ ഒരുകാലത്തു സ്നേഹിച്ചിരുന്നവരുടെ ഹൃദയങ്ങളിൽ ഈ ഓർമ്മമൂലം നാം സജീവരായി വർത്തിക്കുന്നു. നാം എത്ര വ്യക്തമായി സ്മരണയിൽ വർത്തിക്കുന്നുവോ അഥവാ, നമ്മുടെ വ്യക്തിത്വം എത്ര തെളിഞ്ഞ് അതിൽ പ്രകാശിക്കുന്നുവോ അത്രയും അനർഘവും സുശക്തവുമായിരിക്കും അത്" (Mgr. Bougand). ആകയാൽ, പ്രേമഭാജനമായ ഒരു മിത്രത്തെ നാം സ്നേഹിക്കണമെങ്കിൽ അദ്ദേഹംതന്നെ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കണം. ആ ആൾതന്നെയല്ലാതെ മററു യാതൊന്നും നമുക്കു പൂർണ്ണമായ തൃപ്തി നല്കുന്നില്ല. നമ്മുടെ ദിവ്യരക്ഷകൻ ഈ വാസ്തവം നന്നായി ഗ്രഹിച്ചിരുന്നു. ബേത്ലഹേമും കാൽവരിയുമല്ലാതെ വേറെ യാതൊന്നും തൻെറ സ്നേഹത്തിൻെറ ഉറപ്പായി അവിടുന്നു ലോകത്തിൽ അവശേഷിപ്പിച്ചില്ലായിരുന്നുവെങ്കിൽ എത്ര വേഗം അവിടുത്തെ — പാവപ്പെട്ട നമ്മുടെ ദിവ്യരക്ഷകനെ — നാം വിസ്മരിക്കുമായിരുന്നു.

തൻെറ അന്ത്യവിനാഴികവരെയും അവിടുന്നു കാത്തിരുന്നു; ഇതാ അവസാന മുഹൂർത്തത്തിൽ "പരിശുദ്ധതമമായ കുർബ്ബാനയെ, തൻെറ സ്നേഹത്തിൻെറ ഏററം വലിയ അടയാളമായി അവിടുന്നു സ്ഥാപിച്ചു" (വി. ഇഗ്നേഷ്യസ്). തൻെറ വത്സലശിഷ്യന്മാരോട് അന്ത്യയാത്ര പറഞ്ഞ അവസരത്തിൽ

അവിടുന്നു് അരുളംചെയ്തതു് ഇപ്രകാരമാണു്: "ദാനങ്ങളിൽ വച്ചു് ഏററം മഹത്തായ ഈ ദാനം നിങ്ങരം സ്വീകരിച്ചാലും. ഇതു് എൻെറ ഓമ്മയ്ക്കായി നിങ്ങരം നിലനിത്തുവിൻ." ഈ വിശിഷ്ടദാനം അവിടുത്തെ ഒരു പ്രതിരൂപം മാത്രമോ, അവിടുത്തെ കരസ്പർശത്താൽ പവിത്രീകരിക്കപ്പെട്ട ഒരു വസ്തു മാത്രമോ, അവിടുത്തെ ഒരംശം മാത്രമോ ആയിരുന്നില്ല. അതു് അവിടുന്നു തന്നെയായിരുന്നു; അതേ, അവിടുന്നു മുഴുവനുമായിരുന്നു. അപ്പത്തിൻെറ രൂപത്തിലുള്ള ഈശോ ആയിരുന്നു അതു്. മററു വാക്കുകളിൽ പറഞ്ഞാൽ "ക്രൂദാശയാക്കപ്പെട്ട ഈശോ" തന്നെയായിരുന്നു. ബോസ്വേയുടെ വാക്കുകരം ശ്രവിക്കുക: "തൻെറ മനുഷ്യാവതാരത്തിൽ അത്ഭുതകരമായ അനേകം മഹാകൃത്യങ്ങരം അവിടുന്നു നമുക്കുവേണ്ടിച്ചെയ്തുവെങ്കിൽ, അവിടുത്തെ ദാനങ്ങരംക്കെല്ലാം മകുടാലങ്കാരമായ പരിശുദ്ധ കുബ്ബാനയിൽ തൻെറ സ്നേഹം കാണിക്കുവാൻ എന്താണു നമുക്കുവേണ്ടി ചെയ്യാതിരുന്നിട്ടുള്ളതു്"? അതുവഴിയായി മനുഷ്യവർഗ്ഗത്തിനു പൊതുവെ മാത്രമല്ല വിശ്വാസമുള്ള ഓരോ ആത്മാവിനും അവിടുന്നു തന്നെത്തന്നെ നല്കുന്നു. "സ്നേഹം എന്നന്നേയ്ക്കും നിലനില്ക്കുന്നതിനു"വേണ്ടി എല്ലാ മനുഷ്യഹൃദയങ്ങളുടേയും ആശാകേന്ദ്രമായ പരിശുദ്ധ കുബ്ബാനയിൽ അതാ അവിടുന്നു സന്നിഹിതനായിരിക്കുന്നു. സുന്ദരമായ ഒരു സ്മരണയെന്ന നിലയിൽ, അഥവാ, ആനന്ദകരമായ ഒരു ശരണമെന്ന നിലയിൽ, ഒരു ക്രിസ്ത്യാനിയുടെ ഹൃദയത്തിനു് അതു നിർവൃതിയരുളുന്നു.

## II പരിശുദ്ധ കുർബ്ബാന ഐക്യത്തിൻെറ ഒരു ക്രൂദാശ.

"ഈലോകത്തിൽ തനിക്കുണ്ടായിരുന്നവരെ സ്നേഹിച്ചിട്ടു്, അവസാനംവരെ അവിടുന്നു് അവരെ സ്നേഹിച്ചു" (യോഹ. 13: 1). "തൻെറ ജീവിതാന്ത്യംവരെയെന്നല്ല, പിന്നെയോ തൻെറ സ്നേഹത്തിൻെറ അവസാനംവരെ" എന്നാണു നാം മനസ്സിലാക്കേണ്ടതു് എന്നു് ഈ സുവിശേഷവാക്യത്തെപ്പററി വി. തോമ്മാമല്പാൻ പറയുന്നു. "അതായതു്

എന്നന്നേയ്ക്കും". മാനുഷികങ്ങളായ സ്മരണകൾ നമ്മുടെ അധരങ്ങളിലോ ഹൃദയത്തിലോ നാം സൂക്ഷിക്കുന്നു; എന്നാൽ ഏതൊരു മനുഷ്യന്റെ സ്നേഹത്തേയും അതിശയിക്കുന്ന സ്നേഹത്തോടുകൂടി അവിടുന്നു തന്നെ മുഴുവൻ അടക്കിക്കൊള്ളുന്ന ഈ ദിവ്യസ്മാരകത്തെ നമ്മുടെ ഹൃദയങ്ങളുടെ പവിത്രതമമായ ഉള്ളറകളിൽ നിക്ഷേപിക്കുന്നു. നമ്മുടെ ഉള്ളിൽ ഈശോയെ സംവഹിച്ചുകൊണ്ടു നാം ജീവിതയാത്ര കഴിക്കുന്നു" (Mgr. Bougand).

രണ്ടു മിത്രങ്ങൾ തമ്മിലുള്ള നിസ്സീമമായ സ്നേഹത്തിന്റെ പ്രത്യേകത, ഒന്നിച്ചു വസിക്കുവാനും ഇരുവരുടേയും ജീവിതം ഒന്നായി ഭവിക്കത്തക്കവണ്ണം അത്ര ഗാഢമായ ഐക്യബന്ധത്തിൽ എത്തിച്ചേരുവാനും ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുക എന്നതാണെന്നു വി. തോമ്മാമല്ലാൻ പ്രസ്താവിക്കുന്നു. "പിതാവേ, അങ്ങുന്നു് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവർ എല്ലാവരും ഒന്നായിരിക്കുന്നതിനു ഞാൻ പ്രാർത്ഥിക്കുന്നു. അവർ ഐക്യത്തിൽ പരിപൂർണ്ണരായിരിക്കേണ്ടതിനു ഞാൻ അവരിലും അങ്ങു് എന്നിലും" (ആയിരിക്കണം) (യോഹ. 17: 21).

"പരിശുദ്ധ കുർബ്ബാനയിൽ ദൈവം നമ്മോടുകൂടി ആയിരിക്കുക മാത്രമല്ല, 'നമ്മിൽ'തന്നെ ആയിരിക്കുകയും ചെയ്യുന്നു. ഈശോമിശിഹായോടുകൂടെ മാംസരക്തങ്ങളിൽ നാം ഒന്നായിത്തീരുന്നു" (വി. സിറിൽ). "രക്ഷകൻ നമ്മോടു കലൻ ചേരുന്നു. ശരീരം ശിരസ്സിനോടു് അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നതുപോലെ നാം അങ്ങയോടു ചേൎന്നു് ഒന്നായിത്തീരുന്നതിനുവേണ്ടി തന്റെ ആത്മാവിനേയും ശരീരത്തേയും, തന്നെ മുഴുവനേയും നമ്മോടു യോജിപ്പിക്കുന്നു. ഈ ഐക്യം മററെല്ലാബന്ധങ്ങളേയും അതിശയിക്കുന്നു. രണ്ടാളുകൾ ഒരാളായിത്തീരുന്നു" (വി. യോഹ. ക്രിസോസ്തോം). വാസ്തവത്തിൽ പ്രകൃതിനിയമമനുസരിച്ചു നോക്കിയാൽ, നാമും നമ്മൾ കഴിക്കുന്ന ഭക്ഷണവും തമ്മിലുള്ള ഏകീഭാവം അന്യാദൃശമാണു്. ഒരുവൻ കഴിക്കുന്ന ഭക്ഷണം അവന്റെ ശരീരമായിപ്പകരുന്നു. എന്നാൽ ഈശോയെ സ്വീകരിക്കുമ്പോൾ നാം ഈശോ ആയിത്തീരുകയും അവിടുന്നും നാമും ഒന്നായിഭവിക്കുകയും ചെയ്യുന്നു.

നമുക്കു ഗ്രഹിക്കുവാൻ പാടുള്ളതിൽ ഏററം ഗാഢമായ ഐക്യമാണു ദിവ്യകാരുണ്യസ്വീകരണത്താൽ ഉളവാകുന്നതു്. ലോകത്തിൽ സംഭവ്യമായ ഐക്യത്തിൻെറ പാരമ്യമാണിതു്. മഹത്വമാണു് അതിൻെറ കിരീടം.

"ഈശോമിശിഹാ തൻെറ തിരുസ്സഭയോടു് — മണവാളൻ തൻെറ മണവാട്ടിയോടു് — അരുൾചെയ്ത വചനങ്ങളുടെ — സ്നേഹത്തേയും മൈത്രിയേയും ഐക്യത്തേയും ദ്യോതിപ്പിക്കുന്ന ദിവ്യവചനങ്ങളുടെ — എല്ലാം ഒരു വിശദീകരണമാണു പരിശുദ്ധ കുർബ്ബാന" എന്നു ബോസ്വേ പറയുന്നു. മനുഷ്യർ പരസ്പരം സ്നേഹിച്ചേക്കാം; അവർ വിശ്വസ്തസ്നേഹിതന്മാരുമായിരുന്നേക്കാം. എന്നാൽ, അവരുടെ ആത്മാക്കൾ വേറിട്ടു നില്ക്കുന്നു. അവ ഒന്നായിത്തീരുക അസാദ്ധ്യമാണു്. "നമ്മുടെ ആത്മാക്കളിൽ ആർക്കും ചുഴിഞ്ഞിറങ്ങുവാൻ സാധിക്കാത്ത ചില ആഴങ്ങളുണ്ടു്. രണ്ടാളുകളുടെ സ്നേഹം ഏററം വലുതാണെങ്കിൽത്തന്നെയും ഒരുവൻെറ ഹൃദയം ഇതരൻെറ ഹൃദയത്തിലേക്കു് അലിഞ്ഞുചേരുക അസാദ്ധ്യമാണു്. എന്നാൽ, പരിശുദ്ധ കുർബ്ബാനയെ സംബന്ധിച്ചിടത്തോളമാകട്ടെ ഈശോയുടേയും നമ്മുടേയും ആത്മാക്കളുടെ മദ്ധ്യേ യാതൊന്നും വിലങ്ങടിച്ചു നില്ക്കുന്നില്ല." "അവിടുത്തെ ശരീരം നമ്മുടെ ശരീരത്തോടും അവിടുത്തെ അരൂപി നമ്മുടെ അരൂപിയോടും ഏകീഭവിക്കുന്നു" (Rev. Tesniere). ദൈവത്തിൻെറ അപരിമേയമായ നന്മയുടേയും സ്നേഹത്തിൻേറയും സർവ്വോത്തരമായ ഒരു കവിഞ്ഞൊഴുകലാണു് ഇതു്. അതെ, ഇതാണു് സാക്ഷാത്തായ ഐക്യം. "നമ്മുടെ സഹോദരനായിത്തീരുകയെന്നതു നമ്മുടെ കർത്താവിൻെറ മഹത്തായ ഒരു കൃത്യമായിരുന്നു; നമ്മുടെ ആത്മാക്കളുടെ രക്ഷകനാകുകയെന്നതു മഹത്തരമായ ഒരു കൃത്യമാകുന്നു; എന്നാൽ നമ്മുടെ ഭക്ഷണമായി തന്നെത്തന്നെ നമുക്കു തന്നരുളുകയെന്നതു മഹത്തമമായ കൃത്യം തന്നെയായിരുന്നു. സ്നേഹത്തിൻെറ ഒരു മകുടംചാർത്തൽ ആയിരുന്നു അതു്" (വി. തോമ്മാമല്ലാൻ). ഇതിൽ കൂടുതലായി യാതൊന്നും ചെയ്യുവാൻ ഈശോയ്ക്കു സാദ്ധ്യമല്ല. അന്ത്യംവരെ അവിടുന്നു നമ്മെ സ്നേഹിച്ചു.

# അദ്ധ്യായം 8.

## തിരുഹൃദയം.

തിരുഹൃദയം പാപികാംക്ക സങ്കേതവും നിഷ്ക്കല്മഷക്ക വസതിയും, ദൈവത്തിൻെറ സകല വിശുദ്ധക്കും "ആശ്രയസ്ഥാനവും, നമുക്കേവക്കും നിക്ഷേപവും, അനന്തമായ പരിലാളനയുടെ നിലയവുമാകുന്നു." നമ്മുടെ കത്താവു തൻെറ വത്സലശിഷ്യയായ മഗ്ഗരീത്താപ്പുണ്യവതിക്ക സ്വഹൃദയത്തെ കാണിച്ചുകൊണ്ടു് അരുളംചെയ്തു: "സ്നേഹിക്കപ്പെടുന്നതിന്ന് എത്രമാത്രം ഞാൻ ആഗ്രഹിക്കുന്നുവെന്നു നീ അറിഞ്ഞിരുന്നുവെങ്കിൽ! എനിക്ക ദാഹിക്കുന്നു; സ്നേഹിക്കപ്പെടണമെന്നുള്ള ആഗ്രഹത്താൽ ഞാൻ ദഹിപ്പിക്കപ്പെടുന്നു." മിശിഹായുടെ ഇതേ ഹൃദയംതന്നെ നമ്മുടെ ഹൃദയങ്ങളെ അനുധാവനം ചെയ്യുകയും ഇതേ വാക്കുകാംതന്നെ നമ്മോട്ടു് ആവത്തിക്കുകയും ചെയ്യുന്നു. "എൻെറ സ്നേഹത്തിൽ വസിക്കുവിൻ" (യോഹ. 15:9). ആകയാൽ, ആദ്യമായി, ദിവ്യഹൃദയത്തിൻെറ ക്ഷണത്തേയും അനന്തരം, മനുഷ്യർ അതിനു നല്കുന്ന സ്വീകരണത്തേയുംപററി നമുക്ക് അല്പമായി ചിന്തിക്കാം.

### I മിശിഹായുടെ ദിവ്യഹൃദയത്തിൻെറ ആഹ്വാനം.

വി. ജർത്രൂദിനുണ്ടായ വെളിപാടുകളിലൊന്നിൽ വി. യോഹന്നാൻ പുണ്യവതിയോടു പറഞ്ഞു: "മിശിഹായുടെ തിരുഹൃദയത്തിൻെറ സ്പന്ദനങ്ങാം മാധുര്യമേറുന്ന ഒരു ഭാഷയായിരിക്കും. യുഗങ്ങാം കഴിയുന്തോറും തണുത്തു മരവിച്ചുവരുന്ന ലോകത്തെ ദൈവസ്നേഹാഗ്നിയാൽ ചൈതന്യപൂണ്ണമാക്കുന്നതിനും സമാശ്വസിപ്പിക്കുന്നതിനുമായി ആ ഭാഷ കാലാകാലത്തോളം നിലനില്ക്കുകയും ചെയ്യും." ദിവ്യസക്രാരി തുറക്കപ്പെട്ടതും ക്രിസ്തുനാഥൻ മനുഷ്യവേഷത്തിൽ തൻെറ ദാസിക്കു കാണ

പ്പെട്ടതും പരലെമോണിയായിൽ വച്ചാണ്. കുന്തത്താൽ തുറക്ക പ്പെട്ട സ്വഹൃദയത്തെ അവിടുന്നു തൻെറ തൃക്കരങ്ങളിൽ വഹി ച്ചിരുന്നു. അവിടുന്ന് അരുളിച്ചെയ്തു: "മനുഷ്യരെ അനന്തമായി സ്നേഹിക്കുന്ന ഈ ഹൃദയത്തെ കണ്ടാലും! സ്നേഹജ്വാലകൾ യാതൊരുതരത്തിലും നിഗ്രഹനം ചെയ്യപ്പെടുവാൻ പാടില്ലാത്ത വിധം, അത്ര ആവേശപൂർവ്വം എൻെറ ദിവ്യഹൃദയം മനുഷ്യരെ സ്നേഹിക്കുന്നു."

"മനുഷ്യരെ ആവേശപൂർവ്വം സ്നേഹിക്കുന്നു" ഈ വാക്കു കൾ ശക്തങ്ങളാണ്; ചിന്താർഹങ്ങളാണ്. എന്നാൽ, എൻെറ രക്ഷകാ, ഇപ്രകാരമുള്ള ചിന്തകൾ നിന്നിൽ എങ്ങനെ കുടി കൊള്ളുന്നു! ഇതരന്മാരോട്, എന്തിന്, ഞങ്ങളോടുതന്നെയും സഹിഷ്ണുത പ്രദർശിപ്പിക്കുന്നതിന് അനല്പമായ ഒരു പ്രയാസം ഞങ്ങൾക്കുണ്ട്. എന്നിട്ടും നീ ഞങ്ങളെ അത്യുല്ക്കടമായി സ്നേ ഹിക്കുന്നുവെന്നു നീ പറയുന്നു. എന്നാൽ കർത്താവേ, നിൻെറ അഭീഷ്ടം ഇപ്രകാരമെങ്കിൽ അങ്ങനെതന്നെ സംഭവിക്കട്ടെ. ഇതു ദൈവാനുഗ്രഹത്തിൻെറ പരമമായ ഒരു പ്രത്യാഘാത മെന്നു ഞങ്ങൾ കരുതും" (ജെ. ററിസ്സോ).

നമ്മുടെ രക്ഷകൻ തൻെറ വെളിപാടുകളിൽ ഒന്നിൽ വി. മർഗ്ഗരീത്തായോട് അരുളിച്ചെയ്തു: "സ്നേഹത്തിൻെറ ഗ്രന്ഥ ത്തെ നിന്നെക്കൊണ്ടു ഞാൻ വായിപ്പിക്കും." ആ ഗ്രന്ഥം അവി ടുത്തേ ഹൃദയമല്ലാതെ മററൊന്നുമായിരുന്നില്ല. ദൈവം നമ്മെ സ്നേഹിക്കുന്നതുപോലെ അമേയമായ ഒരു സ്നേഹത്താൽ മിശി ഹായും നമ്മെ സ്നേഹിക്കുന്നു. അവിടുന്നു സത്യമായ ദൈവ മാണ്. അതേസമയം മനുഷ്യനുമാണ്. മനുഷ്യനെന്ന നില യിലും മിശിഹാ നമ്മെ സ്നേഹിക്കുന്നുണ്ട്. എന്നാൽ, ഈ സ്നേഹത്തിൽ മലിനതയില്ല; അപൂർണ്ണതയുമില്ല. ഒരു പിതാവിനു പുത്രനോടും സഹോദരനു സഹോദരനോടും സ്നേഹിതനു സ്നേഹിതനോടുമുള്ള ഏററം നിർമ്മലമായ സ്നേഹത്തിൻെറ സ്വ ഭാവം ഇതിനുണ്ട്. എനിക്കു ഗ്രഹിക്കുവാൻ കഴിയുന്ന സ്നേഹ ത്താൽ എന്നെ സ്നേഹിക്കുന്ന ഒരു ദൈവത്തെ ഞാൻ ആരാഞ്ഞു. "നമ്മെപ്രതി അവൻ മനുഷ്യനാക്കപ്പെട്ടു. നമുക്കുവേണ്ടി അവൻ മാംസം ധരിച്ചു" എന്ന വാക്കുകളിൽ ഞാൻ ദൈവത്തെ

കണ്ടെത്തി. അവിടുത്തേയ്ക്കു് എനിക്കുള്ളതുപോലെതന്നെ ഒരു ഹൃദയമുണ്ടു്. എൻെറ നേരെയുള്ള സ്നേഹത്തിന്റെ ലക്ഷ്യമായി ആ ഹൃദയത്തെ അവിടുന്നു് എനിക്കു തുറന്നു കാണിച്ചു. അതു കൊണ്ടു ദൈവത്തിൻെറ സീമാതീതമായ മാധുര്യവും നന്മയും നിഷ്പ്രയാസം ഗ്രഹിക്കുന്നതിനും അനുഭവിക്കുന്നതിനും എനിക്കു സാധിച്ചു.

മഹിമയുടെ ഇപ്പോഴത്തെ അവസ്ഥയിലും അവിടുത്തെ പൂർണ്ണതയ്ക്കു ഹാനികരമല്ലാത്തവിധം സൗഭാഗ്യകരവും മാധുര്യപ്രദവുമായ പ്രേരണകൾക്കു് ഈശോയുടെ ഹൃദയം വിധേയമാണു്. അതിനാൽ, എൻെറ സമാശ്വാസം ഇതാണു്. ഞാൻ അവിടുത്തേയ്ക്കു സമർപ്പിക്കുന്ന എന്തും — എൻെറ സ്നേഹം, എൻെറ ത്യാഗങ്ങൾ, എൻെറ ഭക്തികൃത്യങ്ങൾ ഇത്യാദി — മിശിഹായുടെ ഹൃദയത്തെ സ്പർശിക്കുകയും അതിൻെറ സ്പന്ദനങ്ങളെ ത്വരിപ്പിക്കുകയും ചെയ്യുന്നു. ആകയാൽ, ഈശോയ്ക്കു് എന്നിൽനിന്നു യാതൊന്നും സ്വീകരിക്കുവാൻ വഹിയാ എന്നു പറഞ്ഞാൽ അതത്ര ശരിയല്ല. യാതൊന്നിനും അവിടുത്തെ കൂടുതൽ സമ്പന്നനാക്കാൻ സാധിക്കയില്ല, ശരിതന്നെ; എന്നാൽ, എൻെറ നേർക്കുള്ള അവിടുത്തെ അതിരററ സ്നേഹത്തിനു് ഒരു പ്രതിസ്നേഹം — പ്രതിനന്ദി — സമർപ്പിക്കുവാൻ എനിക്കു സാധിക്കും. അങ്ങേയ്ക്കു് അതു സ്വീകരിക്കുവാനും കഴിയും. നമ്മുടെ സ്നേഹനാഥനെ സംബന്ധിച്ചു പറഞ്ഞാൽ, അങ്ങിൽനിന്നു ലഭിച്ചിട്ടില്ലാത്ത യാതൊന്നും എനിക്കില്ല. അവിടുന്നു പറഞ്ഞിരിക്കുന്നു: "എന്നെത്തന്നെ മററുള്ളവർക്കു നല്കണമെന്നുള്ള ആഗ്രഹത്താൽ എൻെറ ഹൃദയം ദഹിച്ചുകൊണ്ടിരിക്കുന്നു." അതേ, ക്രിസ്തുവിൻെറ സ്നേഹമാണു് തൻെറ മൗതിക ശരീരത്തിലേ അംഗങ്ങൾക്കു വരപ്രസാദം ചൊരിഞ്ഞുകൊണ്ടിരിക്കുന്നതു്. ഇതു നമ്മെ അനുസ്മരിപ്പിക്കുന്നതിനും ദൈവത്തിൽനിന്നുള്ള സ്നേഹത്തിൻെറ ഉടമ്പടിയെ പ്രഖ്യാപനം ചെയ്യുന്നതിനുമാണു് തിരുഹൃദയത്തെ സംബന്ധിച്ചു ഒരു നവീനാവിഷ്കരണം മിശിഹാ നല്കിയതു്. തിരുഹൃദയത്തിൻെറ അഭിലാഷങ്ങളെ നമുക്കു വെളിപ്പെടുത്തിത്തന്ന വി. മർഗ്ഗരീത്താ ഭക്തിപാരവശ്യത്താൽ വിളിച്ചുപറയുന്നു: "ദൈവം മാത്രമാണു്

എൻെറ ആഗ്രഹവിഷയം. മിശിഹായുടെ പരിശുദ്ധതമമായ ഹൃദയത്തിൽ ആമഗ്നയാകുന്നതിനു ഞാനാഗ്രഹിക്കുന്നു."

## II മിശിഹായുടെ ആഹ്വാനത്തിനു മനുഷ്യഹൃദയം നല്കുന്ന പ്രത്യുത്തരം.

നമ്മുടെ ദിവ്യരക്ഷകൻ പറയുന്നു: "മനുഷ്യരെ വളരെയധികം സ്നേഹിച്ച ഈ ഹൃദയത്തെ കണ്ടാലും! ബഹുഭൂരിപക്ഷത്തിൽനിന്നും കൃതഘ്നതയാണ് ഇതിനു പകരം അതിനു ലഭിക്കുന്നത്." അസ്സീസിയിലെ വി. ഫ്രാൻസീസിനോട് അവിടുന്നു താഴെവരുംപ്രകാരം അരുളിചെയ്തു: "എൻെറ ഹൃദയം നിൻെറ ഹൃദയത്തെ വിളിക്കുന്നു. ഞാൻ നിന്നെ കാത്തു നില്ക്കുന്നു. എൻെറ അടുക്കൽ വേഗം വന്നാലും:" "യോനായുടെ പുത്രനായ സിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" എന്നു കർത്താവു വി. പത്രോസ്സ്ലീഹായോടു ചോദിച്ച ചോദ്യം നമ്മോട് എല്ലാവരോടുംകൂടിയാണ് ചോദിച്ചത്. പ്രതിസ്നേഹത്താൽ ആത്മാക്കൾ തന്നിലേയ്ക്കു തിരിയുന്നതിനു നമ്മുടെ ദിവ്യരക്ഷകൻ അഭിലഷിക്കുന്നു. തൻെറ "വിശ്വസ്തശിഷ്യ" എന്നു കർത്താവുതന്നെ അഭിസംബോധനം ചെയ്തിരിക്കുന്ന മർഗ്ഗരീത്താപുണ്യവതി ഇക്കാര്യം നന്നായി ഗ്രഹിച്ചുകൊണ്ടു രേഖപ്പെടുത്തിയിരിക്കുന്നു: "മൂന്നു കാര്യങ്ങളാണ് എൻെറ ഹൃദയത്തെ മഥിച്ചുകൊണ്ടിരിക്കുന്നത്. അവയിൽ ഏററം പ്രധാനമായതു തിരുഹൃദയത്തെ സ്നേഹിക്കണമെന്നുള്ള തീവ്രമായ ആഗ്രഹമാണ്."

തിരുഹൃദയത്തെ സ്നേഹിക്കുന്നതിനായി അതിനെ പഠിക്കുക, കൂടുതൽ കൂടുതൽ സ്നേഹിക്കുവാൻ പരിശ്രമിക്കുക, സ്നേഹത്തിനനുസരണമായ വിധം ജീവിക്കുക, ഇവയാണ് മിശിഹാ തൻെറ ദിവ്യഹൃദയം നമ്മെ കാണിക്കുകയും നമുക്കു തരികയും ചെയ്യുമ്പോൾ അഭിലഷിക്കുന്നത്. ദൈവത്തിൻെറ പരമനീതി, ഭയത്തേയും മഹത്വം അത്ഭുതത്തേയും, അനന്തപരിപൂർണ്ണത ആരാധനയേയും നമ്മിൽനിന്നു നിതരാം ആവശ്യപ്പെടുന്നു. എന്നാൽ, അവിടുത്തെ സ്നേഹം നമ്മുടെ പ്രതിസ്നേഹത്തെ

യാണ് ആവശ്യപ്പെടുന്നത്. മനുഷ്യഹൃദയം ദൈവഹൃദയത്തോടു കൂടി ഏകമായിരിക്കുക എന്നതാണു മതത്തിൻെറ രത്നച്ചുരുക്കം. ആകയാൽ, അവിടുത്തെ പൂർണ്ണതകളിൽ ആനന്ദിച്ചുകൊണ്ടും പ്രമാണങ്ങളെ അനുസരിച്ചുകൊണ്ടും അഭിലാഷങ്ങളെ സർവ്വോപരി അനുകരിച്ചുകൊണ്ടും നമുക്കു മിശിഹായെ സ്നേഹിക്കുകയും തൽഫലമായി വിചാരങ്ങളുടേയും അഭിലാഷങ്ങളുടേയും സ്നേഹപ്രകരണങ്ങളുടേയും പരിശുദ്ധവും അവഗാഢവും ഭക്തിജനകവുമായ ഐക്യത്തിൽ മിശിഹായോടുകൂടി വസിക്കുകയും ചെയ്യാം. തനിക്കു പ്രീതികരമായ പ്രവൃത്തികൾ ഏവയെല്ലാമെന്നു മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കത്തക്കവണ്ണം നമ്മുടെ രക്ഷകൻെറ കരുണ അതിൻെറ പരമകോടിയിലെത്തി മനുഷ്യരുടെ മുരടിച്ച ഹൃദയത്തെ സ്പർശിക്കുന്നതിനു കുടുംബങ്ങളിൽ തൻെറ ഛായാപടം സ്ഥാപിച്ചു ബഹുമാനിക്കുക; തിരുഹൃദയത്തിൻെറ വണക്കത്തിനായി ഒരു പ്രത്യേക തിരുനാൾ കൊണ്ടാടുകയും ആ ദിനം വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുക; പാപികൾക്കുവേണ്ടി കരുണ യാചിക്കുന്നതിനും ഒലിവുതോട്ടത്തിൽവച്ചു, ശിഷ്യന്മാർ വിട്ടോടിപ്പോയപ്പോൾ താൻ അനുഭവിച്ച ദുസ്സഹമായ വേദനയിൽ തന്നോടു സഹതപിക്കുന്നതിനും വ്യാഴാഴ്ച രാത്രിയിൽ തിരുമണിക്കൂറാരാധന നടത്തുക; ഈദൃശകൃത്യങ്ങൾ തനിക്കു വളരെ പ്രിയംകരങ്ങളാണെന്നു ദിവ്യനാഥൻ വെളിപ്പെടുത്തി.

യഥാർത്ഥമിതാണെങ്കിലും പാസ്സിയിലെ വി. മേരിമഗ്ദലേനായുടെ വാക്കുകൾ ഇന്നും അന്വർത്ഥങ്ങളാണ്. "ഓ, സ്നേഹസ്വരൂപാ," ആ വിശുദ്ധ പറയുന്നു, "നീ സ്നേഹിക്കപ്പെടുന്നില്ല. അതെ, നീ സ്നേഹിക്കപ്പെടുന്നില്ല." പാപി ദൈവദൂഷണം പറയുന്നു. അജ്ഞർ മിശിഹായുടെ ഈ സ്നേഹത്തെപ്പററി യാതൊന്നും ഗ്രഹിക്കുന്നില്ല. മതകാര്യങ്ങളിൽ ശ്രദ്ധയില്ലാത്തവർ തങ്ങളുടെ സമയം ഉണ്ണുന്നതിനും ഉറങ്ങുന്നതിനും ലോകകാര്യങ്ങൾ അന്വേഷിക്കുന്നതിനുമായി വ്യയംചെയ്യുന്നു. മിശിഹായുടെ ഹൃദയത്തെ യഥാർത്ഥത്തിൽ അറിയുകയും പൂർണ്ണഹൃദയത്തോടേ സ്നേഹിക്കുകയും ചെയ്യുന്നവരുടെ സംഖ്യ ക്രൈസ്തവരുടെ ഇടയിൽത്തന്നെയും ഇന്നു കുറവാണ്. ഇതു മിശിഹാ

യുടെ തിരുഹൃദയത്തെ കൂടുതൽ വേദനപ്പെടുത്തുന്നു. "എൻെറ രക്ഷകൻെറ ദിവ്യഹൃദയമേ, എന്നെ രക്ഷിക്ക. അനന്തമായ കാരുണ്യംനിറഞ്ഞ ഹൃദയമേ, എൻെറ അപൂൎണ്ണതകളെ പരിഹരിക്കുക. എൻെറ ദിവ്യഗുരുവിൻെറ ഹൃദയമേ, എന്നെ പഠിപ്പിക്കുക. ഇടയനായ ഈശോയേ, നിൻെറ ഹൃദയം എന്നെ പരിപോഷിപ്പിക്കട്ടെ" (വി. മർഗ്ഗരീത്താമറിയം).

# അദ്ധ്യായം 9.

## നമ്മിൽ ക്രിസ്തുവിൻെറ ജീവിതം.

"എൻെറ ജീവൻ മിശിഹായാകുന്നു" (ഫിലി. 1: 21). പരമസുന്ദരവും എന്നാൽ സുഗ്രാഹ്യവുമായ ഈ സത്യം ആദിമ ക്രിസ്ത്യാനികൾക്കു സുപരിചിതമായിരുന്നു. കൎത്താവിൽ നിദ്ര ചെയ്യുന്ന ഒരു വേദസാക്ഷിയെ അവർ, മിശിഹായെ വിളിക്കുന്നതുപോലെതന്നെ, "ദൈവത്തിൻെറ പ്രിയ ചെമ്മരിയാട്ടിൻകുട്ടി" എന്നു സംബോധന ചെയ്തിരുന്നു. അപ്രകാരംതന്നെ ഒരു ശിശു മരിക്കുമ്പോൾ അതിനെ അവർ "ചെമ്മരിയാട്ടിൻകുട്ടി" എന്നു വിളിക്കുക പതിവായിരുന്നു. യഥാൎത്ഥത്തിൽ ജീവിക്കുന്നവരുടെ ജീവൻ ക്രിസ്തുവാകുന്നു. മററുള്ളവരും ജീവലക്ഷണങ്ങൾ കാണിക്കുന്നുണ്ടാവാം. പക്ഷെ, അവർ നിൎജ്ജീവരാണ്. ഒരുവൻ എത്ര കൂടുതൽ ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ പരിപൂൎണ്ണനായിത്തീരുന്നുവോ അത്ര കൂടുതലായി അവൻെറ ആത്മാവിൽ ക്രിസ്തു പരിശോഭിക്കുന്നു. നമ്മിലുള്ള ക്രിസ്തുവിൻെറ വാസത്തേയും, അവിടുത്തെ ഈ വാസം എന്തിലടങ്ങിയിരിക്കുന്നു എന്നതിനേയുംപററി നമുക്കു ചിന്തിക്കാം.

### I മിശിഹാ നമ്മിൽ വസിക്കുന്നു.

മനുഷ്യാവതാരം ചെയ്ത പുത്രൻതമ്പുരാനു സുന്ദരമായ ഒരു ശരീരം ദൈവം നല്കി. ആ ശരീരം കന്യാംബികയാൽ

തീററിപ്പോററപ്പെട്ടുകയും വാനാത്രുപികളാൽ ശുശ്രൂഷിക്കപ്പെട്ടുകയും യഹൂദന്മാരാൽ ക്രൂശിക്കപ്പെട്ടുകയും ചെയ്തു. അതേ ശരീരംതന്നെ വി. കുർബ്ബാനയിൽ സന്നിഹിതമായിരിക്കുകയും മകുടാലംകൃതയായി സ്വർഗ്ഗത്തിൽ പള്ളികൊള്ളുകയും ചെയ്യുന്നു. ഇതിനുംപുറമേ, ദൈവം മിശിഹായിക്ക് ഒരു മൗതികശരീരം കൂടി കൊടുത്തു. സകല നീതിമാന്മാരും — പ്രസാദവരത്തിലിരിക്കുന്ന സകലാത്മാക്കളും — അതിൻെറ അംഗങ്ങളാണ്. ജനിച്ചു ജ്ഞാനസ്നാനം സ്വീകരിച്ച ഒരു ശിശുമുതൽ വത്തിക്കാനിലെ വന്ദ്യവയോധികൻവരെ; സൗമ്യനായ ആബേൽ മുതൽ അവസാനം തിരഞ്ഞെടുക്കപ്പെടുന്നവർവരെ; സകല നിഷ്കളങ്കരും അഥവാ, പശ്ചാത്താപഹൃദയരും ക്രിസ്തുവിൻെറ മൗതികശരീരത്തിൽ ഉൾപ്പെടുന്നു.

വിശുദ്ധരും വേദശാസ്ത്രജ്ഞന്മാരും നമ്മുടെ ശരീരത്തിൻെറ അവയവങ്ങളെക്കുറിച്ചു പറയുന്നു: "എൻെറ കണ്ണുകൾ ക്രിസ്തുവിൻെറ കണ്ണുകളാകുന്നു" (വി. ആൻസ്ലം). "എൻെറ ഹൃദയം മിശിഹായുടെ ഹൃദയമാണ്" (വി. ആഗുസ്തീനോസ്). "ഞാൻ ക്രിസ്തുവിനു പരിചരണം ചെയ്യുന്നതിനുള്ള ഒരായുധമാണ്" (വി. ജറോം). "നമ്മുടെ അധരങ്ങൾ ക്രിസ്തുവിൻെറ അധരങ്ങൾ; ക്രിസ്തുതന്നെയാണ നമ്മുടെ അധരങ്ങളിൽ സംസാരിക്കുന്നതും" (വി. മക്കാരിയൂസ്). "നിങ്ങൾ സന്തോഷിക്കുവിൻ. എന്തുകൊണ്ടെന്നാൽ, നാം ക്രിസ്തുതന്നെ ആയിത്തീൎന്നിരിക്കുന്നു. അവിടുന്നു നമ്മുടെ ശിരസ്സും നാം അംഗങ്ങളും" (വി. ആഗുസ്തീനോസ്). "നാം ക്രിസ്തുവിൻെറ ശരീരത്തിൽ ഏകമായിത്തീൎന്നിരിക്കുന്നു" (വി. പൗലോസ്ശ്ലീഹാ). നീതിമാന്മാർ നമ്മുടെ ശിരസ്സായ ക്രിസ്തുവിനോടുചേൎന്ന് ഒന്നായിത്തീരുന്നെങ്കിൽ അവൎക്കു പൊതുവായ ഒരു ജീവിതം അവശ്യം ഉണ്ടായിരിക്കണം. നമ്മുടെ കൎത്താവു പറയുന്നു: "അവൎക്കു ജീവൻ ധാരാളമായി ലഭിക്കേണ്ടതിനായി ഞാൻ വന്നു. ഞാൻ അവരുടെ ജീവനാണ്." പ്രസാദവരത്തിൽ വ്യാപരിക്കുന്ന ഏവനും "എൻെറ ജീവൻ മിശിഹായാകുന്നു" എന്നു പറയുവാൻ തീൎച്ചയായും സാധിക്കും.

ക്രിസ്തുവിനു രണ്ടു ശരീരങ്ങളുണ്ട്: ഭൗതികശരീരവും മൗതികശരീരവും. എന്നാൽ, ഈ രണ്ടു ശരീരങ്ങൾക്കുംകൂടി ഒരു ഹൃദയം മാത്രമേയുള്ളു. നമ്മുടെ ആത്മാവിനെ പരിപോഷിപ്പിക്കുന്ന സകല അനുഗ്രഹവിശേഷങ്ങളും ഈ ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നതു്. എന്റെ ആത്മാവിനു ജീവന്റെ ചലനം ലഭിക്കുന്നതും ഈ ഹൃദയത്തിൽ നിന്നാണ്. "നമ്മുടെ മാധുര്യവാനായ ഈശോ എല്ലാ ഹൃദയങ്ങളുടേയും ഹൃദയമാണ്." വി. ഫ്രാൻസീസ് അസ്സീസ്സിയോടു നമ്മുടെ രക്ഷകൻ താഴെപ്പറയുന്ന വാക്കുകൾ അരുൾചെയ്തപ്പോൾ, അവിടുന്ന് ഈ തത്വത്തെയാണു വെളിപ്പെടുത്തിയതു്: "എല്ലാ വസ്തുക്കളേയും കാണുന്നതിനായി എന്റെ കണ്ണുകളെ നിനക്കു ഞാൻ തരും. എല്ലാം കേൾക്കുന്നതിന് എന്റെ ചെവികളേയും; സംസാരിക്കുന്നതിനും പാടുന്നതിനും പ്രാർത്ഥിക്കുന്നതിനും എന്റെ നാവിനേയും നിനക്കു ഞാൻ നല്കും. അവസാനമായി, എന്നോടുകൂടി നീ ചിന്തിക്കുന്നതിനും എല്ലാത്തിലും എനിക്കുവേണ്ടിയും എന്നെ സ്നേഹിക്കുന്നതിനും എന്റെ ഹൃദയത്തേയും നിനക്കു ഞാൻ തരും." വി. മറ്ഗ്ഗരീത്തായോട് അവിടുന്ന് ഇപ്രകാരം അരുൾചെയ്തു. 'നിഷ്കപടതയുടെ വസ്ത്രത്തെ നിന്നെ ഞാൻ ധരിപ്പിക്കും. ഇനിമുതൽ മനുഷ്യപുത്രന്റെ ജീവിതംതന്നെ നീയും നയിക്കും. ഞാൻ നിന്റെ ജീവനാകുന്നു. എന്നിലും എന്നോടുകൂടിയും അല്ലാതെ ഇനി നീ ജീവിക്കുകയില്ല." ക്രിസ്തുവിന്റെ ജീവിതം നാമും നയിക്കുന്നെങ്കിൽ കേവലം നിസ്സാരമായ നമ്മുടെ ജീവിതം അനിർവചനീയമായ ഒരു മഹത്വം പ്രാപിക്കുന്നതാണ്.

## II നമ്മിലുള്ള ക്രിസ്തുവാസം എന്തിൽ അടങ്ങിയിരിക്കുന്നു.

മിശിഹാ നമ്മിൽ വസിക്കുന്നതിനു പ്രഥമവും അവശ്യാവശ്യകവുമായ ഒരു വ്യവസ്ഥ നാം പ്രസാദവരത്തിൽ ആയിരിക്കുക എന്നതാണ്. കർത്താവു സ്വശിഷ്യന്മാരോടു അരുൾചെയ്തു: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു.

ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും. എന്തുകൊണ്ടെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ. 15: 5).

ബോസേപ പറയുംപ്രകാരം, മുന്തിരിവള്ളിയുടെ ഉപമ വരപ്രസാദംവഴി ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യത്തിൻെറ രഹസ്യത്തെ വെളിപ്പെടുത്തുന്നു. അവയവങ്ങൾ ശിരസ്സിനോടും ശാഖകൾ തായിത്തണ്ടിനോടും യോജിച്ചിരിക്ക എന്നതു് എത്രമാത്രം ആവശ്യകമായിരിക്കുന്നുവോ അത്രമാത്രം ആവശ്യമാകുന്നു ക്രിസ്തുവിനോടു യോജിച്ചിരിക്ക എന്നതു നമുക്കും. ക്രിസ്തുവാകുന്ന ദിവ്യമുന്തിരിച്ചെടിയോടു നാം യോജിച്ചിരിക്കുമ്പോൾ, നമ്മുടെ ഹൃദയത്തിൽ സംജാതമാകുന്ന സകല പരിപാവന ചിന്തകളും നമ്മുടെ ഹൃദയത്തിൽ സ്ഫുരിക്കുന്ന സകല അനുഭവവിശേഷങ്ങളും നമ്മുടെ സകല ഗുണഗണങ്ങളും സത്പ്രവൃത്തികളും മിശിഹായിൽനിന്നു അവികലം നിർഗ്ഗമിക്കുന്ന ജീവദായകമായ പ്രസാദവരത്തിൻെറ പരിണാമഫലങ്ങൾ മാത്രമാണ്.

"ശരീരത്തിൽനിന്നു വേർപെടുത്തപ്പെട്ട യാതൊരവയവവും ആ ശരീരത്തിൽനിന്നു ചൈതന്യമോ ചലനമോ സ്വീകരിക്കുന്നില്ല" (വി. ഇഗ്നേഷ്യസ്). ഇതാ വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നു: "എന്നിൽ ഫലങ്ങൾ തരാത്ത ശാഖകളെ ഒക്കെയും അവൻ (എൻെറ പിതാവു്) നീക്കിക്കളയും. ആരെങ്കിലും എന്നിൽ വസിക്കുന്നില്ലെങ്കിൽ അവൻ ഉണങ്ങിയ ശാഖപോലെ പുറത്തു തള്ളപ്പെടുകയും എരിയേണ്ടതിനായി അതെടുത്തു തീയിൽ എറിയപ്പെടുകയും ചെയ്യും" (യോഹ. 15: 2). മിശിഹായിൽനിന്നു വേർപെടുത്തപ്പെട്ട ഒരവസ്ഥയിലത്രേ പാപി സദാ സ്ഥിതിചെയ്യുന്നതു്. അവൻ മുന്തിരിയുടെ തായിത്തണ്ടിൽനിന്നും ജീവൻെറ നീരിനെ സ്വീകരിക്കുന്നില്ല. അവൻ മൃതനാണ്. അവൻെറ ആത്മാവോ വരണ്ടുമിരിക്കുന്നു. വിശ്വാസത്തിൻെറ സുന്ദരവശങ്ങളോ ശരണത്തിൻെറ സമാശ്വാസനങ്ങളോ ദൈവികങ്ങളായ പ്രവൃത്തികളുടെ മനോഹരതകളോ ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്ന

തിനും അവൻ അശക്തനായിത്തീരുന്നു. പ്രാർത്ഥനയിലുള്ള താൽപര്യം, നന്മയിലുള്ള സ്നേഹം, ഭക്തികൃത്യങ്ങളിലുള്ള അഭിരുചി, സ്വന്തം നിത്യരക്ഷയിലുള്ള ഉത്സാഹം മുതലായവ അചിരേണ അവനിൽനിന്നു തിരോധാനം ചെയ്യുന്നു. വി. ആഗുസ്തീനോസിൻെറ വാക്കുകൾ ഈ സന്ദർഭത്തിൽ കൂടുതൽ ചിന്താർഹങ്ങളാണ്: "ശാഖയ്ക്കു വേറൊന്നിനും അവസരം ലഭിക്കയില്ല. ഒന്നുകിൽ അതു തായിത്തണ്ടിനോടു യോജിക്കപ്പെട്ടിരിക്കണം. അല്ലെങ്കിൽ അത് അഗ്നിയിൽ ഇടപ്പെടണം."

"മുന്തിരിച്ചെടിയുടെ ശാഖകൾ — ക്രിസ്തുവിൻെറ ശരീരത്തിലെ അംഗങ്ങൾ — മൂലത്തോടും ശിരസ്സോടും എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു ഗ്രഹിക്കുന്നെങ്കിൽ, അവർ എപ്പോഴും അവനോടു (ക്രിസ്തുവിനോടു) കൃതജ്ഞതയുള്ളവരായിരിക്കും. ശാഖകൾ എന്തുമാത്രം ആനന്ദത്തോടേ ജീവനെ സ്വീകരിക്കുന്നുവോ അത്രമാത്രം ആനന്ദത്തോടേ ശിരസ്സ് അവയവങ്ങളിലേയ്ക്കു് അതിനെ വിതരണംചെയ്യുന്നു എന്നതിലത്രേ അവരുടെ ഏററം പ്രധാനമായ സന്തോഷം സ്ഥിതിചെയ്യുന്നത്............ തന്നെത്തന്നെ നമുക്കു തരുകയെന്നതാണ് മിശിഹായുടെ ആനന്ദം" (ബോസ്വേ). വി. തോമ്മാമല്ലാൻ വർണ്ണിക്കുന്നു: "സ്നേഹം രണ്ടു കാര്യങ്ങൾ സാധിക്കുന്നുണ്ട്. സ്നേഹിക്കുന്ന ആളിനു സമൃദ്ധിയും സന്തോഷവും സൗഭാഗ്യവും കൈവരുത്തുന്നതിനുവേണ്ടി അത് അയാളെ തന്നിൽത്തന്നെ സംഗ്രഹിക്കുകയും തൻെറ സ്വന്തമാക്കുകയും ചെയ്യുന്നു; അയാളാകട്ടെ അതിനുപകരം താൻ സ്നേഹിക്കുന്ന ആളിൻെറ ഇംഗിതമനുസരിച്ചു ചരിക്കുകയും അയാളിൽ ആശ്വാസവും വിശ്രാന്തിയും തേടുകയും തനിക്കു നല്കപ്പെട്ട ദാനങ്ങളിൽ ആനന്ദം കൊള്ളുകയും ചെയ്യുന്നു. അവസാനം രണ്ടാളുകളുടേയും സൗഭാഗ്യം പരസ്പരബദ്ധമായിച്ചമയുന്നു.

# അദ്ധ്യായം 10.

## I നമ്മിൽ മിശിഹായുടെ വളച്ച്.

"ക്രിസ്തു ശിശുവായി ജനിച്ചുവെങ്കിലും ഒരു ശിശുവായിത്തന്നെ കഴിഞ്ഞുകൂടിയില്ല. അതേ, അവിടുന്നു ക്രമേണ വളൎന്ന് ഒരു യുവാവായി. അനന്തരം, ഒരു പൂൎണ്ണമനുഷ്യനായിത്തീൎന്നു. ആകയാൽ, നമുക്കും വളച്ച് പ്രാപിക്കാം. അല്ല, വിശ്വാസം, സ്നേഹം, സത്പ്രവൃത്തികൾ എന്നിവവഴി ക്രിസ്തു നമ്മുടെ ആത്മാക്കളിൽ വളൎന്നുവരട്ടെ." പണ്ഡിതസാവ്ഭൗമനായ വി. ആഗുസ്തീനോസിന്റെ വാക്കുകളാണ് മേലുദ്ധരിച്ചവ. സജീവമായവ എന്നും വികസിക്കുകയും വളരുകയും ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തു നമ്മിൽ വസിക്കുന്നു. ഇതര ജീവികൾ എന്നതുപോലെ അവിടുന്നു വളരേണ്ടിയിരിക്കുന്നു. ഇപ്പോൾ പ്രധാനമായി രണ്ടു കാര്യങ്ങൾ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാം. (i) നമ്മുടെ ആത്മാവിൽ വളച്ച് പ്രാപിക്കുന്നതിനു മിശിഹാ അഭിലഷിക്കുന്നു. (ii) വളച്ച് പ്രാപിക്കുന്നതിനു മിശിഹായെ സഹായിക്കാൻ നമുക്കു കഴിയും.

## I നമ്മുടെ ആത്മാവിൽ വളൎന്നുവരുന്നതിനു മിശിഹാ അഭിലഷിക്കുന്നു.

വി. അപ്പോസ്തലൻ പറയുന്നു: "(അതു്) നാമെല്ലാവരും വിശ്വാസംമൂലവും ദൈവപുത്രനെക്കുറിച്ചുള്ള അറിവുമൂലവും ഏക വസ്തുവും മിശിഹായുടെ പൂൎണ്ണതയുടെ ഔന്നത്യത്തിന്റെ അളവനുസരിച്ചു പൂൎണ്ണനായ ഏക മനുഷ്യനും ആകുന്നതുവരെ............നാം സ്നേഹത്തിൽ ഉറപ്പിക്കപ്പെട്ടവരായിരിക്കുവാൻവേണ്ടിയും അത്രേ" (അപ്പെ. 13: 16). നാമാകുന്ന അംഗങ്ങളോടുകൂടിയ ക്രിസ്തുവിന്റെ മൗതികശരീരം സദാ

വളൻകൊണ്ടിരിക്കണം. സൃഷ്ടിക്കപ്പെടേണ്ടതായി ഒരു സംഖ്യ ജനങ്ങളുണ്ട്. തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരു ഭാഗം നീതീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ഓരോ വ്യക്തിയും മിശിഹായുടെ മഹത്വത്തെ വദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. ചിലർ അവിടുത്തെ ശക്തിയുടെ മാതൃകകളാണ്; മററു ചിലർ അവിടുത്തെ സൗമ്യതയുടെ: ചിലർ അവിടുത്തെ കരുണയെ പ്രകടിപ്പിക്കുന്നു. വേറെ ചിലർ അവിടുത്തേ പാവനതയേയും. വിശുദ്ധരുടെ സംഖ്യ എത്രമാത്രം അധികമായിരിക്കുന്നുവോ അത്രയ്ക്കും ക്രിസ്തു ലോകത്തിൽ ജ്ഞാതനായിത്തീരുന്നു. അത്രയ്ക്കും അവിടുത്തേ സാമ്രാജ്യം വിസ്തൃതമാകുന്നു.

ഓരോ ക്രൈസ്തവവ്യക്തിയിലും ക്രിസ്തു രൂപമെടുക്കുകയും അവൻെറ ആത്മാവിൽ വളൻവരുകയും ചെയ്യുന്നു. "നിത്യമായി രൂപവൽക്കരിക്കപ്പെടുക, നിത്യമായി ദൈവത്താൽ പരിപൂണ്ണരാക്കപ്പെടുക" (വി. ആഗ്ഗ.) ഇതിലത്രേ നമ്മുടെ ജീവിതം മുഴുവനും അന്തർഭവിച്ചിരിക്കുന്നതു്. വി. പൗലോസുശ്ലീഹാ പറയുന്നു: "എൻെറ മക്കളേ, മിശിഹാ നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നല്ല കാര്യങ്ങളിൽ തീക്ഷ്ണതയുള്ളവരായിരിക്കുവിൻ" (ഗാല. 4: 18). ഒരു ക്രിസ്ത്യാനി വേറൊരു ക്രിസ്തുവാണ് — ദൈവത്തിൻെറ ദത്തുപുത്രൻ. തൻെറ ജ്യേഷ്ഠസഹോദരനെപ്പോലെ "ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പാകെ അവൻ വളൻകൊണ്ടിരിക്കണം." ഇതു നിഷ്പ്രയാസം സാധിക്കാവുന്ന കാര്യമാണ്: നമ്മുടെ അവയവങ്ങൾ ശരീരത്തിൻെറ ആരോഗ്യത്തിലും വളച്ചയിലും ശക്തിയിലും പങ്കുകൊള്ളുന്നുണ്ട്. "ക്രിസ്തു നീതിമാൻെറ ആത്മാവിനോട് ഏകമായിരിക്കുന്നു" (വി. ഗ്രിഗരി). "ക്രിസ്തു നമ്മുടെ ആത്മാവിൽ ജനിക്കുകയും വളരുകയും നമ്മോടുകൂടി ശക്തി പ്രാപിക്കുകയും ചെയ്യുന്നു" (വി. പൗളിനൂസ്) എന്നു പറയുന്നതിൻെറ കാരണം ഇതുതന്നെയാണ്. അവിടുന്നു മാമ്മോദീസാവഴി നമ്മിൽ ജാതനാകുന്നു. ശാഖ തായിത്തണ്ടിനോട് എന്നതുപോലെ, നാം ദൈവത്തോടു യോജിക്കപ്പെട്ട്, സ്നേഹത്താലും മൈത്രിയാലും അവിടുത്തേ ജീവിതം നമ്മുടെ ജീവിതത്തിൽ

പുനരുൽപാദിപ്പിക്കപ്പെടുമ്പോൾ മിശിഹാ വളച്ച് പ്രാപിച്ചു കൊണ്ടിരിക്കും.

അതുകൊണ്ടു നമുക്കേവെക്കും — മിശിഹായുടെ മൗതിക ശരീരത്തിലെ ഓരോ അംഗത്തിനും — ദൈവപരിപാലനയാൽ നിശ്ചിതമായ ഒരു വളച്ചയുണ്ട്. തത്ഫലമായി ഓരോ ആത്മാവിനും മൗതികശരീരത്തിന്റെ നിതാന്തസുന്ദരമായ ഘടനയിൽ യഥാർഹമായ ഒരു സ്ഥാനമുണ്ട്. നാം മരിക്കുമ്പോൾ ഈ സ്ഥാനം അവസാനമായി തീരുമാനിക്കപ്പെടുകയും ചെയ്യുന്നു. "നീതിമാന്റെ മാർഗ്ഗം പ്രകാശിക്കുന്ന ഒരു ദീപംപോലെ പുരോഗമനം ചെയ്യുകയും പൂർണ്ണദിവസംവരെ വർദ്ധിക്കുകയും ചെയ്യും" (സുഭാഷിതങ്ങൾ 4: 18). നിസ്സാരമായ കുററങ്ങൾ പോലും നമ്മുടെ ആത്മാവിലുള്ള മിശിഹായുടെ വളച്ചയെ പ്രതിരോധിക്കുന്നു. "നിർമ്മലമായ ഒരു ആത്മാവിൽ മിശിഹാ ദിനംതോറും വളരുകയും പുഷ്ടി പ്രാപിക്കുകയും ചെയ്യുന്നു. അതു് (ആത്മാവു്) വരപ്രസാദത്തിന്റേയും ജ്ഞാനത്തിന്റേയും സദ്ഗുണങ്ങളുടേയും ദർപ്പണമായിത്തീരുന്നു. പാപിയുടെ ആത്മാവിലാകട്ടെ മിശിഹാ ക്രമേണ ദുർബലനായിത്തീരുകയും അവസാനം മൃതനാകുകയും ചെയ്യുന്നു" (ഒരിജൻ).

"യാതൊന്നുകൊണ്ടു ശരീരം മുഴവൻ കൂട്ടിച്ചേർക്കപ്പെട്ടും സന്ധിബന്ധങ്ങളിൽ നിറുത്തപ്പെട്ടും ദൈവികമായ വളച്ച പ്രാപിച്ചുകൊണ്ടും ഇരിക്കുന്നുവോ ആ ശിരസ്സിനെ പിടിച്ചു നില്ക്കുക" (കൊലൊ. 2: 18). ഇതു സമാശ്വാസപ്രദവും പ്രോത്സാഹകവുമായ ഒരു നിർദ്ദേശമാണു്. ഞാൻ ജോലി ചെയ്യുമ്പോഴൊക്കെ എന്റെ സ്നേഹനാഥനായ മിശിഹായോടുള്ള ഐക്യത്തിൽ ഞാൻ ജോലി ചെയ്യുന്നു. ഞങ്ങൾ പരസ്പരം അതിമാത്രം സ്നേഹിക്കുന്നതിനാൽ സകലവും ഞങ്ങൾക്കു പൊതുവാണു്. എന്റെ ആത്മാവിന്റെ വളച്ച് അവിടുത്തേയും വളച്ചയാണു്. മറേറതൊരു വിചാരത്തിനു് ഇതിൽ കൂടുതൽ ശക്തിയും ആനന്ദവും എനിക്കു തരുവാൻ കഴിയും? എന്റെ ആത്മാവിൽ അവിടുത്തെ എത്രമാത്രം പ്രകാശവാനായി ഞാൻ ദർശിക്കുന്നുവോ അത്രമാത്രം അവിടുത്തേയ്ക്കുവേണ്ടി ഞാൻ ചെയ്യുന്ന ജോലി ഫലപ്രദവും ചേതോഹരവുമായിരിക്കും.

## II നമ്മിൽ വളർച്ച് പ്രാപിക്കുന്നതിന് എപ്രകാരം മിശിഹായെ സഹായിക്കാൻ നമുക്കു കഴിയും.

ഓരോ പുണ്യപ്രവൃത്തിക്കും ഈശോയിൽ വളരുന്നതിനും അവിടുത്തെ ചൈതന്യത്തെ നമ്മിൽ വർദ്ധിപ്പിക്കുന്നതിനും നമ്മെ സഹായിക്കുവാൻ സാധിക്കും

പ്രഥമമായി നമ്മുടെ ആത്മാവിൽ വിളങ്ങുന്ന ദിവ്യചൈതന്യത്തിൻെറ പ്രചോദനങ്ങൾക്കു നമ്മുടെ ആത്മാവിനെ വശംവദമാക്കണം. ക്രിസ്തുവിൻെറ ചൈതന്യവിശേഷത്തെ നമ്മുടെ ആത്മാക്കളിലേയ്ക്കു വ്യാപിപ്പിക്കുന്ന ധമനികളാണ് പ്രാർത്ഥനകളും കൂദാശകളും. പ്രഭാതത്തിൽ, ദിനകൃത്യങ്ങൾ പ്രാർത്ഥനകൊണ്ടു സമാരംഭിക്കുന്ന ഒരു ക്രിസ്ത്യാനി പരിശുദ്ധാത്മാവിൻെറ പ്രേരണകളെ തികച്ചും അനുസരിക്കുന്നുണ്ട്. കർത്താവിനുവേണ്ടിമാത്രം ജീവിക്കുകയും സുകൃതജപങ്ങൾവഴി അവിടുത്തോടു സദാ സംഭാഷിക്കുകയും ചെയ്യുന്ന ഒരാത്മാവു ക്ഷണത്തിൽ നമ്മുടെ ദിവ്യനാഥനുമായി ജീവിതൈക്യം പ്രാപിക്കുന്നതാണ്. മിശിഹാ അവനിൽ വളരുകയും, സർവ്വസൗഭാഗ്യസമൃദ്ധമായ "ആദികാരണ"ത്തോട് അവൻ യോജിപ്പിക്കപ്പെടുന്നതുവരെ തൻെറ അനുഗ്രഹത്തിൻെറ ധാരാളതയെ അവനിൽ ചൊരിയുകയും ചെയ്യും. കുമ്പസാരമെന്ന കൂദാശമൂലം ഈ ജീവിതൈക്യം നവീകരിക്കപ്പെടുന്നു. പരിശുദ്ധ കുർബ്ബാനയിൽ ഇതു സീമാതീതമായി വർദ്ധിക്കുകയും ഗാഢമാകുകയും തന്മൂലം, ദിവ്യനാഥൻ അരുൾചെയ്തിരിക്കുന്നതുപോലെ അവിടുന്നു നമ്മിലും നാം അങ്ങിലും വസിക്കുകയും അവിടുന്നു നമ്മുടെ എല്ലാ പ്രവൃത്തികളുടെയും അടിസ്ഥാനമായിത്തീരുകയും ചെയ്യും.

നമ്മിൽ ജാതനാകുന്ന മിശിഹാ വളരണമെന്നു നാം ആഗ്രഹിക്കുന്നെങ്കിൽ, അവിടുത്തേയ്ക്കു നാം ഭക്ഷണം നല്കേണ്ടിയിരിക്കുന്നു. എന്നാൽ, എന്തു ഭക്ഷണമാണു നാം കൊടുക്കേണ്ടത്? അവിടുന്നുതന്നെ ഈ ചോദ്യത്തിനുത്തരം നല്കിയിട്ടുണ്ട്: "എന്നെ അയച്ചവൻെറ അഭീഷ്ടം പ്രവർത്തിക്കുന്നതും അവൻെറ വേല പൂർത്തിയാക്കുന്നതുമാകുന്നു എൻെറ ഭക്ഷണം" (യോഹ. 4: 34). അവിടുന്നു വീണ്ടും പറയുന്നു: "സ്വർഗ്ഗത്തിലുള്ള എൻെറ

പിതാവിന്റെ ഇഷ്ടം സാധിക്കുന്നവൻ ആരോ അവനാകുന്നു എന്റെ സഹോദരനും എന്റെ സഹോദരിയും എന്റെ അമ്മയും" (മത്തായി 22: 50).

ഒരിക്കൽ നമ്മുടെ ദിവ്യനാഥൻ ഒരു ശിശുവിന്റെ രൂപത്തിൽ ഭക്തനായ ഒരു സന്യാസിക്കു കാണപ്പെട്ടു എന്നാൽ, ആശ്രമനിയമമനുസരിച്ച് അനുഷ്ഠിക്കേണ്ട ചില ചുമതലകൾ മൂലം ഉടൻ ആ സ്ഥലം വിടുന്നതിനും അങ്ങനെ അത്യാനന്ദപ്രദവും അസാധാരണവുമായ ആ ദിവ്യസന്ദർശനത്തിൽനിന്നു വിരമിക്കുന്നതിനും അദ്ദേഹം നിർബന്ധനായി. ആ താപസൻ യാതൊരു മടിയും കൂടാതെ അവിടെനിന്നും പോയി. അദ്ദേഹം തിരിച്ചെത്തിയപ്പോൾ ഈശോ വീണ്ടും പ്രത്യക്ഷനായി പക്ഷെ, ഇപ്പോൾ പ്രത്യക്ഷനായതു് ഒരു യുവാവായിട്ടാണു്. അവിടുന്നു സന്യാസിയോടു് അരുൾചെയ്തു: "എന്റെ പ്രിയ മകനേ, നീ ഇവിടെ ഇല്ലാതിരുന്ന അവസരത്തിൽ ഞാൻ എന്തുമാത്രം വളർന്നിരിക്കുന്നുവെന്നു നീ കണ്ടാലും! ഇതേ രീതിയിൽത്തന്നെ, അനുസരണവ്രതത്തിൽ നീ കാണിച്ച വിശ്വസ്തത ഹേതുവായി, ഞാൻ നിന്റെ ആത്മാവിലും വളർന്നിരിക്കുന്നു." അനുസരണത്തിന്റെ ഒരു മാതൃകയായിരിക്കണം നമ്മുടെ ജീവിതം. വിശിഷ്യ, ഒരു സന്യാസിയുടെ ആത്മാവു പരിപോഷിപ്പിക്കപ്പെടേണ്ടതു് അനുസരണകൊണ്ടാണു്.

അവസാനമായി, ക്രിസ്തു നമ്മിൽ വസിക്കുകയും വളരുകയും ചെയ്യുന്നതുമൂലം, നമ്മിൽനിന്നു് അവിടുന്നു് എന്താഗ്രഹിക്കുന്നുവെന്നും അവിടുത്തെ വളർച്ചയുടെ പരിമിതി എത്രമാത്രമെന്നും ഗ്രഹിക്കുന്നതിനും നമുക്കു നിഷ്പ്രയാസം സാധിക്കും. നമ്മുടെ ജീവിതത്തിലെ ചിലയവസരങ്ങളിൽ ഈശോ നമുക്കു കൂടുതൽ മനോഹരനായും കൂടുതൽ വളർച്ച പ്രാപിച്ചവനായും കാണപ്പെട്ടിട്ടുണ്ടു് എന്ന വസ്തുത ഭൂതകാലജീവിതം വിളിച്ചുപറയുന്നു. പ്രഥമദിവ്യകാരുണ്യസ്വീകരണാവസരത്തിൽ, അല്ലെങ്കിൽ നല്ല ഒരു ധ്യാനം കഴിഞ്ഞു്, അതുമല്ലെങ്കിൽ, ഒരു പ്രത്യേക കുമ്പസാരത്തിനുശേഷം, ഈശോ അതീവസുന്ദരനായി ആത്മനേത്രങ്ങൾക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. ഈദൃശസുവർണ്ണാവസരങ്ങളെ നമുക്കു സ്മരിക്കാം. ഇതിനുംപുറമേ, ഈശോ ഇപ്പോൾ

ക്രമാനുഗതം നമ്മിൽ വളർന്നുകൊണ്ടിരിക്കുന്നുവോ എന്നും സശ്രദ്ധം നമുക്കു പരിശോധിക്കാം. കഷ്ടം! എത്രയോ ആത്മാക്കളിൽ മിശിഹാ മറയ്ക്കപ്പെടുകയും പരിമിതനാക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യുന്നു. ഭീരുക്കളുടേയും മന്ദഭക്തരുടേയും ആത്മാക്കളിൽ അവിടുന്ന് അത്യധികമായ വ്യസനം അനുഭവിക്കുന്നു. ഭഗ്നാശരിൽ അവിടുന്നു മൃതപ്രായനായിരിക്കുന്നു; നിർഭാഗ്യ പാപികളിൽ അവിടുന്നു മൃതനുമായിരിക്കുന്നു.

"എന്റെ ദൈവമേ, നിന്റെ സ്നേഹത്തിന്റെ വിദ്യാലയത്തിൽ എന്നെ നീ തനിച്ചാക്കാതെ, നിന്നിലും നീ മൂലവും നിന്നോടുകൂടിയും പരിപൂർണ്ണതയുടെ വഴിയിൽ പുരോഗതി പ്രാപിക്കുന്നതിന് എന്നെ കാത്തുസൂക്ഷിക്ക. എന്റെ സ്നേഹനാഥാ, നിന്നെപ്പററിയുള്ള സ്നേഹത്തിലും അറിവിലും ദിനം പ്രതി ഓരോ കാലടിയും മുന്നോട്ടുവയ്ക്കുന്നതിന് എന്നെ സഹായിക്ക. നിന്നെപ്പററി അല്പംമാത്രം അറിഞ്ഞാൽ പോരാ, യഥാത്ഥത്തിൽ നീ ആയിരിക്കുന്നതുപോലെ നിന്നെ അറിയുന്നതിനും, എനിക്കുവേണ്ടിയല്ല, നിന്നിലും നിനക്കുവേണ്ടിയും ജീവിക്കുന്നതിനും ഞാനാഗ്രഹിക്കുന്നു" (വി. ജർത്രൂദ്).

# അദ്ധ്യായം 11.

## മനുഷ്യാത്മാവിൽ ഈശോയുടെ പ്രവൎത്തനം.

"ആരുടെ ഹൃദയത്തിൽ ഈശോ സ്ഥിതി ചെയ്യുന്നുവോ അവൻ തന്റെ പ്രവൃത്തികൾവഴി അവിടുത്തെ സാന്നിധ്യത്തെ വെളിപ്പെടുത്തും............... ബീജത്തിൽനിന്നു വൃക്ഷം വളൎന്നു വരുന്നതുപോലെ, ഈശോയുടെ സ്നേഹത്തിൽ നിന്നായിരിക്കണം നിന്റെ പ്രവൃത്തികളുടെ വളൎച്ചയും. നിന്റെ ഹൃദയത്തിൽ അവിടുന്നു സ്ഥിതിചെയ്യുന്നതനുസരിച്ച നിന്റെ എല്ലാ പ്രവൃത്തികളിലും അവിടുന്നു സന്നിഹിതനായിരിക്കും. നിന്റെ കണ്ണുകളിലും അധരങ്ങളിലും കരങ്ങളിലും അവിടു

നുണ്ടായിരിക്കും" (വി. ഫ്രാൻസീസ് സാലേസ്). ഒരാത്മാവു പരിപൂൎണ്ണമായി തന്നെത്തന്നെ ഈശോയ്ക്കു സമൎപ്പിക്കുമ്പോൾ അത്യുന്നതൻ അതിനെ തൻെറ സ്വന്തമാക്കുന്നു. അനന്തരം അതിൻെറ പ്രവൃത്തികളെല്ലാം കൎത്താവിനായും കൎത്താവിനോടു കൂടിയും കൎത്താവുവഴിയായും ചെയ്യുന്നു. ആകയാൽ, ഈശോയ്ക്കു നമ്മുടെ ആത്മാവിൽ പ്രവൎത്തിക്കാനുള്ള ആഗ്രഹത്തേയും അങ്ങയുടെ പ്രവൎത്തനത്തിൽ നമുക്കു നല്കാവുന്ന സഹായത്തേയും കുറിച്ചു പരിചിന്തനം ചെയ്യാം.

## I ഈശോ നമ്മിൽ പ്രവൎത്തിക്കുന്നതിന് ആഗ്രഹിക്കുന്നു.

നമ്മുടെ കൎത്താവ് ഒരിക്കൽ വി. മററിൽഡായോടു പറഞ്ഞു: "നീ പരിപൂൎണ്ണമായി എനിക്കുവേണ്ടി ജീവിക്കുക; നിൻെറ എല്ലാ സൽകൃത്യങ്ങളും എൻേറതായി പരിഗണിക്കുക; അവ നിൻേറതല്ല. നിന്നെ ഭരിക്കുന്നതിനും നിൻെറ എല്ലാ പ്രവൃത്തികളും ചെയ്യുന്നതിനുമായി ഞാൻ അണിഞ്ഞിരിക്കുന്ന മേലങ്കിയായിമാത്രം നിന്നെ നീ പരിഗണിച്ചാൽമതി." വി. ഫുൾജെൻസിയൂസിൻെറ വാക്കുകൾ ശ്രദ്ധേയമാണ്: "ഈശോ നമ്മിൽ ജീവിക്കുന്നു. അവിടുന്നു ഒരു ശവക്കല്ലറയിൽ കിടക്കുകയല്ല; മരിച്ചവനെപ്പോലെ ചൈതന്യരഹിതനായിട്ടല്ല അവിടുന്നു നമ്മിൽ സ്ഥിതിചെയ്യുന്നത്. തൻെറ വത്സലപ്രജകളെ ഭരിക്കുന്ന രാജാവിനെപ്പോലെ നമ്മുടെ ആത്മാവാകുന്ന സാമ്രാജ്യത്തിൽ അധിപനായിട്ടാകുന്നു അവിടുന്നു വാഴുന്നത്. നിത്യരക്ഷയ്ക്കായുള്ള നമ്മുടെ പോരാട്ടത്തിൽ, ഒരു ദിവ്യസഹായകനെപ്പോലെ അവിടുന്നു നമ്മിൽ കുടികൊള്ളുന്നു. നിത്യപിതാവിൻെറ ഉപരിമഹത്വത്തിനായി നമ്മിൽ അശ്രാന്തപരിശ്രമം ചെയ്യുന്നതും അവിടുന്നാകുന്നു. തൻെറ ദിവ്യാത്മാവിനെപ്പോലെ നമ്മുടെ ആത്മാക്കളും ആയിത്തീരുന്നതിന് ഈശോ ആഗ്രഹിക്കുന്നു. ഇതിനായി അവിടുത്തേ തൃക്കരം നമ്മെ രൂപവൽക്കരിക്കുകയും ചെയ്യുന്നു." ഒരു ചെടിയുടെ ശാഖകൾ തായിത്തണ്ടിൽനിന്നു ജീവദ്രാവകം സ്വീകരിച്ചു പരിപുഷ്ടമാ

കുന്നു; ഇലകൾ പുറപ്പെടുവിക്കുന്നു; വളൎച്ച പ്രാപിക്കുന്നു; പുഷ്പിക്കുന്നു; അനന്തരം ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഈ ഫലങ്ങൾ പക്വങ്ങളാകുന്നതും ജീവദ്രാവകത്തിന്റെ സഹായത്താലത്രേ. ഈശോ "മുന്തിരിച്ചെടി"യും ആത്മാക്കൾ "ശാഖകളു"മാകുന്നു. ദിവ്യരക്ഷകനാകുന്ന ഈ തായിത്തണ്ടിൽനിന്നു് ആത്മാക്കളാകുന്ന ശാഖകൾ പ്രസാദവരമാകുന്ന ജീവദ്രാവകം സ്വീകരിക്കുന്നു. തങ്ങളുടെ വിശുദ്ധീകരണത്തിനാവശ്യകമായ സകലതും അവിടുന്നു് അവൎക്കു നല്കുന്നു. "നല്ല വൃക്ഷം നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നു; വന്യവൃക്ഷം ചീത്തഫലങ്ങളും പുറപ്പെടുവിക്കുന്നു" എന്ന വാക്കുകൾ നമ്മെ ഭയപ്പെടുത്തിയേക്കാം. അപ്പോൾ അഭയാൎത്ഥം ഈശോയുടെ പക്കലേക്കു നമുക്കു തിരിയാം. എന്തുകൊണ്ടെന്നാൽ, അവിടുന്നാകുന്നു തായിത്തണ്ടു്; നാം ശാഖകൾ മാത്രം — അതേ, നല്ല മുന്തിരിയിൽ വെട്ടി ഒട്ടിക്കപ്പെട്ട കാട്ടുമുന്തിരിയുടെ ശാഖകളത്രേ നാം. ഫലം പുറപ്പെടുവിക്കുന്നതു് അവിടുന്നുതന്നെ ആകുന്നു.

കൎത്താവിന്റെ വരപ്രസാദം സദാ നമ്മോടുകൂടിയുണ്ടു്. "ഇച്ഛിക്കുവാനും ഇച്ഛിക്കുന്നതു പ്രവൎത്തിക്കുവാനും നിങ്ങളിൽ താൽപര്യം ജനിപ്പിക്കുന്നതു ദൈവം ആകുന്നുവല്ലോ" (പീലി. 2: 13). നമ്മുടെ പ്രവൃത്തികൾ ഫലപ്രദങ്ങളാകുവാൻവേണ്ടി അവിടുന്നു തന്റെ ഉത്സാഹശീലം നമുക്കു തരുന്നു. നമ്മുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെ ദൈവം എല്ലായ്പോഴും ആഗ്രഹിക്കുന്നു. നമ്മുടെ വിശുദ്ധീകരണമാകുന്നു അവിടുത്തെ അഭീഷ്ടം. ആകയാൽ, നമ്മുടെ ഹൃദയം തന്റെ ദിവ്യഹൃദയത്തോടു് ഐക്യപ്പെടുന്നതിന്നു് അവിടുന്നഭിലഷിക്കുന്നു. ചെറിയ നീൎച്ചാലിനു സമമാകുന്നു നമ്മുടെ ജീവിതം; കൎത്താവിന്റെ ജീവിതമാകട്ടെ മഹാസമുദ്രംപോലെ വിശാലവും. ആകയാൽ, നീൎച്ചാലുകൾ ഈ മഹാസമുദ്രത്തിൽ ലയിക്കണമെന്നാകുന്നു അവിടുത്തെ അഭിലാഷം. ഇതു സാധിച്ചുകഴിഞ്ഞാൽ അവിടുത്തെ നന്മയുടെ കിരീടം നമുക്കു സ്വീകരിക്കാം; അവിടുന്നു വിതച്ചതു നമുക്കു കൊയ്യുകയും ചെയ്യാം.

ഈശോയുടെ ജീവനാകുന്നു നമ്മുടെ പ്രവൃത്തികൾക്കു മാഹാത്മ്യം നല്കുന്നതു്. ഇതുവഴിയായി നാം ദൈവത്തിന്റെ

ജീവനിൽ ഭാഗഭാക്കുകളാകുന്നു; അവിടുത്തോടുകൂടി നാം പ്രവത്തിക്കുകയും ചെയ്യുന്നു. വി. ഫ്രാൻസീസ് സാലെസിന്റെ വാക്കുകൾ സന്ദർഭോചിതംതന്നെ. അദ്ദേഹം പറയുന്നു: "കടുംചുവപ്പും കരിംചുവപ്പും രക്തവർണ്ണവും രോമവസ്ത്രങ്ങളെ മനോജ്ഞങ്ങളും രാജോചിതങ്ങളുമാക്കുന്നു. എന്നാൽ, അവയുടെ ഭംഗി രോമത്തിൽനിന്നല്ല, ചായത്തിൽനിന്നത്രേ ഉത്ഭൂതമാകുന്നത്. അപ്രകാരംതന്നെ നല്ല ക്രിസ്ത്യാനികളുടെ സൽപ്രവൃത്തികൾ സ്വർഗ്ഗ സമ്മാനത്തിനർഹമായി ബ്ഭവിക്കുന്നു. പക്ഷേ, അവ നമ്മിൽനിന്നു പുറപ്പെടുന്നതുകൊണ്ടല്ല, പ്രത്യുത, ദൈവസുതന്റെ പരിപാവനമായ രക്തത്താൽ ചായം കൊടുക്കപ്പെടുന്നതുകൊണ്ടത്രെ മഹനീയമായിത്തീരുന്നത്." ഈശോയുടെ ചൈതന്യത്താൽ പ്രചോദിതരായി നാം പ്രവത്തിക്കുന്നെങ്കിൽ നമ്മുടെ വിചാരങ്ങളും ആഗ്രഹങ്ങളും പ്രവൃത്തികളും അമൂല്യങ്ങളായി പ്പരിണമിക്കും. "ഈശോയുടെ പ്രവൃത്തികളിൽ നിന്നാകുന്നു നമ്മുടെ പ്രവൃത്തികൾക്കു ശക്തിയും ഗുണവും സിദ്ധിക്കുന്നത്" എന്നു വന്ദ്യനായ മരിയസാലെസ് പറയുന്നു. പൗരസ്ത്യസഭയുടെ അഭിമാനസ്തംഭമായി പരിലസിക്കുന്ന വി. അപ്രേം, ഈശോയോടു യഥാത്ഥത്തിൽ ഐക്യപ്പെട്ടിരിക്കുന്നവരെക്കുറിച്ചു പ്രസ്താവിക്കുന്നു: "അവരുടെ ആത്മാവിന്റേയും ശരീരത്തിന്റേയും കവാടങ്ങളിൽക്കൂടി പുറപ്പെടുന്നത് ഈശോയാകുന്നു. അവരുടെ ബുദ്ധിയിലും ഹൃദയത്തിലും അവരുടെ കണ്ണുകളിലും കരങ്ങളിലും അവരുടെ രസനേന്ദ്രിയങ്ങളിലും ശ്രോത്രേന്ദ്രിയങ്ങളിലും പാദങ്ങളിലും ഈശോ സ്ഥിതിചെയ്യുന്നു. അവിടുന്ന് അവിടെ എന്തു ചെയ്യുന്നു? വ്യതിക്രമിച്ചതിനെ ക്രമപ്പെടുത്തുകയും ആത്മാവിനു നവജീവൻ നല്കുകയും ചെയ്യുന്നു; ഹൃദയത്തിൽ വസിച്ചുകൊണ്ട് എല്ലാം ശ്രവിക്കുന്നു; അവരുടെ കണ്ണുകൾകൊണ്ട് അവിടുന്നു കാണുന്നു; അവരുടെ നാവുകൊണ്ടു സംസാരിക്കുന്നു; അവരുടെ ആത്മാവിൽ ഏകാധിപത്യം വഹിക്കുകയും ചെയ്യുന്നു." ആകയാൽ, ഈശോയോടുള്ള ഐക്യത്തിൽ വത്തിക്കുമ്പോൾ എനിക്കു വലിയ ലാഭവും അങ്ങിൽനിന്നു വേർപെട്ടാൽ മഹാനഷ്ടവും സംഭവിക്കുന്നു.

## II ഈശോയെ നമുക്കു സഹായിക്കാം.

ഈശോ നമ്മിൽ പ്രവർത്തിക്കുന്നതിനാഗ്രഹിക്കുന്നു. ഈ ആഗ്രഹം നിവർത്തിക്കുന്നതിന് അങ്ങയെ നമുക്കു സഹായിക്കാം. നാം വിശുദ്ധരായിത്തീരണമെങ്കിൽ ദൈവത്തെ അറിയണം; നമ്മുടെ ദുസ്സ്വഭാവത്തെ സധൈര്യം എതിർക്കണം; വരപ്രസാദത്തിൻെറ വഴികളിൽക്കൂടി വിശ്വസ്തതയോടെ വ്യാപരിക്കണം. അതിനായി, നമ്മുടെ ഹൃദയത്തെ സമാധാനത്തിലും ശാന്തിയിലും പരിപാലിക്കുകയും ദൈവതിരുച്ചിത്തത്തിനു പരിപൂർണ്ണമായി വിധേയമാക്കുകയും ചെയ്യണമെന്നാണു വി. ഇഗ്നേഷ്യസ് പറയുന്നത്. ഓരോരുത്തരും ദിവ്യശില്പിയുടെ പക്കലുള്ള ഉപകരണങ്ങളായി തങ്ങളെത്തന്നെ വിഭാവനം ചെയ്യണമെന്നു മററൊരു പുണ്യവാൻ ഉപദേശിക്കുന്നു. ഉപകരണങ്ങൾ യഥേഷ്ടം എടുത്തുപയോഗിക്കത്തക്കവിധം ഉടമസ്ഥൻ വെയ്ക്കുന്ന സ്ഥലത്തുതന്നെ സ്ഥിതിചെയ്യുന്നു. തനിക്ക് ഇഷ്ടമുള്ള സമയത്തും ഇഷ്ടമുള്ള വിധത്തിലും ഇഷ്ടമുള്ളിടത്തോളവും അതിനെ അവൻ ഉപയോഗിക്കുന്നു. നാമാകട്ടെ ചിത്രകാരൻെറ ആലേഖനത്തെ പ്രതീക്ഷിച്ചു കിടക്കുന്ന കാൻവാസിനു സമാനരാണ്. ദിവ്യചിത്രകാരൻ ദൈനംദിനം, എന്നല്ല, മണിക്കൂർതോറും നമ്മിൽ എഴുന്നള്ളിവന്നു നമ്മുടെ ആത്മാവിൽ തൻെറ ചിത്രം വരയ്ക്കുന്നതിനാഗ്രഹിക്കുന്നു. ആകയാൽ, നമ്മുടെ ഹൃദയത്തിൽ അവിടുത്തേയ്ക്കു സ്വാതന്ത്ര്യം കൊടുക്കണം. ചിത്രത്തിൻെറ നിറങ്ങൾ അവിടുന്നുതന്നെ തിരഞ്ഞെടുക്കട്ടെ; ഇഷ്ടമുള്ളിടത്തു തങ്കം പൂശട്ടെ; ഇഷ്ടമുള്ളിടത്തു മങ്ങിയ രേഖയും ഇട്ടുകൊള്ളട്ടെ. അതു് തൻെറ കൈവേലയെന്നു ലോകം ഗ്രഹിക്കുന്നതിനായി അവിടുന്നു പ്രകാശമാനമായ രേഖകൾ അതിൽ ചാർത്തും. നമ്മുടെ അഹംഭാവത്തെ അമർത്തുന്നതിനായി അവയെ മങ്ങിയ നിഴലുകളാൽ ആവരണം ചെയ്യും. അല്ലാത്തപക്ഷം പൈശാചിക കണികളിൽ നാം അകപ്പെടുവാൻ പാടുണ്ടു്.

നമ്മുടെ ആത്മാവിൽ കർത്താവിൻെറ പ്രവർത്തനം സാവകാശമാകുന്നു എന്നു നാം വിചാരിക്കുന്നു. എന്നാൽ, അവിടുത്തേയ്ക്കറിയാം നമ്മുടെ ആത്മാവിന് ഉപകാരപ്രദമാ

യതു് എന്തെന്നു്. വെറോനിക്കായുടെ തൂവാലയിൽ ഒരു നിമിഷംകൊണ്ടു തൻെറ തിരുമുഖത്തിൻെറ ഛായ അവിടുന്നു പതിച്ചുകൊടുത്തു. അവിടുന്നാഗ്രഹിക്കുന്നതുപോലെ എന്നിൽ പ്രവർത്തിക്കുന്നതിനു ഞാൻ അനുവദിക്കണം; എന്നിലുള്ള ആ "പഴയ മനുഷ്യനെ" നിഷ്ഠുരുണം നിഹനിക്കണം; അവിടുത്തേ പ്രസാദവരത്തിൻെറ പ്രേരണയനുസരിച്ചു പ്രവർത്തിക്കണം; അപ്പോഠം കർത്താവിൻെറ പ്രവർത്തനങ്ങഠംക്കു ക്രമാതീതമായ അഭിവൃദ്ധിയുണ്ടാകും.

"ഈശോയുടെ തിരുഹൃദയം എനിക്കുവേണ്ടി സകലതും ചെയ്തുകൊള്ളും; അവിടുത്തേ ഇഷ്ടംപോലെ പ്രവർത്തിക്കുന്നതിനു ഞാൻ അനുവദിച്ചാൽ മാത്രംമതി. ഈ വിചാരം എന്നെ സാന്ത്വനപ്പെടുത്തുന്നു. എൻെറ ന്യൂനതകളെ പരിഹരിക്കുന്നതിനു് അവിടുന്നു് ഇച്ഛിക്കുന്നു; അതിൽ താൻ സന്തോഷിക്കുകയും ചെയ്യുന്നു" (വി. മർഗ്ഗരീത്താമറിയം). "കർത്താവേ, നിൻെറ അഭീഷ്ടം ഇപ്രകാരമാകുന്നു" എന്നു പരമാത്ഥതയോടും സ്ഥിരതയോടുംകൂടി പറയുന്നപക്ഷം ഈശോ സകലതും നമുക്കുവേണ്ടി പ്രവർത്തിക്കും.

നമ്മുടെ ഈ മനസ്സു കർമ്മോദ്യുക്തമായിരിക്കണം. ദിവ്യരക്ഷകനോടുകൂടി നാം പ്രവർത്തിക്കണം. ദിവ്യാനുഗ്രഹങ്ങഠം അവിടുന്നു നമുക്കു നല്കിയാലും നമ്മെക്കൂടാതെ അവിടുന്നു പ്രവത്തിക്കയില്ല. "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്നെ രക്ഷിക്കയില്ല" എന്നു വി. ആഗ്ഗസ്തീനോസു പറയുന്നു. "വരപ്രസാദത്തിൻെറ രഹസ്യം വിവാഹംപോലെയാകുന്നു വധുവിൻെറ സമ്മതംകൂടാതെ വരൻ അവളെ പരിഗ്രഹിക്കുകയില്ല. ഈശോ ആത്മാക്കളുടെ പ്രാണേശനാണു്; എന്നാൽ, സമ്മതം നല്കാത്ത വധുവിനെ അവിടുന്നു പരിഗ്രഹിക്കുകയില്ല. ആകയാൽ, ഈശോയുടെ ആഗ്രഹം നിറവേററാത്ത ബുദ്ധിശൂന്യമായ ആത്മാവിനു നാശം" (മോൺ. സെഗ്ഗുർ).

കർത്താവിനോടു യോജിച്ചുകൊണ്ടു നാം ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചു വി. പീററർ ഡാമിയൻ ശക്തിയുക്തം നമ്മെ ഉൽബോധിപ്പിക്കുന്നു: "ക്രിസ്തു സദാ നിനക്കു സ്നേഹമുള്ള

അതിഥിയായിരിക്കട്ടെ; അവിടുന്നു നിന്നോടുകൂടി ഭക്ഷണത്തിനിരിക്കട്ടെ; സുമധുരമായ ഭക്ഷ്യപേയങ്ങളെ അനുഭവിക്കട്ടെ. സസ്നേഹം അവിടുത്തോടു നീ സംഭാഷണം ചെയ്യുക. നിൻെറ ഹൃദയത്തിൽ അവിടുത്തെ നീ സൂക്ഷിക്കുക; അവിടെ അവിടുന്നു സമാധാനം കണ്ടെത്തട്ടെ; അവിടുത്തോടു ചേൎന്നു പ്രയത്നിക്കുക; നിൻെറ ഭാരങ്ങളെ അവിടുന്നു താങ്ങട്ടെ. രാത്രിയാകുമ്പോൾ അവിടുത്തേ തോളിൽ ചാരിക്കിടന്നു നീ ഉറങ്ങിക്കൊള്ളുക. നിൻെറ സംഭാഷണത്തിൻേറയും പ്രാൎത്ഥനയുടേയും പാനത്തിൻേറയും ജീവൻ അവിടുന്നായിരിക്കട്ടെ. അവിടുന്നു നിന്നോടുകൂടി ശ്വസിക്കുകയും പ്രാൎത്ഥിക്കുകയും പ്രവൎത്തിക്കുകയും സഹിക്കുകയും ചെയ്യട്ടെ."

സ്വാത്മത്തെ പരിത്യജിച്ചുകൊണ്ടു "ക്രിസ്തുവിനെ ധരിക്കുന്നതിനു" നമുക്കു ശ്രമിക്കാം. അപ്പോൾ, അവിടുത്തേ സഹകരണം നിഷ്പ്രയാസം നമുക്കു ലഭിക്കും. പുരോഹിതൻ ബലിപീഠത്തിങ്കലേയ്ക്കു കൊണ്ടുപോകുന്ന ഓസ്തി കേവലം അപ്പമാകുന്നു. എന്നാൽ, കൂദാശവചനങ്ങൾ ഉച്ചരിച്ചുകഴിയുമ്പോൾ അപ്പത്തിൻെറ ഗുണങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിലും അതു് അപ്പമല്ല, ഈശോയാകുന്നു. നമ്മെ സംബന്ധിച്ചും ഏതാണ്ടീ പ്രകാരം പറയാം: പ്രസാദവരം നമ്മിൽ സ്ഥിതിചെയ്യുമ്പോൾ — ദിവ്യകാരുണ്യസ്വീകരണംവഴി ദിവ്യനാഥനോടു ഐക്യപ്പെട്ടിരിക്കുമ്പോൾ വിശേഷിച്ചും — ബാഹ്യമായി നാം മനുഷ്യരാണെങ്കിലും, യഥാൎത്ഥത്തിൽ ഈശോയാകുന്നു നമ്മിൽ വസിക്കുന്നതു്.

എത്ര കൂടുതലായി ഈശോയിൽ നമ്മുടെ ജീവനെ നാം പരിത്യജിക്കുന്നുവോ അത്രയധികമായി നാം നമ്മെത്തന്നെ വിസ്മരിക്കുകയും അവിടുത്തെ മാത്രം ദൎശിക്കുകയും ചെയ്യും. അവിടുത്തേ തിരുനാമത്തിൽ നാം പ്രാൎത്ഥിക്കുമ്പോൾ നമ്മുടെ അധരങ്ങൾ അവിടുത്തേ ദിവ്യാധരങ്ങൾതന്നെ ആയിത്തീരുന്നു; നാം പ്രാൎത്ഥനാനിരതരായി മുട്ടുമടക്കുമ്പോൾ അവിടുന്നാകുന്നു മുട്ടുകുത്തുന്നതു്; നമുക്കു നല്കുവാനായി അവിടുന്നു പിതാവിനോടപേക്ഷിച്ച സ്നേഹത്താൽ നാം അവിടുത്തെ സ്നേഹിക്കുമ്പോൾ അവിടുത്തേ ദിവ്യഹൃദയമാകുന്നു സ്നേഹിക്കുന്നതു്. നാം സഹി

ക്കമ്പോൾ അവിടുത്തേ രക്ഷാകരകൃത്യത്തിൽ നാം ഭാഗഭാക്കു കളാകുന്നു; അന്യർക്കു നന്മചെയ്യുന്നതിനു നാം ശ്രമിക്കുമ്പോൾ കർത്താവിനെത്തന്നെ നാം അവർക്കു പ്രദാനം ചെയ്യുന്നു.

"എൻെറ ദിവ്യനാഥാ, എൻെറ ഹൃദയത്തെ അതിൻെറ എല്ലാ സ്നേഹങ്ങളോടുംകൂടിയും എൻെറ ആത്മാവിനെ അതിൻെറ സകല കഴിവുകളോടുംകൂടിയും അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു. അങ്ങേ തിരുമനസ്സിനോടു യോജിപ്പിക്കുന്നതിനുവേണ്ടി എൻെറ മനസ്സിനേയും അങ്ങേയ്ക്കു ഞാൻ കയ്യാളിക്കുന്നു. എൻെറ ആഗ്രഹങ്ങളേയും വചനങ്ങളേയും പ്രവൃത്തികളേയും അവിടുത്തേ ആഗ്രഹങ്ങളോടും വചനങ്ങളോടും പ്രവൃത്തികളോടും യോജിപ്പിച്ച്, അങ്ങേ പരിശുദ്ധാത്മാവിനാൽ അവയ്ക്കു പ്രചോദനം നല്കേണമേ. അങ്ങേ സ്നേഹത്താൽ പ്രേരിതമാകാത്ത യാതൊന്നും ഞാൻ ചെയ്യാതിരിക്കട്ടെ. എൻെറ സ്നേഹനാഥാ, എൻെറ ഓരോ പ്രവൃത്തിയും ആരാധനയുടേയും സ്നേഹത്തിൻേറയും, അവിടുത്തേ തിരുമനസ്സിനോടുള്ള യോജിപ്പിൻേറയും ഓരോ പ്രകരണമായിത്തീരുന്നതിന് അനുഗ്രഹം തരണമേ" (വി. മർഗ്ഗരീത്താമറിയം).

# അദ്ധ്യായം 12.

## മനുഷ്യഹൃദയത്തിൽ മിശിഹായുടെ പീഡാനുഭവം.

"ക്രിസ്തുനാഥൻ നമുക്കു മാതൃക നല്കിക്കൊണ്ടു പീഡകൾ സഹിച്ചു" (വി. പത്രോ. 2: 21). "നമ്മെ അവിടുന്നു ക്രൂശിക്കുന്നുണ്ടെങ്കിൽ അതു ക്രൂശിതനായ അവിടുത്തെ നാം കൂടുതൽ സ്നേഹിക്കുന്നതിനുവേണ്ടിയാണ്." ദൈവത്തിൻെറ സ്നേഹം എത്ര അഗാധത്തിലേയ്ക്കിറങ്ങിയെന്ന് അവിടുത്തേ പീഡാനുഭവം പ്രസ്പഷ്ടമാക്കുന്നുണ്ട്. നമ്മുടെ സ്നേഹം എത്രമാത്രം അവിടുത്തേപ്പക്കലേയ്ക്കു് ഉയരണമെന്നും അതു വ്യക്തമാ

കുന്നുണ്ട്. നമ്മുടെ ആത്മാവിൽ മിശിഹാ പീഡ അനുഭവിക്കുന്നതിൻെറ രഹസ്യത്തെപ്പററി ധ്യാനിക്കുന്നതു മാധുര്യപ്രദവും പ്രോത്സാഹകജനകവുമാണ്. ആകയാൽ, രണ്ടു സംഗതികളെക്കുറിച്ചു നമുക്കു ചിന്തിക്കാം. (1) നമ്മുടെ ആത്മാവിൽ മിശിഹാ പീഡകൾ അനുഭവിക്കുന്നു. (2) മിശിഹായും അവിടുത്തെ സ്നേഹിക്കുന്ന ആത്മാക്കളും തമ്മിലുള്ള ബന്ധത്തെ സഹനം ദൃഢതരമാക്കുന്നു.

## I നമ്മുടെ ആത്മാവിൽ പീഡയനുഭവിക്കുവാൻ ഈശോ അഭിലഷിക്കുന്നു.

വി. അപ്പോസ്തലൻ പറയുന്നു: "മിശിഹായുടെ പീഡാനുഭവത്തിൻെറ കുറവുകളെ എൻെറ ശരീരത്തിൽ ഞാൻ പരിഹരിക്കുന്നു" (കൊലെ. 1: 24). ഈ വാക്യം ആശ്ചര്യജനകം തന്നെ. ലോകസമുദ്ധാരകനായ മിശിഹായുടെ പീഡാനുഭവങ്ങൾക്ക് അനന്തയോഗ്യതയുണ്ടായിരുന്നു. യാതൊരുവിധമായ കുറവുകൾക്കും അവ വിധേയമായിരുന്നില്ല. കുരിശിൽ കിടന്നുകൊണ്ട് അന്ത്യവേളയിൽ അവിടുന്ന് അരുൾചെയ്തു: "എല്ലാം പൂർത്തിയായി" സകലത്തിനും ഞാൻ പരിഹാരം ചെയ്തു; പാപികളുടെ രക്ഷയ്ക്കാവശ്യകമായ യാതൊന്നും ഞാൻ നിർവഹിക്കാതിരുന്നിട്ടില്ല; എൻെറ സ്നേഹത്തിൻെറ ഏററം വലിയ അടയാളം ഞാൻ നല്കിയിരിക്കുന്നു. അവസാനംവരെയും ഞാൻ സഹിച്ചു...............എന്നിരുന്നാലും മിശിഹായുടെ മൗതികശരീരത്തിൻെറ ഓരോ അംഗവും അതതിൻെറ കഴിവും സ്ഥിതിയുമനുസരിച്ചു സഹനത്തിൽ തൻെറ പങ്ക് ഏറെറടുക്കണം. മിശിഹാ ലോകത്തിൽ അവതരിച്ച ക്ഷണത്തിൽ, നിത്യപിതാവിനു ബലിയായി ആത്മാർപ്പണം ചെയ്ത ക്ഷണത്തിൽ, അവിടുത്തേയ്ക്കു തൻെറ കൈകാലുകളെ ഇപ്രകാരം അറിയിക്കാമായിരുന്നു: "ഒരുനാൾ നിങ്ങൾ പാതകിയുടെ കുരിശിൽ തറയ്ക്കപ്പെടും." ഇതേവിധംതന്നെ സകലതും തൻെറ അനന്തജ്ഞാനത്തിൽ മുൻകൂട്ടി ദർശിച്ചിരുന്ന അവിടുത്തേയ്ക്കു, തൻെറ മൗതികശരീരത്തിൻെറ സഹനം എത്രമാത്രമായിരിക്കു

മെന്നു് അറിയാമായിരുന്നു. പരീക്ഷകളും പീഡകളും നമ്മെ മട്ടിക്കുമ്പോഠം നമ്മുടെ രക്ഷാനാഥനോടു നമുക്കു പറയാം: "അവിടുത്തെ മുഠംമുടി എൻെറ തലയിൽ തറയ്ക്കുന്നതു് അവിടുത്തെ ഇഷ്ടമാണല്ലോ; അപ്രകാരമായിരിക്കട്ടെ. അവിടുന്നു സഹിച്ച മനോവേദനയുടെ സ്മാരകമായി എൻെറ ഹൃദയത്തെ മുറിപ്പെടുത്തുന്നതിനു ഞാൻ തയ്യാറായിരിക്കുന്നു." ഈ ലോകത്തിൽ നമുക്കു നേരിടുന്ന സകല സങ്കടങ്ങളും ദൈവത്തിൽ നിന്നാകകൊണ്ടു മാധുര്യമുള്ളവയാണു്; സ്വപുത്രനോടൊന്നിച്ചു സഹിക്കുന്ന മാതാവിനെപ്പോലെ മിശിഹാ നമ്മുടെ കഷ്ടാരിഷ്ടതകളിൽ പങ്കുകൊള്ളുന്നു. "കർത്താവിൻെറ ദണ്ഡനങ്ങളിൽ നാം ഭാഗഭാക്കുകളാകുന്നതിലത്രേ നമ്മുടെ സന്തോഷം" (1 വി. പത്രോ. 4: 13). "നമ്മുടെ ജഡത്തിൽ മിശിഹായുടെ പീഡാനുഭവം നാം പുതുക്കുന്നു" (2 കൊറി. 4: 10). "മിശിഹായോടുകൂടി ഞാൻ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു" (ഗാല. 2: 19).

കുരിശുമരണത്തിനു് ഏതാനും ദിവസങ്ങഠംക്കുമുമ്പു മിശിഹാ തൻെറ പീഡാനുഭവങ്ങളെക്കുറിച്ചു സ്വശിഷ്യർക്കു് അറിവു നല്കി; കൂടാതെ തൻെറ ഭക്തഗണങ്ങളും സ്നേഹിതരും സഹിക്കേണ്ടതിനെപ്പററിയും അവിടുന്നു പ്രസംഗിച്ചു. പെട്ടെന്നു് അവിടുന്നു തൻെറ വാക്കുകഠംക്കു വിരാമമിട്ടു. ഗെത്സേമാൻതോട്ടത്തിൽവച്ചു് അനുഭവിക്കാനിരുന്ന മനോവേദനപോലെ ഏതോ ഒന്നു തന്നെ വലയം ചെയ്യുന്നതായി തോന്നി. അവിടുന്നു വിലപിക്കുന്നു: "എൻെറ ആത്മാവു് കലുഷിതമായിരിക്കുന്നു; ഞാൻ എന്താണു് പ്രാർത്ഥിക്കുക? പിതാവേ, ഈ വിനാഴികയിൽനിന്നു് എന്നെ രക്ഷിക്കുക. എന്നാൽ, ഇതിനുവേണ്ടിയാണല്ലോ ഞാൻ വന്നിരിക്കുന്നതു്. പിതാവേ, അവിടുത്തെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" (യോ. 12: 27–28). പണ്ഡിതരായ വ്യാഖ്യാതാക്കളുടെ അഭിപ്രായമനുസരിച്ചു്, ലോകത്തിലെ സകലാത്മാക്കളുടേയും ദുഃഖങ്ങഠം മുഴുവൻ ആ ഒരു നിമിഷത്തിൽ മിശിഹാ അനുഭവിച്ചു. നാം തപശ്ചര്യകളിൽനിന്നു് ഓടിയൊളിക്കുമ്പോഠം, മിശിഹാ അവയിൽനിന്നുൽഭൂതമാകുന്ന സകല ഭയാനകതപങ്ങളേയും സ്വമനസ്സാ

സ്വീകരിക്കുന്നു. എന്നാൽ, ഗെത്സേമാൻ തോട്ടത്തിൽവച്ചുണ്ടായ അനന്തരപീഡാനുഭവങ്ങളുടെ ഉഗ്രത മിശിഹായെ ഭയപ്പെടുത്തി. അല്പനേരത്തേയ്ക്കു് അവിടുന്നു് ആ മഹാത്യാഗത്തിൽനിന്നും ഭയംകൊണ്ടു പിന്മാറിയതുപോലെ പ്രത്യക്ഷപ്പെട്ടു. എന്നാൽ, അരനിമിഷത്തിനുള്ളിൽ ദൈവസ്നേഹം തന്നെ ജയിച്ചുകഴിഞ്ഞു. അവിടുന്നു വീണ്ടും സ്വപിതാവിനെ വിളിച്ചു പ്രാർത്ഥിച്ചു: "പിതാവേ, ഇതിനു വേണ്ടിയാണല്ലൊ ഞാൻ വന്നിരിക്കുന്നതു്. അവിടുത്തെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ." കുരിശുകളിൽനിന്നു നമുക്കു ലബ്ധമാകുന്ന ആദ്ധ്യാത്മികനന്മകൾക്കു് അതിരില്ല; നാം അവ നഷ്ടപ്പെടുത്തരുതെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു. അതുകൊണ്ടു മിശിഹാ നമ്മുടെ ചെറുകുരിശുകളെ തൻെറ കുരിശിനോടു ചേർക്കുന്നു. സഹനത്തിൻെറ കാസായുടെ അടിയിൽ മാത്രമാണു് നമുക്കു മിശിഹായെ കാണുവാൻ സാധിക്കുന്നതു്; അവിടെ സ്നേഹവും സ്ഥിതിചെയ്യുന്നു. "ക്രൂശിതനായ മിശിഹായെ ഞാൻ വീക്ഷിച്ചിട്ടുണ്ടു്; എൻെറ നയനങ്ങൾ ഞാൻ അവിടുത്തെ തിരുശ്ശരീരത്തിൽ നിക്ഷേപിച്ചിട്ടുണ്ടു്. അവിടുന്നു ആത്മപരിത്യാഗത്തിൻെറ മൂർത്തീഭാവമായിട്ടാണു കാണപ്പെട്ടതു്; അവിടുന്നു സഹനം തന്നെ; എൻെറ പ്രകൃതി അവിടുത്തെ സാന്നിദ്ധ്യത്തിൽനിന്നും ഓടിയകലുവാൻ തുനിയുന്നു. എന്നാൽ, പെട്ടെന്നു് എന്നിൽ ഒരു പരിവർത്തനമെന്നോണം എല്ലാം എനിക്കു ദിവ്യമായി പ്രത്യക്ഷപ്പെടുന്നു" (ഹാ. ഫെലിക്സ്).

## II ആത്മാവിൻെറ ഐക്യത്തെ സഹനം ദൃഢതരമാക്കുന്നു.

സങ്കടങ്ങളുടെ മദ്ധ്യേ മിശിഹാ നമ്മെ എളുപ്പത്തിൽ സന്ദർശിക്കുന്നു. മിശിഹായ്ക്കുവേണ്ടിയും മിശിഹായോടുകൂടിയും സഹിക്കുന്നതിനും സങ്കടങ്ങളനുഭവിക്കുന്നതിനും പഠിച്ചിട്ടില്ലാത്ത ഒരാൾ തൻെറ സ്നേഹത്തെപ്പററി സംശയിക്കേണ്ടിയിരിക്കുന്നു. പീഡാനുഭവംപോലെ മിശിഹായെ നമ്മോടു യോജിപ്പിക്കുന്നതായി വേറെ യാതൊരു രഹസ്യവും അവിടുത്തെ

ജീവിതത്തിലില്ല. അസഹനീയമായ തന്റെ പീഡാനുഭവത്തിന് ഒരു പ്രത്യേകതയുണ്ട്; അവിടെ മിശിഹാ സ്വയം ഇല്ലായ്മയിലേയ്ക്കു താണിറങ്ങുന്നു; നാം ഓരോരുത്തക്കമായി അവിടുന്നു തന്നെത്തന്നെ ബലി അപ്പിക്കുന്നു. പരസ്യജീവിതകാലത്ത് എവിടെയെല്ലാം തന്റെ സാന്നിദ്ധ്യം ആവശ്യമായിരുന്നോ, അവിടെയെല്ലാം മിശിഹാ പോയി. സ്വസ്നേഹിതർ തന്നെ രാജാവാക്കുന്നതിനും ശത്രുക്കൾ കല്ലെറിയുന്നതിനും ഉദ്യമിച്ചപ്പോൾ, അവിടുന്ന് ഓടിയൊളിക്കുകയാണു ചെയ്തത്. ബത്താനിയായിൽ പ്രതീക്ഷിക്കപ്പെട്ടിരുന്ന ദിനം മിശിഹാ വന്നുചേന്നില്ല. യാതൊരു ക്ഷണവുമില്ലാതെ അവിടുന്നു ചുങ്കക്കാരന്റെ അതിഥിയായിത്തീൻ. ചുരുക്കത്തിൽ തന്റെ സകല പ്രവൃത്തികളിലും അവിടുന്നു സ്വതന്ത്രനായിരുന്നു. എന്നാൽ, പീഡാനുഭവവേളയിൽ ഇതിനെല്ലാം ഒരു മാററം സംഭവിച്ചു. ബലിക്കു നിശ്ചയിക്കപ്പെട്ട കുഞ്ഞാടെന്നവണ്ണം, ബന്ധിതനായ അവിടുന്നു ബലാൽകാരമായി വലിച്ചിഴയ്ക്കപ്പെട്ടു. "അവർ മതിവരുവോളം മിശിഹായെ ദണ്ഡിപ്പിച്ചു" (വി. മത്താ. 17: 12).

മോൺ. ഗേ പറയുന്നു: "പീഡാനുഭവരഹസ്യം മിശിഹായെ ശത്രുക്കൾക്കു കയ്യാളിച്ചുവെങ്കിൽ അതിൽ കൂടുതലായി അവിടുത്തെ തന്റെ സ്നേഹിതരുടേതാക്കിത്തീത്തിട്ടുണ്ട്. കുരിശിൽനിന്നു മാത്രം ഗ്രഹിക്കാവുന്ന പല രഹസ്യങ്ങളുമുണ്ട്; കുരിശിൽ നടക്കുന്ന സ്നേഹസല്ലാപങ്ങൾ വിചിത്രംതന്നെ. മിശിഹായുടെ ആത്മാവു കുരിശിൽ കുടികൊള്ളുന്നു. ഒരു കുരിശുരൂപത്തിന്റെ മുമ്പിൽ മിശിഹായുമായി ഹൃദയം തുറന്നു സംഭാഷിച്ചുകൊണ്ടു കഴിച്ചുകൂട്ടുന്ന ഓരോ മണിക്കൂറും വാസ്തവത്തിൽ ഹൃദ്യംതന്നെ. ഈ സംഭാഷണത്തിൽ മിശിഹാ നമുക്കു വെളിപ്പെടുത്തുന്ന രഹസ്യങ്ങൾ എത്രയെന്ന് ഊഹ്യമല്ല; ദൈവത്തിൽനിന്ന് അനവധി വരപ്രസാദങ്ങൾ നമുക്കു ലഭിക്കുന്നു. സഹനം കുരിശിന്റെ ചുംബനമാണ്." സങ്കടങ്ങളുടെ മദ്ധ്യേ നാം മിശിഹായോടുകൂടിയാണെന്നുള്ള ബോധം നമുക്കുണ്ടാകുന്നു; ഒരുപക്ഷെ, വേറൊരു സന്ദർഭത്തിലും അവിടുത്തേ സാന്നിദ്ധ്യം ഇത്രമാത്രം മാധുര്യപ്രദമായിരിക്കുകയില്ല. ലൗകിക സന്തോഷങ്ങളിൽ അകപ്പെട്ട ഒരുവനെ സങ്കടങ്ങളും ബുദ്ധി

മുട്ടുകളും മിശിഹായിലേയ്ക്കു പിന്തിരിക്കുന്നു. "മിശിഹാ തൻെറ സ്നേഹിതരുമായി സമ്മേളിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന സന്ദർശനമുറിയാണു കുരിശ്ശ്. അവിടുത്തെ അന്വേഷിച്ചുകൊണ്ടു ഞാൻ റോസപ്പുഷ്പങ്ങളോടു ചോദിച്ചു: 'മിശിഹായുടെ തിരുഹൃദയം നിങ്ങളുടെ ഇടയിലുണ്ടോ?' എന്നാൽ, ആ കുസുമങ്ങൾ മൗനമവലംബിച്ചതേയൊള്ളു. അനന്തരം, അവിടുത്തെ കരങ്ങൾതന്നെ മുള്ളുകളുടെ ഇടയിലേയ്ക്കു് എന്നെ ആനയിച്ചു; അപ്പോൾ ദിവ്യനാഥൻെറ സ്വരം ഞാൻ ശ്രവിച്ചു: 'ഇതാ ഞാനിവിടെ കുടികൊള്ളുന്നു'." കുരിശുരൂപത്തിനു മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു പ്രാർത്ഥനയിൽ മുഴുകിയിരിക്കുമ്പോഴാണു്, മിശിഹാ കുരിശിൽനിന്നിറങ്ങി വി. ഫ്രാൻസീസ് അസീസിയെ ആശ്ലേഷിച്ചതു്.

ഇപ്രകാരം പ്രത്യേകവരങ്ങൾ ദൈവത്തിൽനിന്നു നമുക്കു ലഭിക്കണമെങ്കിൽ, അവിടുത്തോടു സജീവബന്ധം പാലിച്ചുകൊണ്ടു പോകണമെങ്കിൽ, "നമുക്കു നേരിടുന്ന ദുരിതങ്ങളിൽ മിശിഹായോടുകൂടി നാം ദുഃഖിക്കണം. മിശിഹായുടെ ആത്മാവും ശരീരവും തകർന്നുപോയതുപോലെ, നമ്മുടെ ആത്മാക്കളും അവിടുത്തോടുകൂടെ ഛിന്നഭിന്നമായിത്തീരണം" (വി. ഇഗ്നേഷ്യസ്). ലീമായിലെ വി. റോസ ഒരു ദിവസം കർത്താവിനെ അറിയിച്ചു: "സ്നേഹനാഥാ, എൻെറ കണ്ണുനീരുകളുടെ രഹസ്യം അങ്ങേയ്ക്കായി ഞാൻ സൂക്ഷിക്കുന്നു. അവിടുന്നുമാത്രം എൻെറ അശ്രുധാര ദർശിച്ചാൽ മതി." ഈ സമ്പ്രദായം "സഹനത്തിൻെറ കന്യാത്വം" എന്നു വിളിക്കപ്പെടുന്നു. മിശിഹാ നമ്മെ സന്ദർശിക്കുന്നില്ല, ആശ്വസിപ്പിക്കുന്നില്ല എന്നു ചിലപ്പോൾ നാം വിലപിക്കാറുണ്ടു്. എന്നാൽ, അതിൽ അസാധാരണമായി യാതൊന്നുമില്ല. എന്തുകൊണ്ടെന്നാൽ സഹനത്തിൻെറ സുഗന്ധം മുഴുവൻ സൃഷ്ടികളിൽ നിക്ഷേപിച്ചിട്ടാണു മിശിഹായെ സമീപിച്ചു സങ്കടകാരണങ്ങൾ നാം വെളിപ്പെടുത്തുന്നതു്. ഇതു വാടിയ പുഷ്പങ്ങളോടുകൂടിയ ഒരു ചെണ്ടു് — മററു പലക്കും അർപ്പിക്കപ്പെട്ടതു് — അവിടുത്തേയ്ക്കു സമ്മാനിക്കുന്നതിനു സമമാണു്. വേറെ യാതൊരുത്തനേയും കൂട്ടുപിടിക്കാതെ, നമ്മുടെ സങ്കടങ്ങളിൽ ഭാഗഭാഗിത്വം വഹി

ക്കുന്ന മിശിഹായോടുകൂടി മാത്രം നമുക്കു വസിക്കാം; എപ്ര കാരം അവിടുന്ന് ഉത്തമസ്നേഹിതനെപ്പോലെ നമ്മെ ആശ്വ സിപ്പിക്കുമെന്ന് അപ്പോഠം മനസ്സിലാകും.

"എൻെറ സ്നേഹത്തിനു പാത്രമായ ഈശോയേ, നിന്നോടുകൂടി സഹിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു; സ്നേഹി ക്കുകയും ത്യാഗങ്ങളനുഭവിക്കുകയുമാകുന്നു എൻെറ സന്തോഷം. ആകയാൽ, സഹിക്കുന്നതിനും സ്നേഹിക്കുന്നതിനും മരിക്കുന്ന തിനും എന്നെ നീ അനുവദിക്കുക. അവിടുത്തെ ഇഷ്ടമെങ്കിൽ എന്നെ മുറിപ്പെടുത്തുകയോ ദഹിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്യുക; എന്നാൽ, എൻെറ വിശ്വാസവും ശരണവും സ്നേഹ വും എന്നിൽനിന്നെടുത്തുകളയരുതേ. ഈ ദൈവികപുണ്യങ്ങ ളിൽക്കൂടി അവിടുന്നയയ്ക്കുന്ന ദുഃഖങ്ങളുടെ ഇടയിൽപ്പോലും അങ്ങയെ ഞാൻ ദർശിക്കട്ടെ എൻെറ സ്നേഹഭാജനമേ, ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു" (ഫാ. ജെ. ററിസ്സോ).

"അവിടുത്തെ ജീവിതത്തിലെ കുരിശ്, എൻെറ തോള കളിൽ വഹിക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ട്. സഹിക്കുന്നതി നും പീഡനങ്ങളേൽക്കുന്നതിനും ഞാൻ സന്നദ്ധനാണ്; ഞാൻ യാതൊരുവിധത്തിലും അതൃപ്തി കാണിക്കുന്നില്ല" (ജെ. ററിസ്സോ).

# അദ്ധ്യായം 13.

## ദൈവപ്രമാണങ്ങഠം.

"വിശുദ്ധിയുടെ പുസ്തകത്തിൻെറ തലക്കെട്ടു ദൈവ ഹിതം നിറവേററുക എന്നതാകുന്നു; ആ ദൈവഹിതത്തോട് എൻെറ ഹിതം ഏകീഭവിക്കണം; അവിടുത്തെ നിയമം എൻെറ ഹൃദയത്തിൽ ദൃഢമൂലമായിത്തീരണം" (സങ്കീ. 14: 78). നാം എവിടെ ദൈവഹിതം ദർശിക്കുന്നുവോ, അവിടെ ദൈവ വുമായി നാം യോജിക്കുന്നു. അപ്രകാരം അവിടുത്തെ സ്നേഹം സമ്പാദിക്കുവാൻ ആവശ്യകമായ ആദ്യനടപടികഠം നാം ചെയ്തു കഴിഞ്ഞു; എന്തുകൊണ്ടെന്നാൽ, "നിയമം പാലിക്കുന്നതുതന്നെ

യാകുന്നു സ്നേഹം" ആകയാൽ, അനുസരണത്തിൻെറ വഴിയിൽ നമ്മെ പ്രവേശിപ്പിക്കുന്ന രണ്ടു മഹാസത്യങ്ങളെക്കുറിച്ചു നമുക്കു ധ്യാനിക്കാം. (1) ദൈവത്തിൻെറ സ്നേഹമാണ് നമുക്ക് പ്രമാണങ്ങൾ നല്കിയതു്. (2) സ്നേഹംകൊണ്ടു മാത്രമേ നമുക്ക് അവ പാലിക്കുവാൻ സാധിക്കുകയുള്ളു.

## I പ്രമാണങ്ങൾ നല്കിയ ദൈവസ്നേഹം.

"ദൈവം തൻെറ അനന്തജ്ഞാനത്താലും അനന്തനന്മയാലും കല്പനകളും പൂർണ്ണപൂർണ്ണത പ്രാപിക്കുന്നതിനുള്ള ഉപദേശങ്ങളും നമുക്കു തന്നു."

"ദൈവപ്രമാണങ്ങൾ ദാതാവിനെന്നതിനെക്കാൾ തദനുസൃതം ജീവിക്കുന്നവർക്കു പ്രയോജകീഭവിക്കുന്നു. പ്രമാണങ്ങളുടെ പാലനംമൂലം മനുഷ്യൻ സ്വമഹത്വം മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ, ദൈവവുമായി അവൻ ബന്ധിക്കപ്പെടുന്നു; സ്രഷ്ടാവിൻെറ ഒരു സഹപ്രവത്തകനായിത്തീരുന്നു. ഏററവും ഉയന്ന യജമാനൻെറ സേവനത്തിൽ അവൻ പ്രവേശിക്കുന്നു. ഏററം കാരുണ്യവാനായ പിതാവിൻെറ ദത്തുപുത്രനായിത്തീരുന്നു. കൂടാതെ സ്വമനസാ നാം ചെയ്യുന്ന സേവനത്തിലും നമ്മുടെ സ്നേഹത്തിലുമാണു പരിപൂർണ്ണതയും ആനന്ദവും സ്ഥിതിചെയ്യുന്നതു്; ആകയാൽ, സ്നേഹംകൊണ്ടു മാത്രമാണു ദൈവം നമ്മുടെ നാഥനായിത്തീരുന്നതിനും, നമ്മോടാജ്ഞാപിക്കുന്നതിനും ഇഷ്ടപ്പെടുന്നതു്. ദൈവനിയമം സ്നേഹത്തിൻെറ നിയമമാണ്. ഒരു മാതാവ്, സ്വശിശുവിൻെറ മേലുള്ള ഏതൊരു സൂക്ഷ്മവും മുൻകരുതലുംകൊണ്ടു തൃപ്തിയടയുന്നില്ല. അതുപോലെതന്നെ ദൈവത്തിൻെറ സ്നേഹവും തൃപ്തിപ്പെടുന്നില്ല. "യഥാർത്ഥസ്നേഹത്തെ അതു നല്കുന്ന സദുപദേശങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം." ഒരു സ്നേഹിതൻ സ്നേഹിതനും ഭർത്താവു ഭാര്യയ്ക്കും നല്കുന്ന നിർദ്ദേശങ്ങളിൽനിന്നു് അവരുടെ സ്നേഹദാർഢ്യം വെളിവാകുന്നു. അപ്രകാരം നിയമത്തെ ദൈവം നീതിമാന്മാർക്കു മാർഗ്ഗമദ്ധ്യേ പ്രകാശിക്കുന്ന "ഒരു ദീപമാക്കിത്തീർത്തു. അതു തേനിനെക്കാൾ മധുരമാണ്; സമാ

ധാനവായ്പിനാൽ അതു ഹൃദയം നിറയ്ക്കുന്നു; രക്ഷയുടെ മുൻരുചിയാണ് അത്." "ചെറുപ്പംമുതല്ക്കേ ഈ നുകം വഹിച്ചവൻ ഭാഗ്യവാൻ."

മനുഷ്യൻ ചിലപ്പോഠം ഈ നുകം ദൂരെ എറിഞ്ഞുകളയുന്നതിനു ബദ്ധപ്പെടുന്നു; തന്മൂലം നിയമത്തെ മാധുര്യമുള്ളതാക്കിത്തീക്കുന്ന ദൈവവരപ്രസാദം അവൻ നഷ്ടപ്പെടുത്തുന്നു. ദൈവികപിൻതുണയാകുന്ന കെട്ടുകളെ അവൻ വിച്ഛേദിക്കുന്നു; ഈ വിച്ഛേദനം അവൻെറ ശരീരത്തെ ക്ഷതപ്പെടുത്തുകയും പുരോഗമനത്തെ തടയുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിലും ഇതേ അനുഭവംതന്നെയാണുണ്ടാകുന്നതു്. ഞാൻ പരിഭ്രാന്തനും പ്രക്ഷുബ്ധനുമായിത്തീരുന്നതു് എൻെറ പിതാവായ ദൈവത്തിൻെറ നിയമങ്ങഠം ഞാൻ അലക്ഷ്യമായി ലംഘിക്കുമ്പോഴാണ്. അവസാനമായി, വി. പൗലോസ്ശ്ലീഹാ പറയുംപോലെ മിശിഹാവഴിയായി ദൈവത്തിൽനിന്നു നമുക്കു ലഭിക്കുന്ന വരപ്രസാദം, അടിമത്തത്തിൽനിന്നു നമ്മെ മോചിപ്പിക്കുന്നു. നമ്മെ ശക്തരാക്കുകയും നമ്മുടെ പാപങ്ങഠം പൊറുക്കുകയും വീണ്ടും പുതിയ ജീവിതമാരംഭിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്ന വരപ്രസാദം ദൈവത്തിൻെറ സ്നേഹമല്ലാതെ മറെറാന്നുമല്ല. നമുക്ക് അവിടുത്തോടുള്ള സ്നേഹത്തിനു പ്രതിഫലമായി മററു വരപ്രസാദങ്ങഠം അവിടുന്നു സൗജന്യമായി നമുക്കു നല്കുന്നു. ഈ സ്നേഹം നമ്മെ ദൈവവുമായി ബന്ധിക്കുന്നു. യാതൊരു ഭീഷണിക്കോ പ്രലോഭനങ്ങഠംക്കോ ദൈവത്തിൽനിന്നു നമ്മെ വേർപെടുത്തുവാൻ സാധിക്കുകയില്ല.

മനുഷ്യന് ഒരു നുകം — ഒരു നിയമം — അത്യാവശ്യമാണ്; അല്ലാത്തപക്ഷം വശീകരണങ്ങഠംക്കടിമപ്പെട്ടു തന്നെത്തന്നെ അവൻ മറക്കും. മിശിഹായെപ്പോലെയുള്ള ഒരു നാഥനെ, തൻെറ നുകം മധുരവും തൻെറ ഭാരം ലഘുവുമാക്കിത്തീക്കുന്ന ഒരു യജമാനനെ, കണ്ടെത്തുക മനുഷ്യന് അത്യാവശ്യമാണ്. സ്നേഹകേദാരമായ നമ്മുടെ രക്ഷാനാഥനു സ്നേഹത്തിൻെറ ആകഷ്ണശക്തി എത്രമാത്രമെന്നും, അതു് ഏതു ഉർഘടസന്ധികളും സധൈര്യം തരണം ചെയ്യുന്നതിനു നമ്മെ ശക്തരാക്കുമെന്നും അറിയാം. അതുകൊണ്ടു് അവിടുന്നുതന്നെ

സ്വഹൃദയത്തിൽ ഈ നിയമം സ്ഥാപിച്ചിട്ടുണ്ട് — അവിടുന്ന് ഒരു മനുഷ്യഹൃദയം സ്വീകരിച്ചു. ദൈവം മനുഷ്യരൂപമെടുത്തതുപോലെ, സ്വനിയമത്തിൻെറ കാഠിന്യം നമ്മുടെ ശക്തിക്കനുരൂപമായി അവിടുന്ന് പകർത്തിയിട്ടുണ്ട്. അവിടുന്ന് അരുളിച്ചെയ്തിരിക്കുന്നു: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എൻെറ പക്കലേയ്ക്കു വരുവിൻ...........എന്തുകൊണ്ടെന്നാൽ, ഞാൻ ഹൃദയത്തിൽ ശാന്തതയും എളിമയും ഉള്ളവനാകുന്നു. ..........എൻെറ നുകം നീ വഹിച്ചുകൊണ്ട് എന്നിൽനിന്നു നീ പഠിക്കുക. അപ്പോൾ നീ നിത്യശാന്തി കണ്ടെത്തും." പ്രമാണങ്ങളിൽവച്ച് ഏററവും പ്രാധാന്യമർഹിക്കുന്നതു സ്നേഹത്തിൻെറ പ്രമാണമാണെന്ന് അവിടുന്നു നമ്മെ ഉൽബോധിപ്പിക്കുന്നു. മററു സകല ചുമതലകളും അതിൽ അടങ്ങിയിരിക്കുന്നു. ആകയാൽ, അവിടുത്തെ പ്രമാണങ്ങൾ വിശ്വസ്തതയോടുകൂടി പാലിക്കുന്നതിന്, അവയെപ്പററി ശരിയായ ജ്ഞാനം നമുക്കു തരുന്നതിന്, മിശിഹായോടു പ്രാർത്ഥിക്കാം.

## II സ്നേഹത്താൽ പ്രേരിതരായി വേണം നാം പ്രമാണങ്ങളനുസരിക്കുവാൻ.

ദൈവഭക്തർ നീതിമാന്മാരെന്നു പറയപ്പെടുന്നു. നീതി എന്തിലാണടങ്ങിയിരിക്കുന്നത്? ദൈവതിരുച്ചിത്തവുമായുള്ള നമ്മുടെ മനസ്സിൻെറ ഏകീഭാവത്തിൽ. സ്നേഹത്താൽ ദൈവം നമുക്കു പ്രമാണങ്ങൾ തന്നു; തന്നിമിത്തം സ്നേഹത്താൽ നാം അവയെ അനുസരിക്കേണ്ടിയിരിക്കുന്നു. സ്നേഹപൂർണ്ണമായ വിശ്വാസത്താൽ നമുക്ക് ഈശോയുടെ മൈത്രി സമ്പാദിക്കാം. "നമ്മുടെ മനസ്സിനേയും അഭിലാഷങ്ങളേയും എല്ലാം ദൈവത്തിനു സമർപ്പിക്കുവാൻ സ്നേഹം നമ്മോടാവശ്യപ്പെടുന്നു; ഈ സമർപ്പണംമൂലം ദൈവപ്രമാണങ്ങൾ കാക്കുന്നതിനും അവയെ സ്നേഹസമന്വിതം വീക്ഷിക്കുന്നതിനും ഇടവരുന്നു" (വി. ഫ്രാൻസീസ്സാലെസ്). നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു: "ആരെങ്കിലും എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ അവൻ എൻെറ പ്രമാണങ്ങളനുസരിച്ചു ജീവിക്കും; എൻെറ പിതാവ് അവനെ

സ്നേഹിക്കും; ഞാൻ അവനെ സ്നേഹിക്കും; ഞാൻ എന്നെ തന്നെ അവനു പ്രത്യക്ഷമാക്കിക്കൊടുക്കും." ഇതു സാക്ഷാൽ സ്നേഹവാഗ്ദാനമാണ്: ഞാൻ എന്നെത്തന്നെ അവനു കാണിച്ചു കൊടുക്കും; അവനു ഗ്രഹിക്കാൻ സാധിക്കുന്നിടത്തോളം എൻെറ ഹൃദയാന്തർഭാഗത്തെപ്പോലും ഞാൻ പ്രത്യക്ഷമാക്കും. വി. യോഹന്നാൻ, വി. ത്രേസ്യാ, വി. ജർത്രൂദ്, വി. മർഗ്ഗരീത്താമറിയം തുടങ്ങിയ പുണ്യാത്മാക്കൾക്കു ദൈവം നല്കിയ വെളിപാടുകൾ ഒരുപക്ഷെ ചിലർക്ക് അത്യാശ്ചര്യകരമായിരിക്കാം. എന്നാൽ, അവ ഒട്ടും അസാധാരണമല്ല. ആ വിശുദ്ധരെപ്പോലെ നാമും വിശ്വസ്തരായിരുന്നാൽ മതി; തീർച്ചയായും നമുക്കും വിശുദ്ധരായിത്തീരാം. അപ്പോൾ ഈശോമിശിഹാ തന്നെത്തന്നേയും, തൻെറ തിരുഹൃദയത്തിൻെറ രഹസ്യങ്ങളേയും നമുക്കും കാണിച്ചുതരും; അവിടുന്ന് അതാഗ്രഹിക്കുന്നു. ക്രിസ്തീയ സമുദായത്തിൻെറ ആവശ്യം അനുസരിച്ചു പ്രസാദവരത്തിൻെറ അത്ഭുതകരമായ പ്രവർത്തനം ദൈവം സാധിക്കുന്നു; പക്ഷെ, നിഷ്കളങ്കരും നിസ്സ്വാർത്ഥരുമായവരോടു രഹസ്യസംഭാഷണം ചെയ്യുന്നതിനു മിശിഹാ ഇഷ്ടപ്പെടുന്നു. ആത്മവിജയത്തിനു നിരന്തരം യത്നിക്കുകയും ദൈവികവെളിപാടിനും അറിയിപ്പിനും പ്രേരണകൾക്കുമായി തങ്ങളെത്തന്നെ കയ്യാളിക്കുകയും, ദൈവവുമായി അതിഗാഢബന്ധത്തിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നവരേയെല്ലാം ദൈവം ആശീർവ്വദിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു.

മിശിഹാ സ്വപിതാവിൻെറ ഇഷ്ടം നിറവേററുന്നതിൽ പ്രദർശിപ്പിച്ച സ്നേഹത്തെപ്പററി ചിന്തിക്കുക. സ്വർഗ്ഗത്തിൽനിന്നു ബേത്‌ലഹം വരേയും ബേത്‌ലഹത്തിൽനിന്നു കാൽവരിവരേയും "അപ്രകാരമായിരിക്കട്ടെ പിതാവേ," എന്ന് ഉച്ചരിച്ചുകൊണ്ടു സകലവിധ സങ്കടങ്ങൾക്കും അവിടുന്ന് ആത്മസമർപ്പണം ചെയ്തു. അവസാനമായി "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു തനിക്കു പറയുവാൻ സാധിക്കുന്നതുവരെ ഒരടിപോലും അവിടുന്നു പിന്മാറിയില്ല; അവിടുന്നു ദൈവനീതിക്കു മുഴുവനായും പരിഹാരം ചെയ്തു. അവിടുത്തെ തിരുഹൃദയത്തെ നിങ്ങൾ സ്പർശിക്കുക; അതിൻെറ സ്പന്ദനം ഇപ്പോൾ

നിലച്ചതേയുള്ളു. പരിപൂർണ്ണകീഴ്‌വഴക്കത്തിന്റെ ഒരു ഉത്തമ ദൃഷ്ടാന്തമായി അവിടുന്നിതാ മരണം പ്രാപിച്ചിരിക്കുന്നു. നമ്മോട് അവിടുന്ന് ആവശ്യപ്പെടുന്നത്, അവിടുന്നുതന്നെ ചെയ്തിട്ടുണ്ട്. അവിടുത്തെ പ്രവൃത്തികളാകുന്നു ഇപ്പോൾ എന്റെ നിയമം. ഇനിമേൽ എന്റെ ജീവിതം മിശിഹായെ പ്രതിബിംബിപ്പിക്കുന്ന ഒരു കണ്ണാടി ആയിരിക്കണം. അപ്രകാരം മിശിഹാ നിയമത്തെ ദൈവത്തിന്റെ ഒരു സ്നേഹാഹ്വാനമാക്കിത്തീർത്തിട്ടുണ്ട്. പ്രമാണങ്ങൾ പാലിക്കുക എന്നതു മനുഷ്യനു ദൈവത്തോടുള്ള സ്നേഹത്തിന്റെ കൃതജ്ഞതാപൂർവ്വമായ പ്രത്യുത്തരം മാത്രമാകുന്നു.

ആരുടെ ഭക്ഷണം തന്റെ പിതാവിന്റെ തിരുവുള്ളം നിറവേററുക എന്നതായിരുന്നുവോ, ആ മിശിഹായെത്തന്നെയാണു ദിവ്യകാരുണ്യത്തിൽ നാം സ്വീകരിക്കുന്നത്. നാം ഓരോ പ്രാവശ്യവും വി. കുർബ്ബാന ഉൾക്കൊള്ളുമ്പോൾ, അവിടുന്നു നമ്മുടെ ഹൃദയത്തിൽ സ്ഥിതി ചെയ്യുകയും, ദൈവത്തോടു വിശ്വസ്തരായിരിക്കുന്നതിനു നമ്മെ സഹായിക്കുകയും ചെയ്യുന്നു. സാധാരണയായി ഒരു നുകം രണ്ടു മൃഗങ്ങളെ യോജിപ്പിക്കുന്നു; അവ ഒരേ ജോലി ചെയ്യുന്നു; അല്ലെങ്കിൽ ഒരേ ഭാരം വലിക്കുന്നു. അതുപോലെതന്നെ നമ്മുടെ ജീവിതഭാരം വഹിക്കുന്നതിൽ നമ്മെ സഹായിക്കുന്നതിനും നമ്മോടുകൂടി ദുരിതസമ്പൂർണ്ണമായ ഈ ജീവിതത്തിൽ അത്യദ്ധ്വാനം ചെയ്യുന്നതിനുമായി സ്നേഹനാഥനായ മിശിഹാ തന്നെത്തന്നെ നമ്മോടു ചേർത്തു ബന്ധിക്കുന്നു. അവിടുന്നു നമ്മുടെ ചുമതലകളുടെ ഒരു ഭാഗം ഏറെറടുക്കുന്നു; നമ്മുടെ പുണ്യാഭ്യസനത്തിൽ നമ്മെ സഹായിക്കുകയും നമ്മുടെ സദുദ്യമങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സ്നേഹോദ്യുക്തമായ ഒരാത്മാവിന് ഈ ചിന്ത എത്ര ആശ്വാസജനകം. അവനു സകലതും സുസാധ്യമായി പരിണമിക്കുന്നു. നമ്മോട് ആജ്ഞാപിക്കുന്നവൻതന്നെ നമ്മെ സ്നേഹിക്കുമ്പോൾ കയ്പുള്ളതെല്ലാം മധുരമായിത്തീരുന്നു." "ഒരു തേനീച്ചയെപ്പോലെ മനുഷ്യാത്മാവു പ്രമാണങ്ങളാകുന്ന പ്രസൂനങ്ങളിൽ ദൈവനന്മയാകുന്ന തേൻ നുകർന്നുകൊണ്ടു വസിക്കുന്നു" (വി. ഫ്രാൻസീസ് സാലെസ്).

"ഓ എന്റെ രക്ഷകാ, അവിടുത്തെ ഞാൻ ആരാധിക്കുന്നു. അങ്ങേ പിതാവിന്റെ ഇഷ്ടത്തിന് അവിടുന്ന് ആത്മസമർപ്പണം ചെയ്തു. ഞാനോ എന്നാൽ, അവിടുത്തേ തിരുച്ചിത്തത്തിനു പല പ്രകാരത്തിലും എതിരായി നിന്നിട്ടുണ്ട്. അതിനെല്ലാം അങ്ങയോടു ഞാൻ ക്ഷമാപണം ചെയ്യുന്നു. അവിടുന്നു തന്നെയും അവിടുത്തേ പരിശുദ്ധ മാതാവും സകല വിശുദ്ധരും ദൈവേഷ്ടത്തിനു പരിപൂർണ്ണവിധേയരായിരുന്നു എന്നതിനോടു യോജിച്ചുകൊണ്ട് ആരാധ്യമായ അവിടുത്തേ ഇഷ്ടത്തിനു ഞാൻ കീഴ്വഴങ്ങുന്നു. എന്റെ ജീവിതത്തിലും മരണത്തിലും സ്വന്തമായി ഒന്നും ഞാൻ ആഗ്രഹിക്കുന്നില്ല" (വാഴ്ത്തപ്പെട്ട ജോൺ എയുദേസ്). "മാധുര്യമുള്ളവനായ എന്റെ ഈശോയെ, എന്റെ ഹൃദയത്തിന്റെ രാജാവായി അങ്ങേ ഞാൻ തിരഞ്ഞെടുക്കുകയും, അവിടുത്തേ സകല നിയമങ്ങൾക്കും കല്പനകൾക്കും ഞാൻ വിധേയനാകുകയും ചെയ്യുന്നു" (വി. ഫ്രാൻസിസ് സാലെസ്).

# അദ്ധ്യായം 14.

## പ്രാർത്ഥന.

വി. ആഗുസ്തീനോസു പറയുന്നു: "നമ്മുടെ പുണ്യാഭിവൃദ്ധി നമ്മുടെ പ്രാർത്ഥനാരുചിയെ തികച്ചും ആശ്രയിച്ചിരിക്കുന്നു. നന്നായി പ്രാർത്ഥിക്കുന്നവൻ നന്നായി ജീവിക്കുന്നു." "പ്രാർത്ഥനയിൽ ആത്മാവു മൃദുലീഭവിക്കുന്നു; അതു ജ്വലിക്കുന്നു; പ്രാർത്ഥനാനിരതനായിരിക്കുന്ന ഒരുവന്റെ ബാഹ്യാവയവങ്ങൾ പോലും ദൈവികവെളിച്ചം പ്രതിബിംബിപ്പിക്കുന്നു. ആത്മാവു സ്വർഗ്ഗീയാനന്ദക്കടലിൽ മുങ്ങിപ്പൊങ്ങുകയും ചെയ്യുന്നു. (ലൂയി ബ്ലൂവാ). മിശിഹായുടെ യഥാർത്ഥ സ്നേഹിതരായിരിക്കുന്നതിനും, നമുക്കാവശ്യമുള്ള സകലതും സ്നേഹപാരമ്യത്തോടും സൌഹാർദ്ദത്തോടുംകൂടി അവിടുത്തോടു യാചിക്കുന്നതിനും നാം

പ്രാപ്തരാകണമെങ്കിൽ, നന്നായി പ്രാത്ഥിക്കേണ്ടതെങ്ങിനെയെന്നു നാം അറിഞ്ഞിരിക്കണം. അതുകൊണ്ടു നമുക്കു പ്രാത്ഥനയുടെ ആവശ്യത്തെക്കുറിച്ചു പൊതുവായും, മിശിഹായുടെ സ്നേഹിതരുടെ പ്രാത്ഥനയെക്കുറിച്ചു പ്രത്യേകമായും വിചിന്തനം ചെയ്യാം.

## I പ്രാത്ഥനയുടെ ആവശ്യകത.

പ്രാത്ഥനയ്ക്കു് അസാദ്ധ്യമായി ഒന്നുമില്ല. നമ്മുടെ രക്ഷാനാഥൻെറ വാക്കുകളിൽനിന്നുതന്നെ ഇതു സുസ്പഷ്ടമാണു്. "എൻെറ നാമത്തിൽ നിങ്ങൾ പിതാവിനോടു് എന്തു ചോദിക്കുന്നുവോ അതു നിങ്ങൾക്കു ഞാൻ നല്കും." ഇപ്രകാരം ഒരു അനുഗ്രഹം ദൈവത്തോടു ചോദിക്കുന്നതിനു മനുഷ്യവംശം ഒരു പക്ഷെ ഒരു കാലത്തും ധൈര്യമായിരുന്നില്ല; എന്നാൽ, മററുള്ള സംഗതികളിലെന്നപോലെ ഇക്കാര്യത്തിലും മിശിഹാതന്നെയാണു നായകത്വം വഹിക്കുന്നതു്. "എൻെറ സ്നേഹത്തിൽ നിങ്ങൾ നിലനില്പുവിൻ" എന്നു് അവിടുന്നു നമ്മോടു് അരുളിച്ചെയ്തു. ഇതിൽ ഒരു കല്പനയെന്നപോലെ ഒരു അഭ്യത്ഥനയും അടങ്ങിയിരിക്കുന്നു; സ്രഷ്ടാവിൻെറ ആഗ്രഹത്തെ തിരസ്കരിക്കുന്നതിനു യാതൊരു സൃഷ്ടിക്കും അവകാശമില്ല. അതിനാൽ ഇതൊരു കല്പനയാണു്. ഈ നല്ലനാഥൻെറ ഹൃദയം വി. മഗ്ഗരീത്താമറിയത്തോടു പറഞ്ഞതുപോലെ നാം ഓരോരുത്തരോടും പറയുന്നു: "സ്നേഹിക്കപ്പെടുന്നതിനു ഞാൻ അത്യധികമാഗ്രഹിക്കുന്നു." അതിനാൽ ഇതൊരഭ്യത്ഥനയാണു്.

ചിലർ ഒരുപക്ഷെ ആവലാതിപ്പെട്ടേക്കാം: "ദൈവം ധാരാളമായി തൻെറ അനുഗ്രഹങ്ങൾ വഷിക്കുന്നില്ല; അവിടുന്നു് അല്പാല്പമായിട്ടേ തന്നെത്തന്നെ വെളിപ്പെടുത്തുന്നുള്ളൂ. ഞങ്ങളുടെ സൗഭാഗ്യവും വിശുദ്ധിയുമെല്ലാം ഏററം പരിമിതമായി അവിടുന്നു് അളന്നു തിട്ടപ്പെടുത്തിയിരിക്കുന്നു." സവ്വശക്തനായ ദൈവം ഇവക്കു നല്കുന്ന മറുപടി ഏററം ലളിതമാണു് "നിങ്ങൾ എന്തു യാചിക്കുന്നുവോ അതു നിങ്ങൾക്കു ലഭിക്കും." ഈ മറുപടി ദൈവത്തിൻെറ നീതിയേയും നമ്മുടെ

തെററിദ്ധാരണയേയും വിളിച്ചറിയിക്കുന്നു. മിശിഹായുടെ ഭാണ്ഡാഗാരം എല്ലായ്പ്പോഴും തുറന്നു കിടക്കുന്നു. നാം അതിലെ വിശിഷ്ട രത്നങ്ങൾക്കുവേണ്ടി കൈനീട്ടിയാൽ മതി, തീർച്ചയായും അവ നമുക്കു ലഭിക്കും. മിശിഹാ, തൻെറ വത്സലസന്താനങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള പ്രത്യേകാനുഗ്രഹങ്ങളാകുന്ന അമൂല്യനിധി, വിവേകപൂർവ്വം പ്രവർത്തിക്കുന്ന ഒരു യജമാനനെപ്പോലെ, പൂട്ടിസ്സൂക്ഷിച്ചിരിക്കുന്നു; എന്നാൽ, താക്കോൽ നമ്മുടെ കൈവശമുണ്ട്; അതു് ഉപയോഗിക്കുക നമ്മുടെ ചുമതലയത്രേ. "എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറപക്കലേയ്ക്കു സമീപിക്കുക; അപ്പോൾ ദൈവം നിങ്ങളെ സമീപിക്കും" എന്നെഴുതപ്പെട്ടിരിക്കുന്നു (വി. യാക്കോബ് 4: 8).

നമ്മുടെ ദിവ്യനാഥനുമായി ഗാഢബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ആത്മാക്കളുടെ സംഖ്യ തുലോം കുറച്ചുമാത്രമാണ്; അതിനുള്ള പ്രധാന കാരണം, പ്രാർത്ഥനയെ ആദ്ധ്യാത്മികജീവിതത്തിൻെറ അടിസ്ഥാനമായി അവർ കരുതാത്തതാണ്. സ്വാർത്ഥതല്പരത, അല്ലാല്ലമായ വ്യാമോഹങ്ങൾ, ഭൗമികസന്തോഷങ്ങൾ എന്നിവ അവരുടെ ചിന്തയെ കൂടുതൽ ആകർഷിക്കുന്നു. പല വ്യക്തികളും പ്രാർത്ഥനയുടേയും ധ്യാനത്തിൻേറയും ആവശ്യകത മനസ്സിലാക്കിയിട്ടില്ല.

എന്നാൽ, ധ്യാനപരമായ ജീവിതം കൈവരിച്ചിരിക്കുന്ന സഭകളുടെ അടിസ്ഥാനമാണു പ്രാർത്ഥന. ശാരീരികാവശ്യങ്ങൾക്കു് അത്യന്താപേക്ഷിതമായിരിക്കുന്നിടത്തോളം മാത്രം ബാഹ്യകാര്യങ്ങളിൽ നാം ഏർപ്പെട്ടാൽ മതി. പരിപൂർണ്ണവിശ്വാസത്തോടും ആത്മസമർപ്പണത്തോടും പരിത്യാഗത്തോടും നിഷ്കപടതയോടുംകൂടി നാം പ്രാർത്ഥിക്കണം നമ്മുടെ അപേക്ഷകളിൽ പരമാർത്ഥത ഉണ്ടായിരിക്കണം; പരമാർത്ഥതയും വിശ്വാസവുമില്ലാതെ പ്രാർത്ഥിക്കുന്ന ഒരാത്മാവു മിശിഹായുടെ അനുഗ്രഹവർഷത്തെ തടയുന്നു. ബാഹ്യജോലികളിൽ ഏർപ്പെട്ടിരിക്കുന്ന സന്യാസസമൂഹങ്ങളിൽ പ്രാർത്ഥനയുടെ കാര്യത്തിൽ കുറെയെല്ലാം ഉപേക്ഷ ഉണ്ടാകാതിരിക്കുക അത്ര എളുപ്പമല്ല; എന്നാൽ, സൂക്ഷ്മവും ആന്തരികമായ ഊർജ്ജസ്വലതയുമില്ലാത്ത ആത്മാക്കൾ മന്ദോഷ്ണതയിലേയ്ക്കു് ഇഴഞ്ഞിറങ്ങുന്നു. ആദ്ധ്യാ

ത്മികജീവിതത്തിൽ അധഃപതിക്കാതെ പുരോഗമിക്കണമെങ്കിൽ അജയ്യമായ മനഃശക്തി അപരിത്യാജ്യമാണ്; കൂടാതെ വളരെയേറെ ത്യാഗവും ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരും; ധ്യാനനിരതമായ ജീവിതം നയിക്കുകയും വേണം. വി. ഇഗ്നേഷ്യസു പറയുന്നു: "നാം നമ്മുടെ പ്രാർത്ഥന ചുരുക്കുന്നതിനു പിശാചു തൻെറ തന്ത്രങ്ങളെല്ലാം പ്രയോഗിക്കുന്നു." ലൗകികകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരായാലും സന്യാസസഭാംഗങ്ങളായാലും പുണ്യസോപാനത്തിൻെറ അത്യുച്ചിയിൽ എത്തിയിരുന്നവരെല്ലാം പ്രാർത്ഥനയേയും ധ്യാനത്തേയും അത്യധികം സ്നേഹിച്ചിരുന്നവരാണ്. ദൈവത്തിൽനിന്നു നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ വളരെ കുറച്ചു മാത്രമാണെങ്കിൽ, അതിനുള്ള പ്രധാന കാരണം, നാം വേണ്ടത്ര തീക്ഷ്ണതയോടുകൂടി പ്രാർത്ഥിക്കുന്നില്ല എന്നതാണ്" എന്നു വന്ദ്യനായ കൊളംബിയേ പ്രസ്താവിക്കുന്നു.

## മിശിഹായുടെ സ്നേഹിതരുടെ പ്രാർത്ഥന.

നമ്മുടെ രക്ഷാനാഥൻെറ സ്നേഹിതരുടെ പ്രാർത്ഥനയ്ക്കു ഒരു വിശേഷതയുണ്ട്: അതു് ഉറച്ച വിശ്വാസമാണ്. വിശ്വാസം ക്ഷയിച്ചു ഹൃദയം തണുത്തു മന്ദസ്ഥിതിയിൽ നിപതിച്ചവർ കർത്താവിൽനിന്നു വളരെ അകലെയാണു സ്ഥിതിചെയ്യുന്നതു്. അവർ സക്രാരിയെ സമീപിക്കുന്നില്ല. ദൈവാലയത്തിൻെറ പിൻഭാഗത്തുനിന്നു് ഏതാനും ചില പ്രാർത്ഥനകൾ ഉരുവിടുന്നതുകൊണ്ടു് അവർ സംതൃപ്തരാകുന്നു.

നേരേമറിച്ചു സജീവവിശ്വാസമുള്ളവരുടെ ജീവിതചര്യ വ്യത്യസ്തമായിരിക്കും; അവർ കഴിയുന്നതും കർത്താവിൻെറ സമീപവർത്തികളാകുന്നതിനു ദൈവത്തോടു വ്യക്തിപരമായ ബന്ധമാണ് അവർക്കുള്ളതു്. ദൈവാലയത്തിൽ അവർ പരിപൂർണ്ണസൗഭാഗ്യം കണ്ടെത്തുന്നു. സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നു മനുഷ്യരുടെ മദ്ധ്യേ സ്ഥിതിചെയ്യുന്ന മിശിഹായെ നോക്കി കണ്ണുനീർ വാർത്തുകൊണ്ടു്, ദൈവാലയങ്ങളിൽ ദൈവാരാധന നടത്തുന്ന ബഹുലക്ഷം തീർത്ഥകരെ കാണുന്നതു് ഏററം മനോഹരവും ആശ്വാസപ്രദവുമാണ്. ഇപ്രകാരമുള്ള ദൈവാ

ലയങ്ങളിലാണു മിശിഹാ കൂടുതൽ അറിയപ്പെടുന്നതും സ്നേഹിക്കപ്പെടുന്നതും.

വിശുദ്ധർ ആദരപൂർവം പ്രാർത്ഥിക്കുന്നു. സ്നേഹത്തെക്കാൾ ആദരസമന്വിതമായി മറെറന്തുണ്ട്? വിശുദ്ധർ എളിമയോടുകൂടി പ്രാർത്ഥിക്കുന്നു. ഭക്തിമയവും സേവനസന്നദ്ധവുമായ സ്നേഹത്തെക്കാൾ വിനീതമായി എന്തെങ്കിലും കണ്ടുമുട്ടുവാൻ സാധിക്കുകയില്ല. വിശുദ്ധർ ഭഗ്നാശരാകാതെ അനുസ്യൂതം പ്രാർത്ഥിക്കുന്നു; എന്തുകൊണ്ടെന്നാൽ, തങ്ങളുടെ അഭിലാഷങ്ങളെല്ലാം ഒരിക്കൽ മിശിഹാ നിവർത്തിച്ചുതരുമെന്നു് അവർക്കു് ഉറപ്പുണ്ടു്. എന്നാൽ, ഇവയെല്ലാററിനെക്കാളും ഉപരിയായിട്ടു നമ്മുടെ പ്രാർത്ഥന വിശ്വാസത്താൽ പ്രേരിതമായിരിക്കണം.

അബ്രാഹത്തിൻെറ പ്രാർത്ഥനയെപ്പററി നാം കേട്ടിട്ടുണ്ടു്. കർത്താവു് അരുളിച്ചെയ്തു: "അൻപതു നീതിമാന്മാരെ ഇവിടെ കണ്ടെത്തുന്നപക്ഷം ഈ പട്ടണത്തെ ഞാൻ രക്ഷിക്കാം." "നാഥാ, അതിൽ അഞ്ചു കുറഞ്ഞാലും അവിടുന്നു് ഇതിനെ നശിപ്പിക്കല്ലേ!............അല്ല, നാല്പതോ മുപ്പതോ ഇരുപതോ മാത്രമേയുള്ളെങ്കിലും ദൈവമേ, അവിടുന്നു കോപിക്കല്ലേ!" അബ്രാഹം വീണ്ടും പറയുന്നു: "പത്തുപേരെങ്കിലും നീതിമാന്മാരാണെങ്കിൽ അവിടുന്നു് ഇതിനെ നശിപ്പിക്കല്ലേ!............ കർത്താവു പറഞ്ഞു: പത്തുപേരെപ്രതിയും ഞാൻ അതിനെ നശിപ്പിക്കുകയില്ല!" (സൃഷ്ടി. 18: 23-33).

കാനാൻകാരിയായ ആ സാധ്വസ്ത്രീയുടെ വിശ്വാസം എത്ര ദൃഢമായിരുന്നുവെന്നു നോക്കുക. മിശിഹാ അവളെ പരീക്ഷിക്കുന്നതിനുവേണ്ടി പറഞ്ഞു: "മനുഷ്യക്കുഞ്ഞുങ്ങളുടെ അപ്പം നായ്ക്കൾക്കു കൊടുക്കുന്നതു് ഒരിക്കലും ഉചിതമല്ല." ഉടനെ അവൾ നല്കിയ മറുപടി ഏററം സ്വത്ത്വവ്യമാണു്: "യജമാനൻെറ മേശപ്പുറത്തുനിന്നു വീഴുന്ന അപ്പക്കഷണങ്ങൾകൊണ്ടാണല്ലോ പട്ടിക്കുഞ്ഞുങ്ങളും ജീവിക്കുന്നതു്." തൽക്ഷണം മിശിഹാ അവളെ ആശ്വസിപ്പിച്ചുകൊണ്ടു് അരുൾചെയ്തു: "സ്ത്രീയേ, നിൻെറ വിശ്വാസം വലുതുതന്നെ. നിൻെറ ആഗ്രഹം നിറവേറട്ടെ. അപ്രകാരം അവളുടെ പുത്രി സുഖം പ്രാപിക്കുകയും ചെയ്തു" (മത്താ.15: 21-28).

സ്വസഹോദരൻ രോഗബാധിതനായപ്പോൾ, മറിയം കർത്താവിനെ അറിയിച്ചു: "നാഥാ, അവിടുന്നു സ്നേഹിക്കുന്ന ആൾ രോഗപീഡിതനായിരിക്കുന്നു." ഈ പ്രാർത്ഥന വിശ്വാസപൂർണ്ണമായിരുന്നു; എന്തുകൊണ്ടെന്നാൽ, ആരോടാണ് അപേക്ഷിക്കുന്നതെന്നു് അവൾ ഗ്രഹിച്ചിരുന്നു. വി. ത്രേസ്യാ അഭിപ്രായപ്പെടുന്നു: "പ്രാർത്ഥന, പ്രത്യേകിച്ചു ധ്യാനം, ദൈവവും ആത്മാവും തമ്മിലുള്ള ഒരു സ്നേഹസല്ലാപമാണ്." നമ്മുടെ പ്രാർത്ഥനയിലെ ഏററം പ്രധാനഭാഗമായ സംഭാഷണം, മിശിഹായും നാമും തമ്മിലുള്ള ഒരു സാക്ഷാൽ സംഭാഷണം തന്നെയാണെന്നു വി. ഇഗ്നേഷ്യസ് പറയുന്നു തന്റെ സ്വർഗ്ഗീയനാഥനോടു ചില സന്ദർഭങ്ങളിൽ "നിസ്സാരസംഗതികൾ" പോലും ചോദിച്ചിട്ടുണ്ടെന്നു വി. ത്രേസ്യാ പ്രസ്താവിക്കുന്നു. ഈ പുണ്യവതിയുടെ ധൈര്യം എത്രകണ്ടു വലുതായിരുന്നുവെന്നു താഴെപ്പറയുന്ന സംഭവം വിളിച്ചറിയിക്കുന്നുണ്ടു് രോഗശയ്യയെ അവലംബിച്ചിരുന്ന സ്വസഹോദരനുവേണ്ടി അവൾ ഇപ്രകാരമാണു പ്രാർത്ഥിച്ചതു്: "എനിക്കു് അവിടുത്തെ സഹായം എത്രമാത്രം ആവശ്യമാണോ അത്രമാത്രം എന്റെ സഹായം ആവശ്യമുള്ള ഒരു സഹോദരൻ അങ്ങേയ്ക്കുണ്ടെങ്കിൽ, ആ സഹോദരനെ പീഡനങ്ങൾക്കു ഞാൻ കയ്യാളിക്കുന്നതു് അങ്ങേയ്ക്കു് അസഹനീയമല്ലയോ?" ബോസ്വേ പറയുന്നു: "നമ്മുടെ പിതാവിനോടു നാം ചോദിക്കുന്നതു് എന്തുതന്നെ ആയിരുന്നാലും അതു നമുക്കു ലഭിക്കുമെന്നു പൂർണ്ണമായി ശരണപ്പെടാം; അവിടുത്തേയ്ക്കു തരുവാൻ കഴിവുണ്ടു്; അവിടുത്തെ ദാനങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്കു്, അവിടുന്നു തന്റെ വരപ്രസാദങ്ങളും അനുഗ്രഹങ്ങളും നല്കാതിരിക്കുകയില്ല."

നാം പ്രാർത്ഥിക്കുമ്പോൾ വാചകഭംഗിക്കുവേണ്ടി ചിലപ്പോൾ അനാവശ്യമായി ക്ലേശിക്കുന്നു; ചിലപ്പോൾ പുസ്തകങ്ങളെ അഭയം തേടുന്നു. ഇക്കാരണത്താലാണു പ്രാർത്ഥന ഒരു ഭാരവും ബുദ്ധിമുട്ടുമായി നമുക്കു തോന്നാറുള്ളതു്. മിശിഹായോടുള്ള പെരുമാററത്തിൽ കൃത്രിമമായി യാതൊരുപചാരവും നാം കാണിക്കേണ്ടതില്ല. മിശിഹായുടെ സ്നേഹിതരാണു നാമെന്നു വിചാരിക്കുക. അവിടുത്തെ നമ്മുടെ പിതാവും സ്നേഹി

തനും നമ്മുടെ ആത്മാക്കളുടെ പ്രാണനാഥനുമായി നമുക്കു വീക്ഷിക്കാം. വി. ഫ്രാൻസിസ് ഷന്താളിന്റെ അഭിപ്രായത്തിൽ, പ്രാർത്ഥനയുടെ വിജയരഹസ്യം അടിയുറച്ച ശരണത്തിലും പരമാർത്ഥതയിലുമാണ് അടങ്ങിയിരിക്കുന്നതു്.

"എന്റെ രക്ഷകാ, ഞാൻ അപേക്ഷിക്കുന്ന സകല വരപ്രസാദങ്ങളും നല്കുവാൻ അങ്ങു സന്നദ്ധനായിരിക്കുന്നു. അങ്ങേ സ്നേഹത്തിൽ ഞാൻ വസിക്കുന്നതിന്, എന്നെക്കാറം അങ്ങ് ആഗ്രഹിക്കുന്നു. എന്റെ ആത്മാവിന്റെ സ്രഷ്ടാവേ, അങ്ങേ സ്നേഹിക്കുന്നതിലാണ് എന്റെ സംതൃപ്തി. എനിക്കു പ്രാർത്ഥനാരുചി തരേണമേ. പരിശുദ്ധ കന്യകയേ, നീ നിന്റെ തിരുക്കുമാരനോടു കാണിച്ച സ്നേഹത്തെപ്രതി, എന്റെ എല്ലാ വിപത്തുകളിലും നിങ്ങളിരുവരുടേയും സങ്കേതം തേടുന്നതിന് എനിക്ക് ഇടവരുത്തേണമെ" (വി. അൽഫോൻസ്).

"ഒരു സ്നേഹിതൻ സ്നേഹിതനോടെന്നപോലെ മധുരമൊഴികറം ഉച്ചരിച്ചുകൊണ്ടു് അവിടുന്ന് എന്നോടു സംസാരിക്കുകയും, അങ്ങയോടു സംസാരിക്കുന്നതിന് എന്നെ അനുവദിക്കുകയും ചെയ്യുക" (ക്രിസ്താനുകരണം).

# അദ്ധ്യായം 15.

## ഭക്തി.

നമ്മുടെ ആശയങ്ങളും ആഗ്രഹങ്ങളും നമ്മുടെ ജീവിതം മുഴുവൻതന്നെയും മിശിഹായുടെ ആശയങ്ങളും ആഗ്രഹങ്ങളും ജീവിതവുമായിപ്പകത്തുന്നതിൽ ക്രിസ്തീയഭക്തി അടങ്ങിയിരിക്കുന്നു. ക്രിസ്തീയഭക്തി ശരിയായി അഭ്യസിക്കുന്നവർ – സാക്ഷാൽ ഭക്താത്മാക്കറം – പ്രാർത്ഥനയാകുന്ന ചിറകുകൊണ്ടു ദൈവത്തിൻ പക്കലേയ്ക്കു പറക്കുന്നു; എന്നാൽ, അതേ സമയംതന്നെ മനുഷ്യർക്കു മാതൃകയായി പുണ്യജീവിതം നയിക്കുന്നതിനു മററുള്ളവർക്കു പ്രചോദനം നല്കിക്കൊണ്ടു ഭൂമിയിൽ വസിക്കുകയും

ചെയ്യുന്നു. ഭക്തജീവിതവും ദൈവവുമായുള്ള ഐക്യവും രണ്ടു സംഗതികളെ ആശ്രയിച്ചിരിക്കുന്നു. അവ ഭക്ത്യഭ്യസനവും ഭക്തിപരിശീലനവുമാണ്.

## I ഭക്ത്യഭ്യസനം.

നമ്മുടെ ഭക്തിക്കടുത്ത കൃത്യങ്ങളിൽ ചിലതു ധ്യാനത്തിനും ചിലതു പ്രാർത്ഥനയ്ക്കും സാഹായ്യമായി നില്ക്കുന്നു. ഇതിൽ ആദ്യത്തേതു് ആദ്ധ്യാത്മികാന്ധകാരം, മന്ദോഷ്ണത തുടങ്ങി ദൈവത്തെ സമീപിക്കുന്നതിൽ നമുക്കു പ്രതിബന്ധങ്ങളായി നില്ക്കുന്ന സകലതിനേയും ദൂരീകരിക്കുന്നു. ഇവ ധ്യാനം, ആത്മശോധന, ജ്ഞാനവായന എന്നിവയാണ്. വേറെ ചില ഭക്ത്യഭ്യാസങ്ങൾക്കു ദൈവവുമായി കൂടുതൽ ബന്ധമുണ്ട്. ഇവ ദൈവത്തെ നേരിട്ടു വിളിക്കുന്നു. പ്രാർത്ഥന, ദിവ്യപൂജ ദിവ്യകാരുണ്യസ്വീകരണം, വിസീത്ത മുതലായവ ഇക്കൂട്ടത്തിൽ പെടുന്നു. ദൈവം നമ്മിൽ വസിക്കുന്നതിനും, അവിടുത്തോടു നാം ഐക്യപ്പെടുന്നതിനും ഈ ഭക്ത്യഭ്യാസങ്ങൾ വളരെ സഹായിക്കുന്നു. ഇവ കൂടാതെ നമ്മുടെ ഭക്തി ക്ഷയോന്മുഖമായിത്തീരുന്നു; ക്രമശഃ നാം ദൈവവുമായുള്ള സ്നേഹബന്ധം ബലാൽക്കാരമായി വിച്ഛേദിച്ച്, സൃഷ്ടവസ്തുക്കളിലേയ്ക്കു തിരിയുന്നു; അവയിൽ നമ്മുടെ സന്തോഷം തേടുന്നു; അവസാനം ദൈവത്തെ നാം വിസ്മരിക്കുന്നു. വി. ഫ്രാൻസിസ് സാലെസ് ഈ ഭക്ത്യഭ്യാസങ്ങളെ ദൈവസ്നേഹത്തിൻെറ മെഴുകുതിരികളായിക്കരുതുന്നു. വിറകും തീയും, ഭക്ഷണവും ശരീരവും തമ്മിലുള്ള ബന്ധമാണ് ഈ പുണ്യാഭ്യാസങ്ങളും നമ്മുടെ ആത്മാവും തമ്മിലുള്ളതു്. ആത്മാവു് ഈ ആദ്ധ്യാത്മിക ഭക്ഷണം കൂടാതെ, ശക്തി നശിച്ച്, അവസാനം മരണമടയുന്നു.

ഇത്രമാത്രം പ്രാധാന്യം ഇവയ്ക്കുണ്ടായിരുന്നിട്ടും മാന്ദ്യത്തോടും അരുചിയോടുംകൂടി ചിലർ ഭക്തികൃത്യങ്ങൾ നിർവ്വഹിക്കുന്നതിൻെറ കാരണം കണ്ടുപിടിക്കുക വിഷമമാണ്. ബാക്കിയുള്ള സകല സംഗതികൾക്കും അതതിൻെറ സമയവും

സ്ഥലവുമുണ്ട്; എന്നാൽ, ആദ്ധ്യാത്മികകാര്യങ്ങൾക്കുമാത്രം, ലൗകികവ്യാപാരങ്ങളുടേയും സന്തോഷങ്ങളുടേയും ഇടയിൽ, നാം സമയം കാണുന്നില്ല. പുണ്യവാന്മാർ വളരെ കുറവായും താപസന്മാരുടെ സംഖ്യ തുലോം തുച്ഛമായും ദൈവം അനുദിനസ്നേഹസംഭാഷണം ചെയ്യുന്നതിന് ഇഷ്ടപ്പെടുന്ന ആത്മാക്കൾ വിരളമായും കാണുന്നതു തീർച്ചയായും ആശ്ചര്യജനകമാണ്. ലോകനാഥൻ ലോകരാൽ ത്യജിക്കപ്പെട്ടവനായിത്തീർന്നിരിക്കുന്നു. ലോകാരൂപിയിൽപ്പെട്ടു നശിക്കാതിരിക്കുന്നതിനു നിഷ്കളങ്കമായി യത്നിക്കുന്നവർ വളരെ ചുരുക്കമാണ്. പുണ്യം വേണ്ടതുപോലെ യാതൊരുത്തനും പരിശീലിക്കുന്നില്ല. ആത്മാക്കൾ മതിൽക്കെട്ടില്ലാത്ത ഒരു തോട്ടത്തിനു സമമായിത്തീർന്നിരിക്കുന്നു. ആ വഴിയെ കടന്നുപോകുന്ന എല്ലാവർക്കും അതു ഫലദാനം ചെയ്യുന്നു; സ്വനാഥനുവേണ്ടിയോ എന്നാൽ യാതൊന്നും സൂക്ഷിച്ചുവയ്ക്കുന്നില്ല.

ഉന്നതാവസ്ഥയ്ക്കു യോഗ്യരായി കാണപ്പെട്ട പല യുവതീയുവാക്കന്മാരും, ബാല്യകാലത്തിൽ സന്യാസിനികളുടെ കീഴിൽ സുശിക്ഷണവും ലഭിച്ചിട്ടുള്ള പല ബാലികമാരും ആരംഭത്തിൽ തീക്ഷ്ണതകൊണ്ടെരെഞ്ഞിരുന്ന അനേകം അർത്ഥിനികളും, അവസാനം പുണ്യജീവിതത്തിൽ വെറും സാധാരണരായി കാണപ്പെടുന്നു. ഇവർ അല്പതണുപ്പുകൊണ്ടു നശിച്ചുപോകുന്ന ഇളംചെടികൾക്കു സമാനരാണ്; വായുവിൻെറ നേരിയ ചലനത്താൽ വളഞ്ഞൊടിയുന്ന വൃക്ഷശാഖകൾക്കു തുല്യരാണ്; ഫലോൽപാദകമല്ലാത്ത മുട്ടലകുസുമങ്ങളിൽനിന്നു ഇവർ വ്യത്യസ്തരല്ല. ജീവിതത്തിൻെറ പരമോദ്ദേശ്യം പുണ്യം സമ്പാദിക്കുകയാണെന്നും, അതിൻെറ നിലനില്പിനും വളർച്ചയ്ക്കും ആവശ്യകമായിരിക്കുന്നതു ഭക്തികൃത്യങ്ങളാണെന്നുമുള്ള ബോധം അവർക്കുണ്ടായിട്ടില്ല; ഇതുതന്നെയാണ് അവരുടെ പരിതാപകരമായ സ്ഥിതിക്കു കാരണം. വിശ്വാസമുള്ള ഏതൊരാളും, തന്നിലുള്ള പോരായ്മകൾ മനസ്സിലാക്കി വേണ്ട പരിഹാരം നിശ്ചയിക്കാതെ ഈ ചിന്തകളിൽനിന്നും വിരമിക്കുകയില്ല.

## II നമ്മുടെ ഭക്തിപരിശീലനം.

ഭക്തികൃത്യങ്ങൾ ഒരു അന്ത്യമല്ല; പിന്നയോ അന്ത്യം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ മാത്രമാണ്. നമ്മുടെ യഥാർത്ഥമായ അന്ത്യം ദൈവത്തെ അറിയുന്നതും സ്നേഹിക്കുന്നതുമാണ്. എന്നാൽ, പലരും ഇതു മറിച്ചു ധരിക്കുകയും തന്മൂലം ഭക്തിയെ സംബന്ധിച്ച് അബദ്ധാഭിപ്രായങ്ങളിൽ നിപതിക്കുകയും ചെയ്യുന്നു. വി. ഫ്രാൻസിസ് സാലെസ് പറയുന്നതുപോലെ അവർ ഭക്തിയുടെ പ്രതിമകളും നിഴലുകളും ആയിത്തീരുന്നു. പ്രാർത്ഥനകൾ ദീർഘിപ്പിക്കുന്നതിനോ, നല്ല പ്രസംഗങ്ങൾ കേൾക്കുന്നതിനോ ആകർഷകങ്ങളായ മററു ചടങ്ങുകളിൽ സംബന്ധിക്കുന്നതിനോ വേണ്ടി അവർ സ്വജീവിതസ്ഥിതിയുടെ ചുമതലകൾപോലും ഉപേക്ഷിക്കുന്നു. ഭക്തികൃത്യങ്ങളേയും ബാഹ്യജീവിതവൃത്തിയേയും ഒത്തിണക്കിക്കൊണ്ടു പോകുന്നതിന് അവർ തികച്ചും അശക്തരാണ്.

ചുമതലകളുടെ ഭാരവും ജീവിതാവസ്ഥയുടെ മററു കടമകളും നിമിത്തം, ഭക്തികൃത്യങ്ങൾക്കു വേണ്ടത്ര സമയം ലഭിക്കുന്നില്ലെന്നു ചിലർ വിലപിച്ചേക്കാം; അവർക്കു പററിയ ഒരു മാർഗ്ഗം നിർദ്ദേശിക്കാം: നമ്മുടെ സകല ജോലികളും ദൈവേഷ്ടത്തോടു യോജിച്ചുകൊണ്ടു നിർവ്വഹിക്കുകയും, സ്നേഹത്തിൻെറ പ്രകരണമായി ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുക എന്നതു തന്നെ ഒന്നാംതരം ഒരു ഭക്തിപരിശീലനമാകുന്നു. വി. ഫ്രാൻസിസ് സാലെസ് പറയുന്നു: "ഇങ്ങനെ നീ ചെയ്യുന്ന സകലതും ദൈവീകാശീർവ്വാദത്താൽ സേചനം ചെയ്യപ്പെടുന്നു. നിൻെറ സമർപ്പണം എത്രകണ്ടു കൂടുതൽ സ്നേഹപൂർവ്വകമായിരിക്കുമോ അത്രകണ്ടു കൂടുതൽ നീ പരിപൂർണ്ണത പ്രാപിക്കും. നമ്മുടെ രക്ഷാനാഥൻെറ ബാല്യകാലത്തിൽ പരിശുദ്ധ ജനനി പ്രവർത്തിച്ചതുപോലെ നീയും പ്രവർത്തിക്കുക. അവളുടെ ഒരു കരം ദിവ്യശിശുവിനെ വഹിച്ചു; മറേറതു ഗൃഹജോലികളിൽ വ്യാപൃതമായിരുന്നു." നമ്മുടെ ജീവിതസ്ഥിതിക്കടുത്ത കടമകൾ ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടു നാം നിർവ്വഹിക്കുന്നുവെങ്കിൽ, അതു് ഏററവും വലിയ ഭക്തികൃത്യമാണ്.

"എവിടെവച്ചും ഏതു സാഹചര്യങ്ങളിലും നമുക്കു പുണ്യവാന്മാർ ആകാം, മനസ്സുണ്ടായാൽ മാത്രം മതി" എന്നാണു വന്ദ്യനായ കൊളംബിയേ പറയുന്നതു്.

സാധുജനശുശ്രൂഷണം ചെയ്യുന്ന 'അഗതികളുടെ കൊച്ചു സഹോദരി'യും ആശുപത്രികളിൽ രോഗികളെ പരിചരിക്കുന്ന നേഴ്സും പിഞ്ചുപൈതങ്ങളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്ന കന്യാസ്ത്രീകളും സ്വകൃത്യനിർവ്വഹണത്തിൽ ദൈവേഷ്ടം നിവർത്തിക്കുന്നു. അവരുടെ ഓരോ പ്രവൃത്തിയും ഓരോ ഭക്തിപരിശീലനം തന്നെയാണു്. അടിച്ചുവാരുക, ഭക്ഷണം പാകംചെയ്യുക, പടിവാതിൽ കാക്കുക എന്നീ താഴ്ന്ന ജോലികൾപോലും വിശുദ്ധ ഗീതങ്ങൾ ആലപിക്കുക, അർത്ഥികൾക്കു് ആദ്ധ്യാത്മികോപദേശം നല്കുക, ആശ്രമാധിപന്മായി ഭരണം നടത്തുക എന്നിവയോടൊപ്പംതന്നെ പുണ്യസമ്പാദനത്തിനു പ്രയോജകങ്ങളാണു്. ആജ്ഞാപിക്കുകയോ അനുസരിക്കുകയോ ചെയ്യുമ്പോഴും മിശിഹായെ അന്വേഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുവെങ്കിൽ, ഏതു സന്ദർഭത്തിലും സ്ഥലത്തും ഏതൊരുവനും ഭക്തിപരിശീലനം ചെയ്യാവുന്നതാണു്. വി. ഫ്രാൻസിസ് സാലെസു പറയുന്നു: "യാതൊരു സാമൂഹികബന്ധത്തിനും വൈഷമ്യത്തിന്നും മിശിഹായിൽനിന്നും അവിടുത്തെ മാലാഖാമാരിൽനിന്നും പുണ്യവാന്മാരിൽനിന്നും എന്നെ വേർപെടുത്തുവാൻ സാധിക്കുകയില്ല." യാത്രാമദ്ധ്യേ ശരീരത്തിനു ശക്തി ലഭിക്കുന്നതിനായി എന്തെങ്കിലും അല്പം പാനീയം യാത്രയ്ക്കു വിരാമമിടാതെതന്നെ കുടിക്കുന്ന ഒരു തീർത്ഥകനെപ്പോലെ ബാഹ്യജോലികൾക്കിടയിൽപ്പോലും യഥാർത്ഥ ഭക്തന്മാർ സ്നേഹപ്രകരണങ്ങൾ വഴി സ്നേഹനാഥനുമായി സദാ യോജിച്ചിരിക്കുന്നു. വിശുദ്ധ സ്ഥലത്തെ പരിമളപൂരിതമാക്കുന്ന സുഗന്ധദ്രവ്യങ്ങൾപോലെയാണു സുകൃതജപങ്ങൾ. അവ നമ്മുടെ ആത്മാവിനെ സ്വർഗ്ഗീയപരിമളംകൊണ്ടു നിറയ്ക്കുകയും അഹോരാത്രം വി. ബലി അർപ്പിക്കപ്പെടുന്ന ഒരു ബലിപീഠമായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

തങ്ങൾ മാലാഖാമാരെപ്പോലെ ആണെന്നു വിചാരിച്ചു് ആനന്ദം കൊള്ളുകയും എന്നാൽ, ഭക്തിയുടെ കാതലെന്താ

ണെന്നു അറിയാതിരിക്കുകയും ചെയ്യുന്ന ബഹുസഹസ്രം ആളുകളുടെ കൃത്രിമഭക്തിയല്ല ഇവക്കുള്ളതു്. ഇവരുടെ ഭക്തി യഥാൎത്ഥമായതാണു്; അതു സൗമ്യമാണു്; അപ്പസ്തോലികമാണു്; അതു ചിലപ്പോഠം ദൈവസ്നേഹത്തെപ്രതി അന്യരുടെ നന്മയ്ക്കു വേണ്ടി പ്രയത്നിക്കുന്നു. അപ്പോഠം ദൈവത്തിൽനിന്നു് അതു പിന്മാറിയെന്നുപോലും തോന്നിയേക്കാവുന്നതാണു്. എന്നാൽ, അതു വെറും തെററിദ്ധാരണയാണു്. "നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളുംവഴി ദൈവത്തെ ദശിക്കുന്നതാണുത്തമം. നമ്മുടെ ഉദ്യോഗത്തിൻേറയും പ്രവൎത്തനത്തിൻേറയും വിഷയങ്ങളെ കഴിയുന്നത്ര നന്നായി ക്രമീകരിക്കുകയാകുന്നു നമ്മുടെ കൎത്തവ്യം" (വി. ഇഗ്നേഷ്യസ്).

സ്വകൃത്യനിർവഹണം ദിവ്യനാഥനിൽനിന്നു തന്നെ വേർപെടുത്തുന്നതായും ആത്മരക്ഷയ്ക്കു വിഘാതമായി നില്ക്കുന്നതായും ആക്കെങ്കിലും തോന്നുന്നുവെങ്കിൽ, തീച്ചയായും അയാഠം തെററിദ്ധാരണയിൽ നിപതിച്ചിരിക്കുന്നു. അനുസരണത്തോളം ഉൽകൃഷ്ടമായി വേറൊന്നുമില്ല; അധികാരികഠം നിശ്ചയിക്കുന്ന ജോലികളാണു പുണ്യസമ്പാദനത്തിനു് ഏററം പററിയവ. ആശ്രമത്തിലെ കഴുതയെ തീററിയിരുന്നപ്പോഴും, ഭക്ഷണം പാകംചെയ്തിരുന്ന സമയത്തും വി. മൎഗ്ഗരീത്താമറിയം പ്രാർത്ഥിച്ചിരുന്നു. അത്യാവശ്യമായി ചെയ്യേണ്ടിയിരുന്ന എന്തോ ജോലിക്കു പോകേണ്ട സമയമായപ്പോഠം, പ്രാർത്ഥനയിൽ ദിവ്യനാഥനുമായി സംഭാഷിച്ചുകൊണ്ടിരുന്ന ഒരു ഭക്താത്മാവു് ഇപ്രകാരമാണു പറഞ്ഞതു്: "എൻെറ ഈശോ, ഒരു നിമിഷം പോലും ഇനി ഇവിടെ താമസിക്കുന്നതിനു് എനിക്കു നിവൃത്തിയില്ല."

"ഈശോയുടെ തിരുഹൃദയമേ, നിൻെറ സ്നേഹത്തിനും മഹത്വത്തിനുമായി ഞാൻ എന്നെ അങ്ങേയ്ക്കു സമൎപ്പിക്കുന്നു. ഞാൻ ദശിക്കുന്നതും ശ്രവിക്കുന്നതുമെല്ലാം അങ്ങേ കൂടുതൽ സ്നേഹിക്കുന്നതിനു് ഉപയുക്തങ്ങളായിത്തീരട്ടെ. എൻെറ ഓരോ വാക്കും ആരാധന, സ്നേഹം, സ്തുതി എന്നിവയുടെ പ്രകരണമായിത്തീരട്ടെ. എൻെറ അധരങ്ങളുടെ ചലനങ്ങളെല്ലാം എൻെറ പാപങ്ങളിന്മേലുള്ള മനസ്താപപ്രകരണങ്ങളായിരുന്നു

വെങ്കിൽ! എൻെറ ഓരോ കാലടികളും അങ്ങേ പക്കലേയ്ക്കാ യിരിക്കട്ടെ; എൻെറ പ്രവൃത്തികളെല്ലാം എന്നെ അങ്ങയോടു യോജിപ്പിക്കട്ടെ" (വി. മർഗ്ഗരീത്താമറിയം).

"ഈശോയുടെ തിരുഹൃദയമേ, പ്രാർത്ഥിക്കുന്നതിനും ജോലി ചെയ്യുന്നതിനും എല്ലാക്കാര്യത്തിലും അവിടുത്തേ പ്രീതി പ്പെടുത്തുന്നതിനും എന്നെ സഹായിക്കേണമേ."

# അദ്ധ്യായം 16.

## ദിവ്യകാരുണ്യസ്വീകരണം.

മിശിഹാ അരുളിച്ചെയ്തിരിക്കുന്നു: "ഞാൻ ആകാശ ത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പമാകുന്നു. എൻെറ മാംസം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ഈ വാക്യങ്ങരം നമ്മെ സംബന്ധിച്ചിടത്തോളം ആശ്വാസദായകം തന്നെ. എന്നാൽ, തന്നെപ്പററി അവിടുന്നു പറയുന്നു: "എൻെറ പീഡാനുഭവത്തിനു മുമ്പായി ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിക്കുന്നതിനു ഞാൻ അത്യധികം ആഗ്രഹിച്ചു." നമുക്ക് അവിടുത്തേ സഹായം ആവശ്യകമാണ്. അവിന്നു തൻെറ അനന്തമായ സ്നേഹത്താൽ നമ്മുടെ സഹായം ആവശ്യപ്പെടു വാൻ തിരുമനസ്സായിരിക്കുന്നു. ബോസ്വേ പറയുന്നതു കേട്ടാലും: "മിശിഹായെ സ്വീകരിക്കുന്നതിനുള്ള സ്ഥിരമായ ആഗ്രഹം ഏററം മഹത്തായ ഒരു സ്നേഹപ്രകരണമാകുന്നു. ഭക്ഷണമേശ തയ്യാറായിരിക്കുന്നു; അതിഥികളോ എന്നാൽ ആരുമില്ല. മിശി ഹാതന്നെ അവരെ ക്ഷണിക്കുന്നു." മിശിഹായുമായി നാം ഒന്നാ യിത്തീരുന്നതിന്, ദിവ്യകാരുണ്യസ്വീകരണം മിശിഹായെ പ്രതിയും നമ്മെ പ്രതിയും അത്യാവശ്യമാണ്.

## I മിശിഹായെപ്രതിയുള്ള ദിവ്യകാരുണ്യ സ്വീകരണം.

നമ്മെ സംബന്ധിച്ച മിശിഹായ്ക്കുള്ള ദിവ്യോദ്ദേശ്യങ്ങൾ പ്രസ്പഷ്ടമാണ്. അന്തിമഭോജനവേളയിൽ അവിടുന്ന് അരുളിച്ചെയ്തു: "പീഡാനുഭവത്തിനു മുമ്പായി നിങ്ങളോടുകൂടി ഈ പെസഹാ ഭക്ഷിക്കുന്നതിന് — ഈ ദിവ്യകാരുണ്യസ്വീകരണം നടത്തുന്നതിന് — ഞാൻ അത്യധികം ആഗ്രഹിച്ചു." ദൈവത്തിൻെറ ബുദ്ധിയിൽ സകലതും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരുന്നു. നമ്മിൽ വസിക്കുന്നതിനും, നമ്മെ തന്നോടു യോജിപ്പിക്കുന്നതിനും, മിശിഹാ അപ്പത്തിൻെറ രൂപത്തിൽ തന്നെത്തന്നെ നമുക്കു തരുന്നു. "ഞാൻ ജീവൻെറ അപ്പമാകുന്നു" എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ട്; അവിടുന്നു നമ്മുടെ ക്രിസ്തീയജീവൻെറ ഭോജനമാണ്. മിശിഹാ അനുദിനം തന്നെത്തന്നെ നമ്മുടെ ഭക്ഷണമാക്കിത്തീർക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് ഇതിൽനിന്നു സുസ്പഷ്ടമാണ്. പോരെങ്കിൽ, അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കുവാനാണു നമ്മോടാജ്ഞാപിക്കുന്നത്: "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ,............ഞങ്ങളുടെ അനുദിനഭോജനം ഇന്നു ഞങ്ങൾക്കു നീ തരിക" — ശരീരപോഷകമായ അപ്പവും അതിലും ഉപരിയായി ആത്മാവിൻെറ ഭോജനമായ മിശിഹായുടെ അപ്പവും ഞങ്ങൾക്കു തരിക. ആദിമക്രിസ്ത്യാനികൾ എല്ലാ ദിവസവും, "പ്രാർത്ഥനയിലും എവുക്കാറെസ്തിയാ മുറിക്കുന്നതിലും പങ്കുകൊണ്ടു............ഏകമനസ്സോടെ ദൈവാലയത്തിൽ ദീർഘനേരം ചെലവിടുകയും ചെയ്തിരുന്നു" (നടപടി 2:42–46) ആകയാൽ, അനുദിനദിവ്യകാരുണ്യസ്വീകരണത്തെപ്പററി നമ്മുടെ ദിവ്യനാഥൻ അപ്പോസ്തലന്മാർക്ക് ഉപദേശം കൊടുത്തിട്ടുണ്ടായിരുന്നിരിക്കണം.

ത്രെന്തോസു സൂനഹദോസ് ഇപ്രകാരം സഭയുടെ ആഗ്രഹം വെളിപ്പെടുത്തുന്നു: "ഓരോ പൂജയിലും സഹായിക്കുന്ന വിശ്വാസികളെല്ലാം ദിവ്യകാരുണ്യം സ്വീകരിക്കണമെന്ന് ഈ തിരുസ്സംഘം അഭിലഷിക്കുന്നു." ദൈവസ്നേഹത്തെപ്രതി കൂടെക്കൂടെ വി. കുർബ്ബാന സ്വീകരിക്കുന്നതിനു റെയിംസ്

സൂനഹദോസു വിശ്വാസികളെ ഉപദേശിക്കുന്നുണ്ട്. ഭാഗ്യസ്മരണാർഹനായ പതിമൂന്നാം ലയോ മാർപ്പാപ്പാ പ്രസ്താവിക്കുന്നു: "കൂടെക്കൂടെ കർത്താവിന്റെ വിരുന്നിൽ പങ്കുകൊള്ളുന്നതിനു വിശ്വാസികളെ പ്രേരിപ്പിക്കുക അവശ്യം ആവശ്യകമാണ് എന്തുകൊണ്ടെന്നാൽ, നാം കൂടുതൽ പ്രാവശ്യം വിരുന്നിനണയുന്നതനുസരിച്ച് കൂടുതൽ വരപ്രസാദങ്ങളും നമുക്കു ലഭിക്കുന്നു." ഇത്തരുണത്തിൽ സൂനഹദോസുകളുടെ തിരുസ്സംഘത്തിന്റെ പ്രഖ്യാപനം പ്രത്യേകം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. അനുദിനദിവ്യകാരുണ്യസ്വീകരണം തികച്ചും മിശിഹായുടെ അഭിലാഷത്തിനനുസൃതമാണ്. പ്രതിവാരദിവ്യകാരുണ്യസ്വീകരണത്തെക്കാളും പ്രതിമാസ ദിവ്യകാരുണ്യ സ്വീകരണത്തെക്കാളും അനുദിനദിവ്യകാരുണ്യസ്വീകരണം കൂടുതൽ ഫലം പുറപ്പെടുവിക്കുന്നു. കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം മിശിഹായുമായുള്ള ബന്ധം ദൃഢതരമാക്കുന്നു. തന്മൂലം നമ്മുടെ ആദ്ധ്യാത്മികജീവനു പൂർവ്വോപരി ശക്തി ലഭിക്കുന്നു. ആത്മാവ് അഭൂതപൂർവ്വം സുകൃതങ്ങൾകൊണ്ടു നിറയുന്നു. നിത്യജീവിതത്തിന്റെ അച്ചാരം നമുക്കു തരപ്പെടുന്നു.

തിരുസ്സഭ അനുദിനദിവ്യകാരുണ്യസ്വീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ കാരണം, മിശിഹായുടെ ബാഹ്യമഹത്വം നമ്മെ ആശ്രയിച്ചിരിക്കുന്നു എന്നതാണ്. സ്വശിഷ്യന്മാരുടെ ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം അവിടുന്ന് അരുളിച്ചെയ്തു: "ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു" (യോഹ.13:31). ദിവ്യകാരുണ്യത്തിൽ മിശിഹാ നമ്മുടെ ആത്മാവിൽ തന്റെ ജീവിതം തുടരുകയാണു ചെയ്യുന്നത്. ഈ കൂദാശ അവിടുത്തെ വേലയുടെ അംഗീകാരമാണ്; അവിടുത്തെ ആശീർവ്വാദിക്കപ്പെട്ട മദ്ധ്യസ്ഥതയാണ്; അവിടുത്തെ സ്നേഹത്തിന്റെ വിജയമാണ്. നമ്മെ അവിടുന്നു സ്നേഹിച്ചതുപോലെ അവിടുന്നു സ്നേഹിക്കപ്പെടുകയും ചെയ്യുന്നു.

"നാം ഭക്ഷിക്കുകയും, ഭക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ സാക്ഷാൽ ദിവ്യകാരുണ്യമുണ്ടാകുന്നുള്ളൂ" എന്നാണു വി. തോമ്മസ് അക്വീനാസിന്റെ അഭിപ്രായം.

ദൈവം സദാ ആത്മാക്കളെ പ്രതീക്ഷിച്ചിരിക്കുന്നു. വി. കുർബാനയിൽ നാം അവിടുത്തെ സ്വീകരിക്കുമ്പോഴ്, വി. മററിൽഡാ പറയുന്നതുപോലെ "നാം ദൈവത്തിൻെറ അപ്പം (ഭക്ഷണം) ആയിത്തീരുന്നു." നമ്മുടെ ആത്മാക്കൾക്കുവേണ്ടി മിശിഹാ കുരിശിൽ കിടന്നുകൊണ്ടു ദാഹിച്ചു. വേദസാക്ഷിയായ അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസു പറയുന്നു: "ഞാൻ സഹിക്കുന്നതിനു സന്നദ്ധനാണ്; ഞാൻ ദൈവത്തിൻെറ കോതമ്പാണ്; കത്താവിൻെറ കളങ്കമററതും വെണ്മയേറിയതുമായ അപ്പമായിത്തീരുന്നതിനുവേണ്ടി, വന്യമൃഗങ്ങളുടെ ദംഷ്ട്രങ്ങൾകൊണ്ടു പൊടിക്കപ്പെടുന്നതിനു ഞാൻ ആഗ്രഹിക്കുന്നു." ദൈവസ്നേഹത്താൽ എരിഞ്ഞിരുന്ന എത്രയോ പുണ്യവാന്മാരിൽ ഇതേ ആശയംതന്നെ കുടികൊണ്ടിരുന്നു! നമ്മുടെ രക്ഷാനാഥൻ തന്നെത്തന്നെ എനിക്കു ഭോജനമായിത്തരുമ്പോൾ, അവിടുന്നു കൂടെ ഭക്ഷിക്കുന്നു; തൻെറ സ്വന്തം സന്തോഷമല്ലാതെ വേറെ യാതൊരു നന്മയും അവിടുന്നു തന്നിൽ കാണുന്നില്ല" എന്നാണു വി. ബർണാർട്ട് ഉദ്ഘോഷിക്കുന്നത്. റുയിസ്ബ്രൂക് പറയുന്നു: "മിശിഹാ നമ്മെ അത്യാസക്തിയോടെ പാത്തിരിക്കുന്നു. അവിടുത്തേ ആഗ്രഹത്തിന് ഒരിക്കലും തൃപ്തി വരുത്തുവാൻ സാധിക്കുകയില്ല; നാം എത്ര ദരിദ്രരാണെന്ന് അങ്ങേയ്ക്കറിയാം; എന്നിരുന്നാലും അവിടുന്നു നമ്മെ സന്ദർശിക്കുകയും സ്വഭോജനം നമ്മിൽ കണ്ടെത്തുകയും ചെയ്യുന്നു." വിശുദ്ധർക്കു തൻെറ ആഗ്രഹം പല സന്ദർഭങ്ങളിലും അവിടുന്നു വെളിപ്പെടുത്തിയിട്ടുണ്ട്. വി. ജർത്രൂദിനെ മിശിഹാ ഇപ്രകാരം അറിയിച്ചു: "എൻെറ മുഴുഹൃദയത്തോടുകൂടി നിന്നെ ഞാൻ ആഗ്രഹിക്കുന്നു; എന്നെ ഉൾക്കൊള്ളുന്നതിൽനിന്ന് ആരെയെങ്കിലും തടയുന്ന ഒരാൾ എൻെറ ആനന്ദത്തെ അപഹരിക്കുന്നു."

## ദിവ്യകാരുണ്യസ്വീകരണം
## നമ്മുടെ ആവശ്യം.

പതിമൂന്നാം ലയോ മാപ്പാപ്പായുടെ വാക്യങ്ങൾ ശ്രവിച്ചാലും: "മിശിഹായെ ധരിച്ചിരിക്കുന്നവനു മാത്രമേ, ക്രിസ്തീയ

ജീവിതത്തിന്റെ കടമകാം നിറവേററുവാൻ സാധിക്കുകയുള്ളു. കൂടെക്കൂടെ ദിവ്യവിരുന്നിനണയുന്നവനല്ലാതെ മിശിഹായെ ധരിക്കുവാൻ സാധിക്കുകയില്ല." "ആത്മാവിന്റെ എല്ലാ ആപൽസന്ധികളിലും ബുദ്ധിമുട്ടുകളിലും നമുക്കു ശക്തിയും പ്രചോദനവും നല്കുന്നതിനാണു വി. കുർബ്ബാനയെ മിശിഹാ സ്ഥാപിച്ചതു്" എന്നു വി. തോമ്മാമല്ലാൻ പഠിപ്പിക്കുന്നു. വി. കുർബ്ബാന വാസ്തവത്തിൽ ആത്മാവിനെ എന്നപോലെ ശരീരത്തേയും ഉത്തേജിപ്പിക്കുന്നു. ശരീരത്തിന്റെ ക്ഷീണം പരിഹരിക്കുവാൻ ഭക്ഷണവിശ്രമാദികാം അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെ, ആത്മാവിന്റെ ശക്തിയും തേജസ്സും തിരിയെ ലഭിക്കുവാൻ ആത്മാവിനും ചിലതെല്ലാം ആവശ്യമാണു്. തിരഞ്ഞെടുക്കപ്പെട്ടവരുടെ അപ്പമായ, സ്വർഗ്ഗീയഭോജനത്തിന്റെ കുറവൊന്നു മാത്രമാണു പലരുടേയും ജീവിതത്തെ സങ്കടകരവും അസഹനീയവുമാക്കുന്നതു്. ഭക്ഷണം എല്ലാ ജീവികാംക്കും അവശ്യാവശ്യകമാണെന്നു് ഈ ബുദ്ധിഹീനന്മാർ മനസ്സിലാക്കുന്നില്ല. വി. സിറിൽ പറയുന്നു: "പുല്ലു് മൃഗങ്ങളുടെ ഭക്ഷണമാകുന്നു; അപ്പം നമ്മുടെ ശരീരത്തിന്റേതു്. എന്നാൽ, നമ്മുടെ ആത്മാക്കളുടെ ഭക്ഷണം മിശിഹാതന്നെയാകുന്നു."

നമുക്കു് ഒരു തെററുപിണയാറുണ്ടു്. വി. കുർബ്ബാന ഒരു പ്രതിസമ്മാനമായി, വിശുദ്ധിയുടെ മകുടമായി നാം കരുതുന്നു. എന്നാൽ, വി. കുർബ്ബാന പുണ്യത്തിന്റെ പ്രതിഫലമല്ല. ഏററം വലിയ പുണ്യവാൻപോലും വി. കുർബ്ബാന സ്വീകരിക്കാൻ യോഗ്യനല്ല; അതിനു് അവകാശിയുമല്ല. വി. കുർബ്ബാന പുണ്യസമ്പാദനത്തിനുള്ള മാർഗ്ഗമാണു്; അതു തിന്മകാംക്കെതിരായി നമ്മെ ശക്തിപ്പെടുത്തുന്നു; പരിപൂർണ്ണതയുടെ വഴിയിൽ നിർബാധം പുരോഗമിക്കുന്നതിനു നമ്മെ സഹായിക്കുന്നു. "ചാവുദോഷത്തിൽനിന്നു നമ്മെ വി. കുർബ്ബാന കാത്തുരക്ഷിക്കുന്നു. നമ്മുടെ അനുദിനവീഴ്ചകാംക്കൊരു പ്രതിവിധിയാകുന്നു അതു്" (Council of Trent). "നമ്മുടെ ബലക്ഷയത്തെ പരിഹരിക്കുന്ന ദിവ്യൗഷധമായി ദിവസംതോറും നാം വി. കുർബ്ബാന സ്വീകരിക്കുന്നു" (വി. അംബ്രോസ്). "വിശ്വാസത്തോടുകൂടി കർത്താവിനെ സമീപിക്കുക; അവിടുത്തെ നാം വിശുദ്ധീകരി

ക്കുന്നതിനല്ല, പിന്നയോ അവിടുന്നു നമ്മെ വിശുദ്ധീകരിക്കുന്നതിനാണു നാം അവിടുത്തെ പക്കലേയ്ക്കു പോകുന്നതു്" (വി. ബൊനവന്തുരാ).

"രണ്ടുതരം ആളുകളാണു കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതു്: പരിപൂർണ്ണരും പാപികളും; ശക്തരും ബലഹീനരും. പരിപൂർണ്ണർ അതിനു സന്നദ്ധരായിരിക്കുന്നതിനാൽ; പാപികൾ പരിപൂർണ്ണത പ്രാപിക്കേണ്ടിയിരിക്കുന്നതിനാൽ. ശക്തർ തങ്ങളുടെ ശക്തി ക്ഷയിക്കാതിരിക്കുവാൻ; അശക്തർ ശക്തി പ്രാപിക്കുവാൻ" (വി. ഫ്രാൻസിസ് സാലെസ്). "പരിശുദ്ധ കുർബ്ബാന പാപത്തിൽനിന്നു നമ്മെ രക്ഷിക്കുന്നതിനു പുറമെ, നമുക്കു ലബ്ധമായിരിക്കുന്ന ദൈവവരപ്രസാദത്തെ സൂക്ഷിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു" (വി. ഇഗ്നേഷ്യസ്).

ബഹുമാനവും ഭക്തിയും നിമിത്തം വി. കുർബ്ബാന സ്വീകരിക്കാതിരിക്കുന്നവർ, കർത്താവു വി. ജർത്രൂദിനോടു് അരുളിച്ചെയ്ത വാക്കുകൾ സ്മരിക്കട്ടെ: "ഗ്രാമീണബാലരുമായി ഉല്ലസിക്കുന്നതിന് ഒരു രാജകുമാരൻ ആഗ്രഹിക്കുമ്പോൾ, തങ്ങൾക്ക് അതിനു യോഗ്യതയോ നല്ല വസ്ത്രങ്ങളോ ഇല്ല എന്നു പറഞ്ഞു് അവർ പിന്മാറുന്നുവെങ്കിൽ, തീർച്ചയായും ഈ പ്രവൃത്തി അദ്ദേഹത്തിനു രുചിക്കുകയില്ല." വിശ്രുതനായ ഫെനലോൺ പറയുന്നതു ശ്രദ്ധേയമാണ്: "വി. കുബ്ബാന വല്ലപ്പോഴും മാത്രം സ്വീകരിക്കുന്നവരുടെ നിരർത്ഥകമായ ബഹുമാനദീക്ഷയോളം, ഈ കൂദാശയുടെ സ്ഥാപനത്തിൽ മിശിഹായ്ക്കുണ്ടായിരുന്ന ഉദ്ദേശങ്ങൾ വിഫലമാകുന്നതായി വേറെ യാതൊന്നുമില്ല." "വി. കുർബ്ബാന പാപത്തിൽ വീഴാതിരിക്കുന്നതിനു സഹായിക്കുകയും, ബലക്ഷയത്താൽ എപ്പോഴെങ്കിലും വീണുപോകുന്നവരെ സമുദ്ധരിക്കുകയും ചെയ്യുന്നു. സ്നേഹത്തോടും വിശ്വാസത്തോടുംകൂടി ഈ കൂദാശയ്ക്കണയുന്നതാണ്, ഭയാധിക്യംകൊണ്ടു് അകന്നു നില്ക്കുന്നതിനെക്കാൾ പുണ്യസമ്പാദനത്തിനു കൂടുതൽ പ്രയോജകമായിട്ടുള്ളതു്" എന്നാണു വി. ഇഗ്നേഷ്യസ് ഉപദേശിക്കുന്നതു്.

എന്നാൽ, ദൈവഭക്തിയോ നമ്മുടെ അയോഗ്യതയെപ്പറ്റിയുള്ള ബോധമോ അല്ല, കുർബ്ബാനസ്വീകരണത്തിൽ

നിന്നു നമ്മെ പിന്തിരിപ്പിക്കുന്നത്. ഇവ രണ്ടും നമ്മുടെ "ഗർഹണീയമായ (പാപകരമായ) എളിമ" പുറപ്പെടുവിക്കുന്ന കഴമ്പില്ലാത്ത കാരണങ്ങളാണ്. യഥാർത്ഥത്തിൽ ദൈവസ്നേഹം നമ്മെ ജയിച്ചടക്കുമോ എന്ന ഭയമാണു മുമ്പിട്ടു നില്ക്കുന്നത്. നാം യാതൊരു വിധത്തിലും നമ്മെത്തന്നെ നിയന്ത്രിക്കുന്നതിന് ആഗ്രഹിക്കുന്നില്ല. അനുദിനദിവ്യകാരുണ്യസ്വീകരണം നമ്മുടെമേൽ ചുമത്തുന്ന ത്യാഗങ്ങൾ സഹിക്കുന്നതിനു നാം സന്നദ്ധരല്ല. സ്നേഹമോ ബഹുമാനമോകൊണ്ടല്ല പിന്നയോ ഭീരുത്വവും അലസതയുംകൊണ്ടാണു നാം ഈ ദിവ്യക്രൂദാശയിൽനിന്നു് അകന്നു ജീവിക്കുന്നത്. വി. കുർബ്ബാന സ്വീകരിക്കുന്നതിനുവേണ്ട രണ്ടു ഗുണങ്ങൾ — സന്മനസ്സും സദുദ്ദേശ്യവും നമുക്കില്ല. "ദിവ്യവിരുന്നിൽ സാധാരണ പങ്കുകൊള്ളുന്ന ഒരാൾ അതിൽനിന്നു് അകന്നു നില്ക്കുന്നവനെക്കാൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു" (വി. ആഗുസ്തീനോസ്). വി. തോമ്മാമല്ലാൻ നമ്മോടുപദേശിക്കുന്നു: "ദിനംതോറും വി. കുർബ്ബാന സ്വീകരിക്കുന്നതിനു നിന്നെ യോഗ്യനാക്കുന്ന ഒരു ജീവിതം നീ നയിക്കുക. മിശിഹാ അനന്തസ്നേഹത്താൽ നമ്മെ സ്നേഹിച്ചു. നമ്മുടെ ജീവിതത്തിലെ ഓരോ ദിവസത്തേയ്ക്കും ഓരോ തിരുവോസ്തി അവിടുന്നു നിശ്ചയിച്ചിട്ടുണ്ട്. അവയിൽ ഒന്നുപോലും നമുക്കു നഷ്ടപ്പെടുത്താതിരിക്കാം.

"ഏററം ഭാഗ്യപ്പെട്ട കന്യാസ്ത്രീമറിയമേ, ക്രിസ്ത്യാനികളുടെ മഹത്വമേ, കത്തോലിക്കാതിരുസ്സഭ മുഴുവൻേറയും ആനന്ദമേ, ലോകത്തിൻെറ മോക്ഷമേ, സകല വിശ്വാസികളുടേയും ഹൃദയത്തിൽ, വി. കുബ്ബാനയോടു സ്നേഹപൂർവ്വകമായ ഭക്തി ജ്വലിപ്പിക്കേണമേ. ദൈനംദിനം വി. കുർബ്ബാന സ്വീകരിക്കുന്നതിന് അവരെ യോഗ്യരാക്കേണമേ" (10-ാം പീയൂസ്).

"ദിവ്യകാരുണ്യത്തിൽ ആകുന്നു അങ്ങയുടെ സന്തോഷവും എൻെറ ആവശ്യവും; എൻെറ സ്നേഹനാഥാ! അവിടുന്നു് എന്നിൽ എഴുന്നള്ളി വരേണമേ" (വാ. മർഗ്ഗരീത്താമറിയം).

# അദ്ധ്യായം 17.

## സ്നേഹം.

ജെ.ററിസ്സോ എന്ന വന്ദ്യൻ പറയുന്നു: "സൃഷ്ടികളായ നമുക്കെല്ലാവക്കും നമ്മുടെ ആത്മാവിൽ ബലഹീനമായ ഒരു സ്ഥാനമുണ്ട്. ഒരുപ്രകാരത്തിൽ ഇതു ബലവത്തായ ഒരു സ്ഥാനംതന്നെയാണ്. ആ സ്ഥാനത്ത് ആരെങ്കിലും നമ്മെ ആക്രമിക്കുന്നെങ്കിൽ, എതിർത്തുനില്ക്കുവാൻ നാം അശക്തരാണ്. ഈ സ്ഥാനത്തിൽ നമ്മോടെതിക്കുന്നവൻ വേഗം നമ്മുടെ സ്നേഹിതനായിത്തീരും. നാം അന്യോന്യം മനസ്സിലാക്കുന്നു എന്നതിൻെറ അടയാളമാണത്. അതിൽ നാം ആനന്ദിക്കുകയും കീഴ്പ്പെടുകയും ചെയ്യുന്നു." സ്നേഹത്തെ അതിൻെറ ഉൽകൃഷ്ടമായ ലാളിത്യത്തോടുകൂടി അഭ്യസിക്കണമെങ്കിൽ ഈശോയുടെ "ദുർബലസ്ഥാന"ത്തേയ്ക്കു നാം അടുക്കണം. ഈശോയുടെ "ദുർബലസ്ഥാനം" അന്വേഷിക്കുകയും അതിലേയ്ക്ക് അടുക്കുന്നതിന് ആഗ്രഹിക്കുകയും ചെയ്യുന്നവക്ക് ഈ അദ്ധ്യായത്തിൽനിന്നും ആ "ദുർബലസ്ഥാനം" ഏതെന്നും അങ്ങോട്ടടുക്കുന്നതിനുള്ള മാഗ്ഗം എന്തെന്നും സുഗ്രഹമാകുന്നതാണ്.

### ഈശോയുടെ "ദുർബലസ്ഥാനം."

"ഓരോരുത്തനും ഓരോ ദുർബലസ്ഥാനമുണ്ട്. അതാണ് അവനിൽ ഏററമധികമായി പ്രേരണ ചെലുത്തുന്നത്. അതിലേയ്ക്ക് അവൻെറ മനസ്സു ശരിയായി ആകഷിക്കപ്പെടുകയും ചെയ്യുന്നു" എന്നു വന്ദ്യയായ മരിയസാലെസ് പറയുന്നു. ഈശോയുടെ ഹൃദയം സൃഷ്ടിക്കപ്പെട്ട ഹൃദയമാകുന്നു. നമ്മുടെ ഹൃദയങ്ങൾപോലെ അതും വികാരങ്ങൾക്കും ചലനങ്ങൾക്കും അധീനമാണ്. എന്നാൽ, അവ ശാന്തവും പാവനവും മാത്രമായിരിക്കും എന്നേയുള്ളൂ. ആകയാൽ, നമുക്കുള്ളതുപോലെ ഒരു "ദുർബലഭാഗം ഈശോയ്ക്കുമുണ്ട്. മനുഷ്യരീത്യാ പറയുന്നതാ

യാൽ, അവിടുത്തേയ്ക്കുമുണ്ട് ഇഷ്ടങ്ങളും അഭിലാഷങ്ങളും. അവിടുത്തെ ഹൃദയത്തെ ജയിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവിടുത്തെ ഇഷ്ടങ്ങളേയും അഭിലാഷങ്ങളേയും നാം പൂർത്തിയാക്കേണ്ടിയിരിക്കുന്നു. ഇവയാകുന്നു നമുക്ക് അങ്ങിലേയ്ക്കു പ്രവേശിക്കുന്നതിനും അവിടുത്തേയ്ക്കു നമ്മിലേയ്ക്കു് ഇറങ്ങിവരുന്നതിനുമായി സദാ തുറന്നുകിടക്കുന്ന കവാടങ്ങൾ.

കർത്താവിൻെറ "ബലഹീനത" എവിടെയാകുന്നു എന്നു്, ഭൂമിയിൽ അവിടുന്നു ജീവിച്ചിരുന്നപ്പോൾ പ്രവർത്തിച്ചവയെക്കുറിച്ചു ധ്യാനിക്കുന്ന ഒരുവനു നിഷ്പ്രയാസം കണ്ടുപിടിക്കുവാൻ സാധിക്കും. അവിടുത്തെ വാക്കുകൾ, പ്രവൃത്തികൾ, മനോഗതങ്ങൾ, അവിടുന്നു ബാഹ്യവസ്തുക്കളെ വീക്ഷിച്ചിരുന്ന വിധം ഇവയെല്ലാം അവിടുത്തെ 'ബലഹീനസ്ഥാന'ത്തെ വിളിച്ചറിയിക്കുന്നു. അവിടുന്നു പറയുന്നു: "നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക" (മർക്കോസ് 12: 31). "ഒരു പുതിയ പ്രമാണം നിങ്ങൾക്കു ഞാൻ തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ" (യോഹ. 13: 34). "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം. ഇതാകുന്നു എൻെറ പ്രമാണം" (യോഹ. 15: 12). അവിടുത്തെ വാക്കുകൾ സ്പഷ്ടങ്ങളല്ലയോ? താല്പര്യം സുവിദിതമല്ലയോ? ഇതു് അവിടുത്തെ ആഗ്രഹമാകുന്നു; അവിടുത്തെ ഹൃദയാന്തർഭാഗത്തുനിന്നു പുറപ്പെടുന്ന ഒരു കല്പനയുമാകുന്നു. വി. ഫ്രാൻസിസ് സാലെസ് പറയുന്നു: "ഇതിനെ തൻെറ പ്രമാണമെന്നു കർത്താവു വിളിക്കുന്നു. ഇതു തൻെറ സ്വന്തം പ്രമാണമാണ്; തനിക്കു പ്രിയതമമായ പ്രമാണമാണ്. ദൈവത്തെ സ്നേഹിക്കുക എന്നതു കഴിഞ്ഞാൽ, അയൽക്കാരനെ സ്നേഹിക്കുക എന്നതിനെക്കാൾ വലിയ പ്രമാണമില്ല. തൻെറ മരണത്തിൻെറ തലേരാത്രിയാണ് നമ്മുടെ കർത്താവു് ഈ പ്രമാണം അവസാനമായി നല്കിയതു്. സ്നേഹഭാജനങ്ങളുടെ അവസാനവാക്കുകൾ ഒരിക്കലും വിസ്മരിക്കപ്പെടുകയില്ലല്ലോ. അവിടുന്നു തുടന്നു് അരുൾ ചെയ്തു: "നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നെങ്കിൽ നിങ്ങൾ എൻെറ ശിഷ്യരാകുന്നെന്നു്

അതിനാൽ അറിയപ്പെട്ടും" അനന്തരം വി. യോഹന്നാൻ പറയുന്നു: "ദൈവത്തിന്റെ മക്കൾ സാത്താന്റെ മക്കളിൽനിന്നു് ഇതിനാൽ വേർതിരിക്കപ്പെട്ടുന്നു: നീതി പ്രവർത്തിക്കാതെയും സ്വന്തസഹോദരനെ സ്നേഹിക്കാതെയുമിരിക്കുന്ന ഒരുവനും ദൈവത്തിൽനിന്നുള്ളവനല്ല" (1 യോഹ. 3: 10).

ശ്ലീഹന്മാർ കേട്ടു. അവർ ഗ്രഹിച്ചു. സ്നേഹത്തിന്റെ സുവിശേഷത്തെ അവർ പ്രസംഗിച്ചു. നമ്മെ സൃഷ്ടിച്ച ദൈവത്തെപ്രതി നമ്മുടെ സഹോദരന്മാരെ സ്നേഹിക്കണമെന്നു് അവർ പഠിപ്പിച്ചു. വി. പൗലോസിന്റെ വാക്കുകളിൽ, "നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക എന്നതിൽ പ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്നു" (ഗലാ. 5: 14). പ്രസ്തുത പ്രമാണത്തിനനുസരണമായി ആദിമക്രിസ്ത്യാനികൾ ജീവിച്ചിരുന്നതിനാൽ അവർ ഏകമനസ്സും ഏകാത്മാവുമായി വർത്തിച്ചിരുന്നെന്നു നാം അറിയുന്നു. വി. മർഗ്ഗരീത്താമറിയംവഴി തന്റെ സ്നേഹത്തിന്റെ ഒരു പുതിയ വെളിപാടു ലോകത്തിനു നല്കിയപ്പോൾ ഇതാ തന്റെ ഹൃദയത്തിന്റെ "ദുർബല"സ്ഥാനത്തെ കർത്താവു വീണ്ടും പ്രത്യക്ഷപ്പെടുത്തുന്നു. "തിരുഹൃദയഭക്തിയുടെ ഒരു പ്രത്യേകഫലം, വിഭജിക്കപ്പെട്ട ഹൃദയങ്ങളെ യോജിപ്പിക്കുകയും ആത്മസമാധാനം കൈവരുത്തുകയുമാണു്."

നമ്മെ സംബന്ധിച്ചിടത്തോളം ഈ സഹോദരസ്നേഹം അഥവാ ഈശോയുടെ സ്നേഹഭാജനങ്ങളുടെ പ്രത്യേകലക്ഷണമായ ഉപവി എങ്ങനെയിരിക്കുന്നു? കർത്താവിന്റെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളിൽ പ്രത്യേകം പരിലസിക്കേണ്ടതാണു് ഉപവി. ലോകത്തിൽനിന്നും തിരസ്കരിക്കപ്പെടുന്ന സ്നേഹം സന്യാസഭവനങ്ങളിൽ അഭയം പ്രാപിക്കണം. എന്തുകൊണ്ടെന്നാൽ, ഈശോയുടെ അരൂപി അവിടെ സംരക്ഷിക്കപ്പെടുന്നു. അതിലെ അംഗങ്ങൾ അതിന്റെ സംരക്ഷകരുമാണു്. ഇങ്ങനെയോ നമ്മുടെയിടയിൽ? അധികാരികളുടെ ദയാലുത്വം കർത്താവിന്റെ കരുണാശീലത്തെ പ്രത്യക്ഷമാക്കുന്നുണ്ടോ? ഭരണീയരുടെ സ്നേഹപൂർവ്വമായ വിധേയത്വം ഭരണകർത്താക്കളുടെ കർത്തവ്യങ്ങളുടെ ഭാരത്തെ ലഘൂകരിക്കുന്നുണ്ടോ? അവരുടെ പരസ്പരസ്നേഹവും സന്തോഷസന്താപ

ങ്ങളിലുള്ള ഭാഗഭാഗിത്വവും സ്വൎഗ്ഗീയാനന്ദത്തിൻെറ നാന്ദിയായി പരിലസിക്കുന്നുണ്ടോ?

## II ഈശോയുടെ "ദുർബലസ്ഥാനത്തെ" എങ്ങനെ സമീപിക്കാം?

ക്രൈസ്തവർ എന്ന നിലയിൽ നാം സദാ ക്രിസ്തുവിനെ അന്വേഷിച്ചുകൊണ്ടിരിക്കണം. "നീ അവനെ എവിടെ വച്ചിരിക്കുന്നു എന്നു പറയുക. ഞാൻ വന്ന് അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം" (യോഹ. 20: 15) എന്നു വി. മറിയം മഗ്ദലേനാ വിളിച്ചു പറഞ്ഞു. സ്നേഹിതന്മാരുടെ പ്രവൃത്തികളെ എവിടെവച്ചും തിരിച്ചറിയുന്നതിന് ആത്മസുഹൃത്തുക്കൾക്ക് ഒരു വിശേഷസാമർത്ഥ്യമുണ്ട്. തങ്ങളുടെ മിത്രങ്ങളുടെ ചിത്രപ്പണികൾ, ചായപ്പണികൾ, എഴുത്തുകൾ എന്നിവയെല്ലാം അവർ എളുപ്പത്തിൽ മനസ്സിലാക്കും. ഇപ്രകാരംതന്നെ യഥാർത്ഥമായ വിശ്വാസവും സ്നേഹവുമുണ്ടെങ്കിൽ ഈശോ എവിടെയായിരുന്നാലും അവിടുത്തേ കണ്ടുപിടിക്കുവാൻ വൈഷമ്യം നേരിടുകയില്ല. പിള്ളക്കച്ചയാൽ ചുററപ്പെട്ടിരിക്കുന്ന ഉണ്ണിയീശോയെ ആട്ടിടയന്മാർ തിരിച്ചറിഞ്ഞു. അപമാനകരമായ കുരിശിൽ തൂങ്ങിക്കിടന്നു മരണയാതനകൾ അനുഭവിച്ചപ്പോഴും വിശുദ്ധ സ്ത്രീകൾ അവിടുത്തെ സ്നേഹിച്ചു. മണ്ണുകൊണ്ടോ മരംകൊണ്ടോ വെള്ളികൊണ്ടോ സ്വൎണ്ണംകൊണ്ടോ നിർമ്മിക്കപ്പെട്ടതായാലും ഞാൻ അവിടുത്തെ പ്രതിമയെ ചുംബിക്കും. സക്രാരിയിലിരിക്കുന്ന അവിടുത്തെ ഞാൻ ആരാധിക്കുകയും ചെയ്യും.

ഭൂജാതരായ സകല ആത്മാക്കളിലും ക്രിസ്തുവിൻെറ തിരുരക്തം പ്രവഹിച്ചിട്ടുണ്ട്. തൻെറ ദിവ്യാത്മാവിൻെറ പ്രഭ പ്രകാശിക്കാത്തവരിൽപ്പോലും തൻെറ പ്രഭയെ അവിടുന്ന് അയയ്ക്കുന്നുണ്ട്. നമ്മുടെ അയൽക്കാരനെ നാം സ്നേഹിക്കണമെങ്കിൽ — കർത്താവിൻെറ പ്രഭ അവനിൽ കാണണമെങ്കിൽ — നാം സസൂക്ഷ്മം പരിശോധിക്കണം. മനുഷ്യാത്മാവിൽ ഈശോയുടെ സാന്നിദ്ധ്യം ഗ്രഹിക്കണമെങ്കിൽ കട്ടി

യുള്ള മൂടുപടത്തിനുള്ളിലേയ്ക്കു ചുഴിഞ്ഞുനോക്കണം. വി. ഫ്രാൻസിസ് സാലെസ് പറയുന്നു: "ഈശോയുടെ ഹൃത്തടത്തിൽ നമ്മുടെ അയൽക്കാരനെ നാം കാണുന്നില്ലെങ്കിൽ അവനെ ഒരിക്കലും സ്നേഹിക്കാതിരിക്കാനുള്ള അപകടത്തിലാകുന്നു നാം സ്ഥിതി ചെയ്യുന്നതു്"

"നമ്മുടെ അയൽക്കാർ ഓരോരുത്തരിലും ഈശോയുടെ പ്രതിച്ഛായ നാം ദർശിക്കണം. അവർ ഏതു സ്ഥിതിയിലുമുള്ളവരുമായിരിക്കട്ടെ; നമ്മുടെ കർത്താവിൽ അവർ ഓരോരുത്തരേയും, അവരിൽ ഓരോരുത്തരിലും നമ്മുടെ കർത്താവിനേയും നാം ശുശ്രൂഷിക്കണം" എന്നു വി. വിൻസെൻറ് ഡിപോളും, "യേശുക്രിസ്തുവിനെ ആത്മാക്കളിലും ആത്മാക്കളെ ദൈവത്തിലും നമുക്കു ദർശിക്കാം; ആത്മാക്കളെ ക്രിസ്തുവിൻെറ ഈലോകത്തിലെ ആദ്ധ്യാത്മികവും മൗതികവുമായ ശരീരമായി നമുക്കു പരിഗണിക്കാം; ദിവ്യവും വിശുദ്ധവുമായവയോടെന്നതുപോലെ നമുക്ക് അവരോടു പെരുമാറുകയും ചെയ്യാം" എന്നു കാർഡിനൽ ബറൂളും ഉപദേശിക്കുന്നു. "ചെറിയവരായ എൻെറ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാകുന്നു നിങ്ങൾ ചെയ്തതു്" (മത്താ. 25:40) എന്നു നമ്മുടെ ദിവ്യനാഥൻ അരുൾ ചെയ്യുന്നു. നമ്മുടെ ദിവ്യരക്ഷകനെ ഹൃദയംഗമമായി സ്നേഹിക്കുന്നവരിൽ അവിടുത്തെ ദിവ്യസാന്നിദ്ധ്യത്തിൻെറ സ്മരണ സദാ ഉണ്ടായിരിക്കും. എല്ലാററിലും എല്ലാവരിലും അവർ അവിടുത്തെ കാണുന്നു. അവർക്കു ചിലപ്പോൾ ഉപവി പ്രവൃത്തികൾ വിഷമതരങ്ങളായി അനുഭവപ്പെട്ടേക്കാം; ചിലരോടു സ്വാഭാവികമായി അവജ്ഞയുണ്ടായേക്കാം; ചിലർ തങ്ങളുടെ പരിഗണനയ്ക്കു് അർഹരല്ലെന്നു വിചാരിച്ചേക്കാം. എങ്കിലും, അവരിലെല്ലാം ഈശോയുടെ സാന്നിദ്ധ്യം കാണുന്നതിനാൽ സ്നേഹത്തോടും കാരുണ്യത്തോടുംകൂടി എല്ലാം ചെയ്യുന്നതിന് അവർക്കു സാധിക്കുന്നു. വളരെ ജോലിത്തിരക്കുണ്ടായിരുന്ന ഒരു ഭക്താത്മാവു് മന്ദസ്മിതത്തോടെ എല്ലാവർക്കും സ്വാഗതം അരുളിയിരുന്നു. നമ്മിൽ സാധാരണ സംഭവിക്കാറുള്ളതുപോലെ അക്ഷമയുടെ ലാഞ്ഛനകൾ വന്നുപോയാൽ, ഉടൻ ദിവ്യ

നാഥൻെറ ദശ്നമുണ്ടായാലെന്നപോലെ ചിന്താമഗ്നയായി അല്പം നിന്നതിനുശേഷം, "നാഥാ, എന്നോടു ക്ഷമിക്കുക; അവിടുന്നാകുന്നു എന്ന കാര്യം ഞാൻ വിസ്മരിച്ചുപോയി" എന്നു പറയുക പതിവായിരുന്നു.

തങ്ങൾക്കു രുചിക്കാത്ത സാഹചര്യങ്ങളിൽ ഭക്താത്മാക്കൾക്കു പലപ്പോഴും ജീവിക്കേണ്ടതായി വന്നേക്കാം; തങ്ങളോടു സഹതാപവും കരുണയുമില്ലാത്തവരായി സമ്പക്കത്തിലേപ്പെടേണ്ടതായി വന്നേക്കാം; ഗൃഹനാഥന്മാരാണെങ്കിൽ കുടുംബസംരക്ഷണഭാരം അവരിൽ സ്ഥിതി ചെയ്യുന്നു. കൃഷി ചെയ്യണം; പണസംബന്ധമായ വൈഷമ്യങ്ങൾ നിരവധി സഹിക്കണം; കുടുംബനായികമാരാണെങ്കിൽ ഭത്താക്കന്മാരെ പ്രീതിപ്പെടുത്തണം; കുട്ടികളെ സംരക്ഷിക്കണം; വേലക്കാരുടെ മേൽനോട്ടം വഹിക്കണം; ഭവനത്തിൻെറ ശുചിത്വം പാലിക്കണം; ഭക്ഷണം പാകം ചെയ്യണം; അതിഥികളെ സല്ക്കരിക്കണം; ഇവയെല്ലാം ക്ഷമയെ പരീക്ഷിക്കുന്ന സാഹചര്യങ്ങൾതന്നെ. ഇവയ്ക്കും പുറമേ മാനസികമായ വൈഷമ്യങ്ങളും ബാഹ്യമായ വിപത്തുകളുംകൂടി നേരിട്ടാൽ സമചിത്തത പാലിക്കുക വിഷമംതന്നെ. ഇവക്കുള്ള ഏകാലംബം എല്ലാവരിലും എല്ലാററിലും ഈശോയുടെ നിഗൂഢവാസത്തെ ദർശിക്കുകയാണ്. ഉത്തമമായ ഈ ചിന്ത ഹൃദയത്തിൻെറ ചാപല്യങ്ങളെ നിഷ്പ്രയാസം ജയിക്കുന്നതിനു സഹായകമാണ്. അപ്പോൾ, വി. ഇഗ്നേഷ്യസു പറയുന്നതുപോലെ, "സൃഷ്ടികളെ സ്രഷ്ടാവിനെപ്രതിമാത്രം സ്നേഹിക്കുവാൻ നാം പഠിക്കും." "സ്നേഹം വഴി ഭൂമിയിൽ നാം യോജിച്ചിരിക്കുന്നതുപോലെ, സ്വർഗ്ഗീയ മഹത്വത്തിലും നാം യോജിച്ചിരിക്കും. ആകയാൽ, ഈ അന്ത്രപിയാൽ പ്രേരിതരായി നമുക്കു നമ്മുടെ സഹോദരനെ കരുണാർദ്രവും ആനന്ദപ്രചോദിതവുമായ ഹൃദയത്തോടേ ശുശ്രൂഷിക്കുകയും അവരിൽ യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുകയും ചെയ്യാം." (ബോസേവ്വ).

"എൻെറ നാഥനായ ഈശോയേ, ഞങ്ങൾ എല്ലാവരും ഒരേ ഹൃദയത്തോടും, ഒരേ ആത്മാവോടും കൂടിയവരായിരിക്കുന്നതിനു കൃപ ചെയ്യേണമേ. അപ്പോൾ, ഞങ്ങളുടെ സഹോ

മരോടു സ്നേഹത്തോടും കാരുണ്യത്തോടുംകൂടി വർത്തിക്കുന്നതിന് ഇടയാകും. എന്തുകൊണ്ടെന്നാൽ, ഞങ്ങളുടെ രക്ഷകന്റെ ഹൃദയത്തിൽ അവരുടെ ആത്മാക്കളെ ഞങ്ങൾ കാണും. ആ തിരുഹൃദയത്തിൽ ആരാണ് സഹോദരരെ സ്നേഹിക്കാത്തത്? അവരുടെ അപൂർണ്ണതകളെ ക്ഷമിക്കാത്തവൻ ആരുണ്ട്? കഠിനഹൃദയരും ഉപദ്രവകാരികളുമായി അവരെ പരിഗണിക്കുന്നവൻ ആര്? ഓ! യേശുനാഥാ, ഞങ്ങൾ എല്ലാവരും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടിയവരായിരിക്കുന്നതിനു കൃപ ചെയ്യേണമേ" (വി. ഫ്രാൻസിസ് സാലെസ്).

"അവന്റെ നന്മയ്ക്കായോ അവന്റെ നന്മയെക്കുറിച്ചോ അല്ലാതെ നമ്മുടെ അയൽക്കാരനേക്കുറിച്ചു നാം സംസാരിക്കരുത്" (വി. ജെയിൻ ഫ്രാൻസിസ്).

# അദ്ധ്യായം 18.

## സ്വവിശേഷപഠനം.

ഒരിക്കൽ അപ്പസ്തോലപ്രമുഖനായ വി. പത്രോസിനോടു നമ്മുടെ കർത്താവു ചോദിച്ചു: "യോനായുടെ പുത്രനായ ശീമോനേ, നീ എന്നെ സ്നേഹിക്കുന്നോ?...........ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നോ?" (യോഹ. 21: 15-17). താൻ വിളിക്കാൻ തിരുമനസ്സായിരിക്കുന്നവർക്കു മാനസാന്തരത്തിന്റെയും നിലനില്പിന്റെയും വരം പ്രദാനം ചെയ്യുന്ന കർത്താവുതന്നെ പത്രോസിന്റെ മുമ്പിൽ നില്ക്കുമ്പോൾ അദ്ദേഹത്തിനു മറുപടി പറയുവാൻ എന്തു വൈഷമ്യമാണുള്ളത്? ഇരുപതു നൂററാണ്ടുകളുടെ വ്യത്യാസം നമ്മെ സൌഭാഗ്യപ്രദമായ ആ അവസരത്തിൽനിന്നു വലിച്ചുമാററി എങ്കിലും നാം ദുർഭഗരായിട്ടുണ്ടോ? ഇല്ല. വി. ആഗുസ്തീനോസ് പറയുന്നു: "എന്തുകൊണ്ടെന്നാൽ, അന്ന് ഈശോയുടെ ദിവ്യാധരങ്ങളിൽനിന്നു നിർഗ്ഗമിച്ച ദിവ്യോക്തികൾ നമുക്കായി എഴുതി സൂക്ഷിക്ക

പ്പെട്ടിരിക്കുന്നു. ദിവ്യരക്ഷകൻ ഇപ്പോഴും നമ്മുടെ മദ്ധ്യേ നിന്നാലെന്നതുപോലെ സുവിശേഷവാക്യങ്ങൾ നമുക്കു ശ്രവിക്കാം."

## I സുവിശേഷപാരായണം.

സുവിശേഷങ്ങളിൽ മാംസം ധരിച്ച ദൈവവചനത്തിൻെറ വാക്കുകളും പ്രവൃത്തികളും എഴുതപ്പെട്ടിരിക്കുന്നു. അവ ക്രിസ്തീയപരിപൂർണ്ണതയുടെ ദർപ്പണമാകുന്നു. ദൈവസുതൻെറ ഛായ നാം അവയിൽ കാണണം. ക്രമേണ നാം അവിടുത്തോടു സദൃശരായി രൂപാന്തരം പ്രാപിക്കണം. വി. ഫിലിപ്പുനേരി തൻെറ ജീവിതത്തിൻെറ അവസാനഘട്ടത്തിൽ സുവിശേഷങ്ങൾ മാത്രമേ വായിച്ചിരുന്നുള്ളു. കർത്താവിനു നമ്മോടുള്ള സ്നേഹത്തെ സുന്ദരമായി പ്രത്യക്ഷപ്പെടുത്തുകയും രക്ഷകൻെറ സ്നേഹിതരായിത്തീരുവാൻ നമ്മെ നിർബന്ധിക്കുകയും ചെയ്യുന്ന യോഹന്നാൻെറ സുവിശേഷം മാത്രമേ മരണം സമീപിക്കാറായപ്പോൾ അദ്ദേഹം പ്രതിദിനവായനയ്ക്കായി ഉപയോഗിച്ചിരുന്നുള്ളു.

"തനിക്കു സ്വന്തമായുള്ളവരോടു സംസാരിക്കുകയും സുവിശേഷം വഴി ഇപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കർത്താവ് ഒരുവൻ മാത്രമേയുള്ളു" എന്നാണു ബോസ്വേ പറയുന്നത്. കർത്താവായ ഈശോ ദൈവവചനമാകുന്നു. വി. അംബ്രോസിൻെറ അഭിപ്രായത്തിൽ, "പിതാവിൻെറ നാവും സുവിശേഷം വഴി ഇപ്പോഴും സംസാരിക്കുന്നവനും അവിടുന്നാകുന്നു." "സ്വർഗ്ഗസ്ഥിതനായ ഈശോ തൻെറ സുവിശേഷം വഴി ഭൂവാസികളായ നമ്മോടു സംസാരിക്കുന്നു" എന്നാണു വി. ആഗ്ഗുസ്തീനോസ് പറയുന്നത്. തെരഞ്ഞെടുക്കപ്പെട്ടവരെ ക്രിസ്തുനാഥൻെറ സന്നിധിയിലേയ്ക്കു നയിക്കുന്ന നക്ഷത്രമാകുന്നു സുവിശേഷം. കർത്താവു നിഗൂഢവാസം ചെയ്യുന്ന ഒരു കൂദാശയാകുന്നു സുവിശേഷമെന്നും പറയാവുന്നതാണ്. സുവിശേഷത്തിലെ ഏതെങ്കിലും ഒരു പദത്തെ നിന്ദിക്കുന്നവൻ തിരുവോസ്തി അശ്രദ്ധയാൽ നിലത്തു വീഴുന്നതിന് അനുവദിക്കുന്നവനെപ്പോലെ ശിക്ഷാർഹനാകുന്നു" എന്നു

പോലും പറയുന്നതിനു വി. ആഗുസ്തീനോസ് മടിക്കുന്നില്ല. ഗ്രാടി എന്ന വന്ദ്യൻ പറയുന്നു: "യേശുക്രിസ്തുവിൽ വചനം മാംസം ധരിച്ചു. സുവിശേഷത്തിലാകട്ടെ, അവിടുന്നു ലിഖിതമായി." സുവിശേഷസത്യങ്ങളെപ്പററി നാം എത്ര ക്രൂടുതലായി ചിന്തിക്കുമോ അത്രയധികം വ്യക്തമായി ഈശോയെ അവിടെ കാണുവാൻ സാധിക്കും. ഓരോ പ്രവൃത്തിയിലും തൻെറ അനന്തനന്മയോടും വിശുദ്ധിയോടുംകൂടി അവിടുന്നു പ്രത്യക്ഷപ്പെടുന്നു. അപാരമായ കരുണയോടും നിസ്സീമമായ സ്നേഹത്തോടുംകൂടി ഈശോ അവിടെയുണ്ട്. അവിടുന്നു പുൽക്കൂട്ടിലെ ഈശോയാകുന്നു; നസ്രത്തിലെ ഈശോയാകുന്നു; സക്കേവൂസ്സിൻെറയും മഗ്ദലേനായുടേയും ഈശോയും മററാരുമല്ല; വി. യോഹന്നാനെ സ്നേഹിച്ച ഈശോയും അവിടുന്നാകുന്നു; അന്ത്യഭോജനത്തിലും കാൽവരിയിലും കണ്ട ഈശോയും അവിടുന്നുതന്നെ;വി. കുർബ്ബാനയിലും എൻെറ ഹൃദയത്തിലുമുള്ള ഈശോ തന്നെയാകുന്നു അവിടെയുള്ളതു്.

കന്യകാമന്ദിരത്തിൽ ധ്യാനനിരതയായി കാലംകഴിക്കുന്ന സന്യാസിനിക്കും ലോകജീവിതം നയിക്കുന്ന ഗ്രാമീണവനിതയ്ക്കും ദൈവസ്നേഹാഗ്നിയിൽ സദാ ജ്വലിക്കുന്ന പുണ്യാത്മാവിനും 'പിതാവിൻെറ ഭവനത്തിലേയ്ക്കു' പിന്തിരിയുന്ന മഹാപാപിക്കും എന്നുവേണ്ടാ, എല്ലാ മനുഷ്യർക്കുംവേണ്ടി എഴുതപ്പെട്ടതാകുന്നു സുവിശേഷം. "നമ്മോടുകൂടി വസിക്കുന്നതിനു കർത്താവു തിരഞ്ഞെടുത്ത വേറൊരു മാർഗ്ഗമാകുന്നു സുവിശേഷം" എന്നു വി ആഗുസ്തീനോസു പറയുന്നു. ആദിമക്രിസ്ത്യാനികൾ സുവിശേഷത്തെ എത്ര ആദരത്തോടെ പരിഗണിച്ചിരുന്നു; അവർ കൂടെക്കൂടെ അതു വായിച്ചു; സദാ അതിലെ വാക്യങ്ങളെക്കുറിച്ചു ധ്യാനിച്ചു; ഈദൃശമായ അവരുടെ പ്രവൃത്തികളോടുകൂടി അടുക്കലടുക്കലുള്ള ദിവ്യകാരുണ്യസ്വീകരണവും ചേർന്നപ്പോൾ അവരുടെ ആത്മാക്കൾ ഈശോയിൽ നിമഗ്നമായി. അവരിൽ പലരും സുവിശേഷഗ്രന്ഥത്തിൻെറ പ്രതികൾ സദാ വഹിച്ചുകൊണ്ടു നടന്നിരുന്നു.

എന്നാൽ, ആധുനികക്രിസ്ത്യാനികളുടെ അവസ്ഥ എത്രയോ പരിതാപകരം! വി. ലിഖിതം പാരായണം ചെയ്യു

ന്നവരുടെ സംഖ്യ ഇലോം ഇച്ഛം! ഭൂരിപക്ഷം ആളുകാംകും ഞായറാഴ്ച പള്ളിയിൽ വായിക്കുന്നവയല്ലാതെ സുവിശേഷത്തിൽനിന്നും യാതൊന്നും അറിയുവാൻ പാടില്ല! നല്ലവരായി പരിഗണിക്കപ്പെടുന്നവരും ഭക്തജീവിതം നയിക്കുന്നവരുമായ പലരും സുവിശേഷഗ്രന്ഥം ഒരാവൃത്തിപോലും വായിക്കാതെ മരണമടയുന്നു! ഈ പരിതസ്ഥിതിയിൽ മനുഷ്യരുടെ സ്വഭാവം അധഃപ്പതിക്കുന്നതായും ഭക്തികൃത്യങ്ങരാം കേവലം തെററിദ്ധരിക്കപ്പെട്ടും അവഗണിക്കപ്പെട്ടും വരുന്നതിൽ അത്ഭുതത്തിന്ന് അവകാശമില്ലതന്നെ. തൽഫലമായി നമ്മുടെ ദിവ്യനാഥൻെറ തിരുഹൃദയം അറിയപ്പെടാതെയും സ്നേഹിക്കപ്പെടാതെയുമിരിക്കുന്നു!

സന്യാസിനീസന്യാസികരംക്കു സുവിശേഷങ്ങരാം നിത്യപാരായണത്തിനുള്ള ഗ്രന്ഥമാണ്. ഓരോ സന്യാസസഭയും സ്വസഭാസ്ഥാപകൻെറ എഴുത്തുകളും ജീവിതചരിത്രങ്ങളും വായിക്കുന്നുണ്ട്. എന്നാൽ, അവയെല്ലാം സുവിശേഷത്തിൻെറ പ്രായോഗികവശങ്ങളെയല്ലാതെ എന്തിനേയാണു സൂചിപ്പിക്കുന്നത്? ആരുടെ അരുപിയാൽ എല്ലാ സഭാസ്ഥാപകന്മാരും പ്രേരിതരായോ, ആ കർത്താവു തന്നെയല്ലയോ എല്ലാ സന്യാസികളുടേയും തലവനും മാതൃകയും?

## II സുവിശേഷം ശരിയായി ഗ്രഹിക്കണം.

സുവിശേഷം വായിച്ചു ഗ്രഹിക്കുന്നതിനാഗ്രഹിക്കുന്ന ഒരുവനു മൂന്നു കാര്യങ്ങരാം ആവശ്യമാണ്. പ്രാർത്ഥന, ധ്യാനം, പ്രവൃത്തി. വി. ബൊനവന്തുരാ പറയുന്നു: "നിങ്ങളുടെ വായനയ്ക്കിടയിൽ പലപ്രാവശ്യം പ്രാർത്ഥിക്കുവിൻ" പിള്ളക്കച്ചയിൽ പൊതിയപ്പെട്ടു കിടക്കുന്ന ദിവ്യശിശുവിനെ ആട്ടിടയന്മാർ കണ്ടതുപോലെ, ലിപികളാൽ നിർമ്മിതമായ ഗ്രന്ഥത്തിൻെറ വശങ്ങളിൽ ഈശോയുടെ സാന്നിദ്ധ്യം ആന്തരീകമായി നാം ദർശിച്ചുകൊണ്ടുവേണം സുവിശേഷം വായിക്കുവാൻ. ദിവ്യരക്ഷകൻതന്നെ തൻെറ വാക്കുകളെ നമുക്കു വിശദമാക്കിത്തന്നുകൊണ്ടു തന്നോടുള്ള ഐക്യത്തിനു നമ്മെ സഹായിക്കുക അത്യാ

വശ്യമാണ്. തന്റെ അനുഗ്രഹമില്ലാതെ സുവിശേഷം ഗ്രഹിന്നതിനു നമുക്ക സാദ്ധ്യമല്ല; അതു വെറും ഒരു പാഠനം മാത്രമേ ആകുകയുള്ളു. എന്നാൽ, വി. ഇഗ്നേഷ്യസിന്റെ അഭിപ്രായമനുസരിച്ച്, ജ്ഞാനത്തിന്റെ ആധിക്യമല്ല; ബുദ്ധിയെ നിറയ്ക്കുകയും സംതൃപ്തമാക്കുകയും ചെയ്യുന്നതു്; പിന്നെയോ ധ്യാനിച്ച സംഗതികളുടെ വ്യക്തമായ ഗ്രഹണവും അവയോടുള്ള ആന്തരികസ്നേഹവുമാകുന്നു." "പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നുവോ അവനുമല്ലാതെ പിതാവിനെ ആരും അറിയുന്നില്ല" (മത്താ. 11: 27).

ആകാശത്തിൽ പ്രത്യക്ഷപ്പെട്ട നക്ഷത്രത്തെ കണ്ടില്ലായിരുന്നുവെങ്കിൽ രാജാക്കന്മാർ ദിവ്യശിശുവിന്റെ പിറവിയെപ്പററി അറിയുകയോ അവിടത്തെ പക്കലേയ്ക്കുള്ള വഴി ഗ്രഹിക്കുകയോ ചെയ്യുമായിരുന്നില്ല. വി. ബൊനവന്തുരാ പറയുന്നു: "നാം വിശുദ്ധ ലിഖിതത്തിന്റെ വിസ്മയനീയമായ അഗാധത്തിൽനിന്നും പുതിയ പ്രകാശം കാണുകയും നൂതനമായ അർത്ഥം ഗ്രഹിക്കുകയും ചെയ്യുമ്പോഴും വേറൊരു സ്വർഗ്ഗീയ ദൂതൻ നമ്മുടെ ആത്മാവിലേയ്ക്കു് അയയ്ക്കപ്പെട്ടതായി നാം പരിഗണിക്കണം."

സുവിശേഷപാഠനത്തിനാവശ്യകമായ രണ്ടാമത്തെ സംഗതി ധ്യാനമാണ്. ധ്യാനം വഴിയായി നാം ശ്രദ്ധിക്കുവാൻ പഠിക്കും. ക്രിസ്താനുകരണം പറയുന്നതുപോലെ: "ബഹിർഭാഗത്തുനിന്നും കേൾക്കപ്പെടുന്ന സ്വരത്തെയല്ല നമ്മുടെ അന്തരാത്മാവിൽ കേൾക്കപ്പെടുന്ന സത്യത്തിന്റെ സ്വരത്തെയാകുന്നു" ധ്യാനത്തിൽ നാം ശ്രവിക്കുന്നതു്.

തേനീച്ചയും വണ്ടും ഒരേ പുഷ്പത്തിൽനിന്നു തേൻ കുടിക്കുന്നു; എന്നാൽ, രണ്ടും ഒരേവിധത്തിലല്ല പുഷ്പത്തിൽ തേൻ കാണുന്നതു്. വണ്ട് പുഷ്പത്തെ തുളച്ച് അത്യാർത്തിയോടേ കുടിക്കുന്നു. തേനീച്ചയാകട്ടെ, സാവധാനം തേൻ ശേഖരിച്ചു വെച്ചതിനുശേഷം അതിനെ മധുരതരമായി രൂപാന്തരപ്പെടുത്തുന്നു. അപ്പോൾ ആ മധു തേനീച്ചയുടെ പ്രയത്നഫലമാകുന്നു.

ഒരു പുണ്യവാനേയോ ഒരു പ്രത്യേക പുണ്യത്തേയോ ഉല്ലാദിപ്പിക്കാത്ത വാക്കുകൾ വി. ലിഖിതത്തിൽ വിരളമാകുന്നു.

"പോയി നിനക്കുള്ളതെല്ലാം വിററു ദരിദ്രക്കു ദാനം ചെയ്തതി നുശേഷം വന്നു് എന്നെ അനുഗമിക്കുക" (മത്തായി 19: 21) എന്ന വാക്യത്താൽ വി. ഫ്രാൻസിസ് അസ്സീസി ലോകത്തെ പരിത്യജിച്ചെങ്കിൽ, "ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?" (മത്തായി 16: 26) എന്ന വാക്യം വി. ഫ്രാൻസിസ് സേവ്യറിനെ സുവിശേഷ വേലയ്ക്കു സന്നദ്ധനാക്കുവാൻ പര്യാപ്തമായി. നമ്മുടെ പ്രയോജനത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വാക്യം ഏതാണെന്നു ഗാഢമായി വിചിന്തനം ചെയ്തതിനുശേഷം അതിനനുഗുണമായി പ്രവൎത്തിക്കേണ്ടതു് എങ്ങനെയാണെന്നു ശരിയായി മനസ്സിലാക്കണം. നാം അബദ്ധമാൎഗ്ഗങ്ങളിൽ അകപ്പെടാതിരിക്കുന്നതിനും അബദ്ധവ്യാഖ്യാനങ്ങളാൽ വഞ്ചിതരാകാതിരിക്കുന്നതിനുമായി തിരുസ്സഭയുടെ വ്യാഖ്യാനം സ്വീകരിക്കണം. വി. ഗ്രന്ഥത്തെ തെററുകൂടാതെ വ്യാഖ്യാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുക തിരുസ്സഭയുടെ കടമയാകുന്നു.

സുവിശേഷപഠനത്തിനാവശ്യകമായ മൂന്നാമത്തേ സംഗതി സുവിശേഷതത്വങ്ങൾ പ്രവൃത്തിപഥത്തിൽ വരുത്തുകയാണു്. ഫെനലോൺ പറയുന്നു: "പഠിക്കുന്നവ പ്രവൃത്തിപഥത്തിൽ വരുത്തണമെന്നും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായി തെററുകളെ തിരുത്തണമെന്നുമുള്ള ഉദ്ദേശത്തോടുകൂടി വായിക്കുക." നാം ദൈവതിരുച്ചിത്തത്തെക്കുറിച്ചു നവമായി പ്രകാശിക്കപ്പെടുമ്പോൾ ഉടനെതന്നെ അതിനനുഗുണമായി പ്രവൃത്തിക്കും. ആ പ്രവൃത്തിമൂലം പുതിയ പ്രകാശം നമ്മിലുദിക്കും. ഇതു വരപ്രസാദത്തിൻെറ പ്രമാണമാകുന്നു. ചില ആത്മാക്കൾക്കു നമ്മുടെ കൎത്താവു മറയപ്പെട്ടിരിക്കും. പലപ്പോഴും ഇതിനുള്ള കാരണം അവിടുത്തേയ്ക്കു് അവരോടുള്ള നിസ്സീമകാരുണ്യമായിരിക്കും. താൻ നല്കുന്ന പ്രകാശത്തിനു യോജിച്ചവിധം അവർ പ്രവൎത്തിക്കാതിരിക്കുകയും തന്മൂലം കൂടുതൽ കുററക്കാരായി പരിണമിക്കുകയും ചെയ്യാതിരിക്കുവാൻ അവൎക്കു വഹിക്കാവുന്ന ഒരു ഭാരം കാണിച്ചുകൊടുക്കുകമാത്രം അവിടുന്നു ചെയ്യുന്നു. മറിച്ചു്, തൻെറ വിശുദ്ധർ എല്ലാം സ്പഷ്ടതരമായി കാണണമെന്നു് അവിടുന്നു് അഭിലഷിക്കുന്നു. ഈശോയേയും

തൻെറ സുവിശേഷത്തേയും അവർ വ്യക്തമായി അറിയുന്നു. എന്തുകൊണ്ടെന്നാൽ, എത്രമാത്രം സഹിക്കേണ്ടിവന്നാലും കർത്താവിൻെറ തിരുവിഷ്ടം നിറവേററുവാൻ തയ്യാറാകത്തക്ക വിധം അവർ അങ്ങെ സ്നേഹിക്കുന്നു.

സുവിശേഷങ്ങളുടെ പ്രായോഗികവശമാകുന്നു പുണ്യവാന്മാരുടെ ജീവിതം. "ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാകുന്നു" എന്ന വാക്യം ബാലികയും രക്തസാക്ഷിണിയുമായ വി. ആഗ്നസും ദൈവദൂതസമാനനായ വി. അലോഷ്യസും ഗ്രഹിച്ചിരിക്കണം. "ആത്മാവിൽ ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാരാകുന്നു" എന്ന വാക്യം വി. ഫ്രാൻസിസ് അസീസി വ്യക്തമായി ഗ്രഹിച്ചിരുന്നു. വി. ഫ്രാൻസിസ് സാലെസാകട്ടെ "ശാന്തശീലർ ഭാഗ്യവാന്മാർ" എന്ന വാക്യമാണു സ്വായത്തമാക്കിയത്. "യേശുക്രിസ്തുവിൻെറ വാക്കുകളെക്കുറിച്ചു നാം സന്തോഷിക്കുമ്പോഠം അവിടുത്തെക്കുറിച്ചുതന്നെ നാം ആനന്ദിക്കുന്നു എന്നതിന് അടയാളമാണത്. സ്വഗ്ഗത്തിൽ നിത്യമായി അവിടുത്തെ അനുഭവിച്ച് ആനന്ദിക്കുന്നതിനുള്ള ഒരുക്കവുമാകുന്നു അത്" എന്നാണു ബോസ്വേ പറയുന്നത്.

ചിലപ്പോഠം സുവിശേഷോപദേശങ്ങളുടെ ഉഗ്രതയെക്കുറിച്ചു നാം ഭയപ്പെടുന്നുണ്ടായിരിക്കാം. നമ്മെ നിയന്ത്രിക്കുന്ന ഏതിനേയും നാം ഭയപ്പെടുന്നു. ത്യാഗങ്ങളേയും ദുഃഖങ്ങളേയും നാം ഭയപ്പെടുന്നു. ഇവയെല്ലാം തടയുന്നതിനു നാം അശ്രാന്ത പരിശ്രമം ചെയ്യുന്നു. സുവിശേഷത്തേയോ നമ്മുടെ കർത്താവിനേയോ നാം ശരിയായി ഗ്രഹിച്ചിട്ടില്ല എന്ന് ഇതു സ്പഷ്ടമാക്കുന്നു. അപ്രകാരമാണെങ്കിൽ എങ്ങനെ നാം അവിടുത്തേ സ്നേഹം സമാജ്ജിക്കും? ക്രിസ്ത്വാനുകരണം ചോദിക്കുന്നതുപോലെ, "കർത്താവിൻെറ വാക്കുകളെ കേട്ടിട്ട് അനുസരിക്കാതിരിക്കുകയും അങ്ങെ അറിഞ്ഞിട്ടു സ്നേഹിക്കാതിരിക്കുകയും അങ്ങിൽ വിശ്വസിച്ചിട്ട് അങ്ങയുടെ പ്രമാണങ്ങളെ അനുസരിക്കാതിരിക്കുകയും ചെയ്തതിനാൽ ഒരു ദിവസം നീ വിധിക്കപ്പെട്ട"മെന്നു നിനക്കു ഭയമില്ലയോ? "അതിനാൽ, നമുക്കു വായിക്കാം. എന്നാൽ, കണ്ണുകഠംകൊണ്ടു മാത്രമല്ല ഹൃദയം കൊണ്ടുകൂടെയും നമുക്കു വായിക്കാം. നാം കേഠംക്കുന്നവ

യിൽ നിന്നെല്ലാം ഫലമെടുക്കുകയും നമുക്കു ഗ്രാഹ്യമല്ലാത്ത വയെ ബഹുമാനിക്കുകയും ചെയ്യാം" എന്നു ബോസ്വേ ഉപ ദേശിക്കുന്നു.

"സുവിശേഷവാക്യങ്ങൾ സദാ നിങ്ങളുടെ അധരങ്ങ ളിലും ഹൃദയങ്ങളിലും ഉണ്ടെങ്കിൽ നിങ്ങൾ ആത്മാവിലും ശരീ രത്തിലും വിശുദ്ധരായിരിക്കും" (വി. ക്രിസോസ്റ്റോം).

# അദ്ധ്യായം 19.

## ദിവ്യോപദേഷ്ടാവായ ഈശോ.

"ഈശോ വിശ്വസ്തസ്നേഹിതനാകുന്നു. അവിടുന്നു നിന്നെ നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യും; അതിനാൽ നീ എന്തു ചെയ്യണമെന്ന് അവിടുത്തോടു ചോദി ക്കുക; അവിടുത്തോടാലോചിക്കാതെ ഒന്നും പ്രവൎത്തിക്കരുത്" എന്നു വി. സാലെസ് ഉപദേശിക്കുന്നു. സ്നേഹിക്കുന്നവരെ അനുസരിക്കുക, ദ്വേഷിക്കുന്നവരെ അവഗണിക്കുക എന്നതു സാധാരണമാണ്. നാം അധികം സ്നേഹിക്കുന്നവരെ അനുസ രിക്കുന്നതു വളരെ എളുപ്പംതന്നെ. ഈശോയെക്കാൾ അധിക മായി നാം ആരെയാണു സ്നേഹിക്കുന്നത്? ആകയാൽ ആദ്യ മായി അവിടുത്തെ ഉപദേശം ചോദിക്കുക. അനന്തരം അതു കേട്ട് അനുസരിക്കുക.

### I ഈശോയോട്ട് ആലോചിക്കുക.

"ഈശോയോട്ട് ആലോചിക്കാതെ ഒന്നും ചെയ്യരുത്" എന്നു വിശുദ്ധ മഗ്ദ്ദരീത്താമറിയം ഉപദേശിക്കുന്നു. കൎത്താവി ന്റെ ഉപദേശത്തെ "ജീവന്റെ പ്രകാശം" എന്നാണു പുണ്യ വാന്മാർ വിളിക്കുന്നത്. ആദ്ധ്യാത്മികജീവിതത്തിൽ നായക നില്ലാത്തവൻ വഴികാട്ടിയില്ലാത്ത കുരുടനു സമനാണ്. നമ്മെ

ഉപദേശിക്കുന്നതിനു കഴിവുള്ള പലരേയും നാം ലോകത്തിൽ കാണുന്നുണ്ടു്; പ്രത്യേകിച്ചു പുരോഹിതന്മാരുടെ ഇടയിൽ. നാം അവരെ സമീപിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു, അബദ്ധങ്ങളിൽ നിപതിക്കാതിരിക്കുവാൻ. എന്നാൽ, നമ്മെ ഉപദേശിച്ചു നയിക്കുവാൻ ഏററം പര്യാപ്തൻ നമ്മുടെ സ്നേഹനാഥൻ തന്നെയാണു്. നമ്മുടെ മാനസികപ്രാൎത്ഥനകളുടെ അവസാനം ഈശോയോടു് ഉപദേശം ചോദിക്കുന്നതിനു കുറെ സമയം ഉപയോഗിക്കണമെന്നാണു് വി. ഇഗ്നേഷ്യസിൻെറ അഭിപ്രായം. "അവൻെറ നാമം ഉപദേഷ്ടാവു് എന്നായിരിക്കണം" എന്നു് ഇസയാസ് ദീർഘദർശിയും "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. നിങ്ങൾ പറയുന്നതു ശരി. എന്തെന്നാൽ ഞാൻ അങ്ങനെയാകുന്നു" എന്നു നമ്മുടെ കർത്താവും പറയുന്നു. അവിടുന്നു് എല്ലാം അറിയുന്നു. എല്ലാം കാണുന്നു. "ലോകത്തിലേക്കു വരുന്ന ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശ"വും അവിടുന്നാകുന്നു (യോഹ. 1: 9). സൂൎയ്യപ്രകാശമില്ലാത്ത രാത്രികാലങ്ങളിൽ വഴി കാണുവാൻ കൃത്രിമപ്രകാശം എനിക്കു് ആവശ്യകമാണു്. എന്നാൽ, സൂര്യപ്രകാശത്തിൽ മററു പ്രകാശങ്ങളെല്ലാം നിഷ്പ്രഭങ്ങളായി ബ്ഭവിക്കുന്നു. ദൈവദൎശനം അനുഭവിക്കുന്ന ആത്മാവിനെക്കുറിച്ചു വി. യോഹന്നാൻ പറയുന്നു: "ആ നഗരത്തെ പ്രകാശിപ്പിക്കുവാൻ സൂൎയ്യനോ ചന്ദ്രനോ ആവശ്യമില്ല. ദൈവത്തിൻെറ മഹത്വം അതിനെ പ്രകാശിപ്പിച്ചു. കുഞ്ഞാടാകുന്നു അതിൻെറ വിളക്കു്" (വെളി. 21: 23).

ഈ കുഞ്ഞാടു നമ്മുടെ കർത്താവുതന്നെയാകുന്നു. അവിടുന്നു് എന്നെ തൻെറ സ്വന്തമാക്കി. ഇനിമുതൽ എൻെറ പ്രകാശവും നായകനും അവിടുന്നായിരിക്കും. അതുകൊണ്ടു് എല്ലാവരെക്കാൾ മുമ്പായും എല്ലാററിനും മുമ്പായും അവിടുത്തോടു് ആലോചിക്കണം. അവിടുന്നുതന്നെ നമുക്കു ദൃഷ്ടാന്തം തന്നിട്ടുണ്ടു്. അവിടുന്നു് അരുൾ ചെയ്യുന്നു. "എനിക്കു സ്വയം ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഞാൻ കേൾക്കുന്നതുപോലെ വിധിക്കുന്നു; എന്നെ അയച്ചവൻെറ ഇഷ്ടമല്ലാതെ എൻെറ ഇഷ്ടം ഞാൻ അന്വേഷിക്കാത്തതുകൊണ്ടു് എൻെറ വിധി

നീതിയുള്ളതായിരിക്കുകയും ചെയ്യുന്നു" (യോഹ. 5: 30). അവിടുന്നു പിതാവിൽ ആശ്രയിക്കുകയും, പിതാവിനെ അനുസരിക്കുകയും ചെയ്യുന്ന ഒരു വത്സലസുതനാകുന്നു. ജെ. ററിസ്സോ എന്ന വന്ദ്യൻെറ അഭിപ്രായത്തിൽ "ദൈവം ഈശോയുടെ ഹൃദയത്തിൽ ആനന്ദപ്രദങ്ങളായ ഗാനങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. അവിടുത്തെ എളിയ സൃഷ്ടികളായ നമുക്ക് അവയെ ശ്രവിക്കുകയും തിരുഹൃദയമാകുന്ന വീണയുടെ സ്വരത്തോടു നമ്മുടെ വിചാരങ്ങളാകുന്ന സ്വരത്തെ ചേർക്കുകയും ചെയ്യാം. അപ്പോൾ നമ്മുടെ വിചാരങ്ങൾ ദൈവത്തിൻെറ വിചാരങ്ങളായി രൂപാന്തരപ്പെടും."

വി. ഫ്രാൻസിസ് ഷന്താൾ പറയുന്നു: "ആരെങ്കിലും നിങ്ങളുടെ ഉപദേശം ആവശ്യപ്പെടുന്നപക്ഷം പറയേണ്ടതു് എന്തെന്നു തോന്നിക്കുവാൻ കർത്താവിനോടു യാചിക്കാതെ ഒരുത്തരവും പറയരുതു്." നിങ്ങൾ പലപ്പോഴും വിശുദ്ധരായ പട്ടക്കാരോടും സന്യാസികളോടും ഭക്തരായ മററു മനുഷ്യരോടും ഉപദേശം ആവശ്യപ്പെട്ടിട്ടുണ്ടായിരിക്കാം. എന്നാൽ, പ്രസ്തുതാവസരങ്ങളിൽ അവർ ധ്യാനനിരതരായി നിങ്ങളെ മൗനത്തോടെ ശ്രദ്ധിച്ചിട്ടുണ്ടായിരിക്കാം. അപ്പോൾ അവർ ഈശോയുടെ ഉപദേശം ശ്രവിക്കുകയായിരുന്നു. എന്തുകൊണ്ടെന്നാൽ, തങ്ങളുടെ ജ്ഞാനത്തിൽ അവക്കു വിശ്വാസമില്ല. വിശുദ്ധ പള്ളിയുടെ തത്വങ്ങളാൽ പ്രകാശിക്കപ്പെട്ട തങ്ങളുടെ അന്തരാത്മാവിൽ കേട്ടതിനെ അവർ പറയുന്നു. പരിശുദ്ധാത്മാവിലുള്ള ഈ ആശ്രയത്തോടുകൂടി ദൈവനിവേശിതങ്ങളായ സഭയുടെ പാഠങ്ങളെ യോജിപ്പിക്കുകയാലാണു പുണ്യവാന്മാരുടെ വാക്കുകൾക്കു് അനിതരസാധാരണമായ ശക്തി ലഭിക്കുന്നതു്. അവരുടെ പ്രേരണാശക്തിയാൽ നാം ദൈവത്തിലേയ്ക്കു് ആകർഷിക്കപ്പെടുന്നു. "ദൈവവചനം അന്യരോടു പ്രസംഗിക്കുന്നതിനു മുമ്പായി നമ്മുടെ ഹൃദയത്തിൽ അതിനെ നാം കേൾക്കണം" എന്നാണു വി. ആഗുസ്തീനോസു പറയുന്നതു്.

ഈശോയുടെ സ്നേഹിതരായിരിക്കുന്നതിനു് ആഗ്രഹിക്കുന്നെങ്കിൽ, നമുക്കു് എല്ലായ്പോഴും എല്ലാ കാര്യങ്ങളിലും അവിടുത്തോടു് ഉപദേശം ചോദിക്കാം. യഥാർത്ഥമായ സ്നേഹൈക്യ

ത്തിൽ ജീവിക്കുന്ന ഭാര്യയ്ക്കു് ആജ്ഞകൾ നല്കേണ്ട ആവശ്യം ഭർത്താവിന്നു് ഒരിക്കലും ഉണ്ടാകുകയില്ല. അതിനാൽ, ഭാര്യ അനുസരിക്കുകയല്ല, ഭർത്താവിൻെറ ആഗ്രഹങ്ങളെ ആരാഞ്ഞറിഞ്ഞു പ്രവർത്തിക്കുകയാണു ചെയ്യുന്നതു്. അതു് അവളുടെ കർത്തവ്യവും ആനന്ദവുമാകുന്നു. അപ്രകാരംതന്നെ ഈശോയുടെ ആഗ്രഹങ്ങളെ അന്വേഷിക്കാതെ, അവിടുത്തെ അനുവാദം കൂടാതെ, ഒരു കാര്യവും ചെയ്യുന്നതിനു നാമും ആരംഭിക്കരുതു്. സകല വൈഷമ്യങ്ങളിലും സംശയങ്ങളിലും കർത്താവിൻെറ പക്കൽ നമുക്കു് അഭയം പ്രാപിക്കാം. നമ്മോടുകൂടി അവിടുന്നു് എല്ലായ്പ്പോഴും ഉണ്ടായിരിക്കുമെങ്കിൽ അതു നമുക്കു വലിയ ഒരു നേട്ടമായിരിക്കും. നാം കർത്താവിൻെറ പക്കൽ അടുക്കുമ്പോൾ അങ്ങിൽനിന്നും പ്രകാശം സ്വീകരിക്കുന്നു. ആ ദിവ്യപ്രകാശത്താൽ നമ്മുടെ ആത്മാവു നിറയുകയും കർത്തവ്യനിർവ്വഹണത്തിനാവശ്യമായ എല്ലാ ദാനങ്ങളും പ്രാപിക്കുകയും ചെയ്യും.

## II നമ്മുടെ രക്ഷകൻെറ ഉപദേശത്തെ അനുസരിക്കുക.

ഈശോയുടെ സ്വരം കേൾക്കുന്നതിനും തിരിച്ചറിയുന്നതിനും രണ്ടു കാര്യങ്ങൾ അത്യാവശ്യമാണു്. ആദ്യമായിത്തന്നെ മൗനം അവലംബിച്ചു ശ്രദ്ധിക്കുക; രണ്ടാമതു ധൈര്യപൂർവ്വം അനുസരിക്കുക.

ദുഷ്ടാത്മാവിനേയും പരിശുദ്ധാത്മാവിനേയും തിരിച്ചറിയുന്നതിനുള്ള നിയമങ്ങൾ വി. ഇഗ്നേഷ്യസ് നല്കുന്നുണ്ടു്. ദുഷ്ടാത്മാവു് ഉയർന്ന സ്വരത്തിൽ സംസാരിക്കുകയും വലിയ ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുന്നു; അവനു മര്യാദ അറിഞ്ഞുകൂടാ. പരിശുദ്ധാത്മാവാകട്ടെ സദാ സൗമ്യനും സമാധാനതൽപരനുമാണു്. മന്ദമാരുതൻ വീശുന്നതുപോലെ ശബ്ദരഹിതമായി അവിടുന്നു സംസാരിക്കുന്നു; സായാഹ്നത്തിലേ ഇളംകാററുപോലെ മാത്രം അവിടുത്തെ സ്വരം കേൾക്കപ്പെടുകയും ചെയ്യുന്നു. ബോസ്സേ പറയുന്നതു്: "പരിശുദ്ധാത്മാവിൻെറ ഓരോ വാക്കും നഷ്ടപ്പെടുത്താതിരിക്കണമെങ്കിൽ ഏററം നിശ്ശ

ബ്ദമായി ശ്രദ്ധിക്കണം" എന്നാണ്. ഫാ: ജെ.ററിസ്സോ അഭിപ്രായപ്പെടുന്നു: "നമ്മുടെ അന്തരാത്മാവിൽ രണ്ടു സ്വരം കേറക്കുകയും ഏതിനെയാണു ശ്രവിക്കേണ്ടതെന്നു സംശയിക്കുകയും ചെയ്യുമ്പോറം താഴ്ന്നതും നേരിയതുമായ സ്വരമാണു നല്ല സ്വരം എന്നു് ഓർമ്മിക്കണം." ഉദാഹരണമായി, മര്യാദയുടെ ലേശംപോലുമില്ലാത്ത ഒരെഴുത്തു നിനക്കു കിട്ടി; അല്ലെങ്കിൽ നിന്നെപ്പററി ആരെങ്കിലും മോശമായി സംസാരിച്ചു; അഥവാ, നിൻെറ ആത്മസ്നേഹിതൻ നിന്നെ വഞ്ചിച്ചു എന്നിരിക്കട്ടെ. നിനക്ക് അടിയുറച്ച സുകൃതവും ഈശോയോട്ട് ഐക്യവുമില്ലെങ്കിൽ നീ അതിൽ കോപാക്രാന്തനായിത്തീരും. നീ വിചാരശൂന്യനും അടക്കമില്ലാത്തവനുമാണെങ്കിൽ നിൻെറ ഹൃദയത്തിൽ ഉണ്ടായ വികാരങ്ങറം വാഗ്രൂപത്തിൽ പ്രത്യക്ഷപ്പെടും; കണ്ടാലും അശുദ്ധാത്മാവു കടന്നുപോകുന്നു! പാറയിൽ പതിക്കുന്ന ജലംപോലെ അവൻ നിൻെറ ആത്മാവിനെ ഇളക്കി മറിയ്ക്കും.

പ്രക്ഷുബ്ധമായിരിക്കുന്ന നിൻെറ ആത്മാവിൻെറ അടിത്തട്ടിൽ ഈശോയുടെ സ്വരംപോലെ ഒരു പതിഞ്ഞ സ്വരം കേറക്കും: "മകനേ, നീ എന്തു വിചാരിക്കണമെന്നോ എന്തു പ്രവർത്തിക്കണമെന്നോ നിനക്കറിയണമെങ്കിൽ അല്പം താമസിക്കുക; ധൃതി കൂട്ടരുതു്. എന്നോട്ട് ആലോചിക്കുക; എളിമയും ശാന്തതയും കാരുണ്യവും നിറഞ്ഞ ഈശോയിൽനിന്നും നീ പഠിക്കുക" ഇതു ദൈവദൂതൻെറ സ്വരമാകുന്നു. വി. ഇഗ്നേഷ്യസ് പറയുന്നു: "ഒരു തുള്ളി വെള്ളം ഒരു സ്പഞ്ചിലേയ്ക്കു പ്രവേശിക്കുന്നതുപോലെ ഈ സ്വരം നമ്മുടെ ആത്മാവിൽ പ്രവേശിക്കും. ഇതു സത്യത്തിൻെറ സ്വരമാകുന്നു. ഇതിനെ ശ്രവിക്കുന്നവൻ, നമ്മെ ഈശോയുമായി ഐക്യപ്പെടുത്തുന്ന നിശ്ശബ്ദതയെ പാലിക്കും; ബാഹ്യക്ഷോഭങ്ങളിൽനിന്നും അകന്നു നില്ക്കും. അതു നമ്മുടെ അധമാംശത്തിനു മേലായി നമ്മെ ഉയർത്തും. നമ്മിൽ വലിയ ക്ഷോഭം ഉളവാക്കുന്നതു സ്വാർത്ഥവും സ്വസ്നേഹവുമാണ്." ബോസ്വേ പറയുന്നു: "ആകയാൽ നീ ധ്യാനനിരതനായിരിക്കുക; ആത്മാക്കളുടെ വൈദ്യൻ നിന്നോടു സംസാരിക്കുന്നു. വിചാരത്തിൽനിന്നു വിചാരത്തിലേയ്ക്കും,

സന്ദർശനത്തിൽനിന്നു സന്ദർശനത്തിലേയ്ക്കും വൈഷമ്യത്തിൽനിന്നു വൈഷമ്യത്തിലേയ്ക്കും നീ ഓടുന്നതെന്തിന്? നിന്റെ ആത്മാവിൽ നിന്നോടു സംസാരിക്കാൻ ആഗ്രഹിക്കുന്ന പരിശുദ്ധാത്മാവിൽ നിന്നാകുന്നു നീ ഓടി അകലുന്നത്."

ദൈവത്തിന്റെ സ്വരം കേട്ടുകഴിഞ്ഞാൽ അതിനെ അനുസരിക്കാനുള്ള ധൈര്യം നമുക്കുണ്ടാകണം. സുവിശേഷത്തിലെ ധനികനായ യുവാവു നമ്മുടെ കർത്താവിന്റെ ഉപദേശം ആവശ്യപ്പെട്ടു. അതു കേട്ടുകഴിഞ്ഞപ്പോൾ "അവൻ ദുഃഖത്തോടുകൂടി തിരിച്ചുപോയി; എന്തുകൊണ്ടെന്നാൽ, അവനു വളരെ സമ്പാദ്യമുണ്ടായിരുന്നു" (മത്തായി 19: 22). "നിങ്ങൾ വചനം പ്രവർത്തിക്കുന്നവരായിരിക്കുവിൻ; അല്ലാതെ കേൾവിക്കാർ മാത്രം ആയിരിക്കരുത്" എന്നു വി. യാക്കോബുശ്ലീഹാ പറയുന്നു. നമ്മുടെ കർത്തവ്യം തെളിവായും ദൈവതിരുമനസ്സു സ്പഷ്ടമായും എത്ര പ്രാവശ്യം നാം കാണുന്നു! എന്നാൽ, അല്പം പ്രയത്നവും കുറെ ത്യാഗവും വൈഷമ്യവും ആവശ്യകമാണ് അതു പ്രാവർത്തികമാക്കാൻ. പക്ഷേ, ദൈവം നമ്മിൽനിന്ന് അവയെ ആവശ്യപ്പെടുകയില്ലെന്നും ആകയാൽ കുറെ കഴിഞ്ഞല്ലാതെ ഒന്നും പ്രവർത്തിക്കേണ്ടതില്ലെന്നും നിശ്ചയിച്ചു നമ്മെത്തന്നെ വഞ്ചിക്കാൻ നാം സമർത്ഥരാണ്. എന്നാൽ, ക്രമേണ നമ്മിൽ പ്രകാശം കുറയുകയും പൂർണ്ണതയ്ക്കായുള്ള നമ്മുടെ പ്രവൃത്തികൾ ശുഷ്ക്കാന്തിയില്ലാത്തവയായിത്തീരുകയും ചെയ്യും. അനന്തരം നമ്മുടെ ദൈവസ്നേഹം ബാലിശമായിബ്ഭവിക്കും. അനേകം ആത്മാക്കളുടെ ചരിത്രം ഇതാണ്. അവർ എന്നും നിർഭാഗ്യരും നിരാശരുമായിരിക്കും.

മറിച്ച്, നമ്മുടെ ഓരോ ഉദ്യമത്തിനും മുമ്പായി നമ്മുടെ കർത്താവിനോട് അക്കാര്യത്തെക്കുറിച്ച് ആലോചിക്കുകയും അവിടുത്തെ ഉപദേശം അനുസരിക്കുകയും ചെയ്യുന്നതായാൽ എത്രയോ നന്ന്. പ്രകൃതിയുടെ പ്രലോഭനങ്ങൾക്കും വഞ്ചനകൾക്കും തക്ക പ്രതിവിധി ഇതാകുന്നു. വല്ലവരേയും ഉപദേശിക്കുന്നതിനോ വല്ല കാര്യത്തെ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനോ സങ്കടം ഉണർത്തിക്കുന്നതിനോ ഏതെങ്കിലും ജോലിയിൽനിന്നു വിടുതൽ ലഭിക്കുന്നതിനോ മറ്റിതുപോലെ ഏതെ

ങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ മുമ്പായി നമ്മുടെ ദിവ്യനാഥ നോട്ട് അപേക്ഷിക്കുക. ഓരോ ദിവസത്തിൻെറയും അവസാ നത്തിൽ ക്രൂശിതരൂപത്തിൻ മുമ്പാകെ മുട്ടുകൾ മടക്കി അന്നത്തെ സകല പ്രവൃത്തികളെക്കുറിച്ചും, കണ്ടതും കേട്ടതും, പ്രവർത്തി ച്ചതും ആഗ്രഹിച്ചതുമായ എല്ലാത്തിനെക്കുറിച്ചും, ഈശോയുടെ ഉപദേശം ചോദിക്കുക. അപ്പോൾ നമ്മുടെ പുണ്യപൂർണ്ണതയ്ക്ക് ഏററം പററിയ മാർഗ്ഗം അതാകുന്നു എന്നു നമുക്കു ബോധപ്പെടും.

"എൻെറ രക്ഷകാ, നിൻെറ ദിവ്യേഷ്ടം മാത്രം ഞാൻ ആഗ്രഹിക്കുന്നു. നിൻെറ തിരുമനസ്സു സദാ അറിയുന്നതുതന്നെ എൻെറ ആനന്ദമാകുന്നു. നിൻെറ തിരുമനസ്സിനു വിപരീതമാ കാതിരിക്കുന്നതിലാകുന്നു എൻെറ ശ്രദ്ധ മുഴുവനും. ഇക്കാര്യ ത്തിൽ ഞാൻ വഞ്ചിതനായിപ്പോകുമോ എന്നാകുന്നു എൻെറ ഭീതി. നിന്നോട്ട് ആലോചിക്കാതെ യാതൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാതിരിക്കുന്നതിനായി എൻെറ മുമ്പാകെ നീ സദാ ഉണ്ടായിരിക്കണമെന്നാകുന്നു നിൻെറ ദിവ്യാഗ്രഹ മെന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എൻെറ ദിവ്യനാഥാ, നിന്നെ അനുസരിക്കുന്നതിനാകുന്നു എൻെറ ആഗ്രഹം."

"നിൻെറ ആത്മാവിൽ വസിക്കുന്ന നല്ല യജമാനനെ നീ ശ്രവിക്കുക. അവനോട്ട് ആലോചിക്കാതെ ഒന്നും പ്രവ ർത്തിക്കരുത്. അവൻെറ മുമ്പാകെ എന്നപോലെ എല്ലാം ചെയ്യുക" (Bossuet).

# അദ്ധ്യായം 20.

## ഈശോയിൽ വിശ്രമിക്കുക.

വിശ്രമാർത്ഥം നിരന്തരമായ ആഗ്രഹം, അതേസമയം തന്നെ നിരന്തരമായ വിശ്രമരാഹിത്യം! വിചിത്രമായ ഈ വൈപരീത്യം മനുഷ്യസ്വഭാവം സദാ പ്രത്യക്ഷമാക്കുന്നു. ഇതിൻെറ കാരണം മുൻകൂട്ടി കാണുന്ന സൗഭാഗ്യത്തേയും അതു പ്രാപിക്കുന്നതിനാവശ്യമായ പരിശ്രമത്തേയും കുറിച്ചുള്ള ചിന്ത

യാണ്. "ഒരു പിഞ്ചുപൈതൽ മാതൃഹസ്തങ്ങളാൽ സംവഹിക്കപ്പെടുന്നതുപോലെ നമ്മുടെ ദിവ്യനാഥനാൽ സംവഹിക്കപ്പെടുന്നതിനു നാം അനുവദിച്ചുകൊണ്ടു" പ്രവർത്തിച്ചാൽ നമ്മുടെ ഉദ്യമങ്ങളുടെ ഫലദായകത്വത്തിനു യാതൊരു കുറവും വരുകയില്ല. "നമ്മുടെ ദിവ്യരക്ഷകനു തൻെറ ശിഷ്യരെക്കുറിച്ചു നിരന്തരമായ ശ്രദ്ധയുണ്ട്. അവരെ സദാ തൻെറ മുമ്പേ നടത്തുകയും പ്രയാസമുള്ള സ്ഥലങ്ങളിൽ കൂടി പോകുമ്പോൾ അവർക്കു ഹസ്താവലംബം നല്കുകയും മററു ചിലപ്പോൾ സ്വകരങ്ങളിൽ അവരെ വഹിക്കുകയും ചെയ്യുന്നു" (വി. ഫ്രാൻസിസ് സാലെസ്). ആകയാൽ, ആദ്യമായി നാം ഈശോയുടെ തൃക്കരങ്ങളിൽ പിടിക്കുകയും അനന്തരം അവിടുന്നു നമ്മെ സംവഹിക്കുന്നതിന് അനുവദിക്കുകയും ചെയ്യണം.

## I ഈശോയുടെ കരങ്ങളെ അവലംബിക്കുക.

ജെ. ററിസ്സോ പറയുന്നു: "നമ്മുടെ ദിവ്യരക്ഷകനിൽ പൂർണ്ണമായി ആശ്രയിക്കുന്നതിനും അവിടുത്തോടു യഥാർത്ഥത്തിൽ ഐക്യപ്പെടുന്നതിനും നാം ആഗ്രഹിക്കുന്നെങ്കിൽ അവിടുത്തെ ഉപദേശം ചോദിച്ചാൽ മാത്രം പോരാ അവിടുത്തെ തൃക്കരങ്ങളിൽ നമ്മെ സമർപ്പിക്കുകയും വേണം."

ദിവ്യനാഥൻെറ കരങ്ങളെ അവലംബിക്കുകയെന്നോ? "നിൻെറ ഹൃദയത്തിലും കരത്തിലും ഒരു മുദ്ര എന്നപോലെ എന്നെ പതിക്കുക. എന്തുകൊണ്ടെന്നാൽ, സ്നേഹം മരണത്തെപ്പോലെ ശക്തിയുള്ളതാകുന്നു" (പാട്ട്. 8: 6) എന്നു പാട്ടുകളുടെപാട്ടിൽ വധുവിൻെറ വാക്കിൽ പറയുന്നതു ദൈവം തന്നെയാകുന്നു. ഇതിൽ ആത്മാക്കൾക്ക് ഇനിയും വിസ്മയം തോന്നുന്നുവെങ്കിൽ അതു ശോചനീയംതന്നെ. മനുഷ്യാവതാരത്തിനു വളരെ മുമ്പുതന്നെ നമ്മുടെ രക്ഷകനു നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തപ്പെട്ടിരുന്നു. അവിടുത്തെ വചനങ്ങളേയോ കാരുണ്യത്തേയോ കുർബ്ബാന എന്ന ദിവ്യബലിയേയോ കുറിച്ച് എന്തെങ്കിലും നാം അറിയുന്നതിനു വളരെ മുമ്പുതന്നെ രാജപ്രവാചകൻ: "മരണത്തിൻെറ നിഴലിൽ നടക്കേണ്ടിവന്നാലും

തിന്മയെ ഞാൻ ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ, നീ എന്നോടുകൂടിയുണ്ട്; നിൻെറ ചെങ്കോലും നിൻെറ വടിയും എന്നെ സമാശ്വസിപ്പിക്കുകയും ചെയ്തു" (സങ്കീ. 22: 4) എന്നു വിളിച്ചുപറഞ്ഞിട്ടുണ്ട്. ദിവ്യനാഥൻ പുതിയ നിയമത്തിലെ വിശുദ്ധന്മാൎക്കു കൂടുതൽ ശക്തിയും ആശ്വാസവും നല്കുന്നു. ലീമായിലെ വി. റോസ പ്രകൃത്യാതന്നെ വളരെ ഭീരുവായിരുന്നു. ഒരിക്കൽ അവൾ സ്വന്തഭവനത്തിൽനിന്നും അല്പം അകലെയുള്ള ഒരു കെട്ടിടത്തിൽ ഏകാകിനിയായി ഇരിക്കുന്നതിനിടയായി. സൂൎയ്യൻ അസ്തമിച്ചു; റോസ ഭയവിഹ്വലയായിത്തീൎന്നു. അവൾ അമ്മയെ വിളിച്ചു. അമ്മയും ഭീരുവായിരുന്നു. ആകയാൽ, ഭൎത്താവിനാൽ അനുഗതയായി അവൾ പുത്രിയുടെ അടുക്കലേയ്ക്കു ചെന്നു. പിതാവിൻെറ സാന്നിദ്ധ്യത്തിൽ അമ്മയുടെ ഭയമെല്ലാം മാറി എന്നു കണ്ടപ്പോൾ റോസ ഇപ്രകാരം ചിന്തിച്ചു: "ഇതെന്ത്? ഒരു പുരുഷൻെറ കരാവലംബം അമ്മയുടെ ഭയമെല്ലാം നീക്കിയിരിക്കുന്നു. എന്നാൽ, എൻെറ ദിവ്യമണാളൻെറ കരങ്ങളെ അവലംബിക്കാവുന്ന ഞാൻ ഭയമുള്ളവളായിരിക്കുന്നു!" ഇതിൽപ്പിന്നെ പുണ്യവതി ഒരിക്കലും ഭയപ്പെട്ടിട്ടില്ല.

നമ്മുടെ ദൈവവിളിയേയും കടമകളേയും സംബന്ധിക്കുന്ന ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും നമ്മുടെ ദിവ്യനാഥൻ നമ്മെ സഹായിക്കുവാൻ സന്നദ്ധനാകുന്നു. നാം അങ്ങയുടെ സഹായം അഭ്യൎത്ഥിക്കുകമാത്രം ചെയ്താൽ മതി. ആന്തരികജീവിതം നയിക്കുന്ന ആത്മാക്കൾ സാധാരണജോലികളിൽപ്പോലും അവിടുത്തെ വിളിക്കുന്നു. തൻെറ ദിവ്യനാഥനോടു നിൎവ്വ്യാജം വൎത്തിക്കുന്നതിന് അഭ്യസിച്ചിരുന്ന ഒരു സന്യാസിനി ഒരിക്കൽ പറഞ്ഞു: "വരാന്ത അടിക്കുന്നതിന് എനിക്ക് അവസരം വരുമ്പോഴൊക്കെയും എൻെറ ദിവ്യനാഥനെ ഞാൻ കൂട്ടു പിടിക്കും; ഞാൻ അവിടുത്തെ കരങ്ങളെ അവലംബിക്കും; അവിടുന്ന് എന്നോടുകൂടി ജോലിചെയ്യുന്നുണ്ടെന്നു വിചാരിക്കും. അനന്തരം ഞാൻ ആത്മഗതം ചെയ്യും: "കൊള്ളാം, എൻെറ സഹോദരികൾ ഈ വഴി കടക്കുമ്പോൾ ഈശോയുടെ സുഗന്ധം അവർ ഘ്രാണിക്കും." ഇതാകുന്നു സാക്ഷാത്തായ ഐക്യം.

തങ്ങളുടെ ദുഃഖങ്ങളിലും പരീക്ഷകളിലും ഇവ്വിധം ചിന്തകളാൽ സമാശ്വാസവും ശക്തിയും പ്രാപിക്കുന്നവർ എത്ര പേരുണ്ട്? ഇഗ്നേഷ്യസു പുണ്യവാൻ പറയുന്നു: "ആത്മാക്കളുടെ വിശ്വാസത്തേയും പ്രത്യാശയേയും സ്നേഹത്തേയും വദ്ധിപ്പിക്കുന്നതു് ഈശോയാകുന്നു. തങ്ങളുടെ സ്രഷ്ടാവും കത്താവുമായ ദൈവത്തിൽ ആത്മാക്കൾക്കു വിശ്വാസം ജനിപ്പിക്കുന്നതും അവിടുന്നുതന്നെ. അവിടുന്നു് അവരിൽ സമാധാനം ഉൽഭൂതമാക്കുന്നു; ആദ്ധ്യാത്മികകാര്യങ്ങളിലേയ്ക്കു് അവരെ അടുപ്പിക്കുന്നു; നിത്യരക്ഷയിൽ അഭിനിവേശം ജനിപ്പിക്കുന്നു; ആന്തരികാനന്ദത്തെ പ്രദാനം ചെയ്യുന്നു." നമ്മുടെ സകല പ്രയാസങ്ങളിലും, അന്യരിൽനിന്നും നാം അനുഭവിക്കേണ്ടിവരുന്ന ഉപദ്രവങ്ങളിലും ചതികളിലും എല്ലാം നമ്മുടെ ഈ നല്ല സ്നേഹിതനിലേയ്ക്കു നാം തിരിയുന്നതു യുക്തമാകുന്നു.

എന്നാൽ, പ്രായോഗികജീവിതത്തിൽ നമ്മുടെ സ്ഥിതി എത്ര വ്യത്യസ്തം! എത്ര ശോചനീയം! ചിലപ്പോൾ നമ്മുടെ ആകാശക്കോട്ടകൾ തകർന്നുവീഴുന്നു! ആശാലത കരിഞ്ഞുപോകുന്നു; നാം ആത്മാത്ഥമായി സ്നേഹിക്കുന്നവരിൽപ്പോലും കൃതഘ്നത തെളിഞ്ഞുകാണുന്നു; നാം എല്ലാവരാലും വിസ്മരിക്കപ്പെടുന്നു. അപ്പോൾ നമ്മുടെ വിശ്വാസമെവിടെ? പ്രത്യാശയെവിടെ? നമ്മെ അതിമാത്രം സ്നേഹിക്കുന്ന നമ്മുടെ ആത്മീയ മണവാളനായ ഈശോയിൽ നാം സമാശ്രയിക്കുന്നില്ല! ഇതു ശോചനീയമായ അവസ്ഥ തന്നെയല്ലയോ? നമ്മുടെ കത്താവു വി. മററിൽഡായോടു പറഞ്ഞതുപോലെ നാം ഓരോരുത്തരോടും പറയുന്നുണ്ടു്: "ഞാൻ നിനക്കു് ഒരു വിശ്വസ്തസ്നേഹിതനായിരിക്കും. നീ എന്നിൽ ആശ്രയിച്ചുകൊള്ളുക: അപ്പോൾ ഞാൻ സദാ നിൻെറ സഹായത്തിനു വരും."

## II ഈശോ നമ്മെ സംവഹിക്കുന്നതിനു നാം അനുവദിക്കണം.

വി. മഗ്ദ്ദരീത്താമറിയം ഇപ്രകാരം ഉപദേശിക്കുന്നു: "നിങ്ങളുടെ ആത്മാക്കളെ സമാധാനത്തിൽ കാത്തുകൊണ്ടു

നിങ്ങളെത്തന്നെ ഈശോയുടെ തിരുഹൃദയത്തിനു പരിത്യജിക്കുകയും സമപ്പിക്കുകയും ചെയ്യുവിൻ. അവിടുന്നു നിങ്ങളെ ഉപേക്ഷിക്കുകയില്ലെന്നു മാത്രമല്ല നിങ്ങൾ അങ്ങിൽ സമാശ്രയിക്കുന്ന അളവനുസരിച്ച് അവിടുന്ന് നിങ്ങളുടെമേൽ വിശേഷസ്നേഹമുള്ളവനായിരിക്കുകയും ചെയ്യും."

നമ്മെത്തന്നെ പൂർണ്ണമായി പരിത്യജിച്ചുകൊണ്ടു കത്താവിൻെറ കരങ്ങളെ അവലംബിക്കുക എന്നതു വലിയ കാര്യം തന്നെയാണ്. എന്നാൽ, തനിയ്ക്കിഷ്ടമുള്ളിടത്തേയ്ക്കു നമ്മെ അവിടുന്ന് എടുത്തുകൊണ്ടുപോകുവാൻ അനുവദിക്കുക എന്നതു നമ്മുടെ സ്നേഹത്തെ കൂടുതൽ പ്രത്യക്ഷമാക്കുന്നതാണ്. വി. ആഗുസ്തീനോസു പറയുന്നു: "ഇതു വെറും അലസമായ വിശ്രമമല്ല, പ്രത്യുത, പൂർണ്ണവും പ്രശാന്തവുമായ പ്രവത്തനമാകുന്നു" എന്തുകൊണ്ടെന്നാൽ, സാക്ഷാത്തായ ഉപവി വിശ്വാസത്താലും വാത്സല്യപൂർവ്വകമായ സ്നേഹത്താലും ഈശോയോടു യോജിക്കുന്നതുകൊണ്ടുമാത്രം തൃപ്തിയടയുന്നില്ല. മറിച്ച്, അവിടുത്തെ സുകൃതങ്ങളെ അനുകരിക്കുവാൻ നിരന്തരം ഉത്സാഹിക്കുന്നു. വിശ്രുതനായ ബോസ്സ്വെയുടെ വാക്കുകളിൽ പറഞ്ഞാൽ, "നമ്മെ തന്നിലേയ്ക്കുടുപ്പിക്കുന്നതിനു നാം അനുവദിക്കുക" മാത്രമല്ല ചെയ്യേണ്ടത്, പിന്നയോ, അവിടുത്തെ പിന്നാലെ ഓടുന്നതിനു നമ്മുടെ ശക്തി മുഴുവൻ നാം ഉപയോഗിക്കുകയും വേണം. എന്തെങ്കിലും സൽപ്രവൃത്തിയിൽ, എല്ലാം നമ്മിൽ സ്ഥിതിചെയ്യുന്ന വിധത്തിൽ ധൈര്യസമേതം പരിശ്രമിച്ചതിനുശേഷം, നമ്മുടെ പ്രയത്നത്തിൻെറ ഫലം ആരിൽ സ്ഥിതി ചെയ്യുന്നുവോ അവനെ ക്ഷമയോടും ശാന്തതയോടുംക്രൂടി പ്രതീക്ഷിക്കണം.

ചെറുപ്പത്തിൽ മാത്രമല്ല, "ഞാൻ നിങ്ങളെ നിങ്ങളുടെ വാർദ്ധക്യകാലംവരെ സംവഹിക്കും" എന്നു പഴയ നിയമത്തിൽ ദൈവം അരുൾ ചെയ്തു. "എന്നാൽ, ഞാൻ നിങ്ങളെ വഹിക്കുകയും നിങ്ങളുടെ വിമോചകനും രക്ഷകനും ആയിരിക്കുകയും ചെയ്യും" (ഇസയ്യാസ് 46: 4). "എഫ്രേമിനു ഞാൻ ഒരു വളത്തുപിതാവിനെപ്പോലെയായിരുന്നു. ഞാൻ അവനെ എൻെറ

കരങ്ങളിൽ വഹിക്കയും ചെയ്തു" (ഓസി. 11: 3). സ്നേഹത്തിൻെറ നിയമമായ പുതിയ നിയമത്തിൽ ദൈവം തൻെറ സ്നേഹിതന്മാരോടു മററു പ്രതിജ്ഞകളും ചെയ്തിട്ടുണ്ട്. നഷ്ടപ്പെട്ടതും പരുക്കേററതുമായ ആടിനെ തൻെറ തോളിൽ വഹിക്കുന്ന ഒരു നല്ല ഇടയനായിട്ട് അവിടുന്നു തന്നെത്തന്നെ നമുക്കു കാണിച്ചുതരുന്നു. അതേ, അവിടുന്നു നമ്മുടെ ആത്മാക്കളെ വഹിക്കുന്നവനാകുന്നു.

ആകയാൽ, നമുക്കു മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും ദിവ്യനാഥൻെറ കരങ്ങളിൽ നാം വഹിക്കപ്പെടുന്നു. വി. പൌലോസു ശ്ലീഹാ പറയുന്നു: "ദൈവം തൻെറ വചനത്തിൻെറ ശക്തിയാൽ സർവ്വവും അടക്കിയിരിക്കുന്നു." വഹിക്കപ്പെടുക എന്നതും സ്വമനസാ വഹിക്കപ്പെടുന്നതിന് അനുവദിക്കുക എന്നതും വ്യത്യസ്തങ്ങളാണ്. രണ്ടു സ്ത്രീകൾ തങ്ങളുടെ കുട്ടികളെ എടുത്തുകൊണ്ടു പോകുന്നതായി സങ്കല്പിക്കുക. ഒരു കുട്ടി, മാതാവിൻെറ കയ്യിൽനിന്നും ഇറങ്ങിയാൽ മാത്രമേ ഭാഗ്യവാനാകയുള്ളു എന്ന മട്ടിൽ അങ്ങോട്ടുമിങ്ങോട്ടും തിരിയുകയും കരയുകയും അമ്മയുടെ പിടിവിടുവിക്കുന്നതിനു ശ്രമിക്കുകയും ചെയ്യുന്നു. ഒരു നിമിഷംപോലും അവൻ അടങ്ങിയിരിക്കുന്നില്ല. ആ സാധു മാതാവ് അവനെ വഹിക്കാൻ വളരെ പണിപ്പെടുന്നു. അവൻ വഹിക്കപ്പെടുന്നതിന് അനുവദിക്കുന്നില്ല. മറേറ കുട്ടിയാകട്ടെ സ്വമാതാവിൻെറ മാറിൽ സസുഖം തല ചായിച്ചിരിക്കുന്നു. ചിലപ്പോഴെല്ലാം അവൻ തലപൊക്കി തൻെറ ഏകധ്രുവനക്ഷത്രമായ മാതൃമുഖത്തേയ്ക്കു ഉററുനോക്കുന്നു; പുഞ്ചിരിതൂകുന്നു; പൂർണ്ണസമാധാനത്തിൽ വീണ്ടും തല ചായിക്കുന്നു. അവനെ യാതൊന്നും അലട്ടുന്നില്ല. അവൻ വഹിക്കപ്പെടുന്നതിനു സമ്മതിക്കുന്നു. വി. ഫ്രാൻസിസ് സാലെസ് പറയുന്നതുപോലെ "സ്വമാതാവു മനോജ്ഞമായ പൂന്തകടിയിൽക്കൂടിയോ കിഴക്കാംതൂക്കായ സ്ഥലങ്ങളിൽക്കൂടിയോ നടക്കുന്നതെന്ന് ആ കുട്ടി ഗൗനിക്കുന്നില്ല. അവളുടെ ഇടത്തുകയ്യിലോ വലത്തുകയ്യിലോ അവനെ എടുക്കുന്നതെന്നു നോക്കുന്നുമില്ല."

നമ്മുടെ സ്നേഹനാഥൻ നമ്മെ തൻെറ കരങ്ങളിൽ വഹിക്കുന്നതിനാഗ്രഹിക്കുന്നു. എന്നാൽ, നാം അവിടെ ഇരിക്കു

ന്നതിനു സമ്മതിക്കാതെ മല്ലിടുന്നു. കുരിശിൻെറ വി. യോഹന്നാൻ പറയുന്നതുപോലെ, ഈശോയുടെ കരങ്ങളിൽ "നാം കുഞ്ഞുകുട്ടികളെപ്പോലെതന്നെ പ്രവൎത്തിക്കുന്നു. നടന്നു ക്ഷീണിച്ചെന്നുകണ്ടു് മാതാക്കൾ എടുക്കുമ്പോൾ അവർ വലിയ സ്വരമുണ്ടാക്കുകയും കരയുകയും അവസാനം മാതാക്കളുടെ കയ്യിൽനിന്നും താഴെ ഇറങ്ങുകയും ചെയ്യുന്നു. എന്നാൽ, അവൎക്കു നടക്കുന്നതിനു സാധിക്കുന്നില്ല. മുമ്പോട്ടു പോകുന്നതിനു മാതാക്കളെ തടയുക മാത്രമാണവർ ചെയ്യുന്നതു്." നാം മുമ്പോട്ടും പുറകോട്ടും നോക്കുകയും നമ്മുടെ ദിവ്യനാഥൻെറ കരങ്ങളിൽനിന്നും പിടി വിട്ടുവിക്കുന്നതിനു ശ്രമിക്കുകയും ചെയ്യുന്നു. ഇപ്രകാരം നമുക്കുതന്നെ നാശം വരുത്തിക്കൂട്ടുന്നു. അവിടുന്നു നമ്മെ വഹിക്കുന്നതിനു നാം അനുവദിക്കുന്നില്ല. അങ്ങേ പരിശുദ്ധാത്മാവിനോടുള്ള നമ്മുടെ ഈ എതിൎപ്പു് ഏതെല്ലാം തരത്തിൽ രൂപമെടുക്കുന്നു! കഴിഞ്ഞുപോയ തിന്മയിൽനിന്നു നന്മയുളവാക്കുന്നതിനും ഇപ്പോൾ വിശുദ്ധിയുടെ പാത നമുക്കായി തുറക്കുന്നതിനും അവിടുത്തേയ്ക്കറിയാം. തൻെറ അതിരററ കാരുണ്യത്താൽ ഭാവിയിൽ നമ്മുടെ പൂൎണ്ണതയ്ക്കാവശ്യകമായവയെല്ലാം അവിടുന്നു നമുക്കായി ഒരുക്കുകയും ചെയ്യുന്നു. നമ്മുടെ ദിവ്യരക്ഷകൻ ഒരിക്കൽ ഒരു വിശുദ്ധാത്മാവിനോടു പറഞ്ഞു: 'നീ എൻെറ ഹൃദയത്തിൽ ശയിക്കുക, ഞാൻ നിൻെറ ഹൃദയത്തിലും ശയിക്കാം." അവിടുന്നു് അദൃശ്യമായ ശക്തിയോടേ "അവൾക്കു് ഇഷ്ടമാകുന്നതുവരെ എൻെറ പ്രിയയെ ഉണൎത്തേണ്ടാ" (പാട്ടു്. 3: 5) എന്നു പറയുന്നതായും പ്രസ്തുതാത്മാവിനു തോന്നി. തന്നെ സ്നേഹിക്കുന്നവനും തൻെറ സ്നേഹിതനാകുവാൻ അഭിലഷിക്കുന്നവനും നമ്മുടെ ദിവ്യനാഥൻ നൂറിരട്ടിയായി പ്രതിസമ്മാനം നല്കുന്നു. വി. ഇഗ്നേഷ്യസു പറയുന്നു: "തൻെറ നാഥനായ സ്രഷ്ടാവിൽ സമാശ്രയിക്കുന്നവനു് ആവശ്യകമായ പ്രസാദവരം നല്കപ്പെടുന്നു." ആകയാൽ, നാം നമ്മുടെ രക്ഷകൻെറ കരങ്ങളിൽ വിശ്രമിക്കുകയോ അവനോടുകൂടി സ്വാത്മനിഗ്രഹവും പരിത്യാഗവുമാകുന്ന വൈഷമ്യമേറിയ മാൎഗ്ഗങ്ങളിൽ പ്രയത്നിക്കുകയോ ചെയ്യുമ്പോൾ നമുക്കു സമാധാനമനുഭവിക്കാൻ സാധിക്കും. എല്ലാ സൽപ്രവൃത്തികളും ചെയ്യുന്നതിനു

നമുക്കു ധൈര്യവും വർദ്ധിക്കും. അങ്ങയാൽ വഹിക്കപ്പെടുന്നതിനു നാം യോഗ്യരാകും. അവസാനം അവിടുത്തെ ദിവ്യകരങ്ങളിൽ ഉറങ്ങുമ്പോൾ നമ്മുടെ നിത്യവസതിയായ സ്വർഗ്ഗത്തിലേയ്ക്കു നാം പ്രവേശിക്കും.

# അദ്ധ്യായം 21.

## നമ്മുടെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും ഈശോയുടെ തിരുച്ചിത്തത്തിനു വിധേയമാക്കുക.

ഈലോകത്തിലുള്ള സകലതും വെറും ബാലിശങ്ങളാകുന്നുവെന്നു വി. ഫ്രാൻസിസ് സാലെസ് പറയുന്നു. അദ്ദേഹത്തിൻെറ വാക്കുകൾ കേട്ടാലും: "നമ്മുടെ ജീവിതത്തിൻെറ സായാഹ്നത്തിൽ നാമെത്തുമ്പോൾ, നമ്മുടെ കുട്ടിക്കാലത്തു നാം വളരെ ബുദ്ധിമുട്ടി മൺഭവനങ്ങൾ പണിയുകയും അവ തകർന്നു പോയപ്പോൾ അതീയായി വിലപിക്കുകയും ചെയ്തിരുന്നതിനെ എത്ര ബാലിശമായി ഗണിക്കുമോ അപ്രകാരം ഈലോകവസ്തുക്കളെ നാം പരിഗണിക്കും. നമ്മുടെ സ്വർഗ്ഗീയപിതാവിൻെറ ഭവനത്തിലെത്തുമ്പോൾ നാം സുരക്ഷിതരായിരിക്കും." ദൈവത്തേയും അവിടുത്തെ തിരുച്ചിത്തത്തേയും ശുശ്രൂഷയേയും അല്ലാതെ മററു യാതൊന്നിനേയും വിലമതിക്കാതിരിക്കുന്നതിന് ഈ വിശുദ്ധൻ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിലെ എല്ലാ സംഭവങ്ങളിലും ഈശോ സന്നിഹിതനാകുന്നുവെന്നു കാണിച്ചുകൊണ്ടും, നമുക്കു സംഭവിക്കുന്ന സകലതിലും എപ്രകാരം ഈശോയെ കാണുവാൻ സാധിക്കും എന്നു പഠിപ്പിച്ചുകൊണ്ടും, ദൈവത്തോടുള്ള ഐക്യത്തിലേയ്ക്കു നമ്മെ നയിക്കുന്നതിന്, ക്രിസ്ത്വാനുകരണത്തിൽ പറയുന്നതുപോലെ, "സകല സൃഷ്ടികളും നമുക്കു ജീവിതത്തിൻെറ കണ്ണാടിയും വിശുദ്ധിയുടെ പുസ്തകവും ആയിരിക്കേണ്ടതാണ്."

## I നമ്മുടെ ജീവിതത്തിലെ സകല സംഭവങ്ങളിലും ഈശോയുടെ സാന്നിദ്ധ്യമുണ്ട്.

വളരെ ഭക്തരെന്നു നടിക്കുന്ന ആത്മാക്കളിൽപ്പോലും ഒരുവക നാസ്തികത്വം കാണുന്നുണ്ട്. സക്രാരിയിൽ നാം ദൈവത്തെ കാണുന്നു. എന്നാൽ, ബാഹ്യലോകത്തിലോ ജനസമൂഹത്തിലോ മനുഷ്യഹൃദയത്തിലോ നാം ദൈവത്തെ കാണുന്നില്ല. എങ്കിലും സകലത്തേയും സൃഷ്ടിച്ച നാഥൻ അവിടുന്നാകുന്നു. "ഞാൻ പ്രകാശത്തെ ഉണ്ടാക്കുകയും അന്ധകാരത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. ഞാൻ സമാധാനം ഉണ്ടാക്കുകയും അസമാധാനം ഉളവാക്കുകയും ചെയ്യുന്നു. ഇവയെല്ലാം ചെയ്യുന്ന കർത്താവു ഞാനാകുന്നു" (ഏശ. 44: 24). ദൈവം അനുവദിക്കാത്തപക്ഷം യാതൊരു സൃഷ്ടിക്കും ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. യുക്തി ഈ സത്യത്തെ പ്രസ്പഷ്ടമാക്കുകയും വിശ്വാസം ഉറപ്പിക്കുകയും ചെയ്യുന്നു. ഇഗ്നേഷ്യസു പുണ്യവാൻ പറയുന്നു: "സത്തയാലും (Essence) സാന്നിദ്ധ്യത്താലും ശക്തിയാലും നമ്മുടെ കർത്താവായ ദൈവം സർവ്വസൃഷ്ടികളിലും സന്നിഹിതനാകുന്നു."

ദൈവത്തെമാത്രം സംബന്ധിക്കുന്ന കാര്യങ്ങളിലും അവിടുത്തോടു സംസാരിക്കുമ്പോഴും അവിടുത്തെക്കുറിച്ചു ധ്യാനിക്കുമ്പോഴും ഈ സത്യം ഇപ്രകാരംതന്നെയായിരിക്കണമെന്നു നാം സമ്മതിക്കുന്നു. എന്നാൽ, പ്രായോഗികജീവിതത്തിൽ നാം അതിനെ ആദരിക്കുന്നില്ല.

സൃഷ്ടികളുടെ മനസ്സാകുന്ന തിരശ്ശീലയ്ക്കുള്ളിലോ ലൗകികസംഭവങ്ങളാകുന്ന മേഘങ്ങൾക്കുള്ളിലോ മറഞ്ഞു ദൈവം നമ്മുടെ പക്കൽ വരുമ്പോൾ നമ്മുടെ ഹൃദയം അസ്വസ്ഥമാവുകയും നമ്മുടെ മനസ്സു കലങ്ങുകയും ചെയ്യുന്നു. നമ്മുടെ "കുരിശു"കളെന്നു നാം വിളിക്കുന്ന നിസ്സാരകാര്യങ്ങളായ അവമാനങ്ങളിലും ചതികളിലും നിർഭാഗ്യങ്ങളിലും മററു നിസ്സാരതിന്മകളിലും നമ്മുടെ നല്ല ദൈവത്തിൻെറ പരിപാലന ദർശിക്കുന്നതിനു നമുക്കു സാധിക്കുന്നില്ല.

എങ്കിലും വി. ഇഗ്നേഷ്യസു പറയുന്നതുപോലെ, "എല്ലാ

സൃഷ്ടവസ്തുക്കളിലും എനിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു" ദൈവമാകുന്നു — ഗുണനിധിയായ ദൈവമാകുന്നു. കല്പനയാലോ അനുവാദത്താലോ നിരോധനത്താലോ ശിക്ഷയാലോ താൻ മനസ്സാകുന്നതെല്ലാം ഓരോ സൃഷ്ടിയേയും അതതിൻെറ നന്മയ്ക്കായും ഓരോരുത്തനേയും അവനവൻെറ സമ്പ്രദായം, പ്രാപ്തിസ്ഥാനം മുതലായവ അനുസരിച്ചും പ്രവർത്തിക്കുന്നതിനു പ്രേരിപ്പിക്കുന്ന ദിവ്യശക്തിയാകുന്നു ദൈവം. വി. പൗലോസ് ശ്ലീഹായെ ശ്രവിച്ചാലും: "ദൈവത്തിൻെറ ഇഷ്ടം ഇതാകുന്നു; നിങ്ങളുടെ വിശുദ്ധി" (തെസ. 4: 3).

നമ്മുടെ ദിവ്യരക്ഷകൻ നമുക്ക് ഓരോരുത്തക്കുംവേണ്ടി ലോകത്തിൽ ജീവിച്ചു എന്നും തൻെറ പരിശുദ്ധ ജീവിതം നാമോരോരുത്തരുടേയും എളിയ ജീവിതത്തിൽ തുടൎന്നുകൊണ്ടിരിക്കുന്നു എന്നും നാം അനുസ്മരിക്കണം. ഇപ്രകാരം അവിടുന്നു മനസ്സാകുകയും നമ്മെക്കുറിച്ചുള്ള തൻെറ പരമപിതാവിൻെറ ഇഷ്ടം പൂർത്തിയാക്കുകയും ചെയ്യുന്നു. തൻെറ പിതാവ് എന്നിൽ നിന്നു് ആവശ്യപ്പെടുന്നതു് ഒക്കെയ്ക്കും എനിക്കുവേണ്ടി അവിടുന്നു സമ്മതം നല്കിയിരിക്കുന്നു. ഇന്നു ഞാൻ രോഗിയായാലും പ്രതികൂലിക്കപ്പെട്ടാലും പരീക്ഷിക്കപ്പെട്ടാലും വൈഷമ്യത്തിലും പരാജയത്തിലും സകലവിധ പരീക്ഷകളിലും അകപ്പെട്ടാലും ശരി, ദൈവത്തിൻെറ മഹനീയവും സ്നേഹപൂർണ്ണവുമായ തിരുമനസ്സ് ഈശോ വഴി എന്നിൽ നിറവേറുന്നു. ഇനിയും ഒന്നുമാത്രമേ ഞാൻ ചെയ്യേണ്ടതായിട്ടുള്ളു — ഈശോ തൻെറ കഷ്ടാനുഭവത്തിൽ എപ്രകാരം തന്നെത്തന്നെ പരിത്യജിച്ചോ വി. കുർബാനയിൽ എപ്രകാരം ഇപ്പോഴും പരിത്യജിക്കുന്നുവോ അപ്രകാരം എന്നെത്തന്നെ പരിത്യജിക്കുക എന്നതുമാത്രം.

നമുക്കു വന്നുഭവിക്കുന്നവയെല്ലാം ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും കൂടുതൽ സ്നേഹിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളായി നാം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഒരു പക്ഷിക്കുഞ്ഞിനു കൊടുക്കുന്ന ധാന്യത്തിൻെറ ഉമി അതു പൊളിച്ചുകളയുകയും ധാന്യംമാത്രം അതു തിന്നുകയും ചെയ്യുന്നു. നാമാകട്ടെ പലപ്പോഴും ഇതിനു വിപരീതമായിട്ടത്രെ പ്രവർത്തിക്കുന്നതു്. പുറമെ കാണുന്നതിനെ നാം അധികം ഇഷ്ടപ്പെടുന്ന

തിന്നാൽ ഉള്ളിലിരിക്കുന്ന ഫലം നമുക്കു നഷ്ടമാകുന്നു. പണ്ഡിതനും ധന്യാത്മാവുമായ റൊഡ്രീഗ്വസ് പറയുന്നത്, പ്രയാസങ്ങളും പ്രതിബന്ധങ്ങളും ഉണ്ടാകുമ്പോൾ നാം ഏറുകൊണ്ട നായെപ്പോലെ പ്രവൎത്തിക്കുന്നുവെന്നാണ്. എറിഞ്ഞ ആളിനെ നോക്കാതെ ആ ജന്തു അതിൻെറ ദേഹത്തുകൊണ്ട കല്ലെടുത്തു കടിക്കുന്നു. പട്ടിയുടെ പല്ലിനു കേടുപററുന്നു എന്നുമാത്രമാണു ഫലം. സാലെസു പുണ്യവാൻ പറയുന്നു: "നാമേവരും ഉന്നം വെയ്ക്കേണ്ട ജീവിതാദൎശത്തിൻെറ — പരിപൂൎണ്ണതാലക്ഷ്യത്തിൻെറ — രഹസ്യം ഇപ്പോൾ നിങ്ങൾക്കു വെളിപ്പെടുത്താം. ദൈവതിരുച്ചിത്തം എന്തെന്നു കണ്ടുപിടിക്കുക. തദനുസാരം സന്തോഷത്തോടേ, കുറഞ്ഞപക്ഷം ധൈൎയ്യത്തോടേ എങ്കിലും പ്രവൎത്തിക്കുക. ഈ ദൈവേഷ്ടത്തെ സ്നേഹിക്കുക. യാതൊന്നും ഗോപനം ചെയ്യാതെ തങ്ങളെത്തന്നെ പൂൎണ്ണമായി തനിക്കു സമൎപ്പിക്കുന്ന ആത്മാക്കളുടെ നന്മയ്ക്കായി നമ്മുടെ ദിവ്യരക്ഷകൻ അവരുടെ ജീവിതത്തിലേ സകല സംഭവങ്ങളും ക്രമപ്പെടുത്തുന്നു.

## II എല്ലാക്കാൎയ്യങ്ങളിലും നാം എപ്രകാരം ഈശോയെ കാണും.

ഒരു ഭക്താത്മാവു പറയുന്നു: "തൻെറ തിരുമനസ്സിനോടു പരിപൂൎണ്ണയോജിപ്പുള്ള ഒരാത്മാവിനു നമ്മുടെ കൎത്താവു തുടൎച്ചയായി തന്നെത്തന്നെ നല്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുതാത്മാവു ദിവസംപ്രതി രാവിലെ വി. കുൎബ്ബാനവഴിയായി മാത്രമല്ല, നിമിഷംപ്രതി നിസ്സാരങ്ങളായ സന്തോഷങ്ങളും ദുഃഖങ്ങളും മററുള്ളവരുമായുള്ള പെരുമാററങ്ങളും വഴിയായും തന്നെ സ്വീകരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ഒരിക്കൽ, വലിയ നോമ്പിൻെറ ആരംഭത്തിൽ ഒരു വിസിറേറഷൻ കന്യകാലയത്തിൻെറ അധിപ, സഹോദരികളോടിപ്രകാരം പറഞ്ഞു: "എല്ലാക്കാൎയ്യങ്ങളും നമ്മുടെ സ്നേഹനിധിയായ ദിവ്യരക്ഷകൻെറ തൃക്കരങ്ങളിൽനിന്നു വരുന്നതുപോലെ നമുക്കു സ്വീകരിക്കാം. എല്ലായിടത്തും നമുക്ക് അവിടുത്തെ ദൎശിക്കാം.

നമുക്കു സംഭവിക്കുന്നവയിലെല്ലാം ഈശോ മറഞ്ഞിരിപ്പുണ്ടായിരിക്കും. അവയെല്ലാം നമുക്കു സ്നേഹത്തിൻെറ രഹസ്യങ്ങളും കടന്നുപോകുന്ന വിനാഴികയിലേ 'ക്രൂശാ'യും നിരന്തരമായ ദിവ്യകാരുണ്യസ്വീകരണവും അനന്തമായ വിരുന്നും ആയിരിക്കണം. സൃഷ്ടവസ്തുക്കൾ നമുക്കു തിരോഭൂതങ്ങളായി ബ്ഭവിക്കയും നിഴലുകൾ നമ്മിൽനിന്നും അകന്നുപോകയും ചെയ്യട്ടെ. നമ്മുടെ സ്വാതന്ത്ര്യജീവിതത്തിൻെറ പ്രകാശത്തിൽ നമുക്കു സകലതും സ്പഷ്ടമായിക്കാണാം. അപ്പോൾ ദിവ്യസ്നേഹത്തിൻെറ സമൃദ്ധമായ മാധുര്യം നമുക്കാസ്വദിക്കാം." വാസ്തവത്തിൽ ഇതാകുന്നു സൃഷ്ടികളിൽക്കൂടി സ്രഷ്ടാവിനെ ദർശിക്കുക എന്നതു്. "എല്ലാററിലും ദൈവത്തേയും ദൈവത്തിൽ എല്ലാററിനേയും ദർശിക്കുന്നതിനു നമ്മെ പ്രാപ്തരാക്കുന്ന സ്വർഗ്ഗീയ പ്രകാശത്തിൻെറ രശ്മിയാകുന്നു വിശ്വാസം" എന്നാണു വി. ഫ്രാൻസിസ് സാലെസു പറയുന്നതു്.

ഇപ്രകാരം നമ്മുടെ ദിവ്യരക്ഷകനെ നാം ദർശിക്കുകയും ഓരോരുത്തരും ദൈവികാഹ്വാനത്തിന് അനുസരണമായി അവനോടുകൂടി പ്രവർത്തിക്കുന്നതിനു പഠിക്കുകയും ചെയ്യുമ്പോൾ എല്ലാം ഒന്നുപോലെ നല്ലതായി നമുക്കു കാണപ്പെടും. മോൺ. ഗേ പറയുന്നു: "നാം അല്പന്മാരോ ബഹുമാന്യരോ കല്പിക്കുന്നവരോ അനുസരിക്കുന്നവരോ ആയിരിക്കട്ടെ; താഴ്ത്തപ്പെട്ടവരോ വിസ്മരിക്കപ്പെട്ടവരോ ആകട്ടെ; ജോലിത്തിരക്കുള്ളവരോ ധാരാളം സമയമുള്ളവരോ ആകട്ടെ; ധനികരോ ദരിദ്രരോ ആകട്ടെ; ഏകാകികളോ ആത്മസുഹൃത്തുക്കളോടുകൂടിയവരോ ആകട്ടെ; സ്വന്തം ഭാവി സ്പഷ്ടമായി കാണുന്നവരോ കാണാതെ വിഷമിക്കുന്നവരോ ആയിക്കൊള്ളട്ടെ; ആശ്വാസമുള്ളവരോ ആശ്വാസരഹിതരോ പരീക്ഷിതരോ ആയിരിക്കട്ടെ; രോഗികളോ സൗഖ്യമുള്ളവരോ അല്ലെങ്കിൽ അനേകവർഷങ്ങളായി രോഗശയ്യയിൽ കിടക്കുന്നവരോ ആയിരിക്കട്ടെ; നമ്മുടെ സഹോദരർക്കും സമുദായം മുഴുവനുംതന്നെയും നാമൊരു ഭാരമായിരിക്കട്ടെ; ദീർഘകാലം ജീവിക്കേണ്ടവരോ ഹ്രസ്വജീവിതം മാത്രമുള്ളവരോ - ഈ ക്ഷണത്തിൽത്തന്നെ മരിക്കേണ്ടവരോ ആയിരിക്കട്ടെ – എല്ലാം സസന്തോഷം സ്വീകരിക്കാം.

അന്യർ നമ്മെക്കാറം അധികം അനുഗ്രഹീതരാകുന്നെങ്കിൽ ദൈവത്തെപ്രതി നമുക്ക് അതിൽ സന്തോഷിക്കാം. ദൈവം നമുക്ക തരുവാൻ വിചാരിക്കുന്നിടത്തോളം മഹത്വമേ നാം പ്രാപിക്കുവാൻ അഭിലഷിക്കേണ്ടതുള്ളു. നമ്മുടെ ജീവിതം മുഴുവൻ ദൈവനിശ്ചയങ്ങളോടുള്ള സജീവമായ സമ്മതം മാത്രമായിരിക്കണം." ഇതിനാലത്രേ, തൻെറ പ്രത്യാശയുടെ ഇരിപ്പിടമായിരുന്ന സ്നേഹഭാജനം അന്ത്യശ്വാസം വിടുന്നതു കണ്ടപ്പോറം ഒരു വീരാത്മാവിന്, "എൻെറ ദൈവമേ, ഞാൻ ആഗ്രഹിച്ചതും ഇതുതന്നെ" എന്നു പറയുവാൻ സാധിച്ചത്.

ഈശോയുടെ ആഗ്രഹം തന്നെത്തന്നെ നമുക്ക നല്കണമെന്നതാണ്. നാം അവിടുത്തെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണു സകല സംഭവങ്ങളും. നാം തനിച്ചായാൽ — അങ്ങിൽനിന്ന് അകന്നാൽ — നമ്മുടെ വിശ്വാസം ദുർബലവും നമ്മുടെ പ്രത്യാശ പരിമിതവുമായി ബ് ഭവിക്കും. അങ്ങിൽനിന്നു നാം സ്വീകരിച്ചതു മുഴുവൻ തിരിച്ചുകൊടുക്കാൻ സാധിക്കുന്നതുവരെ ഒരു പരിശുദ്ധ ജീവിതത്താൽ ദൈവത്തെ പ്രസാദിപ്പിക്കുക എന്നതുമാത്രം നമുക്ക മതിയായിരിക്കുന്നു. ദൈവസ്നേഹത്താൽ ജ്വലിച്ചിരുന്ന ഒരാത്മാവ്, "ദൈവത്തിൽ എനിക്കു പൂർണ്ണ വിശ്വാസമുണ്ട്; ഞാൻ പൂർണ്ണമായി അങ്ങിൽ ആശ്രയിക്കുന്നു. എനിക്ക് എൻെറ രക്ഷകനുണ്ട്; അവൻ എനിക്കു മതിയായിരിക്കുന്നു. നമുക്ക് എല്ലായ്പ്പോഴും അവനെ നോക്കുകയും, എൻെറ രക്ഷകാ, ഞാൻ നിന്നിൽ വിശ്വസിക്കുന്നു എന്നു പറയുകയും ചെയ്യാം" എന്നു പലപ്പോഴും പറയുക പതിവായിരുന്നു.

വി. അമ്മത്രേസ്യാ പറയുന്നു: "എല്ലാക്കാര്യങ്ങളിലും അവിടുന്ന് എന്നെ സംരക്ഷിക്കുന്നു. എപ്രകാരം അവിടുത്തെ തൃപ്തിപ്പെടുത്തുവാൻ സാധിക്കും എന്നതു മാത്രമാണ് എൻെറ ഏക ചിന്ത." വി. ഇഗ്നേഷ്യസു പറയുന്നതിപ്രകാരമാണ്: "ദൈവത്തിൽമാത്രം ശരണപ്പെട്ടുകൊണ്ടും സകലത്തിലും അവിടുത്തേയ്ക്കു കീഴ്പെട്ടുകൊണ്ടും ദൈവത്താൽമാത്രം ഭരിക്കപ്പെടുന്നതിന് ആഗ്രഹിച്ചുകൊണ്ടും ഒരാത്മാവ് ഇപ്രകാരം സന്നദ്ധ

മാകുമ്പോൾ ദൈവത്തിൻെറ സ്വന്തമാവുക എന്ന ബഹുമതി അതിനു ലഭിക്കുന്നു. അവിടുന്നു തൻെറ വിശ്വസ്ത ശുശ്രൂഷയിൽ ആനന്ദിക്കുകയും തൻെറ ദിവ്യാശ്വാസങ്ങൾകൊണ്ടു് അവനെ നിറയ്ക്കുകയും തൻെറ ഉപരിമഹത്വത്തിനായി സദാ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ആദ്ധ്യാത്മികഫലങ്ങളെ ധാരാളമായി പുറപ്പെടുവിക്കുവാൻ അവനെ സഹായിക്കുകയും ചെയ്യുന്നു."

"ഈശോയേ, നീ ഇതാഗ്രഹിക്കുന്നെങ്കിൽ ഞാനും ഇതു തന്നെ ആഗ്രഹിക്കുന്നു. നീ ഇതാഗ്രഹിക്കുന്നില്ലെങ്കിൽ ഞാനും ആഗ്രഹിക്കുന്നില്ല" (വി. ഫ്രാൻസിസ് സാലെസ്).

# അദ്ധ്യായം 22.

## നമ്മുടെ സന്തോഷങ്ങളിൽ നമ്മെത്തന്നെ ഈശോയ്ക്കു സമർപ്പിക്കണം.

യഥാർത്ഥമായ സ്നേഹത്തിൻെറ ഗുണവും ഫലവും സന്തോഷമാകുന്നു എന്നു വി. തോമസ് അക്വീനാസ് പ്രസ്താവിക്കുന്നു. "ഒരു മിത്രം തൻെറ സ്നേഹിതനോടുകൂടി ഇരിക്കുന്നതിൽ ആനന്ദവും സന്തോഷവും കണ്ടെത്തുന്നു." ഇതിനാലാകുന്നു നമ്മുടെ സ്നേഹനാഥൻ ഒരിക്കൽ വി. മററിൽഡായോടു് "നീ എൻേറയും ഞാൻ നിൻേറയും ആനന്ദമാകുന്നു" എന്നു പറഞ്ഞതും. അവിടുന്നു വി. ജർത്രൂദിനോടു പറയുന്നു: "എനിക്കു നിന്നോടുള്ള സ്നേഹം കാരണത്താൽ എൻെറ എല്ലാ ആനന്ദത്തിലും നിന്നെ ഞാൻ ഭാഗഭാക്കാക്കുന്നു. നിന്നോടുകൂടിയല്ലെങ്കിൽ ഞാൻ യാതൊരാനന്ദവും അനുഭവിക്കുന്നില്ല." നമ്മുടെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നതിനു പര്യാപ്തങ്ങളായവയെല്ലാം നാം ശിശുസഹജമായ നിഷ്കളങ്കതയോടും പ്രസന്നതയോടുംകൂടി ഈശോയ്ക്കു സമർപ്പിക്കുന്നുവെങ്കിൽ, അതു്, നാം അവിടുത്തെ നന്നായി അറിയുന്നുവെന്നതിനു് ഉത്തമലക്ഷണമാണു്,

## I നമ്മുടെ സന്തോഷങ്ങളെ ഈശോയ്ക്കു സമർപ്പിക്കണം.

നമ്മുടെ ദിവ്യരക്ഷകൻെറ പരിശുദ്ധ ഹൃദയത്തിനു രണ്ടു വശങ്ങളുണ്ട്. ഒന്നു ദാനം ചെയ്യാനുള്ളത്; മററേതു ദാനം സ്വീകരിക്കാനുള്ളത്. ഈശോയുമായുള്ള ജീവിതൈക്യം പ്രാപിക്കുക എന്ന ആദർശത്തെ നിഷേധിക്കുന്ന ജാൻസനിസ്ററുകാരും മററും അവിടുത്തേ പരിശുദ്ധ ഹൃദയത്തിൻെറ സ്വീകരിക്കാനുള്ള വശത്തെ അടച്ചുകളയുകയും ദാനംചെയ്യുന്ന വശത്തെ മാത്രം തുറന്നിടുകയും ചെയ്യുന്നു. ബോസ്വേ പറയുന്നതുപോലെ "സ്നേഹവും കരുണയും ദൈവികജ്ഞാനത്തിനു സ്വാഭാവികമാണെ"ന്നുള്ളതു വിസ്മരിച്ച്, ദൈവശുശ്രൂഷയിൽ സദാ ഭയവിഹ്വലരായി വർത്തിക്കുന്നതിന് അവർ നമ്മെ പഠിപ്പിക്കുന്നു. തൽഫലമായി ഭക്തി അന്ധകാരമയവും മ്ലാനവുമായ രൂപമെടുക്കുന്നു. ഇതിനെ വി. ഫ്രാൻസിസ് സാലെസ് ഫലിതപൂർവ്വം, അതേസമയം ശക്തിയുക്തം, അപലപിക്കുന്നു. ഭക്തിപരമായ പലേ പുസ്തകങ്ങളും അപ്രായോഗികമായ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ഇങ്ങനെ പുണ്യപൂർണ്ണത മുഴുവൻ സന്യാസികൾക്കു മാത്രമുള്ളതായും ബാഹ്യലോകം മുഴുവൻ ദുഷ്ടതയുടെ ഭീകരഗർത്തമായും പരിഗണിക്കപ്പെടുന്നതിനിടയാകുന്നു. തൽഫലമായി ഈ ഭക്തിയെ ജനങ്ങൾ വെറുക്കുന്നു. ചുരുക്കം ചില ധീരാത്മാക്കൾ ഭക്തിയുടെ വിഷമതരമായ പാതയിൽക്കൂടി ആരോഹണം ചെയ്യുന്നതിനു ശ്രമിച്ചാൽത്തന്നെയും "കുററിക്കാടുകളിൽക്കൂടി അലഞ്ഞുനടന്നു കല്ലിൽ കാലു തല്ലിയ മനുഷ്യനെപ്പോലെ അവർ സന്തപ്തചിത്തരായും നിരുത്സാഹരായും ശീഘ്രം മലമുകളിൽനിന്നും താഴെയിറങ്ങുന്നു" (ഫാ. ഫേബർ).

വി. ബസീലിയോസ് പിശാചിനെ 'വിഷാദത്തിൻെറ ദൂതൻ' എന്നു വിളിക്കുന്നു. ദുഷ്ടാരൂപി അന്യരുടെ ദുഃഖത്തിൽ സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവൻതന്നെ ദുഃഖിതനും സദാ വിഷാദഭരിതനുമാകുന്നു; നിത്യം അപ്രകാരമായിരിക്കുകയും ചെയ്യും. ആകയാൽ, എല്ലാവരും തന്നെപ്പോലെയാകുന്നതിന് അവൻ ഇച്ഛിക്കുന്നു" (വി. ഫ്രാൻസിസ് സാലെസ്).

പാപങ്ങളിൽനിന്നു വിശുദ്ധീകരിക്കപ്പെടുന്നതിനും ദൈവശുശ്രൂഷയിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും നാം ആഗ്രഹിക്കുന്നെങ്കിൽ വി. ഇഗ്നേഷ്യസിൻെറ വാക്കുകളെക്കുറിച്ചു ചിന്തിക്കാം: "ദൈവമോ അവിടുത്തെ ദൂതന്മാരോ ഒരാത്മാവിൽ പ്രവൎത്തിക്കുമ്പോഠം അതിനെ യഥാൎത്ഥമായ സന്തോഷത്താലും ആദ്ധ്യാത്മികാനന്ദത്താലും നിറയ്ക്കുക അവരുടെ സ്വഭാവമാകുന്നു. നേരെമറിച്ച് ഈ ആനന്ദത്തോടു പോരാടുക ശത്രുവിൻെറ സ്വഭാവമാകുന്നു." ആനന്ദം പരിശുദ്ധാത്മാവിൻെറ ദാനങ്ങളിലൊന്നാകുന്നു" (ഗലാ. 5: 22). അതു സ്നേഹത്തെ അനുഗമിക്കുന്നു. എന്തുകൊണ്ടെന്നാൽ, ആനന്ദം സ്നേഹത്തിൻെറ കിരണസ്ഫുരണമാകുന്നു. അതു സ്നേഹത്തിൻെറ മന്ദസ്മിതമാകുന്നു എന്നും പറയാവുന്നതാണ്. വി. തോമസ് അക്വീനാസ് പറയുന്നു: "സ്നേഹിക്കുന്നതിനുള്ള കടമയോടു കൂടിക്കലൎന്ന ഒരു കടമതന്നെയാണ് ആനന്ദിക്കുകയെന്നതും. സ്നേഹിക്കപ്പെടുന്ന ആളിൻെറ സാന്നിധ്യത്തിൽ സംതൃപ്തിയടയുന്ന സ്നേഹത്തിൻെറ ഫലമാകുന്നു ആനന്ദം." മോൺ. ഗേയുടെ വാക്കുകളും പ്രകൃതത്തിൽ സ്മൎത്തവ്യമാണ്: "നാം സന്തോഷം അന്വേഷിക്കുമ്പോഠം ദൈവത്തെ അന്വേഷിക്കുന്നു. നാം സന്തുഷ്ടരായിരിക്കുമ്പോഠം ദൈവത്തോടു നീതിപൂൎവ്വം പ്രവൎത്തിക്കുന്നു. എന്തുകൊണ്ടെന്നാൽ, 'എൻെറ നുകം മാധുൎയ്യമുള്ളതും എൻെറ ചുമടു ലഘുവുമാകുന്നു' എന്ന സത്യത്തെയാണ് ഇതു പ്രഖ്യാപനം ചെയ്യുന്നത്. മാത്രമല്ല, ദൈവത്തെ ശുശ്രൂഷിക്കുന്നവരുടെ ആനന്ദത്തോടു തുലനം ചെയ്യത്തക്ക ആനന്ദം വേറെയില്ല എന്ന വസ്തുതയെ ഇതു സ്പഷ്ടമാക്കുകയും ചെയ്യുന്നു."

ഭക്തി പ്രിയംകരവും ആനന്ദപ്രദവുമാക്കുന്നതിനു വി. ഫ്രാൻസിസ് സാലെസ് വളരെ പരിശ്രമിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, നന്മപ്രവൃത്തികഠം ദുഷ്കരവും പ്രയോജനരഹിതവുമായി പിശാചു ചിത്രീകരിക്കും. പക്ഷേ, ആ പ്രവൃത്തികളെ ഉപേക്ഷിക്കാതെ പിശാചിനെ ജയിക്കണം. ഇതിനുള്ള മാൎഗ്ഗം അദ്ദേഹം ഉപദേശിക്കുന്നു: "സ്വൎഗ്ഗത്തിലേയ്ക്കുള്ള പാതയിൽക്കൂടി സദാ സന്തോഷത്തോടെ സഞ്ചരിക്കുക. നിൻെറ ആത്മാ

വിന്നേയും ഹൃദയത്തേയും പരിശുദ്ധമായ ആനന്ദത്തിൽ — സ്നേഹാനുകമ്പാസമന്വിതവും നിയന്ത്രിതവുമായ ആനന്ദത്തിൽ — സംരക്ഷിക്കുക. ആരെങ്കിലും നിന്നോട് അനുകമ്പയും സ്നേഹവും കാണിക്കുന്നെങ്കിൽ അതു ദൈവതിരുച്ചിത്തമെന്നു വിചാരിച്ച് ഈ അല്പാശ്വാസത്തിനായി അവിടുത്തോടു നന്ദി പ്രദർശിപ്പിക്കുക."

ഈശോയെ നമ്മുടെ ആത്മാവിലും അവിടുന്നു നമുക്കയയ്ക്കുന്ന എല്ലാററിലും ദശിച്ചുകൊണ്ടു നമ്മുടെ സന്തോഷത്തെ നമുക്കു വിശുദ്ധീകരിക്കാം. താൻ ചെയ്യാൻ നിർബന്ധിതമായ ശരീരസംരക്ഷണത്തെ വി. ത്രേസ്യാ ദൈവത്തിന് ഒരു ബലിയായി സമപ്പിച്ചു. പാസ്സിയിലേ വി. മറിയം മഗ്ദലേനാ ആശ്രമപ്പൂന്തോപ്പിൽച്ചെന്ന് ഒരു പുഷ്പം പറിച്ചു മണത്തു. ഉടൻ അലൗകികമായ ആനന്ദത്തിൽ ലയിച്ചു. അവരം ഇപ്രകാരം വിളിച്ചുപറഞ്ഞു: "എൻെറ ഈശോയേ, നീ എത്ര നല്ലവൻ. അനാദിമുതൽ എന്നെപ്പോലുള്ള ഒരു പാപിനിയുടെ ഹൃദയത്തെ ആനന്ദിപ്പിക്കുന്നതിനായി ഈ പുഷ്പത്തെ നീ നിയോഗിച്ചിരുന്നല്ലോ". വി. ജർത്രൂദ പനി നിമിത്തം ക്ഷീണഗാത്രയായിക്കിടന്നപ്പോരം ഒരു കുല മുന്തിരിങ്ങാപ്പഴം കാണുകയിൽ ശിശുസഹജമായ നിഷ്കളങ്കതയോടേ "തന്നിൽ രോഗപീഡിതനായിരിക്കുന്ന ഈശോയുടെ ദാഹം തീക്കുന്നതിനായി" അതിനെ ആവശ്യപ്പെട്ടു. നമ്മുടെ സന്തോഷങ്ങളിലെല്ലാം നമ്മുടെ കത്താവിനെക്കൂടി നാം ഭാഗഭാക്കാക്കിയിരുന്നെങ്കിൽ അവ വദ്ധിക്കുകയും നമ്മുടെ ആനന്ദം വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുമായിരുന്നു.

നമ്മുടെ അല്പസന്തോഷങ്ങരം നമ്മിൽ അഹംഭാവത്തെ പുലത്താതെ നമ്മുടെ ദിവ്യനാഥൻെറ ഹൃദയത്തിലേയ്ക്കു നമ്മെ ആകഷിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, നമ്മുടെ സന്താപങ്ങളും, ബോസ്വേ പറയുന്നതുപോലെ, ഈശോയുടെ കുരിശിലേ സന്താപങ്ങരം എപ്രകാരം സന്തോഷമായിപ്പകൻവോ, അപ്രകാരം സന്തോഷമായിത്തീരണം.

## II നമ്മുടെ പുണ്യയോഗ്യതകളെ ഈശോയ്ക്കായി പരിത്യജിക്കണം.

വി. ഇഗ്നേഷ്യസ് പറയുന്നു: "ആനന്ദം തീക്ഷ്ണതയുള്ള ആത്മാക്കൾക്കുള്ളതാകുന്നു. അലസത, ദിവ്യാനുഗ്രഹങ്ങൾക്ക് അയോഗ്യവും അസംതൃപ്തമായ ജീവിതത്തിന്റെ മാതാവുമാകുന്നു." നമ്മുടെ പുണ്യയോഗ്യതകളാണ് ആത്മാവിന്നു് ആനന്ദം ഉളവാക്കുന്നതു്. മററുള്ളവയെല്ലാം "മുൾച്ചെടികളുടെയിടയിൽനിന്നു തേൻ നുകരുന്നതുപോലെ ക്ലേശകരങ്ങളാണ്." എന്നാൽ, യഥാർത്ഥമായ സന്തോഷങ്ങളിൽ നാം ദിവ്യാനന്ദപ്രവാഹത്താൽ ഉന്മത്തരാക്കപ്പെടുന്നു" (വിശുദ്ധ മററിൽഡാ). പുണ്യസമ്പന്നനായിരിക്കുക, വലിയ യോഗ്യതകളാൽ അലംകൃതനായിരിക്കുക ഇവ ഈശോയ്ക്കു് അപാരമായ ആനന്ദം പ്രദാനം ചെയ്യുന്നവയാണ്. സ്വർഗ്ഗത്തിൽ, മനുഷ്യനായ ദൈവപുത്രൻ തന്റെ സ്നേഹിതരുടെ ആനന്ദത്തിൽ പങ്കുകൊള്ളുന്നു. കന്യകാമാതാവു തന്നെ ആലിംഗനം ചെയ്തപ്പോഴും ബ്രഹ്മചാരിയായ വി. യോഹന്നാൻ നിർമ്മലഹൃദയത്തിന്റെ സ്നേഹം തനിക്കു സമർപ്പിച്ചപ്പോഴും മഗ്ദലേനായുടെ പരിശുദ്ധമായ സ്നേഹം താൻ സ്വീകരിച്ചപ്പോഴും അനുഭവപ്പെട്ടിരുന്ന ആനന്ദം ഇപ്പോഴും അവിടുന്നനുഭവിക്കുന്നുണ്ട്. ഞാൻ ഏററം നിസ്സാരമായ ഒരു പുണ്യപ്രവൃത്തി ചെയ്യുമ്പോൾ അവിടുന്നു് അതിനെ കാണുകയും തന്റെ തിരുഹൃദയത്തെ എന്നിലേയ്ക്കു് അടുപ്പിക്കുകയും എന്നെ കൂടുതലായി തന്റെ സ്വന്തമാക്കുകയും ചെയ്യുന്നു.

ആകയാൽ, ഈശോയെപ്രതി ഈ നിധികളെല്ലാം സന്തോഷസമന്വിതം ഞാൻ പരിരക്ഷിക്കണം. എങ്കിലും എന്റെ പ്രവാസജീവിതത്തിൽ അവയെക്കുറിച്ചു ന്യായ്യമായി എനിക്കു സന്തോഷിക്കുകയും ചെയ്യാം. ദൈവം തന്നെത്തന്നെ ദർശിക്കുന്നു. ഈ ദർശനമാകുന്നു അവിടുത്തെ ആനന്ദം. "വിശുദ്ധരുടെ പുണ്യയോഗ്യതകളെല്ലാം ദൈവദാനമാണ്. അവിടുത്തെ ഒരു വിശ്വസ്തഭൃത്യൻ 'ഞാൻ ഒരു പുണ്യവാനാകുന്നു' എന്നു പറഞ്ഞാൽ, അതു കൃതജ്ഞതയുള്ള ഒരാത്മാവിന്റെ

ഏററം പറച്ചിലായിരിക്കും. നമ്മുടെ മനസ്സിനെ ദൈവത്തിങ്കലേയ്ക്കുയത്തുന്നതു ദൈവത്തിനെതിരായിട്ടുയത്തുകയല്ല. 'ഞാൻ എൻെറ ശക്തിയാൽ ഒരു പുണ്യവാനാകുന്നു' എന്നു നീ പറയുന്നപക്ഷം നീ അഹങ്കാരിയും ഉദ്ധതനുമാകുന്നു. 'ഞാൻ ഒരു പുണ്യവാനല്ല' എന്നു നീ പറയുന്നപക്ഷം നീ ദൈവവരപ്രസാദത്തോടു കൃതഘ്നതയാണു കാണിക്കുന്നത്. ആകയാൽ, ദൈവദാനങ്ങൾ നിനക്കുണ്ടെന്നു നീ സമ്മതിക്കുക. എന്നാൽ, അവ നിന്നിൽനിന്നു പുറപ്പെടുന്നവയല്ലെന്നു നീ ഏററുപറയുകയും ചെയ്യുക. അപ്പോൾ നീ അഹങ്കാരിയോ കൃതഘ്നനോ ആയിരിക്കുകയില്ല" (വി. ആഗുസ്തീനോസ്).

എന്നിരുന്നാലും സാധാരണമായി "വിശുദ്ധാത്മാക്കൾ തങ്ങൾ ചെയ്യുന്ന നന്മകളെ കാണുകയും അനന്തരം വിസ്മരിക്കുകയും ചെയ്യുന്നു" എന്നു മഹാനായ വി. ഗ്രിഗരി പറയുന്നു. "തേനീച്ചകൾ നിശ്ശബ്ദതയിലും വിജനപ്രദേശങ്ങളിലും തേൻ ശേഖരിക്കുന്നു. സാധാരണമായി വലിയ ഒച്ചപ്പാടുകൊണ്ടു യാതൊരു നന്മയും ഉണ്ടാകുന്നില്ല. സൽപ്രവൃത്തികളെല്ലാം നിശ്ശബ്ദമായിരിക്കും" (വി. ഫ്രാൻസിസ് സാലെസ്). എന്നാൽ, സൽപ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്ന ചില ഭക്താത്മാക്കളിൽ ഈ സമ്പ്രദായം എത്രയോ വിരളം! മൗനം കാക്കുക അവക്കു വിഷമമാണ്. തങ്ങളെപ്പററിത്തന്നെ സംസാരിക്കുന്നതോ അവക്കു സന്തോഷപ്രദവും. ഇക്കൂട്ടർ സദാ ചിലച്ചുകൊണ്ടിരിക്കുന്ന ചീവീടുകളെപ്പോലെയാണ്. ഒരു ഗ്രന്ഥകാരൻ ഇവരെ കോഴിപ്പിടയോടു സാദൃശ്യപ്പെടുത്തുന്നു. അതു മുട്ടയിട്ടാലുടനെ വലിയ സ്വരമുണ്ടാക്കുന്നു. ഉടനെ ആരെങ്കിലും വന്നു മുട്ട എടുത്തുകൊണ്ടു പോവുകയും ചെയ്യുന്നു. മേൽപ്രസ്താവിച്ചവരുടെ സംസാരങ്ങളിൽ നമ്മുടെ കത്താവിനെപ്പററി യാതൊന്നും കാണുകയില്ല; എന്നുമാത്രമല്ല, അവർ എളിമയ്ക്കുടുത്ത വാക്കുകൾപോലും സ്വസ്നേഹത്തെ വദ്ധിപ്പിക്കുന്നതിനുള്ള ഉപായങ്ങളാക്കുകയും ചെയ്യുന്നു.

അവസാനമായി, ഈശോയുടെ ഉത്തമസ്നേഹിതനു് അവിടുത്തെ സ്നേഹത്തെക്കുറിച്ചു നിശ്ചയമുണ്ടു്. അവിടുന്നു നമ്മുടെ യോഗ്യതയ്ക്കതീതമായി നമ്മെ പ്രതിസമ്മാനിക്കുമെന്ന

റിഞ്ഞുകൊണ്ടു തൻെറ ആത്മാവിനെ സമാധാനത്തിൽ സംരക്ഷിക്കുകയും സ്വന്തം രക്ഷയ്ക്കും ദൈവമഹത്വത്തിനുമായി ക്ഷമയോടേ അദ്ധ്വാനിക്കുകയും ചെയ്യുന്നു. അവൻ ഈശോയിൽ അത്യധികമായി ആശ്രയിക്കുന്നതിനാൽ സ്വന്തം യോഗ്യത എത്രമാത്രമെന്നു ചിന്തിക്കുന്നതിനോ താൻ പ്രാപിച്ചിട്ടുള്ള പരിപൂർണ്ണതയുടെ അളവ് എത്രയെന്നു നിർണ്ണയിക്കുന്നതിനോ ശ്രമിക്കുന്നില്ല. ധാന്യം വിതച്ച കൃഷിക്കാരൻ അതിൻെറ വളർച്ച എത്രമാത്രമായി എന്നറിയുന്നതിനു ദിവസംപ്രതി മണ്ണിളക്കി നോക്കാതെ മഞ്ഞും മഴയും വെയിലും അതതിൻെറ ജോലികൾ വേണ്ടവിധം ചെയ്യുന്നതിനായി ക്ഷമയോടേ പാർത്തിരിക്കുന്നു. ഇപ്രകാരംതന്നെ, ദൈവത്തിനായി തന്നെത്തന്നെ പരിത്യജിച്ച ആത്മാവും അവിടുന്നു വേണ്ടവിധം തൻെറ ആത്മാവിൽ പ്രവർത്തിച്ചുകൊള്ളുമെന്നു വിശ്വസിക്കുന്നു. വി. ജർത്രൂദ് പറയുന്നു: "ഒരു മാതാവു തൻെറ കുഞ്ഞുകുട്ടിയോടെന്നപോലെ ഞാൻ എൻെറ ആത്മാവിനോടു പ്രവർത്തിക്കുന്നു. കുഞ്ഞിനു വഹിക്കുവാൻ ശക്തിയില്ലാത്തതിനാൽ ഭാരമുള്ള സ്വർണ്ണമാലകൾക്കു പകരം അവൾ ഒരു പൂമാലയുണ്ടാക്കി അതിൻെറ കഴുത്തിൽ അണിയിക്കുന്നു." നമ്മുടെ അല്പയോഗ്യതകളെല്ലാം ഈശോയുടെ സന്നിധിയിൽ കൊണ്ടുവരുകയും നമ്മുടെ അയോഗ്യതകളെ അവിടുത്തെ കരുണയ്ക്കായിട്ടു വിട്ടുകൊടുക്കുകയും ചെയ്യുന്നതു് എത്രയോ അഭിലഷണീയം? "നമ്മുടെ ആത്മാവിനെ വിശുദ്ധിയിൽ വികസിപ്പിക്കുന്നതിനും സമാധാനത്തോടും സ്വസ്ഥതയോടും സന്തോഷത്തോടും ദൈവശുശ്രൂഷ ചെയ്യുന്നതിന് അതിനെ പര്യാപ്തമാക്കുന്നതിനുമുള്ള മാർഗ്ഗം ഇതാകുന്നു" (വി. ത്രേസ്യാ). "ദൈവത്തെ പ്രസാദിപ്പിക്കുക എന്നതിനോടു തുലനം ചെയ്യത്തക്ക യാതൊരു സന്തോഷവുമില്ല" (മരിയസാൽഷപ്പി) എന്നറിയുന്നതുമാത്രം നമുക്കു മതിയായിരിക്കുന്നു.

"നാം ദൈവശുശ്രൂഷ ചെയ്യുമ്പോഴൊക്കെയും ഗീതങ്ങൾ ആലപിക്കണം — അതായതു് എല്ലായ്പോഴും പരിശുദ്ധമായ സന്തോഷത്തോടേ നാം അവിടുത്തെ ശുശ്രൂഷിക്കണം" (വി. ആഗുസ്തീനോസ്).

# അദ്ധ്യായം 23.

## ദുഃഖങ്ങളിൽ നമ്മെത്തന്നെ ഈശോയ്ക്കു കൈയാളിക്കണം.

പിള്ളത്തൊട്ടിമുതൽ ദുഃഖദുരിതങ്ങൾ നമ്മെ പിൻതുടരുന്നു. ജീവിതത്തിൽ നാം പുരോഗമിക്കുമ്പോൾ, ഓരോ ആത്മാവിനും പരീക്ഷകളുണ്ടെന്നു നമുക്കു കാണാം. വിശ്വാസം പഠിപ്പിച്ചില്ലായിരുന്നെങ്കിൽ ഈ രഹസ്യത്തിന് ഒരു വിശദീകരണം നല്കുവാൻ മനുഷ്യബുദ്ധിക്കു സാധിക്കുമായിരുന്നില്ല. ക്രിസ്ത്യാനിമാത്രം — അതും ഈശോയോടു പ്രഗാഢം ഐക്യപ്പെട്ടിരിക്കുന്ന ആത്മാവു മാത്രം — ഈ കണ്ണുനീരിന്റെ താഴ്വരയിലേ ദുഃഖങ്ങളുടെ ഹേതു ഗ്രഹിക്കുകയും അതേസമയം തന്നെ താങ്ങുന്ന ദൈവതൃക്കരങ്ങളുടെ മൃദുലസ്പർശം തിരിച്ചറിയുകയും ചെയ്യുന്നു. ഓരോ ക്ലേശവും, "ഞാൻ കുടിക്കുന്നതിനായി പിതാവ് എനിക്കു തന്ന കാസായാകുന്നു" (വി. മത്താ. 26 — 39). നമ്മുടെ സകല ദുഃഖങ്ങളും സന്തോഷങ്ങളും ദൈവത്തിന്റെ സ്നേഹത്തിൽനിന്നാകുന്നു പുറപ്പെടുന്നതെന്നു വി. ഇഗ്നേഷ്യസ് പ്രസ്താവിക്കുന്നു. ദുഃഖങ്ങൾ നമ്മെ സൃഷ്ടികളിൽനിന്നു വേർപെടുത്തുകയും ഈശോയോടു യോജിപ്പിക്കുകയും ചെയ്യുന്നു.

### I ക്ലേശങ്ങൾ നമ്മെ സൃഷ്ടികളിൽനിന്ന് അകററുന്നു.

ഭൗമികപറുദീസായിൽ യാതൊരു ക്ലേശവുമില്ലായിരുന്നു. ഇന്നു പീഡകൾ ചെയ്യുന്നതെന്തോ അതു സ്നേഹം അന്നു ചെയ്തിരുന്നു. നദി സമുദ്രത്തിലേയ്ക്കു ഒഴുകുന്നതുപോലെയും പുഷ്പത്തിന്റെ സൗരഭ്യം അന്തരീക്ഷത്തിൽ പ്രസരിക്കുന്നതുപോലെയും മനുഷ്യഹൃദയം സ്വാഭാവികമായി ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ അധഃപതനത്തിനുശേഷം ധൂർത്തപുത്രനെ പിതാവിന്റെ വീട്ടിലേയ്ക്കു പിന്തി

രിക്കുന്നതിനു ദൈവകാരുണ്യം മററു മാർഗ്ഗങ്ങൾ അവലംബിച്ചു. ഇവിടെയാണു ക്ലേശങ്ങൾ രംഗപ്രവേശം ചെയ്തതു്. "ദൈവ സ്നേഹം ഇവിടെ നമ്മുടെ ജീവിതത്തെ രോഗശമകവും സുഖ സംദായകവുമായ ക്ലേശമാക്കി" (വി. ആഗ്സ്തീനോസ്).

ക്ലേശങ്ങൾ നമ്മെ സത്യത്തിൽ സ്ഥിരീകരിക്കുന്നു. അധികം ക്ലേശങ്ങൾ സഹിക്കുന്നതു്, പല ഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികളെപ്പോലെ എല്ലാവരേയും അറിയുന്നതിനും എല്ലാ വരാലും അറിയപ്പെടുന്നതിനും പഠിക്കുകയാകുന്നു എന്നാണു് ഒരു മഹാത്മാവു പറഞ്ഞിരിക്കുന്നതു്. നിത്യതാത്തിനു യോഗ്യ രാകുന്നതിനുവേണ്ടി നാം സമയത്തിൽ ജീവിക്കുന്നു; മറിച്ചു്, നശ്വരമായ സൃഷ്ടവസ്തുക്കളോടുകൂടി ഇവിടെയിരിക്കുന്നതിനാ യിട്ടല്ല. "ഇവിടെ നമുക്കു നിലനില്ക്കുന്ന ഒരു പട്ടണമില്ല. എന്നാൽ, വരുവാനിരിക്കുന്ന അനന്തമായ ഒന്നിനെ നാം പ്രതീക്ഷിക്കുന്നു" (എബ്രാ. 13: 14). പീഡകൾ നമ്മെ ഞെരു ക്കുകയും ദുഃഖദുരിതങ്ങളാകുന്ന കല്ലിലും മുള്ളിലും തട്ടിയും തട ഞ്ഞും നാം രക്തം ചിന്തുന്നതിനിടവരുത്തുകയും ചെയ്യും. അപ്പോൾ നാം നമുക്കുള്ളവയെല്ലാം ഉപേക്ഷിച്ചിട്ടു നമ്മുടെ പ്രവാസത്തിലെ സ്നേഹിതന്മാരോടു് അടുക്കുകയും അപ്ര കാരം സ്വയം സമാശ്വസിക്കുന്നതിനു ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ, കാലക്രമേണ പരീക്ഷകളും നിരാശകളും ഉപദ്ര വങ്ങളും മരണവും സൃഷ്ടവസ്തുക്കളുടെ ശൂന്യതയും എല്ലാം, ദൈവം മാത്രമാകുന്നു മാററമില്ലാത്തവനെന്നും നമ്മുടെ നേർക്കുള്ള അവിടുത്തെ സ്നേഹം ഒരിക്കലും അവസാനിക്കുകയില്ലെന്നും നമ്മെ ഗ്രഹിപ്പിക്കുന്നു. "ദൈവം പ്രത്യേകവിധത്തിൽ സ്നേഹി ക്കുന്നവരെ ഈലോകജീവിതത്തിലെ ദുഃഖദുരിതങ്ങൾ വഴി ക്ഷണികങ്ങളായ ലൗകികസന്തോഷങ്ങളിൽനിന്നു വിമുക്തരാ ക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നു" (വി. ഇഗ്നേഷ്യസ്). ക്ലേശ ങ്ങൾ നമ്മുടെ ജീവിതയാത്രയിൽ നമുക്കു മാർഗ്ഗദർശനം ചെയ്യുന്ന ദീപങ്ങളത്രേ.

കടന്നുപോയ തങ്ങളുടെ യൗവനത്തെക്കുറിച്ചും നഷ്ട പ്രായമായ ആകർഷണീയതയെക്കുറിച്ചും ലൗകായതികന്മാർ നിര ർത്ഥകമായി ഖേദിക്കുന്നു. എന്നാൽ, ആത്മാക്കളുടെ സൗന്ദര്യം

തിരിച്ചുകൊടുക്കുന്നതിനു ദൈവത്തിനു കഴിയും. ക്ലേശങ്ങളാലും പരിഹാരപ്രവൃത്തികളാലും അവിടുന്ന് അവരെ ശുചീകരിക്കുകയും അവരുടെ രക്ഷകനോടുകൂടി അവരെ കുരിശിൽ തറയ്ക്കുകയും ചെയ്യുന്നു. "ഒരു പാപി സന്തുഷ്ടമാനസനായിരിക്കുന്നതു കാണുമ്പോൾ ഞാൻ ഭയവിഹ്വലനായിത്തീരുന്നു" എന്നു വി. ആഗുസ്തീനോസു പറയുന്നു. നാം ക്ലേശസമ്മിശ്രമായ ജീവിതയാത്രയുടെ വിവിധഘട്ടങ്ങളിൽ ഒരുവനെ പിൻതുടരുന്നപക്ഷം ശുചീകരണം ആവശ്യമുള്ള എല്ലാ സ്ഥലത്തും ദൈവതൃക്കരം അവനെ ക്ഷതപ്പെടുത്തുന്നതായി കാണുവാൻ കഴിയും. ദൈവത്തെക്കാൾ അധികമായി നാം സ്നേഹിക്കുന്ന എല്ലാററിലും കയ്പു കലർത്തുന്നതു് അവിടുന്നുതന്നെയാകുന്നു. അഹങ്കാരിക്ക് അവമാനം നല്കുന്നു; സുഖഭോഗകാംക്ഷികൾ ചിലപ്പോൾ അതു തടയപ്പെടുന്നു; സ്വാതന്ത്ര്യബുദ്ധികൾക്കു വിധേയമനസ്ഥിതി ആവശ്യമാക്കുന്നു. ഇവയെല്ലാം വിശുദ്ധീകരണാർത്ഥം അവിടുന്നു പ്രയോഗിക്കുന്ന സിദ്ധൗഷധങ്ങളാകുന്നു.

അവസാനമായി, ക്ലേശങ്ങൾ ആത്മാക്കളിൽ വിശുദ്ധിയുടെ മകുടം ചാർത്തുന്നു. ഇതുകൊണ്ടാകുന്നു ജീവിതാരംഭത്തിൽ ദൈവം നമുക്കു സന്തോഷങ്ങൾ തരുകയും സന്താപങ്ങൾ അവസാനഘട്ടത്തിലേയ്ക്കു മാററിവച്ചിരിക്കുകയും ചെയ്യുന്നതു്. ഇക്കാരണത്താലാകുന്നു വിശുദ്ധർ മററുള്ളവരെക്കാൾ പരീക്ഷിക്കപ്പെടുന്നതു്. ഈശോ എല്ലാവരെക്കാൾ അധികം സഹിച്ചതും ഇതുകൊണ്ടുതന്നെ. മാർബിൾ ഭംഗിയുള്ള സാധനമായിത്തീരണമെങ്കിൽ കൊത്തുളിയുടെ പ്രയോഗമേൽക്കണം. ഉരച്ചുമിനുക്കിയെങ്കിൽ മാത്രമേ വജ്രം മനോഹരമാകയുള്ളു. കുന്തുരുക്കം തീയിൽ ദഹിപ്പിക്കുമ്പോഴത്രെ സുഗന്ധം വമിക്കുന്നതു്. മനുഷ്യൻ പൂർണ്ണതയ്ക്കായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. എന്നാൽ, വേണ്ടത്ര പ്രയത്നം ചെയ്യുന്നതിന് അവൻ ധൈര്യപ്പെടുന്നില്ല. ആകയാൽ, ദൈവം പീഡകൾ അയച്ചുകൊണ്ടു് അവനെ സഹായിക്കുന്നു. "ഈ ഉപദ്രവങ്ങളും ആശാഭംഗങ്ങളും ഒരു സ്നേഹിതനിൽനിന്നുള്ള സമ്മാനങ്ങളെ എന്നപോലെ, ക്ഷമയോടും നന്ദിയോടുംകൂടി സ്വീകരിക്കുന്നപക്ഷം നമ്മുടെ ആത്മാക്കളെ അവ ലൗകികവസ്തുക്കളിൽനിന്നു വേർപെടുത്തുമെന്നു

മാത്രമല്ല, കൂടുതൽ പുണ്യയോഗ്യത സമ്പാദിക്കുവാൻ സഹായിക്കുകയും ചെയ്യും" (വി. ഇഗ്നേഷ്യസ്). ആകയാൽ, "ഈലോകത്തിൽ കരിശുകൾ; സ്വർഗ്ഗത്തിൽ സന്തോഷം; എല്ലായിടത്തും സ്നേഹം" (മോൺ. ഗേ) എന്ന വിചാരത്താൽ നാം പ്രോത്സാഹിതരാകണം.

## II പീഡകൾ നമ്മെ ഈശോയോട് കൂടുതൽ അടുപ്പിക്കുന്നു.

ലക്കോഡയർ ചോദിക്കുന്നു: "ദൈവം തൻെറ ശിക്ഷാദണ്ഡുകൊണ്ടു നമ്മെ ക്ഷതപ്പെടുത്തുന്നതു നാം ഈശോയുടെ തിരുശിരസ്സിനെയല്ലാതെ വേറെ ശിരസ്സിനേയും അവിടുത്തെ തൃക്കണ്ണുകളെയല്ലാതെ വേറെ കണ്ണുകളേയും അങ്ങയുടെ പരിപാവനാധരത്തെയല്ലാതെ വേറെ അധരത്തേയും അന്വേഷിക്കാതിരിക്കുന്നതിനും അടികളാൽ ക്ഷതപ്പെടുത്തപ്പെട്ട അവിടുത്തെ തിരുത്തോളുകളെയല്ലാതെ മറെറാന്നിനേയും ആശ്രയിക്കാതിരിക്കുന്നതിനും നമ്മോടുള്ള സ്നേഹത്തെപ്രതി കുത്തിത്തുളയ്ക്കപ്പെട്ട തൃക്കരങ്ങളേയും തൃപ്പാദങ്ങളേയുമല്ലാതെ മറെറാന്നിനേയും ചുംബിക്കാതിരിക്കുന്നതിനും വേണ്ടിയല്ലയോ?" പീഡകൾ സഹിക്കുന്നവർ തന്നെ സ്നേഹിക്കുന്നതിനായി അവിടുന്നു തന്നെ രക്തസാക്ഷിത്വം കൈവരിച്ചു. ധൂർത്തപുത്രൻ വിശപ്പും ദാഹവും സഹിക്കുകയും അരിഷ്ടതകളിൽ നിപതിക്കുകയും ചെയ്തപ്പോഴാണു പിതാവിൻെറ ഭവനത്തിലെ ആനന്ദങ്ങളെപ്പററി ചിന്തിച്ചതു്. അനന്തരം അവൻ എഴുന്നേററു പിതാവിനെ അഭയം പ്രാപിച്ചു. വി. ഫ്രാൻസിസ് സാലെസ് പറയുന്നു: "നാം തൻെറപക്കലേയ്ക്കു പിന്തിരിയുവാൻ നിർബന്ധിതരാകുന്നതിനുവേണ്ടി നമുക്കു യാതൊരു സംതൃപ്തിയും നല്കരുതെന്നു ദൈവം സൃഷ്ടികളോടു കല്പിച്ചിരിക്കുന്നു. പലപ്പോഴും സ്നേഹത്താൽ എന്നതിനെക്കാൾ നിർബന്ധത്താലാണു നാം ദൈവത്തിൻെറ പക്കലേയ്ക്കു പിന്തിരിയുന്നതു്. എന്നിട്ടും അവിടുന്നു നമ്മെ കരുണയോടും സ്നേഹത്തോടുംകൂടി സ്വീകരിക്കുന്നു." "എൻെറ ദൈവത്തിൻെറ ഹൃദയം ഒരു മാതാവിൻെറ

മാറിടം പോലെയാണ്. അതിൽ സമാശ്വസിക്കുമ്പോഠം ഈ ജീവിതത്തിലെ സകല ദുഃഖങ്ങളും ഞാൻ വിസ്മരിക്കുന്നു" എന്ന് അലക്സാന്ത്രിയായിലെ വി. ക്ലമൻറം, "എൻെറ പീഡകഠംക്കു സമാശ്വാസം കണ്ടെത്തുന്നതു് അതിൽ (തിരുഹൃദയത്തിൽ) ആകുന്നു" എന്നു വി. ഗ്രിഗരിനസ്യാനും പറയുന്നു.

"നാം കുരിശുകളെടുത്താൽ മാത്രം പോരാ, നമ്മുടെ നാഥനെ അനുഗമിക്കുകയും വേണം. നാം അവിടുത്തെ അനുഗമിക്കുന്നില്ലെങ്കിൽ മനസ്താപമില്ലാതിരുന്ന കള്ളനെപ്പോലെ ദുഃഖങ്ങഠം നമ്മെ ക്രൂശിക്കും. അവയിൽനിന്നു ഗുണത്തിനു പകരം ദോഷമുണ്ടാകും" (വി. ഫ്രാൻസിസ്സാലെസ്). നമുക്കു പീഡകളുണ്ടാകുമ്പോഠം അവയിൽ നിന്നൊഴിഞ്ഞു മാറുന്നതിനു പകരം സമാധാനദൂതനെ എന്നപോലെ അവയെ അഭിവാദനം ചെയ്യുകയാണു വേണ്ടതു്. നമ്മെ മുറിപ്പെടുത്തുന്ന കരങ്ങഠം സ്നേഹാന്വിതങ്ങളാണ് എന്ന വിചാരത്തോടേ നമുക്ക് അവയെ ചുംബിക്കാം. നമ്മുടെ തല ചായിക്കുകയും ഹൃദയം തുറക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറ കരുണയാകുന്നു നമ്മെ സന്ദർശിക്കുന്നതു്. ദുഃഖങ്ങളുടെ മറവിൽ നമ്മെ സന്ദർശിക്കാൻ വരുന്നതു നമ്മുടെ പിതാവും രക്ഷകനും സ്നേഹിതനുമാണ്. ആരാധനയാലും സമർപ്പണത്താലും പൂർണ്ണമായ പരിത്യാഗത്താലും ഈശോയെപ്രതിയും ഈശോയോടുകൂടിയും സഹിച്ചുകൊണ്ടു നമ്മുടെ പ്രതിസ്നേഹം പ്രദർശിപ്പിക്കാം.

"എല്ലാ കുരിശുകളേയും നാം സ്വീകരിക്കണം. അവ ശാരീരികമോ മാനസികമോ ആയിരിക്കട്ടെ; ലൗകികമോ ആദ്ധ്യാത്മികമോ ആയിരിക്കട്ടെ; പീഡകളോ പരീക്ഷകളോ നാശങ്ങളോ ചതികളോ അവഹേളനമോ ദൈവത്തിൽനിന്നു നേരിട്ടു വരുന്നവയോ സൃഷ്ടികഠം വഴിയായി ദൈവം അയയ്ക്കുന്നവയോ നമ്മുടെ അധികാരികളിൽനിന്നോ സമന്മാരിൽ നിന്നോ കീഴുള്ളവരിൽനിന്നോ വരുന്നവയോ നമുക്കുതന്നെ ഭാരവും ശിക്ഷയുമായിത്തീരുന്ന നമ്മുടെ അന്തരാത്മാവിൽ നിന്നുള്ളവയോ ആയിരിക്കട്ടെ, എല്ലാം നാം സ്വീകരിക്കണം" (മോൺ. ഗേ). മറെറല്ലാക്കാര്യങ്ങളിലുമെന്നപോലെ നമ്മുടെ

പീഡകളിലും നമുക്ക് അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യാവുന്നതു ദൈവത്തേയും ദൈവത്തിൽ ഈശോയേയു മാണ്. പ്രതിദിനം സായാഹ്നത്തിൽ നാം ക്രൂശിൻചുവട്ടിൽ മുട്ടിന്മേൽ നിന്നുകൊണ്ട്, അന്നു നമുക്കനുഭവപ്പെട്ട പരീക്ഷക ളേയും പോരായ്മകളേയും പീഡകളേയുംകുറിച്ചു നാം ഈശോ യോടു പറയുമ്പോൾ എത്ര സ്നേഹസമന്വിതം അവിടുന്നു നമ്മെ സമാശ്വസിപ്പിക്കും.

"നാം ദൈവത്തെമാത്രം നമ്മുടെ മുഴുഹൃദയത്തോടു കൂടി സ്നേഹിക്കുകയും നമ്മോടെ നേർക്കുള്ള അവിടുത്തെ സ്നേഹ ത്തിൻെറ ചിഹ്നമായി കുരിശുകളെ വഹിക്കുന്നതിന് ഒരുങ്ങി യിരിക്കുകയും ചെയ്യണം" (ഫാ. കൊളംബിയേ).

# അദ്ധ്യായം 24.

## നമ്മുടെ പാപങ്ങളെസ്സംബന്ധിച്ചു നാം ഈശോയ്ക്കു ചെയ്യേണ്ട സമർപ്പണം.

ഒരിക്കൽ വി. മററിൽഡായ്ക്കു് ഒരു ദർശനമുണ്ടായി. കമ്പസാരത്തിനണഞ്ഞ എല്ലാ സഹോദരികളേയും ഈശോ തൻെറ കരങ്ങൾകൊണ്ടു വലയം ചെയ്യുന്നതും അവരെ വിശു ദ്ധീകരിച്ചു തൻെറ പിതാവിനു സമർപ്പിക്കുന്നതും പുണ്യവതി ദർശിച്ചു. പിന്നീടു പാപികളെ കണ്ടിരുന്നപ്പോഴൊക്കെയും ഈ പുണ്യവതി ഇപ്രകാരം പറഞ്ഞിരുന്നു: "നിങ്ങളുടെ ആത്മാ വിൽ ഒരു കറയുള്ളപ്പോൾ പരുപരുത്ത സാധനങ്ങൾകൊണ്ടു തുടച്ചുകളയുന്ന പക്ഷം ഗുണമൊന്നുമുണ്ടാകുകയില്ലെന്നു മാത്രമല്ല നിങ്ങളെത്തന്നെ ചോരകൊണ്ടു നനയ്ക്കുകയും ചെയ്യും. ക്രിസ്തു വിൻെറ മനുഷ്യത്വമാകുന്ന മാർദ്ദവമുള്ള തുവൽ എടുക്കുന്നപക്ഷം നിങ്ങൾ എളുപ്പത്തിൽ കറ നീക്കിക്കളയും." ഇതാകുന്നു ദുർവ്വഹ പാപഭാരത്തെ ലഘൂകരിക്കുന്നതിനുള്ള എളുപ്പമാർഗ്ഗം.

ആകയാൽ, ആദ്യമായി നമ്മുടെ ദിവ്യരക്ഷകനാണ പാപത്തിനെതിരായി നമുക്കുള്ള ഏകാശ്രയം എന്നതിനേയും അനന്തരം നമ്മുടെ പാപങ്ങളിൽ എങ്ങനെ പരിത്യാഗം പരിശീലിക്കാം എന്നതിനേയുംകുറിച്ചു ചിന്തിക്കാം.

## I പാപത്തിനെതിരായി നമ്മുടെ ഏകാശ്രയം ദിവ്യരക്ഷകനാകുന്നു.

"പാപം സ്നേഹത്തിന്റെ അഭാവമാകുന്നു; അതു ദൈവവും ആത്മാവും തമ്മിൽ അകൽച്ചയുളവാക്കുന്നു" എന്നാണ വി. തോമസ് പറയുന്നതു്. സ്നേഹത്തിനും യോജിപ്പിനും ആഗ്രഹിക്കുന്ന രണ്ടു സ്നേഹിതന്മാർ തമ്മിലുള്ള പൂണ്ണമായ വേർപാടാകുന്നു പാപം. ഈ അകൽച്ച ഒരിക്കൽ ഉണ്ടായാൽ, അതു പരിഹരിക്കുവാൻ യാതൊരു മനുഷ്യശക്തിയ്ക്കും സാധ്യമല്ല. ദൈവത്തിനെതിരായ ദ്രോഹമാകയാൽ പാപം അപരിമിതമായ അപരാധമാകുന്നു. നമുക്കു ചെയ്യുവാൻ പാടുള്ള പരിഹാരമോ വളരെ പരിമിതം. എന്തുകൊണ്ടെന്നാൽ, നാം വെറും സൃഷ്ടികൾ മാത്രമാകുന്നു. ജീവാപായകരമായ ഈ മുറിവിനെ സുഖപ്പെടുത്തുന്നതിന് ഒരു ദിവ്യൗഷധംതന്നെ വേണ്ടിയിരിക്കുന്നു. "പാപം മോചിക്കുന്നതിനു ദൈവത്തിനല്ലാതെ ആർക്കു സാധിക്കും?" (മാർക്ക് 2: 7).

തന്റെ നിർഭാഗ്യരായ പുത്രരിൽ ഒരുവനെപ്പോലും ദൈവം ഉപേക്ഷിച്ചിട്ടില്ല. ബോസ്വേ പറയുന്നതു്: "അവർ അവിടുത്തെ ഉപേക്ഷിക്കാത്തപക്ഷം അവിടുന്നു് അവരെ ഒരിക്കലും ഉപേക്ഷിക്കുകയില്ല" എന്നാണു്. ഏറെമ്യാദീർഘദർശിയുടെ വാക്കുകൾ ഹൃദയസ്പർശകങ്ങളായിരിക്കുന്നു: "നിന്റെ കണ്ണുകളെ മേല്പോട്ടുയർത്തി എവിടെയാണു നീ വേശ്യാവൃത്തി ചെയ്തിട്ടില്ലാത്തതെന്നു കാണുക..........ആകയാൽ, നീ തടയപ്പെട്ടു; പിന്മഴ ഉണ്ടായുമില്ല. നിനക്കു് ഒരു കുലടയുടെ നെററിത്തടം ഉണ്ടായിരുന്നു, എന്നിട്ടും നീ ലജ്ജിക്കാതിരുന്നു. ആകയാൽ, ഇപ്പോൾത്തുടങ്ങിയെങ്കിലും എന്നെ വിളിക്കുക; എന്റെ പിതാവും എന്റെ ബ്രഹ്മചര്യത്തിന്റെ മാർഗ്ഗദർശിയും നീയാ

കുന്നു (എന്നു പറയുക). ............മറുതലക്കാരിയായ ഇസ്രായേലേ, തിരിച്ചുവരിക; എന്റെ മുഖത്തെ ഞാൻ നിന്നിൽ നിന്നു തിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ഞാൻ പരിശുദ്ധനാകുന്നു; ഞാൻ എന്നും എന്നേയ്ക്കും കോപിക്കയില്ല എന്നു കർത്താവു പറയുന്നു" (ഏറമ്യാ 3: 2, 3, 4, 12).

ദൈവത്തിന്റെ ഗുണങ്ങളെല്ലാം ഒന്നുപോലെ അപരിമേയങ്ങളാണ്. ആകയാൽ, അവിടുത്തെ കരുണയെ പ്രകീർത്തിക്കുമ്പോഴും അവിടുത്തെ നീതിയെ വിസ്മരിക്കരുത്. എന്നാൽ, നമ്മുടെ വിഷമാവസരങ്ങളിൽ "ദൈവത്തിന്റെ കരുണ അവിടുത്തെ എല്ലാ ആത്മാവിഷ്കരണങ്ങളിലും ഏററം പ്രധാനമാകുന്നു" എന്നു ചിന്തിക്കുന്നത് ഉപകാരപ്രദമാണ്. "കർത്താവിന്റെ കാരുണ്യം അവന്റെ എല്ലാ പ്രവൃത്തികളിലും" ഉണ്ടെന്നു സങ്കീർത്തകൻ പറയുന്നു (സങ്കീ. 144: 9). "പാപിയോടു വളരെ ക്ഷമിച്ചതിനുശേഷം വ്യഥയോടുകൂടി മാത്രമേ വിധിക്കുന്നതിനുള്ള അധികാരം ദൈവം പ്രയോഗിക്കുന്നുള്ളു. അവിടുന്നു ശിക്ഷിക്കുന്നെങ്കിൽ അത് അവശ്യം ആവശ്യകമാകുന്നതുകൊണ്ടാണ്. മനുഷ്യനെ ശിക്ഷിക്കുന്നതിൽ ഖേദിക്കുന്ന അവിടുന്ന് എത്രയോ നല്ലവൻ" (ബോസ്സേ).

ക്രിസ്തുവിന്റെ ആഗമനത്തിനുശേഷം കരുണ വർദ്ധിച്ചു എന്നു പറയാം. "അവിടുന്നു കേവലം ഔദാര്യത്താൽമാത്രം ദരിദ്രരെ കിരീടം ധരിപ്പിക്കുന്നവനും ദുർഭഗരെ സംരക്ഷിക്കുന്നവനും ദുഃഖിതരെ സമാശ്വസിപ്പിക്കുന്നവനും മാത്രമല്ല, നമ്മുടെ പാപങ്ങൾ നിമിത്തം പീഡകൾ സഹിച്ചവനും തന്റെ സ്വന്തമായിരിക്കുന്ന മനുഷ്യവംശത്തെ രക്ഷിക്കുന്നതിനു യാതൊരു പീഡയും ഉപേക്ഷിക്കാത്തവനുമായ ദീനവത്സലനാണ്" (വി. തോമസ്). "കണ്ടാലും സർവ്വലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന ഒരു മഹാസന്തോഷം നിങ്ങളെ ഞാൻ അറിയിക്കുന്നു. മിശിഹാകർത്താവായിരിക്കുന്ന രക്ഷകൻ ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി പിറന്നിരിക്കുന്നു" എന്നു ദൈവദൂതൻ പറഞ്ഞു (ലൂക്കാ. 2:10–11). "ഇതാ ലോകത്തിന്റെ പാപങ്ങളെ ഹനിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1: 29).

"പാപികളെ പശ്ചാത്താപത്തിനു വിളിക്കുവാനാണു

ഞാൻ വന്നിരിക്കുന്നതു്" (ലൂക്കാ 5: 32) എന്നരുളിച്ചെയ്തു കൊണ്ടു നമ്മുടെ കർത്താവുതന്നെ തന്റെ ഉദ്യോഗത്തിന്റെ സ്വഭാവം വ്യക്തമാക്കിയിരിക്കുന്നു. "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുന്നു" (യോഹ. 10: 11). "ഇസ്രായേൽഗോത്രത്തിൽനിന്നും വഴിതെററിപ്പോയിരിക്കുന്ന ആടുകളുടെ അടുക്കലേയ്ക്കല്ലാതെ ഞാൻ അയയ്ക്കപ്പെട്ടിട്ടില്ല" (മത്തായി 15: 24).

നമ്മുടെ ദിവ്യരക്ഷകനു പാപികളോടുള്ള സ്നേഹത്തെ പ്രകാശിപ്പിക്കുന്ന പ്രസ്താവനകളാൽ വി. ഗ്രന്ഥം നിറഞ്ഞിരിക്കുന്നു. നഷ്ടപ്പെട്ട ആടിനേയും ധൂർത്തപുത്രനേയുംകുറിച്ചു് അവിടുത്തേ കരുണ പ്രവഹിക്കുന്നു; സമറിയാക്കാരി സ്ത്രീയെ പ്രതീക്ഷിച്ചിതാ അവിടുന്നു കിണററിൻകരെ ഇരിക്കുന്നു; സക്കേവൂസിനെ കാണുന്നതിനായി ഇതാ പുറപ്പെടുന്നു; പാപികളോടു കൂടി പന്തിഭോജനത്തിനിരിക്കുന്നു; മഗ്ദലേനായുടെ ഹൃദയത്തിൽ ദിവ്യസ്നേഹം ചൊരിയുന്നു; വേശ്യാവൃത്തിയിൽ പിടിക്കപ്പെട്ട സ്ത്രീയ്ക്കുവേണ്ടി വാദിക്കുന്നു; തന്നെ ഒററിക്കൊടുക്കാൻ ചുംബിച്ച ദ്രോഹിയായ യൂദാസിനെ 'സ്നേഹിതാ' എന്നു വിളിക്കുന്നു. അവിടുത്തേ അവസാനവാക്യങ്ങളിൽ ഒന്നു്, തന്റെ ഘാതകന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനയായിരുന്നല്ലോ! അവസാനമായി ഇതാ രമ്യതയുടെ ശുശ്രൂഷയ്ക്കായി പൗരോഹിത്യം സ്ഥാപിച്ചിരിക്കുന്നു. "സ്വർഗ്ഗത്തിൽ പോകുന്നതിനു നമ്മോടു തന്നെ ബലം പ്രയോഗിക്കണം; നരകത്തിൽ പോകുന്നതിനു ദൈവത്തോടു ബലം പ്രയോഗിക്കണം" എന്നു മോൺ. ഗേ പറയുന്നു.

## II ചെയ്തുപോയ പാപങ്ങളെസ്സംബന്ധിച്ചുള്ള ഉൽകണ്ഠ പരിത്യജിക്കണം.

"താൻ സ്നേഹത്തിനോ ദ്വേഷത്തിനോ യോഗ്യൻ എന്നു മനുഷ്യൻ അറിയുന്നില്ല" (വേദാ. 9: 1) എന്ന വാക്കുകൾ കേൾക്കുമ്പോൾ, മാനസാന്തരപ്പെട്ട ആത്മാക്കൾ പലപ്പോഴും ഭയവിഹ്വലരാകാറുണ്ടു്. ഈ അനിശ്ചിതാവസ്ഥയെ

പ്പററിയുള്ള ചിന്ത യഥാൎത്ഥമായ ദൈവസ്നേഹത്തിനു വലിയ വിഘാതമാകുന്നു — പ്രത്യേകിച്ചു തങ്ങഠം ഒരു മണിക്കൂർ, അല്ലെങ്കിൽ ഒരു ദിവസം, അഥവാ ഒരു മാസം, അല്ലെങ്കിൽ ഒരു വൎഷം, അതുമല്ലെങ്കിൽ പല വൎഷങ്ങഠംതന്നെയും ദൈവത്തിൻെറ ശത്രുക്കളായിരുന്നെന്നുള്ള വിചാരമുള്ളപ്പോഠം. എന്നാൽ, നമ്മുടെ സ്നേഹനാഥൻ ഇവയെല്ലാം മുൻകൂട്ടി കണ്ടുകൊണ്ടു നമ്മുടെ ആശങ്കകഠംക്കും ഭീതികഠംക്കും സംശയങ്ങഠംക്കും നിവാരണം വരുത്തിയിരിക്കുന്നു.

വി. ക്രിസോസ്റ്റോം പറയുന്നു: "നീ സ്നേഹിക്കപ്പെടുന്നതിനാഗ്രഹിക്കുന്നെങ്കിൽ നീയും സ്നേഹിക്കണം." ഈശോ മഗ്ദലേനായോട് അത്ര എളുപ്പം ക്ഷമിക്കുകയും അവളെ അത്യധികം സ്നേഹിക്കുകയും ചെയ്തതിൻെറ കാരണമെന്തു്? അവളോടു നിരവധി പാപങ്ങഠം ക്ഷമിച്ചു. എന്തുകൊണ്ടെന്നാൽ, അവഠം അവിടുത്തെ അധികം സ്നേഹിച്ചു. നാം എത്രയധികം നിൎഭാഗ്യരാണോ ദൈവത്തിലുള്ള നമ്മുടെ പരിപൂൎണ്ണമായ വിശ്വാസംവഴി അവിടുത്തേ മഹത്വം അത്യധികം വൎദ്ധിപ്പിക്കും" (ഫാ. കൊളംബിയേ).

പാപമോചനത്തെ കാരാഗൃഹത്തിൽനിന്നുള്ള ഒരുവൻെറ മോചനത്തോടു തുലനം ചെയ്യാം. ഈശോ വാതില്ക്കൽ നിന്നുകൊണ്ടു കരങ്ങഠം നീട്ടി അവനെ സ്വീകരിക്കുന്നു. അവർ ഇരുവരും സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, "പ്രായശ്ചിത്തം ചെയ്യുന്നതിന് ആവശ്യമില്ലാത്ത തൊണ്ണൂററൊമ്പതു നീതിമാന്മാരെക്കുറിച്ചെന്നതിനെക്കാഠം പ്രായശ്ചിത്തം ചെയ്യുന്ന ഒരു പാപിയെക്കുറിച്ചു സ്വൎഗ്ഗവാസികഠം സന്തോഷിക്കും" (ലൂക്കാ 15: 7). "ഒരു മനുഷ്യൻെറ മാനസാന്തരത്തിൻെറ ദിവസവും അവനോടു രമ്യപ്പെട്ട മണിക്കൂറും കൎത്താവിന്ന് ഒരു മഹാമഹം തന്നെയാണ്" (ഒരിജൻ).

നമുക്കു പാപങ്ങളില്ലായിരുന്നെങ്കിൽ അവിടുന്നു നമ്മുടെ രക്ഷകനാകുമായിരുന്നില്ല. വി. ജെറോം ഒരു ക്രിസ്തുമസ് ദിനത്തിൽ ഉണ്ണിയീശോയ്ക്കു് ഒരു സമ്മാനം നല്കുന്നതിനാഗ്രഹിച്ചു. ആദ്യമായി അദ്ദേഹം വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള തൻെറ വിശിഷ്ടകൃതികഠം മുഴുവൻ ഈശോയ്ക്കു കാഴ്ചവച്ചു.

അനന്തരം പൂണ്യപൂർണ്ണതയിലേയ്ക്കു ആത്മാക്കളെ നയിക്കുന്ന തിനുവേണ്ടിയുള്ള തൻെറ പരിശ്രമം മുഴുവൻ അവിടുത്തേയ്ക്കു കൊടുത്തു. പിന്നീടു തനിക്കു എന്തെങ്കിലും പുണ്യയോഗ്യത യുണ്ടായിരുന്നെങ്കിൽ അതു മുഴുവൻ ഈശോയ്ക്കു സമർപ്പിച്ചു. പക്ഷെ ഈശോ ആവശ്യപ്പെട്ടതു് ഇതൊന്നുമായിരുന്നില്ല. അവിടുന്നു പറഞ്ഞു: "ജെറോമേ, നിൻെറ പാപങ്ങളെയാകുന്നു ഞാൻ ആവശ്യപ്പെടുന്നതു്. ഞാൻ അവയെ ക്ഷമിക്കേണ്ടതി നായി നീ അവയെ എനിക്കു തരിക."

നിൻെറ വിശുദ്ധീകരണത്തിനായി നിന്നാൽ കഴിവു ള്ളതെല്ലാം ചെയ്യുക. അനന്തരം ശിശുസഹജമായ സ്നേഹവും പരിപൂർണ്ണമായ പരിത്യാഗവും പരിശീലിക്കുക. എല്ലാററിലും ഉപരിയായി ദൈവത്തിൽ ശരണപ്പെടുക. എന്തുകൊണ്ടെ ന്നാൽ, ശരണത്തിൽ പശ്ചാത്താപത്തിൻെറ പാരമ്യമുണ്ടു്. "ആന്തരികവും ബാഹ്യവുമായ പ്രവൃത്തികളുടെ ആധിക്യവും വിവിധതപവുമല്ല പാപപരിഹാരത്തിൻെറ മാനദണ്ഡം; പ്ര ത്യുത, സ്നേഹത്തിൻെറ ശക്തിയും പൂർണ്ണതയുമാണു്" (വി. തോമസ്). നമ്മുടെ ശത്രു നമ്മെ കീഴ്പെടുത്തുന്നതിനു ശ്രമി ക്കുമ്പോഠം, സ്നേഹത്തോടേ നമ്മെ പ്രതീക്ഷിച്ചിരിക്കുന്ന ഈശോ യുടെ പക്കലേയ്ക്കു വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടി നമ്മുടെ ആത്മാക്കളെ ഉയർത്തണം" (വി. ഇഗ്നേഷ്യസ്).

വന്ദ്യനായ കൊളംബിയേ പറയുന്നതു ശ്രദ്ധേയമാ കുന്നു: "നമ്മുടെ കർത്താവിനെ അവിശ്വസിക്കുന്നതിനോടു തുലനം ചെയ്യുമ്പോഠം നാം ചെയ്തിട്ടുള്ള ഇതരപാപങ്ങളെല്ലാം നിസ്സാരങ്ങളാണു്." "ദൈവം എന്നോടു ക്ഷമിക്കുമോ?" എന്നു ചോദിച്ചുകൊണ്ടു ചിലർ പലപ്പോഴും വിലപിക്കുന്നു. എന്നാൽ, അവരുടെ മനസ്താപം ശക്തിയുള്ളതല്ല. ചില ആശ്വാസ വചനങ്ങഠം കേട്ടാലുടൻ അവർ സംതൃപ്തരാകുന്നു. മഗ്ദലേനാ യുടെ പാപങ്ങഠം ക്ഷമിക്കപ്പെട്ടപ്പോഠം അവഠം തൻെറ ജീവിതം പാടേ നവീകരിച്ചു; പശ്ചാത്താപത്തിൻേറയും പ്രായശ്ചിത്ത ത്തിൻേറയും പ്രാർത്ഥനയുടേയും ജീവിതം നയിച്ചു; മാനസാ ന്തരത്തിൻേറയും സ്നേഹത്തിൻേറയും സജീവമാതൃകയായി ബ്ഭവിച്ചു. നമ്മിൽ ആരെങ്കിലും ഏതെങ്കിലും വിധത്തിൽ

ഇവരോടു സദൃശരാണോ? നാം ദൈവസ്നേഹത്തിനു പൂർണ്ണമായി കീഴ്പെട്ടതിനുശേഷം അവിടുത്തോടുള്ള വിശ്വസ്തതയും പ്രായശ്ചിത്തവും പരിപൂർണ്ണമായ ആത്മാർപ്പണവും നമ്മുടെ ഓഹരിയായി നാം സ്വീകരിക്കുന്നുണ്ടോ?

"സ്നേഹിതനായിമാത്രം ഒരാത്മാവ് എന്നെ സ്വീകരിക്കുമ്പോൾ, വൈദ്യനായിക്കൂടെ എന്നെ സ്വീകരിക്കുന്നതിനായി അതു രോഗത്താൽ പീഡിപ്പിക്കപ്പെടുന്നതിനു ഞാൻ അനുവദിക്കുന്നു" (ഈശോ വി. ജർത്രൂദിനോട്).

# അദ്ധ്യായം 25.

## നമ്മുടെ അപൂർണ്ണതകളിൽ നമ്മെത്തന്നെ ഈശോയ്ക്കു സമർപ്പിക്കുക.

"ഈ ജീവിതത്തിൽ യാതൊരു ന്യൂനതയുമില്ലാതിരിക്കത്തക്കവിധം പരിപൂർണ്ണത പ്രാപിച്ചവർ ആരും കാണുകയില്ല. നാം നിലത്തു താഴ്ന്നു കിടക്കുകയോ ഉയരത്തിൽ പൊങ്ങിപ്പറക്കാമെന്നു വിചാരിക്കുകയോ ചെയ്യരുത്. ചിറകുകൾ ഉപയോഗിക്കാറായിട്ടില്ലാത്ത പക്ഷിക്കുഞ്ഞുങ്ങളെപ്പോലെയാണു നാം. നമ്മുടെ ദരിദ്രാവസ്ഥ എത്ര വലുതായിരിക്കുന്നുവോ അത്ര കൂടുതൽ നാം ദൈവാനുഗ്രഹത്തിൽ സമാശ്രയിക്കണം. ദൈവം നമ്മുടെ അപൂർണ്ണതകളെ ഇഷ്ടപ്പെടുന്നില്ല. എങ്കിലും അവിടുന്നു നമ്മെ അത്യധികം സ്നേഹിക്കുന്നു" (വി. ഫ്രാൻസിസ് സാലെസ്). ഈ വാക്കുകൾ നമ്മുടെ അപൂർണ്ണതകളിൽ നമ്മെത്തന്നെ ഈശോയ്ക്കു സമർപ്പിക്കുന്നതിനും അനന്തരം ഈ അപൂർണ്ണതകളെത്തന്നെ, ദൈവത്തെ കൂടുതൽ സ്നേഹിക്കുന്നതിനുപയുക്തങ്ങളാക്കിത്തീർക്കുന്നതിനും നമ്മെ സഹായിക്കുന്നു.

## I നമ്മുടെ അപൂർണ്ണതകളിൽ നമ്മെത്തന്നെ ഈശോയ്ക്കു സമർപ്പിക്കണം.

വി. സാലെസു പറയുന്നു: "നാം രണ്ടു് ഉപധാനങ്ങളുടെ മദ്ധ്യത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്യണം; ഒന്നു നമ്മുടെ ക്ലേശങ്ങളും മറേറതു ദൈവത്തിലുള്ള നമ്മുടെ ശരണവും." ഇപ്രകാരം നാം ജീവിക്കണമെങ്കിൽ, നമ്മുടെ പാപങ്ങളെപ്പററി നാം വിസ്മയിക്കരുതു്; നമ്മുടെ ദൗർബല്യം കാരണത്താൽ നിരാശയ്ക്കധീനരാകുകയുമരുതു്. അദ്ദേഹം വീണ്ടും പറയുന്നു: "നീ പാപം ചെയ്യുമ്പോൾ അതെപ്പററി അത്ഭുതപ്പെടേണ്ടാ. ദൗർബല്യം ദുർബലമായിരിക്കുകയോ ദുരിതങ്ങൾ ക്ലേശപൂർണ്ണങ്ങളായിരിക്കുകയോ ചെയ്യുന്നതിൽ അത്ഭുതത്തിനവകാശമില്ല. നാം നമ്മോടുതന്നെ ക്ഷമയുള്ളവരായിരിക്കണം; നാം മാലാഖാമാരല്ല, മനുഷ്യരാകുന്നു. സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതുവരെ നമ്മുടെ ന്യൂനതകൾ പൂർണ്ണമായി നീങ്ങുകയില്ല. അവ അതിവേഗം നമ്മെ സമീപിക്കുകയും സാവധാനംമാത്രം വിട്ടുമാറുകയും ചെയ്യുന്നു." ദുഷ്ടതയുടെ ബീജം നമ്മിൽ സദാ അന്തർലീനമായിരിക്കുന്നു. ആകയാൽ, മനഃപൂർവ്വമല്ലാത്ത അല്പപാപങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കാൻ ദൈവത്തിൻെറ പ്രത്യേക പരിപാലനയില്ലാതെ ആക്കും സാധിക്കുകയില്ല.

മാത്രമല്ല, നമ്മുടെ അപൂർണ്ണതകളുടെ സ്മരണ സ്വന്തം ബലഹീനതയെ ഗ്രഹിച്ചു വിനീതരായിത്തീരുന്നതിനു നമ്മെ സഹായിക്കുന്നു. നമ്മുടെ ശ്രേഷ്ഠങ്ങളായ പ്രതിജ്ഞകൾ പ്രലോഭനങ്ങളാകുന്ന കാററിൽ പൊടിപോലെ പറന്നുപോകുമ്പോൾ എപ്രകാരം നമുക്കു സ്വന്തം യോഗ്യതകളിൽ വിശ്വസിക്കാം? വി. ക്രിസോസ്തോം പറയുന്നു: "പലപ്പോഴും പിശാചുക്കൾപോലും നമുക്കു വളരെ ഉപകാരികളാകുന്നു; എന്നാൽ, നമ്മുടെ ഗുണത്തിനായി അവരെ ഉപയോഗപ്പെടുത്താൻ പഠിച്ചിരിക്കണം. "നമ്മുടെ ദുർബലതയെ കൂടുതൽ പ്രകാശിപ്പിക്കുന്നതിനുള്ള വെളിച്ചം പ്രവേശിക്കുന്ന വാതായനങ്ങളാകുന്നു നമ്മുടെ അപൂർണ്ണതകൾ" എന്നു ഫാ. അൽവാരസ് പ്രസ്താവിക്കുന്നു. എളിമയുള്ളവരെ ദൈവം സ്നേഹാർദ്രതയോടേ വീക്ഷിക്കുകയും

അവരുടെ പരിത്യാഗപ്രവൃത്തികൾ അനുസരിച്ച് അനുഗ്രഹങ്ങൾ അവരുടെമേൽ ചൊരിയുകയും ചെയ്യുന്നു. "നിറയെ സുകൃതങ്ങൾ കയററിയിരിക്കുന്ന വാഹനത്തെ അഹങ്കാരം നയിക്കുന്നതായാൽ നരകത്തിലേ അതു ചെന്നുചേരൂ. പ്രത്യുത, എളിമയാൽ നയിക്കപ്പെട്ടാൽ അതു സ്വർഗ്ഗപാതയിൽക്കൂടി സഞ്ചരിക്കും" (നീസായിലെ വി. ഗ്രിഗരി).

കളകളുടെ വളർച്ചയെ മുൻകൂട്ടിക്കണ്ടു് അവയെ പിഴുതു കളയുന്നതിനു വേണ്ട ഒരുക്കങ്ങൾ നേരത്തേ ചെയ്യുന്ന കൃഷീവലനെപ്പോലെ നാം പ്രവർത്തിക്കണം. നമ്മോടും ദൈവത്തോടു തന്നെയും അസംതൃപ്തരായി ജീവിക്കാതെ ധൈര്യമവലംബിച്ചുകൊണ്ടു്, "നാം നല്ല ദൈവത്തിൻെറ കയ്യിലുള്ള നല്ല ഉരുപ്പടിയാകുന്നു എന്നു വിചാരിച്ചു സന്തോഷത്തോടു" (വി.സാലെസ്) കൂടി പൂർണ്ണതയുടെ വഴിയിൽ പ്രയാണം ചെയ്യണം. ഇപ്രകാരം ദൈവാനുഗ്രഹത്തോടു യോജിച്ചുകൊണ്ടു പ്രവർത്തിച്ചാൽ നമുക്കു പുരോഗമനം നിശ്ചയമാണു്. മാത്രമല്ല, "അശ്രദ്ധനായ ഒരുവൻ പലവർഷങ്ങൾകൊണ്ടു സമ്പാദിക്കുന്നതു ശുഷ്കാന്തിയുള്ള ഒരുവൻ അല്പസമയംകൊണ്ടു നിഷ്പ്രയാസം സമ്പാദിക്കുന്നു" (വി. ഇഗ്നേഷ്യസ്).

## II നമ്മുടെ ദിവ്യരക്ഷകനെ കൂടുതൽ സ്നേഹിക്കുന്നതിനും ആശ്രയിക്കുന്നതിനും നമ്മുടെ അപൂർണ്ണതകളെ ഉപയോഗപ്പെടുത്താം.

നമ്മുടെ അപൂർണ്ണതകളെപ്പററി നമുക്കു ശരിയായ ബോധമുണ്ടാകുമ്പോൾ അവയ്ക്കെതിരായി നാം പോരാടണം. നമ്മുടെ ബലഹീനത ഗ്രഹിച്ചുകൊണ്ടു ദൈവം നമ്മെ സഹായിക്കുന്നുണ്ടെന്നുള്ള വസ്തുത നമുക്കാശ്വാസജനകംതന്നെ, സംശയമില്ല.

ഫാദർ ഗ്രൂ പറയുന്നു: "സ്വയം നടക്കുന്നതിനായി മാതൃഹസ്തങ്ങളിൽനിന്നും താഴെയിറങ്ങുന്ന ചെറുബാലൻ ഇളം കാലുകൾ മുമ്പോട്ടു വയ്ക്കുന്നു; താമസംവിനാ മറിഞ്ഞുവീഴുന്നു; ആശ്വാസമന്വേഷിച്ചു മാതൃഹസ്തങ്ങളെത്തന്നെ അവൻ അവ

ലംബിക്കുന്നു. വീണ്ടും അമ്മയുടെ കൈകളിൽനിന്നു് ഇറങ്ങി പ്പോകുന്നതു് ഉപദ്രവകരമാണെന്നുള്ള പാഠം അവൻ പഠി ക്കുകയും ചെയ്യുന്നു. സ്വന്തം ബലഹീനതയും അമ്മയുടെ സ്നേഹവും കാണുമ്പോൾ അവൻെറ മാതൃസ്നേഹം ദ്വിഗുണീ ഭവിക്കുന്നു." അപ്രകാരംതന്നെ നമുക്കും ആദ്ധ്യാത്മികപരാജയ ങ്ങൾ സംഭവിക്കുമ്പോൾ നമ്മുടെ ദിവ്യനാഥൻെറ സ്നേഹത്തി ലേയ്ക്കു പിന്തിരിയുകയും "പീഡിതരായ എല്ലാവരുടേയും വൈദ്യ ശാലയായ" (വി. ജർത്രൂദ്) ഈശോയുടെ ദിവ്യഹൃദയത്തിൽ അഭയം പ്രാപിക്കുകയും ചെയ്യണം. നമ്മെ സഹായിക്കുവാൻ ആക്കുമാത്രം സാധിക്കുമോ അവിടുത്തോടു്, നമ്മുടെ വീഴ്ചകൾ നമ്മെ അടുപ്പിക്കുന്നു. "നീ വീഴുകയോ നവംനവങ്ങളായ വൈഷമ്യങ്ങൾ നിനക്കു നേരിടുകയോ ചെയ്യുന്നെങ്കിൽ, അതു്, നീ കൂടുതൽ ശ്രദ്ധാലുവായിരിക്കുന്നതിനും സ്വർഗ്ഗസ്ഥനായ നിൻെറ പിതാവിനെ സഹായത്തിനു വിളിക്കുന്നതിനുമായി ട്ടാണു്" (വി. ഫ്രാൻസിസ് സാലെസ്).

ഗൗരവമേറിയ പാപങ്ങളിൽ മാത്രമല്ല, ദൈനംദിനം നമുക്കുണ്ടാകുന്ന നിസ്സാരവീഴ്ചകളിലും "നമ്മുടെ രക്ഷക"നാ കുന്നതിനു് അവിടുന്നു സന്നദ്ധനാണു്. നാം ക്ഷമായാചനം ചെയ്യുമ്പോഴൊക്കെയും നമ്മോടു ക്ഷമിക്കുന്നതു് അവിടുത്തേയ്ക്കു സന്തോഷപ്രദമത്രെ. കുമ്പസാരമെന്ന കൂദാശയിൽ ഇതു സ്പഷ്ട മാകുന്നു. ജെ. ററിസ്സോ എന്ന വൈദികവര്യൻ പറയുന്നു: സ്വദേശം വിടുന്ന ചില കുട്ടികൾ നിങ്ങളുടെ കീഴിൽ ഉണ്ടാ യിരുന്നിരിക്കാം. അവരുടെ പരിശീലനക്കാലത്തു് എത്ര പ്രാവശ്യം നിങ്ങൾ ഇപ്രകാരം പറഞ്ഞു് അവരെ ശാസിച്ചി ട്ടുണ്ടായിരിക്കും: 'എൻെറ കുഞ്ഞുങ്ങളേ, നിങ്ങൾ എവിടെ പഠിച്ചവരാണു്? യാതൊരു ജോലിയും ശരിയായി ചെയ്യുന്ന തിനു നിങ്ങൾക്കു സാധിക്കുന്നില്ലല്ലോ. നിങ്ങൾ ചെയ്തവ യെല്ലാം വീണ്ടും വീണ്ടും ഞാൻ ചെയ്തുതീർക്കണമല്ലോ.' ശുശ്രൂ ഷിക്കപ്പെടുന്നതിനല്ലാതെ ശുശ്രൂഷിക്കുവാൻ വന്ന ഒരു സ്നേഹി തൻ നമുക്കുണ്ടു്. അവിടുത്തേയ്ക്കു നമ്മുടെ നേർക്കുള്ള കാരുണ്യവും സ്നേഹവും കൂടുതൽ പ്രത്യക്ഷപ്പെടുത്തുന്നതിനായി നമ്മുടെ തെററുകളെപ്പോലും ഉപയോഗിക്കുവാൻ അവിടുന്നു തിരുമന

സ്സാകുന്നു. നാം ഇപ്രകാരം പറയണം: 'അല്ലയോ നാഥാ, ചെയ്യേണ്ട വിധത്തിൽ യാതൊന്നും ചെയ്യുന്നതിന് എനിക്കു കഴിവില്ല. ഞാൻ ചെയ്തവയെല്ലാം വീണ്ടും ചെയ്യണമെന്നു നിന്നോടു ഞാൻ അഭ്യർത്ഥിക്കുന്നു.' അപ്പോൾ നമ്മുടെ നല്ല രക്ഷകൻ നമ്മുടെ പിന്നാലെവന്നു നാം ചെയ്ത പ്രവൃത്തികളെ ശരിപ്പെടുത്തും. നാം നന്നായി ചെയ്യാത്തവയെ ക്രമീകരിക്കുന്നതിന് അവിടുന്നെപ്പോഴും സന്നദ്ധനാണ്. ഇപ്രകാരം നമ്മുടെ കുറവുകളെ പരിഹരിക്കുന്നതു് അവിടുത്തേയ്ക്കു സന്തോഷപ്രദവുമാണ്."

"പ്രതിദിനം സന്ധ്യയ്ക്കു് അന്നത്തെ പാപങ്ങളേയും അപൂർണ്ണതകളേയും ഈശോയുടെ അനുഗ്രഹമാകുന്ന അഗ്നിയിൽ ദഹിപ്പിക്കേണ്ടതിനായി വിറകുകഷണമെന്നപോലെ അവിടുത്തെ തൃപ്പാദത്തുങ്കൽ സമർപ്പിക്കുക" (ഫാ. കൊളംബിയേ). "ക്രിസ്ത്വാനുകരണ" കർത്താവു ചെയ്യാറുണ്ടായിരുന്നതും ഇതുതന്നെയായിരുന്നു. അദ്ദേഹം പറയുന്നു: കർത്താവേ, എനിക്കു പാപം ചെയ്യാൻ കഴിവുണ്ടായ ആദ്യനിമിഷംമുതൽ ഈ നാഴികവരെ നിന്റേയും നിന്റെ വിശുദ്ധ ദൂതന്മാരുടേയും സന്നിധിയിൽ ഞാൻ ചെയ്തുപോയ സകല പാപങ്ങളേയും കുററങ്ങളേയും നിന്റെ പരിഹാരപീഠത്തിന്മേൽ ഞാൻ നിനക്കു കാഴ്ചയായി വയ്ക്കുന്നു. ഇങ്ങനെ ചെയ്യുന്നതു്, നീ അവയെ എല്ലാം നിന്റെ സ്നേഹാഗ്നിയാൽ ദഹിപ്പിച്ചു്, എന്റെ സകല പാപങ്ങളുടേയും കറകളെ മായിച്ചുകളയുവാനും എന്റെ മനസ്സാക്ഷിയെ സകല കുററങ്ങളിൽനിന്നും വെടിപ്പാക്കി, സമസ്തവും പൂർണ്ണമായി എന്നോടു ക്ഷമിക്കുകയും സമാധാനചുംബനത്തിന് എന്നെ ദയാപൂർവ്വം സ്വീകരിക്കുകയും ചെയ്തുകൊണ്ടു്, പാപം നിമിത്തം എനിക്കു നഷ്ടപ്പെട്ട നിന്റെ ദൈവപ്രസാദവരത്തെ എനിക്കു വീണ്ടും തരുവാനും വേണ്ടിയാകുന്നു" (പുസ്തകം 4-9: 2). അവിടുന്നു പാപത്തെ ഇഷ്ടപ്പെടുന്നുവെന്നല്ല, പ്രത്യുത, നമ്മുടെ പാപങ്ങളെ മോചിച്ചു നമ്മെ സുഖപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നുവെന്നാണ് ഇതിൽനിന്നു ഗ്രഹിക്കേണ്ടതു്.

ഒരിക്കൽ, ഈശോ ഒരു പുണ്യാത്മാവിനോടു് ഇവ്വിധമൊരു സമർപ്പണം ആവശ്യപ്പെട്ടു. അവിടുന്നു പറഞ്ഞു: "നിന്റെ

അയോഗ്യമായ കുന്തുരുക്കവും മീറയും സ്വര്‍ണ്ണവും അതായത്, നിന്‍റെ അശ്രദ്ധങ്ങളായ പ്രാര്‍ത്ഥനകളും അപൂര്‍ണ്ണങ്ങളായ ആത്മ നിഗ്രഹങ്ങളും ലൗകികേഛ കലന്ന സല്‍പ്രവൃത്തികളും ശേഖ രിച്ച്, പശ്ചാത്താപത്തോടും സ്നേഹത്തോടുംകൂടി എനിക്കു സമ ര്‍പ്പിക്കുക. അപ്പോഠം ഞാന്‍ അവയെ വെണ്‍മുത്തുകളാക്കി രൂപാ ന്തരപ്പെടുത്താം." ദിവസത്തില്‍ പലപ്രാവശ്യം പാപത്തില്‍ വീഴുന്ന നാം ദൈനംദിനം നമ്മെത്തന്നേയും നമ്മുടെ വീഴ്ച കളേയും ഈശോയുടെ തിരുഹൃദയത്തിന്‍റെ സ്നേഹാഗ്നിച്ചൂള യില്‍ ഇടണം. ഇപ്രകാരം പാപവിമുക്തരായശേഷം "നമ്മുടെ കാലടികളെ ത്വരിതമാക്കിക്കൊണ്ട്, നഷ്ടപ്പെടുത്തിയ സമ യത്തെ നമുക്കു വീണ്ടെടുക്കാം" (വി. സാലെസ്).

# അദ്ധ്യായം 26.

## ദൈവാരാധനയ്ക്കും പാപപരിഹാരത്തിനും ഈശോ നമ്മെ സഹായിക്കുന്നു.

ശക്തിമത്തായ പ്രലോഭനങ്ങളുണ്ടാകുമ്പോഠം, കണ്ണു നീരോടുകൂടി സ്വന്തം ബലഹീനതയെ ഏററുപറയാത്തവര്‍ ആരുണ്ട്? അസാധാരണങ്ങളായ വൈഷമ്യങ്ങഠം നേരിടുമ്പോഠം എല്ലാ ആത്മാക്കളും ഇപ്രകാരം ബലഹീനതയെ ഏററു പറയും. ഇതു തന്നോടേററുപറയണമെന്നു നമ്മുടെ സ്നേഹനാ ഥന്‍ ആഗ്രഹിക്കുകയും ചെയ്യുന്നു. "എന്നെക്കൂടാതെ നിങ്ങഠംക്കു യാതൊന്നും ചെയ്യുവാന്‍ സാധിക്കുകയില്ല" (യോഹ. 15. 5). "എന്നെ ശക്തിപ്പെടുത്തുന്നവനില്‍ എല്ലാം ചെയ്യുന്നതിന് എനിക്കു സാധിക്കും" (ഫിലി. 4: 13) എന്ന വി. പൗലോസി ന്‍റെ വാക്കുകളും ഭാഗ്യവശാല്‍ നമുക്കു ലഭിച്ചിട്ടുണ്ട്. നമ്മുടെ ശക്തി ക്ഷയിക്കുമ്പോഠം ഈശോ നമുക്കാശ്രയമായുണ്ട്. "നമ്മുടെ നാഥനായ ദൈവം നമ്മുടെ പോരായ്മകളെ പരി ഹരിക്കുന്നു" (വി. ഇഗ്നേഷ്യസ്).

## I ഈശോ നമുക്കുവേണ്ടി ദൈവാരാധന നടത്തുന്നു.

വന്ദ്യയായ മരിയ സാൽഷപ്പി പറയുന്നു: "അങ്ങ് എൻെറ ദിവ്യശക്തിയാകുന്നു. ദൈവസന്നിധിയിൽ ഞാൻ നിർദ്ധനയാകുന്നു. എന്നാൽ, അവിടുത്തോടുകൂടി ഞാൻ സമ്പന്നയാകുന്നു. എൻെറ അപര്യാപ്തതയെ ഞാൻ സമ്മതിച്ചു പറയുമ്പോൾ ദൈവത്തിൻെറ ശക്തിയെ ഞാൻ ഏററുപറയുകയാകുന്നു ചെയ്യുന്നത്." "ഞങ്ങളുടെ ശക്തി ദൈവത്തിൽനിന്നാകുന്നു" (2 കൊറി. 3: 5) എന്ന വാക്കുകളെ വ്യാഖ്യാനിക്കുകയിൽ വി. ആഗുസ്തീനോസു ചോദിക്കുന്നു: "സ്വർഗ്ഗത്തിലേയ്ക്കുള്ള മാർഗ്ഗം നമ്മെ പഠിപ്പിക്കുന്നതും സ്വർഗ്ഗപ്രാപ്തിക്കുതകുന്ന സുകൃതങ്ങൾ നല്കിക്കൊണ്ടു നമ്മുടെ പ്രയത്നങ്ങളെ പ്രതിസമ്മാനിക്കുന്നതും ആരാകുന്നു?" വി. ബർണാർദ്ദും വി. ലിഗോരിയും തങ്ങളുടെ പ്രാർത്ഥനകളിൽ "എൻെറ മാധുര്യവാനായ ഈശോയേ, നീ മാത്രം എനിക്കു മതിയായിരിക്കുന്നു" എന്നു പറയുക പതിവായിരുന്നു. "ക്രിസ്ത്വാനുകരണ" കർത്താവു പറയുന്നു: "നിനക്കു മിശിഹായുള്ളപ്പോൾ നീ ധനികനാകുന്നു. അവൻ നിനക്കു മതിയായിരിക്കുന്നു" (3-ാം പുസ്തകം അ. 1). "എൻെറ ദൈവമേ, നീ എനിക്കുള്ളപ്പോൾ ഞാൻ ധനവാനാണ്. വേറൊന്നും ഞാനാഗ്രഹിക്കുകയില്ല" (പു. 3 അ. 21). എല്ലാ പുണ്യാത്മാക്കളും "നമ്മുടെ ശക്തി മുഴുവൻേറയും ഉറവയായ ദൈവത്തിൻെറ അധികാരത്തിലും ശക്തിയിലും വിശ്വസിച്ചിരുന്നു" (വി. ഇഗ്നേഷ്യസ്).

നമ്മുടെ ആത്മാക്കളുടെ ഭക്ഷണമായിത്തീരുന്നതുകൊണ്ടു മാത്രം ഈ സ്നേഹനാഥൻ തൃപ്തനാകുന്നില്ല; ദിവ്യസ്നേഹത്തിൻെറ പ്രവാഹത്താൽ നമ്മുടെ ഹൃദയങ്ങളെ സാന്ത്വനപ്പെടുത്തുകകൂടിച്ചെയ്യുന്നു. ഇതിനുംപുറമെ, താനും നമ്മുടെ ആത്മാക്കളും തമ്മിൽ വേറൊരു ബന്ധംകൂടി അവിടുന്നു സ്ഥാപിച്ചിട്ടുണ്ട്; അതെ, നമ്മുടെ കർത്തവ്യങ്ങളുടെ പൂർത്തീകരണത്തിന് അവിടുത്തെ സഹായവും ശക്തിയും സംരക്ഷണവും നമുക്ക് അത്യന്താപേക്ഷിതമാകണമെന്നുകൂടി അവിടുന്നഭിലഷിക്കുന്നു. ലൗകികജീവിതത്തിൽ നാം ഇടപെടേണ്ടിവരുന്ന ഉദ്യമങ്ങളിലോ

പാരത്രികജീവിതത്തിനൊരുങ്ങുവാൻ നാം ചെയ്യേണ്ടിവരുന്ന കാര്യങ്ങളിലോ തന്നിൽനിന്നു വേർപിരിഞ്ഞിരിക്കുന്നതിന് അവിടുന്നു നമ്മെ അനുവദിക്കുകയില്ല.

ദൈവത്തിൻെറനേർക്കു നമുക്കുള്ള ചുമതലകളിൽ പ്രാധാന്യമർഹിക്കുന്നത് ആരാധനയാകുന്നു. നാം സൃഷ്ടികളാകുന്നു എന്നതുതന്നെ സ്രഷ്ടാവിലുള്ള നമ്മുടെ ആശ്രയത്വത്തെ പ്രസ്പഷ്ടമാക്കുന്നു. നമ്മുടെ ദിവ്യനാഥനെ നാം അംഗീകരിക്കണം; അവിടുത്തെ മഹത്വത്തിനായി ആത്മാർപ്പണം ചെയ്യുവാൻ നാം സന്നദ്ധരായിരിക്കണം. സ്രഷ്ടാവിനോടു സൃഷ്ടി ചെയ്യുന്ന പരിപൂർണ്ണമായ വണക്കമാകുന്നു ആരാധന. കേവലം അല്പസൃഷ്ടികളായ നാം ദൈവത്തെ യോഗ്യമായവിധം ആരാധിക്കുന്നതിന് അശക്തരാകുന്നു. "വാനംപാടിപക്ഷികളെപ്പോലെ മനോജ്ഞമായി ഗാനാലാപം ചെയ്തുകൊണ്ടുയരുന്ന വിശുദ്ധാത്മാക്കൾപോലും ദൈവാരാധനയെസ്സംബന്ധിച്ചിടത്തോളം താണുപറക്കുന്നതിനും ഗാനം നിറുത്തുന്നതിനും നിർബന്ധിതരായിബ്ഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ, ദൈവം സകല സ്തുതിക്കും അതീതനാകുന്നു" (വി. സാലെസ്).

പരമപിതാവിനെ യോഗ്യമായി ആരാധിച്ച "പരിപൂർണ്ണനായ ഭക്താത്മാവു ക്രിസ്തു മാത്രമായിരുന്നു" എന്നു മോൺ. ഒലിയേ പറയുന്നു. അവിടുന്നു തൻെറ ഭൗമികജീവിതം സ്വപിതാവിന് ഒരു നിരന്തരമായ ആരാധനയായി സമർപ്പിച്ചു. തൻെറ ബാഹ്യജീവിതത്തെ തനിക്കായി "സത്യത്തിലും അരൂപിയിലും ദൈവത്തെ ആരാധിക്കുന്ന" (യോഹ. 4: 24) വരെ രൂപവത്കരിക്കുന്നതിനായും അവിടുന്നു വിനിയോഗിച്ചു. അവിടുന്നു തനിക്കും നമുക്കുംവേണ്ടി അത്യുൽകൃഷ്ടമായ ആരാധന കഴിച്ചു; എന്തുകൊണ്ടെന്നാൽ, അവിടുത്തേഷു നാം "സകലത്തിലും സകലതും പൂർത്തിയാക്കുന്നവൻെറ പൂർണ്ണതയാകുന്നു" (എഫേ. 1: 23). അവിടുന്നു പഠിപ്പിച്ച മതം എല്ലാക്കാലത്തേഷുമാകുന്നു. വി. മററിൽഡാ പറയുന്നു: "തൻെറ സൃഷ്ടികളിൽ പോരാത്തവയെല്ലാം അവിടുന്നു പൂർണ്ണമാക്കുന്നു." അനന്തമായ ആരാധന അർഹിക്കുന്ന ദൈവത്തെ അനന്തമായി ഈശോ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവിടുത്തേഷു

മാത്രമേ പിതാവിനെ അനന്തമായി ആരാധിക്കുവാൻ സാധിക്കുകയുള്ളൂ.

ആകയാൽ, നമ്മുടെ അല്പാരാധനകളെ, ഈശോയുടെ അപരിമേയമായ ആരാധനയോടു യോജിപ്പിച്ച് ദൈവത്തിനു സമർപ്പിക്കുക മാത്രമേ നമ്മാൽ കരണീയമായിട്ടുള്ളൂ. പ്രതിദിനം പ്രഭാതത്തിൽ തിരുവോസ്തി ഉയർത്തുകയും "സർവ്വശക്തനായ പിതാവേ, അവൻ (ഈശോ) വഴിയായും അവനോടുകൂടിയും അവനിലും സകല സ്തുതിയും മഹത്വവും നിനക്കു നല്കപ്പെടട്ടെ" എന്ന വചനങ്ങൾ ഉച്ചരിക്കുകയും ചെയ്യുന്ന പുരോഹിതൻ, നമ്മുടെ ആരാധനയുടെ കടം വീട്ടുകയാകുന്നു ചെയ്യുന്നത്.

വി. ആഗ്രസ്തീനോസു പറയുന്നു: "ദൈവത്തോടു രമ്യതയുള്ള ഓരോ ക്രൈസ്തവനും ഓരോ അൾത്താരയാകുന്നു." അല്പം താഴ്ന്നതരത്തിലെങ്കിലും "അവൻ യഥാർത്ഥത്തിൽ ഒരു പുരോഹിതനാകുന്നു"വെന്ന് ഒരിജനും, "തന്റെ ശരീരത്തിന്റെ എല്ലാ അവയവങ്ങളിലും ഈശോ തന്റെ പിതാവിന്റെ സാർവ്വത്രിക പുരോഹിതനാകുന്നു"വെന്നു തെർത്തുല്യനും പറയുന്നു. ആകയാൽ, നമ്മുടെ പ്രാർത്ഥനകളുടേയും സൽകൃത്യങ്ങളുടേയും വിശുദ്ധാഗ്രഹങ്ങളുടേയും ജീവിതം മുഴുവന്റേയും സ്വരം ഈശോയുടെ സ്വരത്തോടു യോജിപ്പിക്കാം. അപ്പോൾ ആരാധനയെന്ന അതിപ്രധാന കർത്തവ്യം നമുക്കു ശരിയായി നിർവ്വഹിക്കാം.

## II ഈശോ നമുക്കുവേണ്ടി പാപപരിഹാരം ചെയ്യുന്നു.

ക്രിസ്ത്യാനികളുടെ മറെറാരു ചുമതല പാപപരിഹാരമാണ്. നമ്മുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതത്തിന്റെ ഒരനുകരണം, അഥവാ, തുടർച്ചയാണ്. ഈ അനുകരണം, അഥവാ തുടർച്ച, അവിടുത്തെ മൗതികശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ നാം നമ്മുടെ ആത്മാവിൽ ചെയ്യേണ്ടിയിരിക്കുന്നു. മനുഷ്യാവതാരം പാപപരിഹാരത്തിനായിരുന്നു. നമ്മുടെ രക്ഷകനായി അവതരിച്ച ക്രിസ്തു ഇന്നും ഒരു ബലിവസ്തുവായി അൾത്താരകളിൽ സന്നിഹിതനായിരിക്കുന്നു. അതിനാൽ, നാമും അവിടുത്തെ പരമപിതാവിന്റെ മഹത്വത്തിനും ലോകത്തിന്റെ

രക്ഷയ്ക്കും ഉതകുന്ന ബലിവസ്തുക്കളം ആയിത്തീരുവാൻ കടപ്പെട്ടവരാണ്. കൂടാതെ, അവിട്ടത്തെ പീഡാസഹനത്തിൻെറ പൂർത്തീകരണത്തിൽ ഭാഗഭാക്കുകളാകുവാൻവേണ്ടി നമ്മുടെ ആത്മശരീരങ്ങളെ "ഒരു സജീവബലിയായി അവിടുത്തേയ്ക്കു നാം കാഴ്ചവയ്ക്കേണ്ടതുമാണ്. ഭക്താത്മാക്കൾക്കു പാപപരിഹാരം ഒരാവശ്യമായിത്തീരുന്നു. "പാപത്തെ ഉപേക്ഷിക്കുവാനും അതിലേയ്ക്കു് അവരെ നയിക്കുന്ന മാർഗ്ഗങ്ങളെ വിട്ടകലുവാനും അവർ അതിയായി ആഗ്രഹിക്കുന്നു. പാപമാകുന്ന ദുർഭാവകത്തെ വലിച്ചെട്ടുക്കുവാൻ ശക്തിയുള്ള ഒരു നീർപ്പഞ്ഞിയായിത്തീന്നാൽ കൊള്ളാമെന്നുകൂടി അവർ ആഗ്രഹിക്കുന്നു. അങ്ങനെ അവക്കു മിശിഹായുടെ പക്കൽ ഏല്പിക്കാം, അവിടുന്നു് അതിനെ നശിപ്പിക്കുന്നതിനായി" (Xaverine).

ദൈവം ആവശ്യപ്പെടുന്നതു പരിശുദ്ധവും നിഷ്കളങ്കവുമായ ഒരു ബലിയാണ്; അതേ, അവിടുത്തേയ്ക്കിഷ്ടപ്പെട്ട ഒരു സജീവബലിയെത്തന്നെ. ഒരു സൃഷ്ടിയും ഒരു പാപിയും എന്ന നിലയിൽ പരിമിതമായ ഒരു പാപപരിഹാരമേ മനുഷ്യനു ചെയ്യുവാൻ ശക്തിയുള്ളു. ദൈവത്തിൻെറ ഏകജാതനല്ലാതെ വേറെ ആക്കുംതന്നെ നമ്മുടെ പരിത്രാണകൃത്യം നിവ്വഹിക്കുക സാദ്ധ്യമല്ല" (ബോസേച). പുരോഹിതന്മാരിൽവച്ചു പ്രധാനപുരോഹിതനും "പരിശുദ്ധനും നിഷ്കളങ്കനും നിമ്മലനും പാപങ്ങളിൽനിന്നകന്നവനും..........ഇതരപുരോഹിതന്മാരെപ്പോലെ സ്വന്തപാപങ്ങൾക്കു പരിഹാരബലിയപ്പിക്കേണ്ടയാവശ്യമില്ലാത്തവനു" (എബ്ര. 7: 26–27) മായ മിശിഹാതന്നെ നമ്മെ സഹായിക്കുവാൻ വന്നു. ഒരിക്കൽ നമ്മുടെ ദിവ്യരക്ഷകൻ വി. മർഗ്ഗരീത്താമറിയത്തിനു കാണപ്പെട്ടു് ഇപ്രകാരം അരുളിച്ചെയ്തു: "ഞാനാകുന്നു നിൻെറ അഭയസ്ഥാനം; നിനക്കുവേണ്ടി എന്നെത്തന്നെ ഞാൻ നല്കും." നമ്മെ രക്ഷിക്കുവാൻവേണ്ടി അവിടുന്നു തന്നെത്തന്നെ ബലികഴിച്ചു. ഒരു ശിശുവായി പുല്ക്കൂട്ടിൽ കിടന്നയവസരത്തിൽത്തന്നെ തൻെറ മുൾമുടി അവിടുന്നു ധരിച്ചുകഴിഞ്ഞിരുന്നു; നസ്രസിലെ ആ യുവാവു തൻെറ കുരിശിൻെറ ഭാരത്താൽ ക്ഷീണിച്ചു വിവശനായിക്കഴിഞ്ഞു; തൻെറ പരസ്യജീവിതം, ഉപമകൾ, സുവിശേഷഭാഗ്യങ്ങൾ, അത്ഭുതങ്ങൾ,

സകലക്ലേശം സഹായവും ആശ്വാസവും നല്കിക്കൊണ്ടുള്ള സഞ്ചാരങ്ങൾ, അവസാനം ദൈവത്തിൻെറ ന്യായ്യമായ കോപാഗ്നിയെ ശമിപ്പിക്കുന്നതിനും മനുഷ്യകുലത്തെ പാപത്തിൻെറ അടിമത്തത്തിൽനിന്നു സമുദ്ധരിക്കുന്നതിനുമായി കാൽവരിമലമുകളിൽ ചെയ്യാനിരുന്ന പരമബലി, ഇവയെല്ലാം അവിടുന്നു തൻെറ ശിശുഹൃദയത്തിൽ തെളിവായി കണ്ടിരുന്നു. ദിവ്യകാരുണ്യസ്ഥാപനവും ദിവ്യബലിയുംവഴി ഈ പരിത്രാണകർമ്മം ഇപ്പോഴും അവിടുന്നു തുടർന്നുകൊണ്ടിരിക്കുന്നു. വിശുദ്ധരിലും രക്തസാക്ഷികളിലും, "കർത്താവിൻെറ പീഡകളുടെ പൂർത്തീകരണ"ത്തിനായി വിവിധ ദുരിതങ്ങൾക്കു വിധേയരായിരിക്കുന്ന നമ്മിലും ഈ കൃത്യം തുടർന്നുകൊണ്ടിരിക്കുന്നു.

ദൈവത്വം "മനുഷ്യൻെറ പാപങ്ങൾക്കു പരിഹാരം ചെയ്തുകൊണ്ടിരിക്കുന്ന"തായി വീ. ഡന്നീസു ചിത്രിക്കുന്നു. വലിയ ഒരു കുടുംബത്തിലേ ഒരംഗത്തിന് ഒരിക്കൽ വിചിത്രമായ ഒരു ഭ്രാന്തു പിടിപെട്ടു. അതിൽപ്പിന്നെ അയാൾ കണ്ണിൽക്കാണുന്നതെല്ലാം മോഷ്ടിക്കുവാൻ തുടങ്ങി. തത്ഫലമായി അയാൾ നാട്ടുകാരുടെ അവഹേളനത്തിനും ഗവണ്മെൻറധികാരികളുടെ ശിക്ഷയ്ക്കും പാത്രമായി. അങ്ങനെ അവൻ സ്വപിതാവിനു വലിയ അപമാനവും വ്യഥയും വരുത്തിവച്ചു. പുത്രനെ അന്വേഷിക്കുന്നതിനായി പിതാവു തൻെറ ദാസന്മാരിൽ ഒരാളെ നിയോഗിച്ചു. പുത്രൻെറ തെററുകളെ ക്ഷമിച്ചിരിക്കുന്നതായി അറിയിക്കുന്നതിനും അവൻ വരുത്തിക്കൂട്ടിയ നാശങ്ങളെ പരിഹരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ആ ഭൃത്യനു നല്കുകയും ചെയ്തു. ഇപ്രകാരം തന്നെയാണു ദൈവവും നമ്മോടു പ്രവർത്തിച്ചതു്. നാം അവിടുത്തെ ദത്തുപുത്രരാണ്. മിശിഹായോ അവിടുത്തെ ഏകജാതനും. അജ്ഞതയാൽ നാം വരുത്തിക്കൂട്ടുന്ന ദോഷങ്ങൾക്കും നമ്മുടെ പാപങ്ങൾക്കും പരിഹാരവും അച്ചാരവുമാകുന്നതിന് ഈ പുത്രൻ "ദാസവേഷം ധരിച്ചു."

"നിരപരാധനായ തൻെറ പുത്രനെപ്രതി അപരാധികളോടു ദൈവം ക്ഷമിച്ചിരിക്കുന്നു" (ബോസ്വേ). നമ്മുടെ പള്ളികളിലേയും നമ്മുടെ ഹൃദയങ്ങളിലേയും ബലിപീഠങ്ങളിൽ ബലിയർപ്പിക്കപ്പെടുന്നതു മിശിഹാതന്നെയാണ്. അവി

ടുന്നു് ഒരേസമയം പുരോഹിതനും ബലിവസ്തുവുമാകുന്നു. തൻെറ അഭിഷിക്തനെ തൃക്കൺപാൎക്കുമ്പോഠം ദൈവം, അനുതപിക്കുന്ന പാപിയുടെ തകൎന്നതും എളിയതുമായ ഹൃദയത്തേയും കാണുന്നുണ്ടു്. ആകയാൽ, നാം പാപമോചനത്തിനണയുമ്പോഴും, സ്വാതന്ത്ര്യമായതോ ദൈവപരിപാലനയാൽ ചെയ്യാൻ നിർബന്ധിക്കപ്പെടുന്നതോ ആയ ഇന്ദ്രിയനിഗ്രഹപ്രവൃത്തികഠം ചെയ്യുമ്പോഴും വിശ്വാസസമന്വിതം നമുക്കു് അവിടുത്തോടു കരുണ യാചിക്കാം.

"നിൻെറ എല്ലാ പോരായ്മകളേയും എൻെറ ഹൃദയം പരിഹരിക്കും. നിനക്കുവേണ്ടി അതു പരിഹാരം ചെയ്യും. നിൻെറ കടങ്ങളിൽനിന്നു നിന്നെ അതു് ഒഴിവാക്കുകയും ചെയ്യും" (നമ്മുടെ കൎത്താവു വി. മൎഗ്ഗരീത്താമറിയത്തോടു്).

# അദ്ധ്യായം 27.

## പ്രാൎത്ഥിക്കുന്നതിനും കൃതജ്ഞത പ്രദൎശിപ്പിക്കുന്നതിനും ഈശോ നമ്മെ സഹായിക്കുന്നു.

"നിങ്ങഠം എൻെറ നാമത്തിൽ എൻെറ പിതാവിനോടു യാചിക്കുന്നതൊക്കെയും അവൻ നിങ്ങഠംക്കു തരും" (യോഹ. 16: 23). നമ്മുടെ കൎത്താവിൻെറ പ്രസ്തുത വാക്കുകളിൽ സ്വൎഗ്ഗീയനിക്ഷേപങ്ങളുടെ താക്കോൽ നാം കാണുന്നു. ഇനിയും നമുക്കു സംശയം വേണ്ടാ; നിരുത്സാഹരാകേണ്ടാ. കൎത്താവിൻെറ വാക്കുകളെ വിശ്വസിച്ചുകൊണ്ടു വാതില്ക്കൽ മുട്ടിയാൽ നമുക്കു വാതിൽ തുറക്കപ്പെടും. ദരിദ്രരും ദുർബലരുമായിരിക്കുന്ന നാം എത്രയധികമായി അവിടുത്തെ സമീപിക്കുമോ അത്രയധികമായി അവിടുന്നു നമുക്കുവേണ്ടി പ്രാൎത്ഥിക്കുകയും കൃതജ്ഞത പ്രദൎശിപ്പിക്കുകയും ചെയ്യും.

## I പ്രാർത്ഥിക്കുന്നതിന് ഈശോ നമ്മെ സഹായിക്കുന്നു.

മാമ്മോദീസാ വഴിയായി മിശിഹായുടെ ജീവനിലും ചൈതന്യത്തിലും ഓഹരിക്കാരായിക്കൊണ്ടു്, എല്ലാ കത്തോലിക്കരും അവിടുത്തെ അവയവങ്ങളായിബ്ഭവിക്കുന്നു. ഇതു വഴിയായി അവിടുത്തെ പ്രവൃത്തികൾ ഓരോന്നും സർവ്വവ്യാപകമായിത്തീരുന്നു. ഇതു് അവിടുത്തെ പ്രാർത്ഥനയെസ്സംബന്ധിച്ചും യഥാർത്ഥമാണു്. മിശിഹാ തനിക്കുവേണ്ടിമാത്രം ഒരിക്കലും പ്രാർത്ഥിച്ചിരുന്നില്ല. അതിനാവശ്യവുമുണ്ടായിരുന്നില്ല. നാം അവിടുത്തെ അവയവങ്ങളാകയാൽ നമുക്കുവേണ്ടിക്കൂടെയാണു് അവിടുന്നു പ്രാർത്ഥിച്ചിരുന്നതു്. "ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു" അതായതു്, അവർക്കുവേണ്ടിയും അവരുടെ നാമത്തിലും പ്രാർത്ഥിക്കുന്നു. "അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടെയാകുന്നു ഞാൻ പ്രാർത്ഥിക്കുന്നതു്" (യോഹ. 17: 9–20). നമ്മുടെ കർത്താവിന്റെ പ്രസ്തുത വാക്കുകളെ വ്യാഖ്യാനിച്ചുകൊണ്ടു വി. ആഗസ്തീനോസു പറയുന്നു: "നമ്മുടെ ശിരസ്സായ ക്രിസ്തുവാകുന്നു നമ്മിലിരുന്നുകൊണ്ടു പ്രാർത്ഥിക്കുന്നതു്." ഇതിനാലാകുന്നു തിരുസ്സഭയുടെ പ്രാർത്ഥനകളെല്ലാം "ഞങ്ങളുടെ കർത്താവീശോമിശിഹാ വഴിയായി ഞങ്ങൾ പ്രാർത്ഥിക്കുന്നു" എന്നവസാനിപ്പിക്കുന്നതു്.

കർതൃപ്രാർത്ഥനവഴി തനിക്കേററം പ്രിയംകരമായവിധം പ്രാർത്ഥിക്കുന്നതിനു മിശിഹാ നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. "ദൈവത്തോടുമാത്രം പ്രാർത്ഥിക്കുകയെന്നതാണു് ഏററം ഹൃദ്യവും സ്നേഹാത്മകവുമായ പ്രാർത്ഥന. തന്റെ പ്രിയസുതന്റെ വാക്കുകൾതന്നെ കേൾക്കുമ്പോൾ നിത്യപിതാവു സന്തുഷ്ടനാകുന്നു. അവിടുത്തെ വാക്കുകളിൽത്തന്നെ നാം പ്രാർത്ഥിക്കുമ്പോൾ അവിടുത്തെ നാമത്തിൽ നാം പ്രാർത്ഥിക്കുന്നു" (വി. സിപ്രിയാൻ). വി. അമ്മത്രേസ്യാ പ്രാർത്ഥിക്കുവാൻ ആരംഭിക്കുന്നതിനു മുമ്പു്, ശ്ലീഹന്മാരോടുകൂടി താൻ നില്ക്കുന്നതായും "നിങ്ങൾ, ആകയാൽ ഇപ്രകാരം പ്രാർത്ഥിക്കുവിൻ" എന്നു നമ്മുടെ കർത്താവു് അവരോടരുളിച്ചെയ്യുന്നതു കേൾക്കുന്നതായും സങ്കല്പിച്ചുകൊണ്ടു കുറെ [illegible] പതിവായിരുന്നു. ഈശോയുടെ

ആഗ്നസ് എന്ന പുണ്യവതി പ്രാർത്ഥിക്കുന്നതിനു നമസ്കാരപ്പുസ്തകമെടുത്തിരുന്നപ്പോഴൊക്കെ, "എന്റെ ആത്മമണാളനായ ഈശോയേ, നിനക്കിഷ്ടമെങ്കിൽ നീതന്നെ പ്രാർത്ഥനയാരംഭിക്കുക" എന്നു പറഞ്ഞിരുന്നു. ഉടൻതന്നെ നമസ്കാരത്തിന്റെ പ്രാരംഭവാചകം ഉച്ചരിക്കുന്ന അശരീരിവാക്യം അവൾ കേട്ടിരുന്നു.

"എപ്പോഴും ജീവനോടുകൂടിയിരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥനകൾ സമർപ്പിക്കുകയും ചെയ്യുന്ന" (എബ്രാ 7:25) മിശിഹായ്ക്കു തങ്ങളെത്തന്നെ കൈയാളിച്ചുകൊണ്ട്, വിശ്വാസത്തോടും പ്രതീക്ഷയോടും സ്നേഹത്തോടുംകൂടി പ്രാർത്ഥിക്കുന്നതിനാലാണു വിശുദ്ധാത്മാക്കളുടെ പ്രാർത്ഥനകൾക്കു ദൈവതിരുമുമ്പിൽ ഇത്ര ശക്തിയുള്ളത്. "കേൾക്കപ്പെടുന്ന ഏകമദ്ധ്യസ്ഥൻ അവിടുന്നാകുന്നു. മററുള്ളവരെല്ലാം അവിടുത്തെപ്രതി മാത്രം കേൾക്കപ്പെടുന്നു" (ബോസേ). ദൈവം നമ്മെ ശ്രവിക്കുമ്പോൾ, താൻ ആരിൽ പ്രസാദിച്ചിരിക്കുന്നുവോ ആ പ്രിയ സുതനെയാകുന്നു കേൾക്കുന്നത്. എന്തുകൊണ്ടെന്നാൽ, ദത്തുപുത്രസ്വീകരണത്തിന്റെ അരൂപിയാലത്രെ നാം പിതാവെന്ന് അങ്ങെ വിളിക്കുന്നത്" (റോമാ. 8: 15). അതിനാൽ, നമുക്കു വേണ്ടി പൂർണ്ണമായി ചെലവഴിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ഈശോയുടെ ദിവ്യഹൃദയത്തിന്റെ സ്നേഹത്തെ നമുക്കു പ്രയോജനപ്പെടുത്താം. ആ തിരുഹൃദയം നമ്മുടെ പ്രാർത്ഥനകളുടേയും ആഗ്രഹങ്ങളുടേയും നട്ടുനായകത്വം വഹിക്കട്ടെ. അപ്പോൾ നമുക്കുപകരിക്കുന്ന കാര്യങ്ങൾ വേണ്ടവിധം യാചിക്കുന്നതിനു സാധിക്കും. അതുവഴി നമ്മുടെ പ്രാർത്ഥന ശ്രവിക്കപ്പെടുകയും ചെയ്യും.

നമ്മുടെ അയോഗ്യതയെ പൂർണ്ണമായി ഗ്രഹിച്ചുകൊണ്ടും നമ്മുടെ ദിവ്യരക്ഷകന്റെ യോഗ്യതയിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടും ഉള്ള പ്രാർത്ഥനയാകുന്നു യഥാർത്ഥമായ ക്രിസ്തീയ ജീവിതത്തിന്റെ ഉത്തമസാക്ഷ്യം. "ഞാൻ പ്രാർത്ഥിക്കുന്നു; എന്നാൽ, ഞാനല്ല, ഈശോ എന്നിൽ പ്രാർത്ഥിക്കുന്നു" എന്നു സന്ന്യായം നമുക്കു പറയുവാൻ സാധിക്കുന്നതെന്നോ അന്ന്, "ഞാൻ ജീവിക്കുന്നു; എന്നാൽ, ഞാനല്ല, ഈശോ എന്നിൽ

ജീവിക്കുന്നു" (ഗലാ. 2: 20) എന്നും സത്യമായി പറയാം. എന്റെ വിചാരങ്ങളുടേയും വികാരങ്ങളുടേയും പ്രവൃത്തികളുടേയും ആദർശം അവിടുന്നാകുന്നു. എന്റെ പുണ്യജീവിതത്തിന്റെ ചൈതന്യവും അവിടുന്നുതന്നെ.

## II ഈശോ നമുക്കുവേണ്ടി കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

നമ്മെസ്സംബന്ധിച്ചിടത്തോളം നമ്മുടെ ജീവിതം ആവശ്യങ്ങളുടെ ഒരു ഗംഭീരഗർത്തം തന്നെയാണ്. "തന്റെ സൃഷ്ടികളുടെമേൽ നന്മ പ്രവഹിപ്പിക്കുന്ന" (വി. ഇഗ്നേഷ്യസ്) ദൈവത്തെസ്സംബന്ധിച്ചിടത്തോളം അത് അനുഗ്രഹങ്ങളുടെ സമുദ്രവുമാണ്. ദൈവത്തിന്റെ ഏററം വലിയ ദാനങ്ങൾ സൃഷ്ടി, പരിത്രാണനം, വി. കുർബാന, സ്വർഗ്ഗം എന്നിവയാണ്. ഈ നാലു പദങ്ങളിൽ അടങ്ങിയിരിക്കുന്നവയെ ഗ്രഹിച്ചാൽ, ദൈവം എത്ര നല്ലവനാകുന്നുവെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. മാത്രമല്ല, ഓരോ ആത്മാവും സ്വന്തം ചരിത്രം പരിശോധിച്ചാൽ, അതായത്, ദൈനംദിനം തന്നിലുള്ള ദൈവത്തിന്റെ പ്രവൃത്തികളെ പരിശോധിച്ചാൽ, ദൈവദാനങ്ങളുടെ ഭാരത്തിനു കീഴിൽ അമർന്നുപോകും. മറിച്ച്, വി. ഇഗ്നേഷ്യസ് പറയുന്നതുപോലെ, "സ്രഷ്ടാവിന്റെ തിരുമുമ്പിൽ ഏററം നിഷിദ്ധമായിരിക്കുന്ന ഒരു സംഗതി കൃതഘ്നതയാകുന്നു." "പ്രകാശിപ്പിക്കപ്പെടുന്ന കൃതജ്ഞത അനുഗ്രഹങ്ങളുടെ തുടർച്ചയായ പ്രവാഹത്തിനും വർദ്ധനത്തിനും കാരണമാകുന്നു എന്നതാണു സ്വർഗ്ഗീയ കൃപാവിഭജനത്തിന്മേൽ ആധിപത്യം വഹിക്കുന്ന നിയമം" (കട്ടിനാറം പീ). എന്തുകൊണ്ടെന്നാൽ, "നാം കൃതജ്ഞരായിരിക്കുമ്പോൾ സ്നേഹമുള്ളവരുമായിരിക്കും" (വി. ആഗസ്തീനോസ്) ഇക്കാരണത്താലാകുന്നു ഭക്തിയെപ്പററി പഠിപ്പിക്കുമ്പോൾ വിശുദ്ധ ലിഖിതം, പ്രത്യേകിച്ച്, സങ്കീർത്തനങ്ങളും വി. പൗലോസിന്റെ ലേഖനങ്ങളും കൃതജ്ഞതയെ പ്രകീർത്തിക്കുന്നത്. നമ്മുടെ പള്ളികളിൽ പവിത്രവും മഹനീയവുമായി അനുഷ്ഠിക്കപ്പെടുന്ന രഹസ്യങ്ങൾക്ക്, 'യൂക്കാരിസ്റ്റ്'

(കൃതജ്ഞത) എന്ന പേരു ലഭിച്ചിട്ടുള്ളത് ഇതുമൂലമാണെന്നു വി. ക്രിസോസ്റ്റോം വിശദമാക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, അവ ദൈവദാനങ്ങളുടെ സ്മാരകവും നമ്മുടെ കൃതജ്ഞതയുടെ വിഷയവുമാണ്.

കൃതജ്ഞതാപ്രകടനം എന്ന കത്തവ്യത്തിൻെറ പരിധി മനസ്സിലാക്കുവാൻ സാധിക്കുന്നവർക്ക് അതേസമയംതന്നെ വേണ്ടവിധം നന്ദി പ്രകാശിപ്പിക്കുന്നതിനുള്ള ശക്തിരാഹിത്യത്തേയും മനസ്സിലാക്കുവാൻ സാധിക്കും. "കത്താവേ, നീ ഇത്ര വലിയവനും ഞാൻ ഇത്ര നിസ്സാരനുമായിരിക്കെ, കേവലം ഒരു ചണനൂലു മാത്രമേ എനിക്കു നീ നല്കിയിരുന്നുള്ളുവെങ്കിലും ആ ദാനത്തെക്കുറിച്ചു ഞാൻ സ്നേഹബഹുമാനസമന്വിതം കൃതജ്ഞത കാണിക്കേണ്ടതാകുന്നു. എന്നാൽ, എൻെറ അയോഗ്യതയും കൃതഘ്നതയും ഓത്തു ഞാൻ ദുഃഖിക്കുന്നു."

വി. ജർത്രൂദ് ഏതാണ്ടിപ്രകാരം പറഞ്ഞിരുന്നു; എങ്കിലും ഈ മഹാവിശുദ്ധ നമ്മുടെ കത്താവിനോട് ഏററമധികം ഐക്യത്തിൽ ജീവിച്ചിരുന്ന ഒരാത്മാവായിരുന്നു. "ഞാൻ ഇത്രയധികം സ്നേഹിക്കുന്ന എൻെറ ഈശോയേ, നീതിയുടേയും സ്നേഹത്തിൻേറയും വ്യാപ്തിക്കൊത്തവിധം എനിക്കുവേണ്ടി കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു അങ്ങ് കനിയണമേ" എന്നു് ഈ പുണ്യവതി പലപ്പോഴും പറഞ്ഞിരുന്നു. "സത്യത്തിൻെറ ദൈവമായ കത്താവേ, നീ എന്നെ വീണ്ടുരക്ഷിച്ചു" (സങ്കീ. 30: 6). എന്നാൽ, "കൃതജ്ഞതയുള്ളവനായിരിക്കുക എന്ന ഈ കത്തവ്യത്തിൽനിന്നു മനുഷ്യൻ പലപ്പോഴും തെററുന്നതിനാൽ ദൈവപുത്രൻ നമ്മുടെ സ്ഥാനത്തു നിന്നുകൊണ്ടു്, നമ്മാൽ ഒരിക്കലും സാധ്യമല്ലാതിരുന്ന കൃത്യം നമുക്കുവേണ്ടി നിവ്ഹിക്കുന്നതിനായി, തൻെറ നിക്ഷേപത്തിൽനിന്നും ആവശ്യമുള്ളതെല്ലാം എടുക്കുന്നു" എന്നു വി. ക്രിസോസ്റ്റോം പറയുന്നു.

നിഷ്കപടയായ ഒരാത്മാവ് ഇപ്രകാരം പ്രാത്ഥിക്കുകയും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുക പതിവായിരുന്നു: "നിത്യപിതാവേ, അങ്ങേ വത്സലസുതൻെറ യോഗ്യതയെക്കുറിച്ച് ഇന്നയിന്ന അനുഗ്രഹങ്ങൾ ഞാൻ യാചിക്കുന്നു. ആ

പുത്രൻെറ യോഗ്യതകഠം വിലയായി എടുത്തുകൊള്ളുക. ശേഷ മുള്ളതു് എനിക്കു തരിക." ഇതിനെക്കാഠം സുന്ദരവും അകൃത്രിമ വുമായ പ്രാത്ഥന വേറെ ഏതുണ്ടു്? നമ്മുടെ കത്താവിൻെറ യോഗ്യതകഠം അനന്തമാകയാൽ അതിൽനിന്നും നമ്മുടെ കട ങ്ങഠം ദൈവം എടുത്തുകഴിഞ്ഞാലും വീണ്ടും ആ നിക്ഷേപം അനന്തമായിത്തന്നെ സ്ഥിതി ചെയ്യും.

നമ്മുടെ ദിവ്യരക്ഷകൻ "നമ്മോടുകൂടി ഒന്നായിരിക്കു ന്നതിനാഗ്രഹിച്ചുകൊണ്ടു്" (വി. തോമസ്) നമുക്കുവേണ്ടിയും നമ്മിലും നമ്മോടുകൂടിയും പ്രാത്ഥിക്കുകയും സ്നേഹിക്കുകയും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് അവി ടുത്തെ കൃതജ്ഞതാപ്രകടനങ്ങഠം നമ്മുടെ സ്വന്തമാക്കുന്നതിനും നമുക്കു സാധിക്കുന്നു. അധികം വരപ്രസാദം സ്വീകരിച്ചിട്ടു്, കുറച്ചുമാത്രം പ്രതിനന്ദി പ്രദശിപ്പിച്ചതിനാൽ സങ്കടപ്പെടുന്ന ആത്മാക്കഠംക്കു് ഇതു വളരെ ആശ്വാസപ്രദമാണു്. "ഉപകാരം സ്വീകരിച്ചെന്നുള്ള ബോധവും അതിനുള്ള പ്രത്യുപകാരവും സ്വഗ്ഗത്തിലും ഭൂമിയിലും വിലമതിക്കപ്പെടുന്നു" എന്നവർ അറിയുന്നു. (വി. ഇഗ്നേഷ്യസ്).

"അനന്തമായ ബഹുമാനവും സ്നേഹവും ആരാധനയും കൃതജ്ഞതയും അങ്ങേയ്ക്കു നല്കുന്നതിനു ഞാൻ കടപ്പെട്ടിരിക്കുന്നു. അനന്തമായ കാരണങ്ങളാൽ ഞാൻ മുഴുവനായും അങ്ങേയ്ക്കു കട പ്പെട്ടിരിക്കുന്നു. എൻെറ കടം മുഴുവൻ വീട്ടുന്നതിനു് എനി ക്കൊന്നുമില്ല. എന്തുകൊണ്ടെന്നാൽ, എനിക്കു സ്വന്തമായി ഒന്നുമില്ലെന്നു മാത്രമല്ല, ഞാൻതന്നെ ഒന്നുമാകുന്നില്ല. എന്നാൽ, അവിടുന്നു് എനിക്കു നല്കിയ അവിടുത്തെ തിരുക്കുമാരൻെറ തിരു ഹൃദയത്തെ കണ്ടാലും; അങ്ങേ സ്തുതിക്കുന്നതിനും അങ്ങേയ്ക്കു നന്ദി പറയുന്നതിനും എൻെറ നിത്യരക്ഷയ്ക്കാവശ്യമുള്ളവയെ യാചിക്കുന്നതിനുമായി ആ തിരുഹൃദയത്തെ ഞാൻ അങ്ങേയ്ക്കു കാഴ്ചവയ്ക്കുന്നു" (വി. ജോൺ എവുദെസ്).

"എൻെറ ഹൃദയത്തിലേ നിക്ഷേപങ്ങളുടെ അവകാശി നിയും കാവൽക്കാരിയുമായി സമയത്തിലും നിത്യത്വത്തിലും ഞാൻ നിന്നെ നിയമിക്കുന്നു" (മിശിഹാ വി. മഗ്ഗരീത്താ മറിയത്തോടു്).

# അദ്ധ്യായം 28.

## ഈശോ നമ്മുടെ വിശുദ്ധിയേയും ആനന്ദത്തേയും പരിപൂർണ്ണമാക്കുന്നു.

പുണ്യപൂർണ്ണതയ്ക്കായി നിരന്തരം അക്ഷീണയത്നം ചെയ്തു കൊണ്ടിരുന്ന ഒരാത്മാവ് ഇപ്രകാരം പറയുക പതിവായിരുന്നു: "എനിക്കൊരു പുണ്യവുമില്ല. എന്നാൽ, ഈശോ എന്നോടു കൂടിയുണ്ട്. അവിടുത്തേയ്ക്ക് എല്ലാ സുകൃതങ്ങളുമുണ്ട്." അതാ യത്, എനിക്കു സ്വന്തമായിട്ടു യാതൊന്നുമില്ല, എങ്കിലും എന്നെ ശക്തിപ്പെടുത്തുന്നതിനും എന്റെ പ്രയത്നങ്ങളെ ആശീർവ്വദിക്കുന്നതിനും ദൈവത്തിന്റെ കൃപ എന്നോടുകൂടിയുണ്ട്. എന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്നതിനായി പരിപൂർണ്ണമായ ഒരു മാതൃക എനിക്കുണ്ട്. വിശ്വാസത്തോടും പ്രതീക്ഷയോടും കൂടി ഞാൻ അവിടുത്തെ സിംഹാസനത്തെ സമീപിക്കുമ്പോൾ എന്റെ സ്വാതന്ത്ര്യവിനിയോഗത്തിന് ഉതകുന്നതും കരുണാമസൃണവുമായ സഹായം എനിക്കു ലഭിക്കും. വേറൊരു പുണ്യാത്മാവ് ഇപ്രകാരം പറഞ്ഞിരുന്നു: "കർത്താവേ, നീ എന്നിൽ എല്ലാവരുടേയും എല്ലാററിന്റേയും സ്ഥാനം എടുത്തിരിക്കുന്നു. നീ എന്റെ നിക്ഷേപവും എന്റെ രാജ്യവും എന്റെ ഏക സ്നേഹവുമാകുന്നു; എന്റെ ഏകസമ്പാദ്യം നീയല്ലാതെ മററൊന്നുമല്ല." സ്വർഗ്ഗത്തിൽ പുണ്യവാന്മാരും വിശുദ്ധാത്മാക്കളും വസിക്കുന്നു. ഭൂവാസമാകട്ടെ സ്വർഗ്ഗപ്രാപ്തിക്കുള്ള ഒരുക്കവുമാകുന്നു. ആകയാൽ, ദൈവം നമ്മിൽ വന്നു വസിക്കുന്നതിനു കനിയുമ്പോൾ, പൂർണ്ണതയുടേയും സൗഭാഗ്യത്തിന്റേയും വിത്തു നമ്മിൽ വിതയ്ക്കുന്ന മഹിമയുടെ ആരംഭത്തെയത്രെ നമ്മിലേയ്ക്ക് അവിടുന്നു കൊണ്ടുവരുന്നത്. ഇങ്ങനെ, ഈശോ നമ്മുടെ വിശുദ്ധിയുടേയും ആനന്ദത്തിന്റേയും കുറവുകളെ പരിഹരിക്കുന്നു.

### I ഈശോ നമ്മുടെ വിശുദ്ധിയെ പൂർണ്ണമാക്കുന്നു.

ദൈവത്തിന്റെ പരിശുദ്ധി തന്നിൽത്തന്നെയുള്ള ഐക്യമാകുന്നു. അതുവഴി ആവശ്യമുള്ളതും പരിപൂർണ്ണവുമായവ

എല്ലാം അവിടുന്നു തന്നിൽ കാണുന്നു. സൃഷ്ടികളുടെ വിശുദ്ധി യാകട്ടെ ദൈവപരിപൂർണ്ണതയുടെ അനുകരണം മാത്രമാണ്. വിശുദ്ധി സുവ്യവസ്ഥിതമായ സ്നേഹമാകുന്നുവെന്നു വി. ആഗ്ഗസ്തീനോസും അതിൻെറ അവസാനം ദൈവസ്നേഹത്തിൽ അടങ്ങിയിരിക്കുന്നുവെന്നു പതിമൂന്നാം ലെയോ മാർപ്പാപ്പായും പറയുന്നു. "കർത്താവിനോടു ചേരുന്നവൻ അവനോടുകൂടി ഏകാത്മാവായിത്തീരുന്നു" (1 കൊറി. 6: 17) എന്ന വി. പൗലോസിൻെറ വാക്കുകളെ അന്വർത്ഥമാക്കുമാറ് അതു നമ്മെ ദൈവത്തോടു യോജിപ്പിക്കുന്നു. അതിനാൽ, വിശുദ്ധി ദൈവവുമായുള്ള ഐക്യമാകുന്നുവെന്നു സിദ്ധിക്കുന്നു. മിശിഹായുടെ ജീവൻ നമ്മുടെ ജീവനായിത്തീരുന്നു. "നമുക്കു സ്വതന്ത്രമായ ജീവനില്ലാതെ നാം പരിപൂർണ്ണമായി അവിടുത്തേയ്ക്ക് അധീനമാകത്തക്കവിധം അവിടുത്തേ ദിവ്യവരപ്രസാദങ്ങൾ നമ്മിൽ പ്രവേശിപ്പിക്കപ്പെടുന്നു; അവിടുത്തേ ദിവ്യേഷ്ടത്തിനു നാം വിധേയരാക്കപ്പെടുന്നു; അവിടുത്തേ നിയന്ത്രണത്തിനു വിധേയരാക്കപ്പെടുന്നു; അവിടുത്തേ അഭീഷ്ടങ്ങൾക്ക് അനുരൂപരാക്കപ്പെടുന്നു; അവിടുത്തേ അമൂല്യദാനങ്ങൾ സ്വീകരിക്കുന്നതിനു നാം സന്നദ്ധരാക്കപ്പെടുന്നു; അവിടുത്തേ താത്പര്യങ്ങളെ അനുവർത്തിക്കുന്നവരും ആഗ്രഹങ്ങളെ പൂർത്തിയാക്കുന്നവരുമായി നാം രൂപാന്തരപ്പെടുത്തപ്പെടുന്നു" (മോൺ. ഗേ).

പരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള ഉദ്യമത്തിൽ ദിവ്യരക്ഷകൻെറ പര്യാപ്തതയാൽ തങ്ങളുടെ ബലഹീനതയെ താങ്ങുന്നില്ലെങ്കിൽ ധീരാത്മാക്കൾപോലും നിരാശയ്ക്ക് അധീനരായിപ്പോകും. എം. മരിയ സാൽഷപ്പിയുടെ വാക്കുകൾ പ്രകൃതത്തിൽ ശ്രദ്ധേയമാണ്. "ഭൗമികമായ യാതൊരു സഹായമോ പിൻതുണയോ സമ്പാദ്യങ്ങളോ നിക്ഷേപമോ കൂടാതെ, എൻെറ രക്ഷകൻ എൻെറ ഓഹരിയും എൻെറ പൂർണ്ണനന്മയുമാകുന്നു; ദൈവത്തെപ്പോലെ ഞാൻ ധനികയാകുന്നു; യാതൊരു പോരായ്മയും എനിക്കില്ല." നമ്മുടെ കർത്താവു വി. മർഗ്ഗരീത്താമറിയത്തോട് അരുൾചെയ്തു: "എൻെറ ശക്തി നിലനില്ക്കുന്ന കാലത്തോളം നിനക്കു സഹായം ലഭിക്കും."

"ഞാൻ വഴിയാകുന്നു," എന്നു കർത്താവു പറയുന്നു.

അതെ, സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി അവിടുന്നാകുന്നു. സകല പുണ്യങ്ങളുടേയും അധിപനും മാതൃകയുമായ അവിടുന്നു തൻെറ ജീവിതവും സുവിശേഷവും വഴിയായി നമുക്കു പുണ്യപൂർണ്ണതയ്ക്കുള്ള മാർഗ്ഗത്തെ കാണിച്ചുതന്നിട്ടുണ്ട്. തിരുസ്സഭ അതിനെ വ്യാഖ്യാനിക്കുകയും പുണ്യവാന്മാർ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. നിത്യരക്ഷയുടെ പാതയിൽ പ്രവേശിക്കണമെങ്കിൽ നാം ഈശോയെ അനുകരിക്കുകയും പരിശുദ്ധമായ ഈ മൂശയിൽ നമ്മുടെ ജീവിതത്തെ ഉടച്ചുവാർക്കുകയും ചെയ്യണം. നാം ജീവൻെറ വഴിയിൽക്കൂടി ചരിക്കുന്നോ എന്നും പുണ്യവാന്മാർ ചെയ്യുന്നതുപോലെ നമ്മുടെ പ്രവൃത്തികളെല്ലാം ഈശോ വഴിയായും അവിടുത്തോടുകൂടിയും അങ്ങിലുമാകുന്നോ — അതായത്, അവിടുത്തെ സഹായത്തോടുകൂടിയും അവിടുത്തെ പഠനങ്ങൾക്കു യോജിച്ചവിധവുമാകുന്നോ — നാം പ്രവർത്തിക്കുന്നത് എന്നും അറിയണമെങ്കിൽ നമ്മുടെ പ്രവൃത്തികളേയും വിചാരങ്ങളേയും ആഗ്രഹങ്ങളേയും ആത്മാർത്ഥമായി പരിശോധിച്ചാൽ മതി.

'ഈശോവഴിയായി!' നമ്മെ പ്രകാശിപ്പിക്കുകയും വിശുദ്ധീകരിക്കുകയും അനന്തരം പിതാവിൻെറ കരങ്ങളിൽ നമ്മെ സുരക്ഷിതരായി ഏല്പിക്കുകയും ചെയ്യുന്നത് അവിടുന്നാകുന്നു. അവിടുന്നുവഴിയായി നാം വരപ്രസാദവും പാപപ്പൊറുതിയും നമുക്കാവശ്യമുള്ള എല്ലാ സഹായങ്ങളും സ്വീകരിക്കുന്നു. "അവിടുന്നു വിശുദ്ധീകരിക്കപ്പെട്ട ഒരു പുണ്യാത്മാവല്ല; തന്നെ സ്നേഹിക്കുന്ന ഏവരേയും വിശുദ്ധീകരിക്കുന്ന ദൈവത്തിൻെറ ഏക പരിശുദ്ധനാകുന്നു" (ബോസ്വേ). അവിടുന്നുവഴിയായി നാം ദൈവത്തെക്കാണുന്നു. പാപത്താൽ നാം ദൈവത്തിൽനിന്ന് അകന്നുപോയാൽ, അവിടുന്നുവഴിയായിത്തന്നെ നാം വീണ്ടും ദൈവത്തെ സമീപിക്കുന്നു. നമ്മെ സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്നതും ഈശോതന്നെയായിരിക്കുന്നു.

'ഈശോയോടുകൂടി!' നമ്മുടെ യാത്രയിൽ സഹചാരിയും സ്നേഹിതനും ഭക്ഷണവും ഈശോയാകുന്നു. പാപം ചെയ്യാതിരിക്കുന്നിടത്തോളം കാലം ഞാൻ എവിടെപ്പോയാലും അവിടുന്ന് എന്നോടുകൂടിയുണ്ട്. എൻെറ ജോലിയിലും വിശ്രമത്തിലും സ്നേഹത്തിലും പ്രാർത്ഥനയിലും സന്തോഷത്തിലും സന്താ

പത്തിലും ജീവിതത്തിലും മരണത്തിലും അവിടുന്ന് എൻെറ സവ്വവുമാകുന്നു. അവസാനം സ്വഗ്ഗത്തിൽ എല്ലായ്പ്പോഴും നാം അവിടുത്തോടുകൂടി ആയിരിക്കുകയും ചെയ്യും.

'ഈശോയിൽ!' ഈശോയോടുകൂടി ഒരു ഹൃദയവും ഒരാത്മാവുമായിരിക്കുന്നതിലാണ് ഐക്യത്തിൻെറ പരിപൂത്തി. അവിടുന്ന് എന്നെ ക്ഷണിക്കുകയും തന്നിലേയ്ക്കു് ആകഷിക്കുകയും സ്വീകരിക്കുകയും നിത്യമായ സ്നേഹത്തോടേ സ്നേഹിക്കുകയും ചെയ്യുന്നു. അവിടുത്തേ ചിന്തയുടേയും ജീവൻേറയും സ്നേഹത്തിൻേറയും അഗാധത്തിലേയ്ക്കു ഞാൻ പ്രവേശിക്കുകയും അവിടുത്തേ പ്രവൃത്തികളിൽ ഞാൻ ഭാഗഭാക്കാകുകയും ചെയ്യുന്നു. അവിടുന്ന് എനിക്ക് എല്ലാം തരുന്നു. അവിടുത്തേ മാറിൽ ഞാൻ ശയിക്കുമ്പോഠം അതു ഭൂമിയിൽ എൻെറ സ്വഗ്ഗമായിത്തീരുന്നു. നമ്മുടെ ജീവിതകാലം മുഴുവൻ ഈ 'വഴി' യിൽക്കൂടി നടക്കുകയും നമ്മുടെ പ്രവൃത്തികളെല്ലാം ഈശോ വഴിയായും ഈശോയോടുകൂടിയും ഈശോയിലും പൂത്തിയാക്കുകയും ചെയ്യുന്നെങ്കിൽ നാം അതിവേഗം പുണ്യപൂണ്ണതയുടെ ഉന്നതസോപാനത്തിൽ എത്തിച്ചേരും.

## II നമ്മുടെ സൗഭാഗ്യത്തിൻെറ തികവ് ഈശോയാകുന്നു.

"ആത്മാക്കളെ തന്നിലേയ്ക്കു് ആകഷിക്കുന്നതിനായി നമ്മുടെ സ്നേഹനാഥൻ സ്വഗ്ഗീയാനന്ദത്തിൻെറ ചില ചെറിയ മാതൃകകഠം അവക്കു നല്കുന്നുണ്ട്. നിസ്സാരമായ ഒരു മാതൃക കണ്ടതുകൊണ്ടുമാത്രം ഒരു വസ്തുവിൻെറ യഥാത്ഥസ്വഭാവം നിണ്ണയിക്കുക എളുപ്പമല്ല. എങ്കിലും സ്വഗ്ഗസൗഭാഗ്യത്തിൻെറ ഈ പൂവ്വാസ്വാദം സ്വഗ്ഗത്തെ ആഗ്രഹിക്കുന്നതിനുള്ള അഭിനിവേശം ജനിപ്പിക്കാൻ പര്യാപ്തമാണ്." വി. ഫ്രാൻസിസ് സാലെസിൻെറ പ്രസ്തുത വാക്കുകഠം സ്മരണീയങ്ങളാണ്. "മനുഷ്യൻെറ പരമാന്ത്യം സൗഭാഗ്യമാകുന്നു. ഈ സൗഭാഗ്യം പ്രാപിക്കുന്നതിനുള്ള മാഗ്ഗം നമുക്കു കാണിച്ചുതരുന്നതിനായിട്ടു മാത്ര

മാണ് മിശിഹാ ഭൂമിയിൽ വന്നതു്. യഥാർത്ഥസൗഭാഗ്യം കണ്ടെത്തുക എന്നതു സകല നന്മയുടേയും മൂലമാകുന്നു. എന്നാൽ, വ്യർത്ഥമായ സന്തോഷങ്ങളിൽ ഹൃദയത്തെ നിക്ഷേപിക്കുക എന്നതു് എല്ലാം തിന്മകളുടേയും കാരണവുമാകുന്നു" (ബോസേ്വ). വി. തോമസിൻെറ അഭിപ്രായത്തിൽ, "സൗഭാഗ്യമെന്നതു പരമനന്മയെ ജയിച്ചടക്കുന്നതാകുന്നു. പരമനന്മയോ എന്നാൽ, അപരിമേയനും നിത്യനുമായ ഏകസത്യദൈവമാകുന്നു. അതു പിതാവിനോടും പരിശുദ്ധാത്മാവോടുംകൂടി വസിക്കുന്ന ഈശോമിശിഹായാകുന്നു. ആകയാൽ, ഇവിടെയും നിത്യത്വത്തിലും ഈശോയെ ജയിച്ചടക്കി അനുഭവിക്കുന്നതാകുന്നു സൗഭാഗ്യം." "എല്ലായിടത്തും എല്ലാ സമയത്തും ഈശോയുടെ തിരുഹൃദയം നമ്മുടെ ഹൃദയങ്ങളുടെ പറുദീസായാകുന്നു" (ഫാ. ബിനേ).

മോൺ. സേഗ്ഗൂർ പറയുന്നു: "ഈലോകത്തിലേ സൗഭാഗ്യമെന്നു നാം വിളിക്കുന്നതു്, ലോകരീത്യാ അഭികാമ്യവും പ്രിയംകരവുമായ എല്ലാ നന്മകളേയും, അതായതു്, കുടുംബജീവിതത്തിലേ ആനന്ദങ്ങറം, നിർമ്മലവും ഹൃദയംഗമവുമായ സ്നേഹം, ന്യായ്യമായി സമ്പാദിച്ച ഐശ്വര്യങ്ങറം, ആരോഗ്യം, ഉദ്യമങ്ങളിൽ വിജയം, സൽകീർത്തി മുതലായി നല്ലതും ആനന്ദസംദായകവുമായ എല്ലാത്തിനേയും സ്വാധീനമാക്കിയിരിക്കുക എന്ന അവസ്ഥയേയാണ്. എന്നാൽ, സൗഭാഗ്യത്തിൻെറ കാരണങ്ങളായി ഇവയെല്ലാം കാണപ്പെട്ടാലും യഥാർത്ഥമായ ആനന്ദത്തിൽ, അതായതു്, സത്യമായ ഭക്തിയിലും തന്മൂലം നമ്മുടെ നാഥനും രക്ഷകനുമായ മിശിഹായിലും നിക്ഷിപ്തമല്ലെങ്കിൽ ഇവയെല്ലാം അസ്ഥിരങ്ങളാകുന്നു. നമുക്കു യഥാർത്ഥമായ ഭക്തിയുണ്ടെങ്കിൽ കേവലവും സാമാന്യവുമായ സന്തോഷങ്ങളാൽ നാം വഷളാകുന്നതിനു പരമനന്മയായ ഈശോ നമ്മെ അനുവദിക്കുകയില്ല. അവിടുന്നു നമ്മെ നന്മയിൽ നിലനിറുത്തുകയും ശക്തിപ്പെടുത്തുകയും ഉയർത്തുകയും തന്നോടു യോജിപ്പിച്ചുകൊണ്ടു വിശുദ്ധീകരിക്കുകയും ചെയ്യും. അവിടുത്തോടുകൂടിയിരിക്കുമ്പോറം ഈ ജീവിതത്തിലേ ദുഃഖദുരിതങ്ങറം നിഷ്പ്രയാസം വിസ്മരിക്കപ്പെടുന്നു. അവിടുത്തേ തിരുഹൃദയത്തിൽ വിശ്രമിക്കുമ്പോറം നിരാശതകളിലെല്ലാം നാം സമാശ്വാസം കണ്ടെ

ത്തുന്നു; അവിടുത്തോടുകൂടിയായിരിക്കുമ്പോൾ ക്ഷമയോടും സന്തോഷത്തോടും സഹിക്കുന്നതിനു നാം പഠിക്കുന്നു. ക്രിസ്ത്യാനിയും പുണ്യവാനും ഈ ലോകയാത്രയിൽ മിശിഹായെ വഹിച്ചുകൊണ്ടു നടക്കുകയും ദൈവികമായ സമാധാനത്തിൻേറയും നിർമ്മലവും സ്വർഗ്ഗീയവുമായ ആനന്ദത്തിൻേറയും സജീവകൂടാശയാകുന്ന അവരുടെ 'പ്രകാശം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കുകയും ചെയ്യുന്നു'."

അതിനാൽ, യഥാർത്ഥമായ ആനന്ദത്തിലേയ്ക്കുള്ള ഏകമാർഗ്ഗം പരിശുദ്ധിയും ഈശോയോടുള്ള ഐക്യവുമാകുന്നു. വി. ബെർണ്ണാർദിൻെറ വാക്കുകൾ കേട്ടാലും: "എൻെറ കർത്താവായ ഈശോയേ, നീയാകുന്നു ഞങ്ങളുടെ പറുദീസാ. നീ ഇല്ലാത്തിടത്തു് എനിക്കു് അനർത്ഥമേയുള്ളു." ആന്തരികജീവിതത്തിൽ വളരെ പുരോഗമിച്ചിരുന്ന ഒരാത്മാവു സൗഭാഗ്യം എന്നു നാം സാധാരണ പറഞ്ഞുവരുന്ന വ്യർത്ഥതയുടെ അന്തസ്സാരവിഹീനതയെപ്പററി ധ്യാനിക്കയിൽ പറഞ്ഞു: "യഥാർത്ഥത്തിൽ സൗഭാഗ്യമനുഭവിക്കുന്നവർ ഞങ്ങൾ രണ്ടുപേർ മാത്രമേയുള്ളു – ഞാനും എൻെറ രക്ഷകനും." നമ്മുടെ കർത്താവു പലപ്രാവശ്യം പ്രസ്തുത വിശുദ്ധയ്ക്കു് കാണപ്പെട്ടു്: "എൻെറ പ്രിയ പുത്രീ, യഥാർത്ഥ സൗഭാഗ്യമുള്ളവരായി നാം രണ്ടുപേർ മാത്രമേയുള്ളു" എന്നു പറഞ്ഞിരുന്നു.

ആദ്ധ്യാത്മികജീവിതത്തിൽ ചിലപ്പോൾ ഒരു ശൂന്യാവസ്ഥ നമ്മുടെ ഹൃദയത്തിൽ അനുഭവപ്പെട്ടേക്കാം. ഇതിനു് എപ്പോഴും ഒരേ ഒരു കാരണമാണുള്ളതു്. എന്തെന്നാൽ, എല്ലാററിനും പര്യാപ്തനായവൻ നമ്മുടെ ഹൃദയത്തെ പൂർണ്ണമായി കൈവശപ്പെടുത്തിയിട്ടില്ല; അവൻ പരിപൂർണ്ണമായി നമ്മോടുകൂടി വസിക്കുന്നില്ല; നമ്മുടെ കരങ്ങളിൽ നാം അവനെ മുറുകെപ്പിടിക്കുന്നില്ല; നമ്മുടെ സ്നേഹത്തിൻെറ അഗാധത്തിൽനിന്നും നാം അവനെ ആശ്ലേഷിക്കുന്നില്ല. വി. ഇഗ്നേഷ്യസിൻെറ വാക്കുകൾ ഇവിടെ ഉദ്ധരണീയമാണു്: "ദൈവം നമ്മുടെ ആത്മാക്കളെ പരിപൂർണ്ണമായി അധീനമാക്കിക്കഴിഞ്ഞാൽ, നമ്മുടെ അനുവാദം കൂടാതെ നമ്മുടെ നിക്ഷേപത്തെ നമ്മിൽനിന്നും എടുത്തുകളയുന്നതിനു് ആർക്കും സാധിക്കുകയില്ല. പിന്നീടു നമ്മെ

ചഞ്ചലപ്പെടുത്തുന്നതോ ദുഃഖിപ്പിക്കുന്നതോ ആയി ലോകത്തിൽ യാതൊന്നുമില്ല."

"പറുദീസായുടെ വാതിലായ ഈശോയേ, ദൈവ തിരുസ്സന്നിധിയിലേയ്ക്കുള്ള പ്രവേശനദ്വാരമേ, ദൈവത്തിൻെറ ഹൃദയത്തിലേയ്ക്കുള്ള പടിവാതിലേ, അവിടുന്നു് ആരാകുന്നു വെന്നറിയുന്നതും അവിടുത്തെ മഹത്വം ഗ്രഹിക്കുന്നതും തന്നെ ഞങ്ങളെ ആനന്ദിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും പര്യാപ്തമാകുന്നു. 'അങ്ങു വഴിയായും അങ്ങയോടുകൂടിയും അങ്ങിലും' എന്നു സദാ പറയുവാൻ സാധിക്കുന്നതുതന്നെ നമ്മെ ശക്തിപ്പെടുത്തുന്നതിനും ശുദ്ധതയിൽ സംരക്ഷിക്കുന്നതിനും പര്യാപ്തമാകുന്നു. എല്ലാം പ്രതീക്ഷിക്കുന്നതിനു് അതു നമ്മെ സഹായിക്കുന്നു; എല്ലാം അനുഭവിക്കുന്നതിനു നമ്മെ ശക്തരാക്കുന്നു; എല്ലാററിലുമുപരിയായി, പൂർണ്ണഹൃദയത്തോടെ അങ്ങേ സ്നേഹിക്കുന്നതിനും നമ്മെ പഠിപ്പിക്കുന്നു" (മോൺ. ഗേ).

"ഏററം സ്നേഹയോഗ്യനായ ഈശോയേ, എൻെറ ആത്മാവിൻെറ വിശുദ്ധിയും എൻെറ ആത്മാവിൻെറ പറുദീസായുമായ നീ നിത്യം ജീവിക്കുക" (വി. കൊളംബിനി).

# അദ്ധ്യായം 29.

## സ്വർഗ്ഗത്തിലെ ജീവിതൈക്യം.

"ഒരിക്കൽ ഒരു കൊച്ചുകുട്ടി ഏററം നിഷ്കളങ്കതയോടെ ഈശോയോടു ചോദിച്ചു. 'പ്രിയ പിതാവേ, കുഞ്ഞുകുട്ടികൾ സ്വർഗ്ഗത്തിൽ ഉറങ്ങുന്നതു പിള്ളത്തൊട്ടിയിലാണോ അതോ അങ്ങേ തൃക്കരങ്ങളിലാണോ?' 'എൻെറ കരങ്ങളിൽ തന്നെ' എന്നു് ഈശോ ഉത്തരമായിപ്പറഞ്ഞു. യഥാർത്ഥമായ മരണം ഇതാകുന്നു. നമുക്കെല്ലാവക്കും മരണം ഇപ്രകാരമായിരിക്കുകയും വേണം" (ഫാദർ ഗ്രാഡി). ഭൂമിയിൽ നമുക്കു ദൈവവുമായുള്ള ഐക്യം സ്വർഗ്ഗത്തിൽ നാം അനുഭവിക്കാനിരിക്കുന്ന

ഐക്യത്തിൻെറ വെറും നിഴൽ മാത്രമേ ആകുന്നുള്ളു. ഐക്യത്തിൻെറ പൂണ്ണത സ്വഗ്ഗത്തിലാകുന്നു. "ഓ! ദൈവമേ, അങ്ങേ മഹത്വം കാണുമ്പോഠം ഞാൻ തൃപ്തനാകും" (സങ്കീ. 16: 15). "എനിക്കു മരണം ജീവിതത്തിലേയ്ക്കുള്ള പ്രവേശനമാകുന്നു" (വി. ബെണ്ണാർർഡ്). ആകയാൽ, ആദ്യമായി നമ്മുടെ ദിവ്യരക്ഷകനുമായുള്ള കൂടിക്കാഴ്ചയെപ്പററിയും അനന്തരം സ്വഗ്ഗത്തിലുള്ള ജീവിതൈക്യത്തെപ്പററിയും ചിന്തിക്കാം.

## I ഈശോയുമായുള്ള കൂടിക്കാഴ്ച.

നമ്മുടെ മരണത്തിൻെറ ദിവസമായിരിക്കും ഈശോയുമായുള്ള നമ്മുടെ കൂടിക്കാഴ്ചയുടെ ദിവസം. യഥാത്ഥക്രിസ്ത്യാനികഠം ഈ ദിവസത്തെ തങ്ങളുടെ ജന്മദിനം എന്നു വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ, അന്നാകുന്നു നാം ഈലോകത്തിനു മരിച്ചവരും നിത്യജീവിതത്തിനു ജനിച്ചവരുമാകുന്നത്. വി. പൗലോസു പറയുന്നു: "ഭൂമിയിലുള്ള ഞങ്ങളുടെ ഈ ശാരീരികഭവനം അഴിഞ്ഞുപോയാൽ, കൈപ്പണിയല്ലാത്തതും ദൈവത്താലുള്ളതുമായ ഒരു നിത്യഭവനം ഞങ്ങഠംക്കു പിന്നെയുമുണ്ടെന്നു ഞങ്ങഠം അറിയുന്നു. ആകയാൽ, ഞങ്ങഠം ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം നമ്മുടെ കത്താവിൽനിന്നു് അകന്നിരിക്കുന്നുവെന്നു ഞങ്ങഠം അറിയുകയും സമ്മതിക്കുകയും ചെയ്യുന്നു. ഇതിനാൽ, ശരീരത്തിൽനിന്നകന്നു നമ്മുടെ കത്താവിൻെറ അടുക്കൽ ആയിരിക്കുവാൻ ഞങ്ങഠം ആശിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു" (2 കൊറി. 5: 1, 6, 8).

"മരണം ദൈവനീതിയുടെ അത്യുത്തമകമ്മമെങ്കിൽ അതു ദൈവസ്നേഹത്തിൻേറയും അത്യുത്തമകമ്മമാകുന്നു" എന്നാണു ലക്കോർഡയർ പറയുന്നത്. നമുക്കു ജീവനെ തന്നപ്പോഠം ദൈവം നമ്മെ സ്നേഹിച്ചു. അപ്രകാരംതന്നെ അതിനെ തിരിച്ചെടുക്കുമ്പോഴും അവിടുന്നു നമ്മെ സ്നേഹിക്കുന്നു" എന്നു ലെയോ പതിമ്മൂന്നാമനും പറയുന്നു. നമ്മുടെ കത്താവിൻെറ തിരുമരണത്തെപ്പററി സുവിശേഷം പ്രസ്താവിക്കുന്നതു് "ഈലോകംവിട്ടു തൻെറ പിതാവിൻെറ അടുക്കലേയ്ക്കു പോകേണ്ട സമയം

അടുത്തു എന്നു് ഈശോ അറിഞ്ഞു" എന്ന വാക്കുകളിലാണ് (യോഹ. 13: 1). ഈശോയോടുള്ള ഐക്യത്തെ പലപ്പോഴും പ്രസംഗിക്കുകയും പ്രവൃത്തിയിൽ വരുത്തുകയും ചെയ്തിരുന്ന ഒരു സന്യാസി പറയുന്നു: "മാതാവിൻെറ പക്കലേയ്ക്കു കുതിച്ചുചാടുന്ന ഒരു ശിശുവിൻെറ ചാട്ടംപോലെയാകുന്നു മരണം."

മനുഷ്യൻ — ദൈവത്തിൻെറ ഹൃദയത്തിൽനിന്നും പുറപ്പെട്ട വത്സലസുതൻ — ഐഹികജീവിതത്തിൽ വളരുകയും ഉല്ലസിക്കുകയും പ്രയത്നിക്കുകയും ഉറങ്ങുകയും പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്യുന്നു. അനന്തരം, ഒരു ദിവസം വരുന്നു. അപ്പോൾ പിതാവും യജമാനനുമായ ദൈവം തൻെറ സൃഷ്ടിയുടെ പരീക്ഷണകാലം പൂർത്തിയായിരിക്കുന്നു എന്നു തീരുമാനിക്കുകയും കരങ്ങൾനീട്ടി അവനെ സ്വീകരിക്കുകയും ചെയ്യുന്നു. അവസാനവിനാഴിക വന്നുകഴിഞ്ഞു; ഇതാ അവൻ സ്രഷ്ടാവിൻെറ മാറിൽ ശയിക്കുന്നു. "ദൈവം തൻെറ സൃഷ്ടിയെ കുരിശിൽ നിന്നിറക്കി നിത്യം ആനന്ദിക്കുന്നതിനായി തൻെറ പൈതൃകകരങ്ങളിൽ വയ്ക്കുന്ന സമയ"മായിട്ടാണ്, നീതിമാൻ മരണത്തെ വിചാരിക്കുന്നതു് (ദെകൊന്ദ്രേൻ). "താൻ ഇരിക്കുന്നിടത്തു നാമും ആയിരിക്കുവാൻവേണ്ടി സകലത്തിൻേറയും പിതാവായ ദൈവം തൻെറ മക്കളെ അന്വേഷിക്കുന്ന സമയമാകുന്നു മരണം" (ബോസ്വേ).

നമ്മുടെ പരീക്ഷകളുടെയെല്ലാം അവസാനത്തിൽ ദൈവം തൻെറ അനന്തസ്നേഹത്താൽ നമുക്കായി ഒരുക്കിയിരിക്കുന്നതു് ഈശോയെ ദർശിക്കുകയെന്ന സൗഭാഗ്യമാകുന്നു. അവിടുന്നുതന്നെ മരിക്കുന്നതിനു തിരുമനസ്സായി. മരണത്തിലും അവിടുന്നു നമ്മോടുകൂടി നിത്യജീവനിലേയ്ക്കുള്ള മാർഗ്ഗമായി സ്ഥിതി ചെയ്യുന്നു. ചാറത്സ്പെറോസു പറയുന്നതു കേട്ടാലും: "തൻെറ വിശ്വസ്തസ്നേഹിതൻെറ കരത്തെ അവലംബിച്ചിരിക്കുന്ന ഒരാൾ, പ്രകാശവും ശുദ്ധവായുവുമുള്ള സ്ഥലത്തു താമസംവിനാ എത്തിച്ചേരുമെന്നുള്ള പ്രതീക്ഷയോടേ അന്ധകാരനിബിഡമായ ഊടുവഴികളിൽക്കൂടി നടക്കുന്നതുപോലെ ഈശോയുടെ തൃക്കരങ്ങളിൽ ആശ്രയിക്കുന്ന ക്രിസ്ത്യാനി, അന്ധകാരമയമായ

ഈ കണ്ണുനീരിൻെറ താഴ്വരയിൽ മരണത്തിൻെറ നിഴലിൽക്കൂടി സന്തോഷസമേതം യാത്രചെയ്യുന്നു."

"രക്ഷകനെ കാണുവാൻ ഭയപ്പെടുന്നവൻ അവിടുത്തെ സ്നേഹിക്കുന്നില്ല" (വി. ആഗുസ്തീനോസ്). ഇക്കാരണത്താലത്രേ മിശിഹായുടെ യഥാൎത്ഥസ്നേഹിതന്മാർ മരണത്തെ സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നതു്. വി. പൗലോസു ജീവിതത്താൽ ക്ഷീണിക്കുകയും "മിശിഹായോടുകൂടി ഇരിക്കേണ്ടതിനായി മരിപ്പാൻ ആഗ്രഹിക്കുകയും" ചെയ്തു. (ഫിലി. 1: 23). വി. അമ്മത്രേസ്യായുടെ വാക്കുകൾ ശ്രദ്ധേയങ്ങളാണ്: "എനിക്കു മരിക്കാൻ കഴിയാത്തതിനാൽ ഞാൻ മരിക്കുന്നു; എൻെറ ദൈവമേ, നിന്നിൽനിന്നു് അകന്നിരിക്കുകയാൽ ഞാൻ ഉൽകണ്ഠാപൂൎവ്വം വൎത്തിക്കുന്നു" എന്നു്. "ഈശോയേ, നിന്നെ കാണുന്നതിനുള്ള ആഗ്രഹത്താൽ ഞാൻ ദഹിപ്പിക്കപ്പെടുന്നു; ഞാൻ നിൻെറ മണവാട്ടിയാണല്ലോ; നീ വേഗം എൻെറ പക്കലേയ്ക്കു വരിക" എന്നു വി. ബ്രിജീത്താ പറയുക പതിവായിരുന്നു. "എൻെറ സഹോദരിയായ മരണമേ, നീ എത്രയോ സ്നേഹയോഗ്യയും സ്വാഗതാർഹയുമാകുന്നു" (വി. ഫ്രാൻസിസ് അസ്സീസി). "മരണത്തിൻെറ അനുഗ്രഹങ്ങൾ" എന്ന പേരിൽ വി. അംബ്രോസ് ഒരു ഗ്രന്ഥംതന്നെ രചിച്ചു. മരണത്തെ സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്തിരുന്നവരുടെ വിചാരങ്ങളെ അദ്ദേഹം സംക്ഷേപിച്ചിരിക്കുന്നതു്: "ഞാൻ മരണത്തെ ഭയപ്പെടുന്നില്ല; എന്തുകൊണ്ടെന്നാൽ, ഒരു നല്ല യജമാനൻെറ സംരക്ഷണത്തിൽ ഞാൻ എത്തിച്ചേരുമെന്നും അവൻെറ കാരുണ്യത്താൽ ഞാൻ സുരക്ഷിതനായിരിക്കുമെന്നും എനിക്കറിയാം" എന്നാണ്. വി. ത്രേസ്യാ വീണ്ടും പറയുന്നു: "അവിടുത്തെക്കൂടാതെ ജീവിക്കുക എനിക്കു സാദ്ധ്യമല്ല. അവിടുത്തെ കാണുന്നതിനായി സന്തോഷത്തോടെ ഞാൻ മരിക്കും." ഈലോകത്തിൽ ദൈവം ഏകാനന്ദവിഷയമായിരുന്നവൎക്കു "മരണം സ്നേഹത്തിൻെറ ചുംബനവും ഉപവിയുടെ സംപൂൎണ്ണതയുമായിരിക്കും; മിക്കവാറും അനുദിനം ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നവൎക്കു മാധുൎയ്യപ്രദവും വിശുദ്ധവുമായ മരണം" (ഫാ. ക്രാസ്സേ). "നിത്യസംസൎഗ്ഗത്തിൻെറ ആരംഭമാകുന്നു; ദിവ്യകാരുണ്യജീവിത

ത്തിൽനിന്നും ദൈവികജീവിതത്തിലേയ്ക്കു് അവർ മാററപ്പെടു കയും ചെയ്യുന്നു" (വി. ത്രേസ്യാ). വി. ബെണ്ണാർദിൻെറ അഭി പ്രായത്തിൽ "ജീവിതം സുദീർഘമായ ക്ഷമയുടെ ഒരു പ്രവൃ ത്തിയും മരണം നിത്യാനന്ദത്തിലേയ്ക്കുള്ള നമ്മുടെ പ്രവേശനവു മാകുന്നു; ക്രിസ്ത്യാനി പാടിക്കൊണ്ടു മരിക്കുകയും മരിച്ചുകൊണ്ടു പാടുകയും ചെയ്യുന്നു." പാവനമായ ആ സമയത്തു "താൻ ആരുടെ അനുകമ്പയ്ക്കും അനന്തമായ കരുണയ്ക്കും പാത്രമായി രുന്നോ" (വി. ഇഗ്നേഷ്യസ്) ആ ഈശോയിൽ അവൻെറ ശരണം മുഴുവൻ നിക്ഷേപിക്കുന്നു. അവൻ നീതിമാനോ നീതീക രിക്കപ്പെട്ടവനോ നിർമ്മലനോ അനുതാപിയോ ആയിരുന്നാലും "നീതിമാന്മാരുടെ ആത്മാക്കൾ ദൈവതൃക്കരങ്ങളിലായിരി ക്കുന്നു എന്നും മരണത്തിൻെറ പീഡകൾ അവരെ സ്പർശിക്കുക യില്ല" (ബോധ. 3: 1) എന്നും അവൻ അറിയുന്നു. നമ്മുടെ അവസാനത്തെ കൃത്യം ഇതു മാത്രമാകുന്നു. നമ്മുടെ സ്നേഹിത നായ ഈശോയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടും നമ്മെ ത്തന്നെ അവിടുത്തേയ്ക്കു സമർപ്പിച്ചുകൊണ്ടും സ്വർഗ്ഗീയ കവാ ടത്തെ നമുക്കു തുറന്നുതരുന്നതിനായി ഈശോയോടു പ്രാർത്ഥിക്കുക.

## II സ്വർഗ്ഗത്തിലെ ജീവിതൈക്യം.

"മിശിഹാ നമ്മെ സ്നേഹിച്ചതുപോലെ നിങ്ങൾ സ്നേഹത്തിൽ വ്യാപരിപ്പിൻ" (എഫേ. 5: 2). ഇതാകുന്നു ദൈവതിരുച്ചിത്തം. ഇതുവരെ പ്രസ്താവിച്ച സംഗതികൾ നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെ. തൽഫലമായി നമ്മുടെ ആത്മാ ക്കൾ കൂടുതൽ സ്വസ്ഥതയും സൗഭാഗ്യവും അനുഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ, "മിശിഹാ സ്വർഗ്ഗരാജ്യം നമുക്കു വാഗ്ദാനം ചെയ്തപ്പോൾ ഈ ഭൂമിയിലും ഒരു സ്വർഗ്ഗം നാം കണ്ടെത്തണ മെന്നു് അവിടുന്നു് ആഗ്രഹിച്ചു" (വി. ക്രിസോസ്തോം). "ലോക ത്തിൽ പാപം പ്രവേശിക്കുന്നതിനു മുമ്പെന്നതുപോലെ നമ്മോടു വർത്തിക്കുന്നതാകുന്നു ദൈവത്തിനു് ഇഷ്ടം" (മരിയാസാൽഷപ്പി).

ഈ "സ്നേഹത്തിൻെറ വഴി" നമ്മെ എവിടേയ്ക്കു നയി ക്കുന്നു? ലോകത്തിലെ ഐക്യത്തിൽനിന്നു് സ്വർഗ്ഗത്തിലേ

നിത്യൈകൃത്തിലേയ്ക്കു തന്നെ. "മനുഷ്യബുദ്ധിക്ക് അതീതമായ വിധം ദൈവവുമായുള്ള ഒരു വലിയ അടുപ്പമാകുന്നു സ്വർഗ്ഗീയാനന്ദം" (ഫാ. ക്ലൂബേ എസ്. ജെ). വി. തോമ്മാമല്ലാൻെറ അഭിപ്രായത്തിൽ, "നാം ഇവിടെ സ്വീകരിക്കുന്ന അനുഗ്രഹങ്ങളെല്ലാം സ്വർഗ്ഗത്തിൽ സ്വീകരിക്കാനിരിക്കുന്നവയുടെ ബീജങ്ങൾ മാത്രമാകുന്നു. "സ്വർഗ്ഗത്തിൽ വിശുദ്ധരോടുകൂടെയുള്ള പരിപൂർണ്ണമായ സ്നേഹം ഈലോകത്തിൽ നമുക്കുണ്ടായിരുന്ന സ്നേഹത്തിൻെറ രൂപംതന്നെ കൈക്കൊള്ളും" (വി. അൽഫോൻസ് ലിഗോരി). സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന ക്രിസ്ത്യാനിയുടെ ഹൃദയത്തിനു മാററമുണ്ടാകയില്ല. അതേ ഹൃദയംതന്നെ അവനുണ്ടായിരിക്കും; എന്നാൽ, അതു നിസ്തുലമായ പരിപൂർണ്ണത പ്രാപിക്കുമെന്നു മാത്രം. ഇവിടെ തന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്തതിന്നനുസരണമായി മാത്രമേ അവിടെ ഈശോ തന്നെത്തന്നെ നമുക്കു തരികയുള്ളൂ.

"ഭൂമിയിൽ ആരംഭിച്ചതു സ്വർഗ്ഗത്തിൽ തുടൎന്നുകൊണ്ടു പോകും" എന്നാണു ബോസ്വേ പറയുന്നതു്. ശാന്തശീലക്കും ശുദ്ധത പാലിച്ചവക്കും കരിശുകളെ സ്നേഹിച്ചവക്കും രക്തസാക്ഷികൾക്കും കന്യകകൾക്കും അനുതാപികൾക്കും വ്യത്യസ്തങ്ങളായ മഹത്വവും ആനന്ദവും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇസയാസു ദീർഘദർശിവഴി പരിശുദ്ധാത്മാവു പറയുന്നു: "അവൻെറ ആത്മാവു പ്രയത്നിച്ചതിനാൽ അവൻ കാണുകയും തൃപ്തനാകുകയും ചെയ്യും."

ഒരു മാതാവിനുമാത്രം ലഭിക്കുന്ന സ്നേഹമുളമായ ചുംബനങ്ങൾ ഉണ്ണിയീശോയിൽനിന്നു സ്വീകരിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച കന്യകാമറിയത്തിനു സ്വർഗ്ഗത്തിൽ ഒരു മാതാവിനുമാത്രം അവകാശപ്പെടാവുന്ന പ്രത്യേകസ്നേഹത്തിനർഹതയുണ്ടു്. എത്ര ചുംബനങ്ങൾ ഉണ്ണിയീശോ വി. യൗസേപ്പിനു നല്കിയിട്ടുണ്ടു്! സ്വർഗ്ഗത്തിൽ അദ്ദേഹത്തിനും ചില പ്രത്യേകാവകാശങ്ങൾ ഉണ്ടായിരിക്കും. വി. യോഹന്നാൻ കർത്താവിൻെറ മാറിൽ തല ചായിച്ചു; അനുതാപികളുടെ മാതൃകയായ വി. മഗ്ദലേനാ "നല്ലഭാഗം തിരഞ്ഞെടുത്തു;" "ഞാൻ ത്രേസ്യായുടെ ഈശോയാകുന്നു" എന്ന മധുവാണി വി. ത്രേസ്യാ കേട്ടു; ലീമാ

യിലെ വി. റോസമ്മാകട്ടെ, ഈശോയുമായി ആദ്ധ്യാത്മിക വിവാഹം ചെയ്തു; അവിടുന്നവളോടു പറഞ്ഞു: "നീ എൻെറ ഹൃദയത്തിൻെറ മണവാട്ടിയായിരിക്കുക" എന്ന്. പാദുവായിലെ വി. അന്തോനി ഉണ്ണിയീശോയെ കരങ്ങളിൽ വഹിച്ചു. ജരാർദുമയെല്ലാ എന്ന പുണ്യവാൻ കുട്ടിയായിരുന്നപ്പോഠം അവനോടുകൂടി കളിക്കുന്നതിനായി ഉണ്ണിയീശോയെ ദിവ്യജനനി അവനു കൊടുത്തു. വി. ജർത്രൂദ്, വി. മററിൽഡാ, വി. മഗ്ഗരീത്താമറിയം മുതലായി അനേകം വി. കന്യകകഠം കത്താവിൻെറ രഹസ്യങ്ങളിലേയ്ക്കു ചുഴിഞ്ഞിറങ്ങുകയും തിരുഹൃദയരഹസ്യങ്ങളെ ശ്രവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗാഢബന്ധങ്ങഠം സ്വഗ്ഗത്തിൽ മാധുര്യപ്രദങ്ങളായ വെറും സ്മരണകഠം മാത്രമായിരിക്കുകയില്ല; അനുഗ്രഹീതരായ ഈ ആത്മാക്കഠം സ്വഗ്ഗത്തിൽ മുടി ധരിപ്പിക്കപ്പെടുകയും സംതൃപ്തമാക്കപ്പെടുകയും ചെയ്യുന്ന ഐക്യത്തേയും, അതിൻെറ ആവശ്യം സാദ്ധ്യത എന്നിവയേയുമാണ് ഇവ വിധാനം ചെയ്യുന്നത്. വി. തോമാ പറയുന്നത്: "ഞാൻ ഈശോയെ അറിയുകയും സ്നേഹിക്കുകയും ചെയ്തതിന്നനുസരണമായി അവിടുന്നു തന്നെത്തന്നെ എനിക്കു നല്കും" എന്നാണ്. ഇവിടെ കത്താവിൻെറ മണവാട്ടിയായിരുന്ന ആത്മാവ് അവിടെ വിശേഷാനുകൂല്യങ്ങളോടുകൂടിയ മണവാട്ടിതന്നെയായിരിക്കും.

ഇപ്രകാരം ലോകത്തിൽ ദിവൈക്യത്തിൻെറ പാതയിൽ വ്യാപരിക്കുന്ന ആത്മാവ് ഇവിടെയും സ്വഗ്ഗത്തിലും ദൈവത്താൽ അനുഗ്രഹിക്കപ്പെടും. മിശിഹായുടെ സ്നേഹത്തിനും കൃപാവരങ്ങഠംക്കും വിധേയരായി വിഷമഘട്ടങ്ങളിൽപ്പോലും പൂണ്ണവിശ്വസ്തതയോടും സ്ഥിരതയോടും പരിത്യാഗത്തോടുംകൂടി ജീവിച്ചവർ മഹത്വത്തിൻെറ പ്രകാശത്തിൽ പ്രത്യേകമായി സ്നേഹിക്കപ്പെടും എന്നാണ വി. ആഗ്ഗസ്തീനോസു പറയുന്നത്. അവസാനം അവക്കു വെളിപ്പെടുത്തപ്പെടുകയും നല്കപ്പെടുകയും അവരാൽ സ്വീകരിക്കപ്പെടുകയും ചെയ്യുന്ന ഈശോയിൽ നിസ്സീമമായ സൗന്ദര്യത്തേയും സ്നേഹത്തേയും അവർ കാണുകയും അനുഭവിക്കുകയും ചെയ്യും; തങ്ങളെത്തന്നെ പൂണ്ണമായി പരിത്യജിച്ചവരുടെ നിത്യസമ്മാനം മറെറാന്നു

മല്ലെന്നു് അവർ ഗ്രഹിക്കുകയും ആനന്ദം കൊള്ളുകയും ചെയ്യും. തങ്ങളുടെ രക്ഷകനെ പ്രസാദിപ്പിക്കുക എന്നതായിരുന്നു ഐഹികജീവിതത്തിൽ അവരുടെ ഏററം വലിയ ആനന്ദം. സ്വർഗ്ഗത്തിൽ, നമ്മുടെ നാമങ്ങാം സുവൎണ്ണലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ആ ദിവ്യഹൃദയത്തിനു സമീപം, നമ്മുടെ കൃതജ്ഞതാഭരിതമായ സ്തുതിഗീതം ഇതായിരിക്കും: "എൻെറ നല്ല ദൈവം ഇത്ര നല്ലവനാകുന്നുവെന്നു ഞാൻ ഒരിക്കലും ധരിച്ചിരുന്നില്ല" (മരിയാ സാൽഷപ്പി). അപ്പോാം ഈശോ നമ്മോടു പറയും: "എൻെറ സ്നേഹത്തിൽ നീ വസിക്കുക," അതായതു്, എന്നോടു് ഏററം അടുത്ത ഐക്യത്തിൽ വസിക്കുക എന്നു്.

"ഓ! ഈശോയേ, നിൻെറ സ്നേഹം എൻെറ ആത്മാവിനു സ്വാഗതം നല്കി അതിനെ നിൻെറ മണവാട്ടിയും രാജ്ഞിയുമാക്കിയിരിക്കുന്നു. എന്നെ നിന്നിലേയ്ക്കുതന്നെ നയിക്കേണമെ. നിൻെറ രാജ്യം ഇപ്പോാം എൻേറതുമാകുന്നു. അവയെല്ലാം കാണുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. എന്നിൽനിന്നു് ഒന്നും മറച്ചുവെയ്ക്കരുതെ. ഭൂമിയിൽ ഞാൻ ഒരു ഭിക്ഷുവായിരുന്നു. ഇവിടേയാകട്ടെ ആനന്ദത്തിൽ മുഴുകിയിരിക്കുന്നു. ഓ! രാജാവേ, നിൻെറ സൗന്ദര്യവും നന്മയും എനിക്കു് അധികമാകുന്നു. 'നിനക്കു ഞാൻ നന്ദി പറയുന്നു' എന്നു പറയുന്നതിനല്ലാതെ മറെറാന്നിനും എൻെറ നാവിനു ശക്തിയില്ല" (ജെ. ററിസ്സോം).

"എൻെറ സ്നേഹമേ, നിൻെറ ആശംസകാം മരണത്തിൽ എനിക്കു് ആനന്ദസംദായകവും, സമാധാനത്തിലുള്ള എൻെറ വിശ്രമം മാധുര്യസംപൂൎണ്ണവുമായിരിക്കട്ടെ" (വി. ജർതൂദു്).

*L. D. V. M.*

CT Library
00070292
K08 N12

08
12

# സ്നേഹസായൂജ്യം



K 08
N 12

Indic Digital Archive Foundation
gpura.org